പെരുമ്പളം ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണപദ്ധതി

വികസനരേഖ


പനങ്ങാട് [പനങ്ങാട് പഞ്ചായത്ത്]
← തൈപ്പൂഴ കായൽ →
കുമ്പളങ്ങി പഞ്ചായത്ത്
പെരുമ്പളം ഗ്രാമ പഞ്ചായത്ത്
വിസ്തീർണ്ണം ; 16.14 ച: കി.മീ.
വാർഡുകൾ ; 8
IV
III
V
II
VI
VII
I
VIII
← വേമ്പനാട്ട് കായൽ
ROAD
STREAM
WARD BOUNDARY

35-4

ജനകീയ ആസൂത്രണ പദ്ധതി
സമഗ്ര വികസനരേഖ

പെരുമ്പളം ഗ്രാമ പഞ്ചായത്ത്


കാസർഗോഡ്
കണ്ണൂർ
വയനാട്
കോഴിക്കോട്
മലപ്പുറം
പാലക്കാട്
തൃശ്ശൂർ
എറണാകുളം
ഇടുക്കി
ചെമ്പകം
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
തിരുവനന്തപുരം

"സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന്
തോന്നുന്നുവോ അപ്പോൾ മാത്രമാണ്
ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"

നന്ദി

63mpതാം പഞ്ചവൽസര പദ്ധതിയുടെ പ്ലാനിങ്ങിൽ താഴെതട്ടിൽനിന്നുള്ള ആസൂത്രണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് രൂപീകരിച്ച ജനകീയാസൂത്രണ പരിപാടിക്ക് വാർഡുതല ഗ്രാമസഭകൾ മുതൽ ഇങ്ങോട്ട് പഞ്ചായത്തുതല വികസന സെമിനാർ വരെ സഹകരിച്ച മുഴുവൻപേരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്ന് സഹായിച്ച സംസ്ഥാനതല പരിശീലകനായ ശ്രീ. എൻ. കെ. പ്രകാശൻ അവർകൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

വിലപ്പെട്ട സേവനങ്ങൾ നൽകി സഹായിച്ച ജില്ലാതല പരിശീലകരായ സർവ്വശ്രീ കെ.പി വാസുദേവക്കുറുപ്പ്, എസ്. വേലായുധൻ, എൻ. നടരാജൻ, കെ.പി. ശ്രീക്കുട്ടൻ, കെ.കെ. സജീവ്, പെരുമ്പളം പ്രതാപചന്ദ്രൻ, റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിനുവേണ്ടി എല്ലാ സഹായങ്ങളും നൽകിയ എ. ശങ്കരൻകുട്ടിനായർ, കെ.പി. രാമചന്ദ്രപണിക്കർ, സി.എൻ. പീതാംബരൻ, രവികാട്ടേഴൻ, കെ.കെ. ശിവരാജൻനായർ, പി.വി. കരുണാകരൻ, പി. സുകുമാരൻ, കെ.എൻ. സുധാകരപ്പണിക്കർ, പി.എ. ഗോപാലൻ, എസ്. പദ്മനാഭൻ, ടി.വി. അരവിന്ദാക്ഷപ്പണിക്കർ, കെ. എസ്. ഷിബു, ശ്രീമതി സരസമ്മ ടീച്ചർ, V E O ശിവദാസൻ, കൃഷി അസിസ്റ്റന്റ് വി.എൻ. ശശിധരൻ, ഹെൽത്ത് ഇൻസ്പെക്ടർ സി.കെ. പീതാംബരൻ, സാക്ഷരതാ കോ-ഓർഡിനേറ്റർ ദിവാകരൻ, പി.എസ്. ഖാലിദ്, പഞ്ചായത്താഫീസിലെ മുഴുവൻ ജീവനക്കാർ, ഗ്രാമസഭ മുതൽ സഹകരിച്ച മുഴുവൻ L R P മാർ, മറ്റു ബഹുജന സംഘടനാ പ്രവർത്തകർ, ദ്വീതിയ വിവരശേഖരണത്തിൽ സഹകരിച്ച മുഴുവൻ ഉദ്യോഗസ്ഥന്മാർ, സന്നദ്ധ പ്രവർത്തകർ, ഗ്രാമ-ബ്ലോക്ക്-പഞ്ചായത്തംഗങ്ങൾ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും വിലപ്പെട്ട സേവനങ്ങളും സഹകരണവും നൽകി ഈ നാടിനെ ധന്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

പെരുമ്പളം

കെ.പി. സദാനന്ദൻ
പ്രസിഡണ്ട്

ഉള്ളടക്കം

1. ആമുഖം.
2. പഞ്ചായത്ത് പൊതുവിവരണം.
3. സാമൂഹിക – സാംസ്കാരിക ചരിത്രം.
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.
5. സാമൂഹിക, സാമ്പത്തിക മേഖലകൾ.

5. 1. കൃഷിയും ജലസേചനവും.
   2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   3. വ്യവസായം.
   4. വിദ്യാഭ്യാസം.
   5. കുടിവെള്ളവും പൊതുജന ആരോഗ്യവും.
   6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.
   7. പാർപ്പിടവും സാമൂഹ്യക്ഷേമവും.
   8. സംസ്കാരം.
   9. വനിതാക്ഷേമം.
   10. സഹകരണം.
   11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം.
   12. വിഭവ സമാഹരണം.
   13. ടൂറിസം.

6. ഉപസംഹാരം.

പെരുമ്പളം പഞ്ചായത്ത് സാരഥികൾ

പ്രസിഡൻറ്



കെ.പി. സദാനന്ദൻ

വൈസ് പ്രസിഡൻറ്



കെ.ആർ. ഗോപിനാഥൻ നായർ

സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ



കെ.കെ. രഘുവരൻ

മെമ്പർമാർ



കെ.എ. അബൂബക്കർ

രത്നകുമാരി ഗോപാലകൃഷ്ണൻ

ഇന്ദിരാ സോമനാഥൻ

മിനി ബാബു



എസ്. ബാലകൃഷ്ണൻ

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര് ..... പെരുമ്പളം ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ് ..... പെരുമ്പളം

ബ്ലോക്ക് പഞ്ചായത്ത് ..... തൈക്കാട്ടുശ്ശേരി

താലൂക്ക് ..... ചേർത്തല

അസംബ്ലി മണ്ഡലം ..... ചേർത്തല

വിസ്തീർണ്ണം ..... 16.14 ച. കി.മീ.

അതിരുകൾ • വടക്ക് - പനങ്ങാട്

കിഴക്ക് - വേമ്പനാട്ട് കായൽ, എറണാകുളം ജില്ലയിലെ ഉദയംപേരൂർ

തെക്ക് - കോട്ടയം ജില്ലയിലെ ചെമ്പ്

പടിഞ്ഞാറ് - പാണാവള്ളി, അരൂക്കുറ്റി

ജനസംഖ്യ 9971

പുരുഷൻമാർ 3549

സ്ത്രീകൾ 3740

കുട്ടികൾ 2682

വാർഡുകൾ 8

പ്രസിഡൻറിന്റെ പേര് ..... കെ.പി. സദാനന്ദൻ

വൈസ് പ്രസിഡൻറിന്റെ പേര് ..... കെ.ആർ. ഗോപിനാഥൻ നായർ

സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ..... കെ.കെ. രഘുവരൻ

പഞ്ചായത്ത് ജീവനക്കാർ

1. സി.കെ. മോഹനൻ സെക്രട്ടറി
2. കെ.വി. മുരളീധര പണിക്കർ (യു.ഡി. ക്ലാർക്ക്)
3. അശോകൻ (എൽ.ഡി. ക്ലാർക്ക്)
4. കെ.പി. പുരുഷോത്തമൻ (എൽ.ഡി. ക്ലാർക്ക്)

ആമുഖം

ഒമ്പതാം പഞ്ചവൽസരപദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിന്റെ ഭാഗമായി നമ്മുടെ സർക്കാർ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിരിക്കുകയാണ്. ഇൻഡ്യൻ പാർലമെൻറിൽ പാസ്സാക്കിയ പഞ്ചായത്തീരാജ് നിയമത്തിലൂടെ ത്രിതല പഞ്ചായത്തുസമിതികൾ നിലവിൽ വന്നു.

കഴിഞ്ഞ കാലങ്ങളിൽ ഭരണരംഗത്തും വികസന രംഗത്തും അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത് ഉദ്ദേശിച്ച രീതിയിൽ താഴെത്തട്ടിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞില്ല. പഞ്ചായത്തീരാജ് സംവിധാനത്തിൽ പറയുന്ന വർഷത്തിൽ രണ്ടുപ്രാവശ്യം കൂടുന്ന ഗ്രാമസഭകളിലൂടെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും നടപ്പിലാക്കുന്നതിനും ജനങ്ങൾക്ക് അവസരം ലഭിയ്ക്കുന്നു.

എന്നാൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ 9-ാം പഞ്ചവൽസരപദ്ധതിയുടെ പ്ലാനിംഗിലും ജനങ്ങൾക്ക് നേരിട്ട് ഇടപെടുന്നതിന് അവസരമുണ്ടാകുന്നു. വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യങ്ങളും വികസനരേഖയായി എടുത്തുകൊണ്ട് അത് പദ്ധതിയാക്കി രൂപപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടത്തുന്നതിന് വേണ്ടിയാണ് ആസൂത്രണപരിപാടി.

കഴിഞ്ഞ കാലങ്ങളിൽ പദ്ധതികൾ മുകളിൽ നിന്നും തീരുമാനിച്ച് താഴെത്തട്ടിൽ നടപ്പിൽ വരുത്തുന്ന രീതി മാറ്റി പഞ്ചായത്തിലെ വാർഡുതലത്തിൽ നിന്നും പദ്ധതികൾക്ക് രൂപം കൊടുത്ത് പദ്ധതിവിഹിതവും പ്രാദേശികിഭവസമാഹരണവും ജനപങ്കാളിത്തവും കൊണ്ട് ത്വരിതഗതിയിലുള്ള വികസനപ്രക്രിയയാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ജനപങ്കാളിത്തത്തിന്റെയും നിയന്ത്രണത്തിന്റെയും അഭാവം പല മേഖലകളിലും പ്രതിസന്ധിക്ക് കാരണമായിക്കാണാം. നാട്ടിലെ വിദ്യാലയവും പ്രാഥമികാരോഗ്യകേന്ദ്രവും ന്യായവിലഷോപ്പും മറ്റ് എല്ലാ വികസന പ്രക്രിയകളും നാട്ടിൽ ഉണ്ടായത് ജനങ്ങളുടെ കൂട്ടായ പരിശ്രമം കൊണ്ടാണ്.

എന്നാൽ ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഗ്രാമവാസികൾക്ക് യാതൊരുപങ്കും ഇല്ലാതിരുന്ന സ്ഥിതിയാണ് നാളിതുവരെ നിലനിന്നിരുന്നത്.

ഗ്രാമത്തിലെ സ്ക്കൂളും ആശുപത്രിയും കൃഷിഭവനും മറ്റ് പൊതുസ്ഥാപനങ്ങളും ഏറ്റവും ഭംഗിയായിനടക്കണം എന്നാഗ്രഹിക്കുന്ന ഗ്രാമീണരെത്തന്നെ അവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കലാണ്. പഞ്ചായത്തീരാജ് നിയമം മൂലം നടപ്പിലായത്.

പെരുമ്പളം ഒരു സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി പ്രഖ്യാപിക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു സാമൂഹ്യസാമ്പത്തിക സർവ്വേ 1996 ജനുവരി 25-ന് നടത്തുകയുണ്ടായി. തെങ്ങുകൾക്ക് ബാധിക്കുന്ന രോഗങ്ങളെ സംബന്ധിച്ച സർവേ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ജപ്പാനീസ് പനി, മസ്തിഷ്ക ജ്വരം, കോളറ തുടങ്ങിയവക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രതിരോധ നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത് 1996 സെപ്തംബർ 19 -ാം തീയതിയാണ്. ജില്ലാതല ശിൽപശാല സെപ്തംബർ 10, 11, 12 തീയതികളിൽ ചേർത്തലയിൽ വെച്ചുനടന്നു. ശിൽപശാലയിൽ 7 ഡി ആർ പിമാർ പങ്കെടുത്തു. പഞ്ചായത്തുതല ശിൽപശാല 19-9-96 ൽ പഞ്ചായത്തു കൗൺസിൽ ഹാളിൽവെച്ചു നടന്നു. തുടർന്ന് സെപ്തംബർ 21 നും ഒക്ടോബർ 2 നും അകം മുഴുവൻ വിശേഷാൽ ഗ്രാമസഭകളും കൂടുകയുണ്ടായി.

പെരുമ്പളം ഗ്രാമപഞ്ചായത്ത് വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ട്

പട്ടിക - 1

വാർഡ്	ഗ്രാമസഭ കൂടിയ തീയതി	ഹാജർ നിലവാരം പുരുഷ.	സ്ത്രീ	ആകെ	അധ്യക്ഷൻ	ഉദ്ഘാടനം
1	22-9-96	120	13	133	കെ.പി. സദാനന്ദൻ പ്രസിഡണ്ട്	അംബികാ ഗോപിനാഥ് ബ്ലോക്ക് മെമ്പർ
2	28-9-96	114	39	153	"	"
3	27-9-96	156	58	214	"	"
4	2-10-96	133	24	157	"	കെ.പി. സദാനന്ദൻ
5	29-9-96	175	65	240	"	അംബികാ ഗോപിനാഥ്
6	2-10-96	96	62	158	കെ.ആർ.ഗോപിനാഥൻനായർ വൈസ് പ്രസിഡണ്ട്	"
7	1-10-96	130	75	205	"	കെ.കെ. രഘുവരൻ സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ
8	1-10-96	164	75	239	കെ.പി. സദാനന്ദൻ	പ്രസിഡണ്ട്

എല്ലാ ഗ്രാമസഭകൾക്കും സ്വാഗതസംഘങ്ങൾ രൂപീകരിച്ച് വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും ജനങ്ങളുടെ സാമ്പത്തിക സഹായത്തോടെയുമാണ് സംഘടിപ്പിച്ചത്. നാലിൽ കുറയാത്ത വിഷയഗ്രൂപ്പുകൾ എല്ലാ ഗ്രാമസഭകളിലും സംഘടിപ്പിച്ച് ചർച്ചകൾ ഫലപ്രദമായി നടത്തുകയുണ്ടായി.

15-10-1996 ൽ ദ്വിതീയ വിവരശേഖരണ പരിപാടി പഞ്ചായത്തിൽ നടന്നു. നവംബർ 16, 17 തീയതികളിലായി പഠനപര്യടനം പഞ്ചായത്തിൽ നടന്നു. രണ്ടാംഘട്ടം പഞ്ചായത്തുതല ശിൽപശാല നവംബർ 15 -ാം തീയതി പഞ്ചായത്ത് കൗൺസിൽ ഹാളിൽവെച്ചു നടന്നു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 12 വിഷയ കോർ ഗ്രൂപ്പുകൾക്ക് രൂപം കൊടുത്ത് അമ്പതോളം കോർ ഗ്രൂപ്പ് അംഗങ്ങൾ രണ്ടാഴ്ചക്കാലം നിരന്തരം കൂടി റിപ്പോർട്ടിന് രൂപം കൊടുത്തു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ നവംബർ 1 പുനരർപ്പണ ദിനമായി ആചരിച്ചു. അന്നേ ദിവസം പെരുമ്പളം ഗ്രാമപഞ്ചായത്തിലെ എട്ട് മൺറോഡുകൾ ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ചും, വിവിധ വാർഡുകളിലായി നൂറുകണക്കിന് ആളുകൾ പങ്കെടുത്തുകൊണ്ട് ഏകദേശം 31.5 കി. മീറ്ററോളം റോഡാണ് നിർമ്മിച്ചത്. അങ്ങനെവരും കാല പ്രവർത്തനങ്ങൾ പുനരർപ്പണ ദിനത്തിൻെറ ആവേശം ഉൾക്കൊണ്ട് ഏറ്റെടുത്ത് വിജയിപ്പിക്കുമെന്ന നിശ്ചയദാർഢ്യമാണ് പ്രഥമ പ്രവർത്തനത്തിലൂടെ നമ്മൾ പ്രഖ്യാപിച്ചിരിക്കുന്നത്.

സുഹൃത്തുക്കളെ,

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ 8 വിശേഷാൽ ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ഒട്ടേറെ വികസന പ്രശ്നങ്ങളും സാധ്യതകളും നമ്മുടെ നാട്ടിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലെ നടപ്പു സ്കീമുകളുടെ റിപ്പോർട്ടും ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭിച്ച വിവരങ്ങളും എല്ലാം തന്നെ പഞ്ചായത്തിലെ വിവിധ മേഖലകളിലെ വിദഗ്ദ്ധൻമാരുമായും ഉദ്യോഗസ്ഥൻമാരുമായും ചർച്ചചെയ്ത് തയ്യാറാക്കിയ വികസന റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പെരുമ്പളം ഗ്രാമപഞ്ചായത്ത്
പ്രവർത്തനരേഖ

1995 ഒക്ടോബർ 4 നാണ് പെരുമ്പളം ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത്. സെപ്തംബർ 31 -ന് നടന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിലും 4-ാം തീയതിയിലെ അധികാരമേൽക്കൽ ചടങ്ങിലും നല്ല ജന പങ്കാളിത്തമുണ്ടായിരുന്നു.

കക്ഷിരാഷ്ട്രീയ ചിന്തകൾക്കതീതമായി പൂർണമായും അഴിമതിരഹിതമായ ഒരു ഭരണം കാഴ്ചവെയ്ക്കുമെന്നും വികസന രംഗത്ത് മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുമെന്നും പ്രസ്തുത ചടങ്ങിൽ പഞ്ചായത്തു കമ്മിറ്റിക്കു വേണ്ടി പ്രസിഡണ്ട് തിരഞ്ഞെടുപ്പിനുശേഷം കെ. പി. സദാനന്ദൻ പ്രഖ്യാപിക്കുകയുണ്ടായി.

ആലപ്പുഴ ജില്ലയിലെ ഏക മൂന്നാംഗ്രേഡ് പഞ്ചായത്തായ ഈ ദ്വീപ് പഞ്ചായത്തിൽ വികസന രംഗത്ത് ഏറ്റവും മുൻഗണന കൊടുക്കാവുന്നത് കൃഷിയ്ക്കാണ്. ഇവിടെ ഏറ്റവും കൂടുതലായിട്ടുള്ള തെങ്ങുകൃഷിയും നെൽകൃഷിയും ഇന്ന് കർഷകനെ സംബന്ധിച്ചിടത്തോളം ലാഭകരമല്ല. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുന്നതിനും ഉള്ള തെങ്ങുകളിൽ നിന്നും കൂടുതൽ വിളവ് ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷിഭവനുമായി ബന്ധപ്പെട്ട് പഞ്ചയത്തിലെ താൽപര്യമുള്ള മുഴുവൻ കുടുംബങ്ങളിലും പച്ചക്കറി കൃഷി നടത്തുന്നതിനുള്ള ഒരു 'സമഗ്രപച്ചക്കറി കൃഷി' നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എല്ലാ വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത കുളങ്ങളിൽ ലാഭകരമായി കൃഷിചെയ്യുവാൻ കഴിയുന്ന മൽസ്യം വളർത്തുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അധികാരമേറ്റതിനു ശേഷം രണ്ട് കേരളോൽസവവും ഓണം സ്പോർട്സും പഞ്ചായത്തുകമ്മിറ്റി നടത്തിയിട്ടുണ്ട്.

95 -ലെ കേരളോൽസവം നാല് ദിവസങ്ങളിലായി വളരെയധികം ഭംഗിയായി നടത്തുവാനും ബ്ലോക്കുതലത്തിൽ ഒന്നാമതെത്തി ട്രോഫി നേടുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ശ്രമിച്ച മുഴുവൻ കലാ-കായിക താരങ്ങളെയും അഭിനന്ദിക്കുന്നു.

പഞ്ചായത്തിന്റെ നാലു വശവും കായലിനോട് ചേർന്നു കിടക്കുന്ന തീരപ്രദേശങ്ങളാണ്. അതുകൊണ്ട് തീരപ്രദേശങ്ങളിലും, വേനൽക്കാലത്ത് വെള്ളംവറ്റുന്നതുകൊണ്ട് ഉൾപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. യൂണിസെഫിന്റെ സഹായത്തോടെ വിവിധ പ്രദേശങ്ങളിൽ പത്ത് കുഴൽകിണറുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അൺടൈഡ് ഫണ്ടുപയോഗിച്ച് പത്തു കിണറുകളും നിർമ്മിച്ചിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജപ്പാനീസ് പനിയുടെ ഭീഷണി നേരിടാനായി പഞ്ചായത്ത് നേരിട്ടും അംഗൻവാടികൾ വഴിയും ഹോമിയോ മരുന്ന് വിതരണം വിപുലമായി നടത്തി. മുഴുവൻ പ്രദേശങ്ങളിലും കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തി. ആലപ്പുഴ ജില്ലയിലെ കോളറാ ബാധ സമയത്ത് പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ അംഗൻവാടി പ്രവർത്തകരേയും ആരോഗ്യപ്രവർത്തകരേയും സന്നദ്ധ പ്രവർത്തകരേയും പങ്കെടുപ്പിച്ചുകൊണ്ട് ക്ലോറിനേഷൻ നടത്തി.

നമ്മുടെ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻറർ തീരദേശം ആരോഗ്യവികസന പദ്ധതിയിൽപ്പെടുത്തണം എന്ന പഞ്ചായത്തു കമ്മിറ്റിയുടെ ആവശ്യം നേടിയെടുക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുവഴി നമുക്ക് ലഭിക്കുന്ന അംബുലൻസ് ബോട്ടും വർദ്ധിച്ച തോതിലുള്ള മരുന്നുകളും ആശുപത്രിക്കുള്ള ടെലിഫോണും എത്രയുംപെട്ടെന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദ്വീപ് ജനതയുടെ ഏക ആശ്രയമായ പി. എച്ച്. സെൻറിൽ ഡോക്ടർമാർ ഇല്ലാതെ ജനങ്ങളാകെ ബുദ്ധമുട്ടിയ സാഹചര്യത്തിൽ പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനപ്രകാരം ആലപ്പുഴ D M O ഓഫീസിനു മുന്നിൽ പഞ്ചായത്തു കമ്മിറ്റിയംഗങ്ങളും സന്നദ്ധ പ്രവർത്തകരും കൂടി നടത്തിയ സമരത്തിന്റെ ഫലമായി ആശുപത്രിയിൽ മുഴുവൻ ഡോക്ടർമാരെയും നിയമിക്കുകയുണ്ടായി. എങ്കിലും രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല.

വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനുവേണ്ടി ഹയർ സെക്കൻററിക്കും എസ്. എസ്. എൽ. സിക്കും ഉയർന്ന മാർക്ക് വാങ്ങുന്നവർക്ക് ക്യാഷ് അവാർഡുകളും നൽകിവരുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. ശുചിത്വകാര്യങ്ങളിൽ വളരെ പിന്നോക്കമായതുകൊണ്ട്. "പെരുമ്പളം ഗ്രാമപഞ്ചായത്ത് ഗ്രാമശുചീകരണ തീവ്രയത്ന പരിപാടി" എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം കൊടുത്ത്, നിലവിൽ കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്നു.

ഇതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യൂണിസെഫിന്റെ പ്രതിനിധികൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയും പദ്ധതിയെക്കുറിച്ച് വിലയിരുത്തുകയുമുണ്ടായി.

പെരുമ്പളം ഇറപ്പുഴ-തെക്കൻ പറവൂരായി സർവീസ് നടത്തുന്ന യമഹാ ഫെറിയിൽ നാട്ടുകാരുടെ സുരക്ഷിതത്വം പരിഗണിച്ച് ബോട്ട് ഉപയോഗിച്ച് ഫെറി സർവീസ് നടത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. സ്വന്തമായി വരുമാനമില്ലാത്ത ഈ പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ഗ്രാൻറുകളെ മാത്രം ആശ്രയിക്കുന്നതുമൂലം വികസന പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നു.

ഈ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന ജോലികൾ ചെയ്തു തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ജോലികൾ

1. കല്ലിടുംകടവ്- മാർക്കറ്റ് നടപ്പാത നിർമാണം 2 -ാം ഘട്ടം
2. ശ്രീകൃഷ്ണവിലാസം വായനശാല - ശാസ്താങ്കൽ നടപ്പാത നിർമാണം (രണ്ടാംഘട്ടം)
3. നോർത്ത് L P സ്കൂളിന് മുൻവശം റോഡിൽ റിട്ടെയിനിങ് വാൾ കെട്ടുക.
4. കണ്ടമംഗലത്തുതോട്ടിൽ കരിങ്കല്ലുകൊണ്ട് സൈഡുകെട്ടി പൈപ്പുവെച്ച് മണ്ണിടുന്ന ജോലി
5. മാരാപ്പള്ളി കുളത്തിന്റെ ഭാഗത്ത് റോഡു സംരക്ഷണത്തിന് റിടെയിനിംഗ് വാൾ കെട്ടുക.
6. ഇറപ്പുഴ ജട്ടിയിൽ നിന്നും പടിഞ്ഞാറോട്ട് വെള്ളം കെട്ടിക്കിടക്കുന്ന ഭാഗത്ത് റോഡ് മണ്ണിട്ടുയർത്തുക.
7. സൗത്ത് ജെട്ടി- മുക്കംജെട്ടി റോഡ് നിർമാണം (രണ്ടാംഘട്ടം)
8. മാർക്കറ്റ് - പട്ടേകാട് റോഡിൽ തൊമ്മണ്ടേഴത്തു നിന്നും വടക്കോട്ട് പട്ടേകാട് ക്ഷേത്രം വരെയുള്ള ഭാഗത്ത് റോഡ് നിർമാണം.
9. കണ്ടയ്ക്കാത്തറ ഭാഗത്ത് റിട്ടെയിനിംഗ് വാൾ കെട്ടുക.
11. അരയുക്കുളങ്ങര-വാത്തികാട് റോഡിൽ തോട്ടുപുറത്ത് ഭാഗത്ത് റോഡിന്റെ സൈഡുകെട്ടി മണ്ണിടുന്നജോലി.
12. ഓരു മുട്ടുകളുടെ നിർമാണം.
13. കരിമാംകുഴി - അത്തിക്കാപ്പള്ളി റോഡിന്റെ നിർമാണം (ഒന്നാംഘട്ടം)
14. പെരുമ്പളം മാർക്കറ്റു മുതൽ പി. എച്ച്. സെൻറർ വരെയുള്ള റോഡിന്റെ റിപ്പയർ.
15. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 25 കുടുംബങ്ങൾക്ക് ട്രൂഫിറ്റ് സാനിറ്ററി ലാട്രിൻ നിർമ്മിക്കുന്നതിന് ധനസഹായം
16. പട്ടികജാതിക്കാർക്കുള്ള വീടുകൾ.
17. ശുദ്ധജല ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ 10 കിണറുകൾ കുഴിച്ച് നൽകൽ.
18. അരയുകുളങ്ങര - വാത്തികാട്, കാളത്തോട്- ഞായർകാട്, ആശുപത്രി- പള്ളിജെട്ടി, യമഹാജെട്ടി, മാങ്ങോടത്തുകോളനി എന്നിവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് ഇടുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
19. V T C ഗ്രാൻറുപയോഗിച്ച് വിവിധ സ്ഥലങ്ങളിൽ റിട്ടെയിംങ് വാൾ കെട്ടി റോഡ് സംരക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിനും ജനങ്ങളുടെ ഉയർച്ചക്കും വേണ്ടിയുള്ള പരിശ്രമത്തിൽ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളുടേയും അർപ്പണ മനോഭാവത്തോടെയുള്ള സഹകരണവും സഹായവുമുണ്ടെങ്കിൽ വികസന രംഗത്ത് വളരെയധികം മുന്നോട്ടു പോകുവാൻ കഴിയുമെന്ന വിശ്വാസത്തോടെ ഞങ്ങൾ പരിശ്രമം തുടുരുകയാണ്.

സാമൂഹിക സാംസ്കാരിക ചരിത്രം

വിശാലമായ വേമ്പനാട്ടു കായലിന്റെ നീലവിരിമാറിൽ ഒരു മരതകപ്പതക്കം പോലെ കിടക്കുന്ന മനോഹരമായ ഒരു ദ്വീപാണ് പെരുമ്പളം. പച്ചപ്പുതപ്പണിഞ്ഞ നെൽപ്പാടങ്ങളും, സഞ്ചാരികളെ മാടിവിളിക്കുന്ന കേരവൃക്ഷങ്ങളും ഈ നാടിന്റെ പ്രകൃതിമനോഹാരിതക്ക് ചാരുതയേകുന്നു. ചുറ്റും കിടക്കുന്ന വേമ്പനാട്ടു കായലോളങ്ങളിൽ തട്ടിവരുന്ന മന്ദമാരുതൻ ഇവിടെ സമശീതോഷ്ണ കാലാവസ്ഥ പ്രദാനം ചെയ്യുന്നു.

2000 വർഷങ്ങൾക്കു മുൻപ് ഈ സ്ഥലവും അമ്പലപ്പുഴ ചേർത്തല താലൂക്കുകളും ഉണ്ടായിരുന്നില്ലെന്നു ചരിത്രം പറയുന്നു. ലോകസഞ്ചാരികളായ ടോളമി ബി.സി. 400 ലും, മെഗസ്തനീസ് 306 ലും കേരളത്തിൽ വന്നപ്പോൾ കപ്പലിൽ സഞ്ചരിച്ചത് ഈ വഴിക്കായിരുന്നെന്നും, അന്നത്തെ തുറമുഖമായിരുന്ന കടുത്തുരുത്തിയിൽ നിന്നും തൃപ്പൂണിത്തുറയിലേക്ക് പോയത് ഇതിലേയായിരുന്നെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീടിവിടം കടൽമാറി കരയായി വളരെക്കാലം ചതുപ്പുനിലമായി കിടന്നിരിക്കണം. ഇന്നും ഇവിടെ കുഴിച്ചുനോക്കിയാൽ കിട്ടുന്ന കക്കാശേഖരവും, കണ്ടൽമരങ്ങളുടെയും, ഉപ്പുത്ത, ബ്ലാത്തി എന്നീ ചെടികളുടെയും അവശിഷ്ടങ്ങൾ ഇതിന് തെളിവാണ്.

A D 1341 ജൂൺ മാസത്തിലെ വിനാശകരമായ വെള്ളപ്പൊക്കത്തിൽ (സർക്കാർ ടൂറിസ്റ്റ്ഗൈഡ്) പല പ്രദേശങ്ങൾക്കും ഭൂമിശാസ്ത്രപരമായ പല മാറ്റങ്ങളും സംഭവിച്ചു. അങ്ങിനെ നോക്കുമ്പോൾ പൂത്തോട്ടയോട് ചേർന്നുകിടന്ന ഈ ഭൂപ്രദേശം മേൽപ്പറഞ്ഞ വെള്ളപ്പൊക്കത്തിൽ മൂവാറ്റുപുഴയാറ് കരകവിഞ്ഞൊഴുകിയതോടെ പുഴ മുറിഞ്ഞൊഴുകുകയും (മുറിഞ്ഞപുഴ) കാളകളെ കുളിപ്പിക്കുന്നതിന് പണ്ടെന്നോ ഉണ്ടാക്കിയ കാളത്തോട് വൻ കായലായി മാറുകയും, വടക്കുവശത്ത് ശത്രുക്കളുടെ ഉപദ്രവം ചെറുക്കാൻ നമ്പൂതിരിമാർ വെട്ടിച്ചതും, ഇരുവശവും കൈതകൾ വെച്ചുപിടിപ്പിച്ചിരുന്നതുമായ തോട് കൈതപ്പുഴക്കായലായും മാറുകയും, ഇത് ഒരു ദ്വീപായി രൂപപ്പെടുകയും ചെയ്തു.

കണ്ടൽവനങ്ങളും മുതലമുൾക്കാടുകളും കൈതകളും നിറഞ്ഞ പ്രദേശമായിരുന്നു പെരുമ്പളം. പള്ളം എന്നാൽ കടലോരമെന്നും, ചതുപ്പുനിലമെന്നും വ്യത്യസ്ഥങ്ങളായ അർത്ഥം ഉള്ളതായി കാണുന്നു. പെരും എന്നാൽ വലുത് എന്നാണല്ലോ. വലിയ കടലോരമെന്നോ, വലിയ ചതുപ്പു പ്രദേശമെന്നോ ഉള്ള അർത്ഥത്തിലാകാം പെരുമ്പളം എന്ന പേരിന്റെ ആവിർഭാവം എനന് അനുമാനിക്കാം.

ഇവിടെ ജനവാസം ആരംഭിക്കുന്നത് 1200 വർഷങ്ങൾക്കിപ്പുറമായിരിക്കണം. പഴയ കൊച്ചി രാജ്യത്തിന്റെ വടക്കേ അതിർത്തിയിൽ താമസിച്ചിരുന്ന നമ്പൂതിരിമാർ, കൊച്ചി-കോഴിക്കോട് രാജ്യങ്ങൾ തമ്മിൽ നിരന്തരമായി നടന്നുവന്ന യുദ്ധങ്ങളിൽ പൊറുതിമുട്ടി തങ്ങൾക്ക് സമാധാനമായി ജീവിയ്ക്കാൻ കുറച്ചു സ്ഥലം നൽകണമെന്ന് കൊച്ചി രാജാവിനോടപേക്ഷിച്ചെന്നും, രാജാവ് കനിഞ്ഞുനൽകിയ സ്ഥലത്തുവന്ന് താമസം തുടങ്ങിയെന്നും, അതല്ലാ ആദിമവാസികൾ അരയന്മാരായിരുന്നുവെന്നും രണ്ടഭിപ്രായങ്ങളുണ്ട്. അതെന്തായാലും ഇവിടെ 56 നമ്പൂതിരിമനകൾ നിലവിലുണ്ടായിരുന്നു. പട്ടേകാട്, കെയ്യ്കാട്, പൂവ്വന്തറ, അമ്പാട്ട്, ഇറപ്പുഴ, കുന്നേൽ, പുതുക്കാട്, വെള്ളയിൽ, കാവുമന, വടക്കനേഴത്ത്, പഴമ്പനാകുളം, കണ്ണാട്ട്, എടവനക്കാട് എന്നിവയെല്ലാം മേൽപ്പറഞ്ഞ മനകളിൽപ്പെടുന്നു.

ഈ ബ്രാഹ്മണകുടുംബങ്ങൾ സ്ഥാപിച്ചതാണ് പെരുമ്പളത്തെ ചിരപുരാതനമായ പേരണ്ടൂർക്കിടയിൽ, ശാസ്താങ്കൽ, ഇറപ്പുഴ, കോയിക്കൽ, കുന്നേൽ ക്ഷേത്രങ്ങൾ. എ.ഡി. 1503 -ൽ പെരുമ്പളത്തു വന്ന അൽബുക്കർക്കിന്റെ നേതൃത്വത്തിലുള്ള പോർട്ടുഗീസ് പട്ടാളം ക്ഷേത്രങ്ങൾ കൊള്ളയടിക്കുകയും, തീ വെയ്ക്കുകയും ചെയ്തു. പറങ്കിപട്ടാളത്തെ ഒറ്റക്കെതിർത്ത ഇടങ്കേറ്റിൽ ചക്കിവാരസ്യാരുടെ ആത്മബലിയുടെ കഥ പുളകോദ്ഗമകാരിയാണ്.

കാലപ്രവാഹത്തിൽ 350 വർഷങ്ങൾക്കു മുൻപ് ബ്രാഹ്മണകുടുംബങ്ങൾ നാമാവശേഷമായി. എ.ഡി. 1742 -ൽ തിരുവിതാംകൂർ വാണിരുന്ന മാർത്താണ്ഡവർമ്മയുടെ സചിവൻ രാമയ്യൻ ദളവ പെരുമ്പളത്തു വരുകയും ഹൈദരാലി തിരുവിതാംകൂർ ആക്രമിച്ചേക്കുമോ എന്ന ഭയംകൊണ്ട് രാജ്യാതിർത്തി സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി പട്ടേകാട് ക്ഷേത്രത്തിന് വടക്കുഭാഗത്ത് ഒരു മണൽക്കോട്ട നിർമ്മിച്ചെന്നും, 50 വർഷം മുമ്പുവരെ അതിന്റെ അവശിഷ്ടങ്ങൾ ഉണ്ടായിരുന്നതായും പറയുന്നു. പെരുമ്പളത്തെ ക്ഷേത്രങ്ങളിലൊന്നായ അരയുകുളങ്ങര ക്ഷേത്രം എ.ഡി. 1650 -ൽ നാട്ടുകാർ നിർമ്മിച്ച് ഇടപ്പള്ളി ഇളങ്ങള്ളൂർ സ്വരൂപത്തിന് നൽകുകയായിരുന്നു.

ദേശീയ സ്വാതന്ത്ര്യത്തിന്റെ തീജ്വാല ആസേതു ഹിമാചലം ആഞ്ഞടിച്ചപ്പോൾ അതിന്റെ അനുരണനങ്ങൾ ഇവിടെയും ചലനം സൃഷ്ടിച്ചു. 1922 ൽ ആര്യസമാജം മിഷനറിയായിരുന്ന ബ്രഹ്മചാരി ലക്ഷ്മണന്റെ നേതൃത്വത്തിൽ നെടിയപറമ്പിൽവെച്ച് ഒരു യോഗം കൂടുകയും, പി. ജി. കൃഷ്ണപ്പണിക്കൾ (പി.ജി. സാർ) തുരുത്തേൽ കണ്ണൻ, തിരുവഞ്ചൻ, കറുമ്പൻ, ആദിച്ചൻ, മാര്യാത്ത് തൊമ്മൻ, കൊച്ചിക്കാട്ട് ഗോപാലകൃഷ്ണൻനായർ, നാളിയാത്ത് നാരായണൻ നായർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുകയും, അരയുകുളങ്ങര ക്ഷേത്രമൈതാനത്തുവെച്ച് സർവ്വശ്രീ കെ. പി. കേശവമേനോൻ, കേളപ്പജി, ജോർജ് തോമസ്, ടി. എം. വർഗീസ് മുതലായവർ പങ്കെടുത്ത ഒരു മഹാസമ്മേളനം നടത്തുകയുമുണ്ടായി. അയിത്തോച്ചാടനത്തിന്റെ ഭാഗമായി മന്നത്തു പദ്മനാഭന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തേക്കുള്ള സവർണ്ണജാഥയിൽ പെരുമ്പളത്തുനിന്നും പന്ത്രണ്ടോളം പേർ ബ്രഹ്മചാരി ലക്ഷ്മണന്റെ നേതൃത്വത്തിൽ പങ്കെടുത്തു. നെടിയപറമ്പിലും, പാണപറമ്പിലും, 'പന്തിഭോജനം' നടത്തി അയിത്തത്തിനെതിരായി വിപ്ലവം സൃഷ്ടിച്ച ചരിത്രവും ഈ നാടിന് അഭിമാനമേകുന്നു. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിനായി ശ്രീ. സി.ജി. ഗോപാലകൃഷ്ണൻ, സി.എസ്. രാഘവനിളയിടം എന്നിവർ പോവുകയും, കോഴിക്കോട്ടുവെച്ച് അറസ്റ്റ് ചെയ്യപ്പെടുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതസർക്കാർ ഇവർക്ക് താമ്രപത്രവും സ്വാതന്ത്ര്യസമര പെൻഷനും നൽകി ആദരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് നയിച്ച സ്വാതന്ത്ര്യസമര പ്രക്ഷോഭത്തിൽ പങ്കുചേർന്ന പെരുമ്പളത്തെ ആദ്യത്തെ നിയമബിരുദധാരിയായ ടി.എം. ചേന്ദൻ വൈക്കത്തുവെച്ച് അറസ്റ്റു വരിച്ച് ജയിൽവാസമനുഭവിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തരമുള്ള പെരുമ്പളം യൂണിറ്റ് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ടായി ശ്രീ. കാര്യാത്ത് വർക്കി വക്കീൽ തിരഞ്ഞെടുക്കപ്പെട്ടു.

സ്വാതന്ത്ര്യപൂർവ്വ നാളുകളിൽത്തന്നെ വിവിധ ഗ്രൂപ്പുകളിലും സെല്ലുകളിലുമായി കമ്യൂണിസ്റ്റുകാർ പ്രവർത്തിച്ചിരുന്നു. 1952 ഒക്ടോബർ 22 നാണ് എം.എസ്. ശങ്കരൻ സെക്രട്ടറിയായി ആദ്യ ബ്രാഞ്ചുകമ്മിറ്റി നിലവിൽ വന്നത്. കെ.ജെ. കുര്യാക്കോസ്, എം. എസ്. നടരാജൻ, കെ. ഭാസ്കരൻ, വി.കെ. പദ്മനാഭൻ, എസ്. പങ്കജാക്ഷൻനായർ, പി.വി. നാരായണൻ, പി.വി. കൃഷ്ണൻ, തുടങ്ങിയവരായിരുന്നു ആദ്യകാല കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരിൽ പ്രമുഖർ. 1952 ഒക്ടോബർ 30 ന് ശാസ്താങ്കൽ ക്ഷേത്ര മൈതാനിയിൽ പി ടി പുന്നൂസ്, കോട്ടയം ഭാസി എന്നിവർ പങ്കെടുത്തുകൊണ്ട് വൻ സമ്മേളനം ചേരുകയുണ്ടായി.

അനേകം ക്ഷേത്രങ്ങളാലും, വിവിധങ്ങളായ സാംസ്കാരിക സംഘടനകളാലും സമ്പന്നമായിരുന്നു ഇവിടം. നാടകം, ബാലെ, പരമ്പരാഗത നാടൻകലകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, കൈയ്യെഴുത്തു മാസികകൾ, കായിക ഇനങ്ങൾ തുടങ്ങി കലാകായിക സാംസ്കാരികരംഗത്ത് സമ്പന്നമായൊരു ഭൂതകാലം നമുക്കുണ്ടായിരുന്നു.

ശ്രീകൃഷ്ണവിലാസം പ്രഹസനയോഗം, യോഗക്ഷേമ സമാജം, വനിതാസമാജത്തിൽ പ്രവർത്തിച്ചിരുന്ന നൃത്തവേദി, ടാഗോർ ആർട്സ് ക്ലബ്, ഫൈനാർട്സ്, സി. കെ. പി. എം. ഗ്രന്ഥശാല, വൈ. എൻ. എം. എ, വീനസ് തീയറ്റേഴ്സ്, പണ്ഡിറ്റ് കറുപ്പൻ ഗ്രന്ഥശാല, കുമാരനാശാൻ

സ്മാരക വായനശാല, പി. ഐ. എസ്. എ, നെഹ്റു യൂത്ത് സെൻറർ, എ. കെ. ജി. എം. സി., ഫ്രണ്ട്സ് ഡ്രാമാറ്റിക് ക്ലബ്, ഐലണ്ട് ഡ്രാമറ്റിക് ക്ലബ്, ഐലൻറ് തീയേറ്റേഴ്സ് തുടങ്ങി പിന്നിട്ട കാലഘട്ടത്തിൽ ആവേശം പകർന്ന ഒട്ടേറെ സാംസ്കാരിക സംഘടനകൾ, കെ.എൻ. വിശ്വനാഥൻ, വിദ്വാൻ കൃഷ്ണദേവ്, പെരുമ്പളം രവി, എൻ.പി. സുകുമാരൻ, പി.എൻ. പെരുമ്പളം, പെരുമ്പളം ശ്രീധരൻ തുടങ്ങിയ സാംസ്കാരിക പ്രവർത്തകരുടേയും എഴുത്തുകാരുടേയും ഒരു നീണ്ടനിരതന്നെ നമുക്കുണ്ടായിരുന്നു. പ്രശസ്ത കവി ചെമ്മനം ചാക്കോ പ്രാഥമിക വിദ്യാഭ്യാസം ചെയ്ത സ്ഥലമാണിത്. പ്രശസ്ത നോവലിസ്റ്റായ ശ്രീ. എസ്.കെ. മാരാർ തൻെറ സാഹിത്യജീവിതത്തിൻെറ ഏറിയപങ്കും ചെലവിട്ടത് ഇവിടെയായിരുന്നു.

കെ.പി. കേശവമേനോൻ, കേളപ്പജി, മന്നത്ത് പദ്മനാഭൻ, ആർ. ശങ്കർ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, വി.കെ. കൃഷ്ണമേനോൻ എന്നിവർ ഈ നാട് സന്ദർശിച്ച് ധന്യമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ നാടിന് അഭിമാനാർഹമായ ഒരു പശ്ചാത്തലമുണ്ട്. 1850 -ൽ സ്ഥാപിച്ചതും, H S L P S എന്ന് ഇന്നറിയപ്പെടുന്നതുമായ സ്കൂളാണ് ആദ്യത്തെ വിദ്യാലയം. 1902 -ൽ ദ്വീപിൻെറ തെക്കുഭാഗത്ത് മഠത്തുംമുറിയിൽ ശ്രീ. ഗോപാലപണിക്കർ സ്ഥലവും കെട്ടിടവും സൗജന്യമായി സർക്കാരിലേക്ക് കൊടുത്ത് സൗത്ത് എൽ. പി. സ്കൂളും, 1961 -ൽ ശ്രീ. വെള്ളേച്ചിറയിൽ ഭാസ്കരൻറേയും മറ്റും ശ്രമഫലമായി എസ്. എൻ. ഭജനയോഗം സംഭാവന ചെയ്ത സ്ഥലത്ത് നോർത്ത് എൽ. പി. സ്കൂളും പ്രവർത്തനമാരംഭിച്ചു.

1961 -ൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രീ. ടി.പി. കേശവപിള്ളസാറിൻെറ ശ്രമഫലമായി ഒരു ഹൈസ്കൂൾ ഉണ്ടാവുകയും, നാട്ടുകാർ ഉൽപ്പന്നപിരിവ് നടത്തി പണം സംഭരിച്ച് സ്ഥലംവാങ്ങി സർക്കാരിലേക്ക് നൽകുകയും പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. 1991 -മുതൽ ഇതൊരു ഹയർ സെക്കണ്ടറി സ്കൂളായി പ്രവർത്തിച്ചു വരുന്നു. ഇതിനുവേണ്ടി ശ്രീ. സി.കെ. ചന്ദ്രപ്പൻ എം എൽ എ ചെയ്ത പരിശ്രമങ്ങൾ സ്മരണീയമാണ്.

1979 -വരെ ഈ ദ്വീപ് മറ്റത്തിൽ ഭാഗം പഞ്ചായത്തിൻെറ ഭാഗമായിരുന്നു. 1952 ൽ പഞ്ചായത്ത് സമ്പ്രദായം നിലവിൽ വന്നപ്പോൾ മുതൽ വളരെക്കാലം ശ്രീ. വി.എം. രാഘവപണിക്കർ പ്രസിഡണ്ടായിരുന്നു. 1979 ൽ ശ്രീ. എം.കെ. രാഘവൻെറ ശ്രമഫലമായി ഇതൊരു പഞ്ചായത്തായി രൂപികരിക്കുകയും, ശ്രീ. വി.എം. രാഘവപണിക്കർ പ്രസിഡണ്ടും, ശ്രീ. ശ്രീധരൻ പടക്കാറ വൈസ് പ്രസിഡണ്ടും, സർവ്വശ്രീ പി.എൻ. പെരുമ്പളം, പി.കെ. പുരുഷോത്തമൻ, ബാപ്പു പരിയത്, വി.കെ. ദാമോദരൻ, ദാസൻ, ജാനകിയമ്മ എന്നിവർ മെമ്പർമാരായി ഒരു അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി നിലവിൽ വരുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ്ചായത്തു കമ്മിറ്റി 1988 -ൽ സർവ്വശ്രീ കെ.ഇ. പങ്കജാക്ഷൻ പ്രസിഡണ്ടും, എൻ.ആർ. ബാബുരാജ് വൈസ് പ്രസിഡണ്ടും, എം. കരുണാകരൻ, കെ.എം. സുകുമാരൻ, ബേബി സരോജം, കെ.ആർ. സരോജനിയമ്മ, എം.എൻ. സുരേന്ദ്രൻ, സി. കെ. ജനാർദ്ദനൻ എന്നിവർ അംഗങ്ങളായും ഭരണം നടത്തി.

പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതിനുശേഷം 1995 സെപ്തംബർ 23 ന് നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. കെ.പി. സദാനന്ദൻ പ്രസിഡണ്ടും, ശ്രീ. കെ.ആർ. ഗോപിനാഥൻനായർ വൈസ് പ്രസിഡണ്ടും, ശ്രീ. കെ.കെ. രഘുവരൻ സ്റ്റാൻറിങ് കമ്മിറ്റി ചെയർമാനും, സർവ്വശ്രീ. കെ.എ. അബൂബക്കർ, രത്നകുമാരി ഗോപാലകൃഷ്ണൻ, ഇന്ദിരാ സോമനാഥൻ, മിനിബാബു, എസ്. ബാലകൃഷ്ണൻ എന്നിവർ അംഗങ്ങളായും ഭരണം നടത്തിവരുന്നു.

1952 -ൽ വൈക്കം മാധവൻ മന്ത്രിയായിരുന്ന കാലത്ത് അനുവദിച്ചുതന്ന അന്നത്തെ ബൈവീക്കിലി ആശുപത്രിയാണ് ഇന്നത്തെ നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററായി ഉയർന്നത്.

ഇന്നത്തെ വാർഡ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പു മന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമനും, ചേർത്തല എം എൽ എയും റവന്യൂവകുപ്പു മന്ത്രിയുമായ ശ്രീ. പി.എസ്. ശ്രീനിവാസനും നടത്തിയിട്ടുണ്ട്. തുടർന്ന് എം എൽ എയും, ആഭ്യന്തരമന്ത്രിയുമായിരുന്ന ശ്രീ. വയലാർ രവിയുടെ ശ്രമഫലമായാണ് വാർഡു കെട്ടിടവും, ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള സാഹചര്യമുണ്ടായത്.

പെരുമ്പളം ഒരു പ്രത്യേക വില്ലേജ് ആക്കിയത് ശുദ്ധജല വിതരണ പദ്ധതി, ടെലിഫോൺ, സബ് പോസ്റ്റോഫീസ് എന്നിവ നമുക്കു ലഭിച്ചകാര്യത്തിലും ശ്രീ. വയലാർ രവിയുടെ പരിശ്രമങ്ങളാണ്.

ഓളവും കാറ്റും പ്രക്ഷുബ്ദമാകുന്ന അപകടങ്ങൾ പതിയിരിക്കുന്ന വിസ്തൃതമായ കായൽ മുറിച്ചുകടക്കുവാൻ ചെറുവള്ളങ്ങൾ മാത്രമായിരുന്നു നമുക്കുണ്ടായിരുന്നത്. കേരളത്തിൽ കരമാർഗമുള്ള ഗതാഗത സൗകര്യം വിപുലപ്പെടുത്തുന്നതിനുമുൻപ് എറണാകുളത്തുനിന്നും തെക്കൻ നാടുകളിലേക്ക് നമ്മുടെ പടിഞ്ഞാറു ഭാഗത്തുള്ള ഇന്നത്തെ ദേശീയ ജലപാത വഴി നാൽപതോളം സ്വകാര്യ യാത്രാ ചരക്കുബോട്ടുകൾ സർവീസ് നടത്തിയിരുന്നു.

പെരുമ്പളത്തിന്റെ തെക്കുഭാഗത്ത് ഈ ബോട്ടുകൾ അടുക്കുമായിരുന്നു. 1978 ലാണ് അടുത്ത കരകളെ പെരുമ്പളവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ബോട്ട് സർവീസ് ആരംഭിച്ചത്.

പെരുമ്പളത്തെ വില്ലേജ് ഓഫീസ്, കൃഷി ഓഫീസ്, പഞ്ചായത്ത് ഓഫീസ്, ആയുർവേദ ഡിസ്പെൻസറി, വി.ഇ.ഒ. ഓഫീസ്, വെറ്റിനറി ഡിസ്പെൻസറി എന്നിവയ്ക്ക് സ്ഥലം സംഭാവന നൽകിയ എൻ. എസ്. എസ്. കരയോഗവും, ആശുപത്രിക്ക് സ്ഥലവും കെട്ടിടവും നൽകിയ എസ്. എൻ. വി. സമാജവും, സാംസ്കാരിക നിലയത്തിന് സ്ഥലം നൽകിയ എസ്. എൻ. ഡി. എസ്. എസും, സൗത്ത് സബ് സെൻററിന് സ്ഥലം നൽകിയ ധീവരസഭയും ഈ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങളുടെ നാട് എന്നറിയപ്പെടുന്ന ഇവിടെ നാനാജാതി മതസ്ഥരുടേയും ദേവാലയങ്ങളും എല്ലാവരും സമുദായ സൗഹാർദ്ദത്തോടെയും, സമാധാനത്തോടെയും ജീവിച്ചുവരുന്നു.

ഭാവിയിലെ ജനശക്തിയിൽ വിശ്വാസമർപ്പിച്ച് ഗാന്ധിജിയുടെ സ്വപ്നമായിരുന്ന പഞ്ചായത്തീരാജ് നടപ്പിൽ വരുത്തുവാൻ നമുക്കൊത്തൊരുമിച്ച് മുന്നേറാം.

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

ഭൂപ്രകൃതി

ആലപ്പുഴ ജില്ലയുടെ വടക്കെ അറ്റത്തായി എറണാകുളം, കോട്ടയം ജില്ലകളുടെ അതിർത്തിയിൽ വേമ്പനാട്ടു കായലിന്റേയും, കൈതപ്പുഴ കായലിന്റേയും മധ്യേ ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ് പെരുമ്പളം. മൂവാറ്റുപുഴയാറും, വേമ്പനാട്ടു കായലുമായി പെരുമ്പളത്തിന്റെ തെക്കുകിഴക്ക് ഭാഗത്തുവെച്ച് സന്ധിച്ച് വടക്കോട്ട് ഒഴുകി അറബിക്കടലിൽ സംഗമിക്കുന്നു. ഗ്രാമത്തിന്റെ ഭൂമിക്കടിയിൽ കാണുന്ന കക്കയുടെയും മൽസ്യത്തിന്റേയും വൃക്ഷത്തിന്റേയും അവശിഷ്ടങ്ങൾ പരിശോധിച്ചതിന്റേയും മറ്റും അടിസ്ഥാനത്തിൽ ദ്വീപ് ഒരു കടൽവെപ്പാണെന്ന് മനസിലാക്കാവുന്നതാണ്. അതുപോലെതന്നെ ദ്വീപിന്റെ വടക്കേയറ്റം നൂറ്റാണ്ടുകൾക്കു മുൻപ് എറണാകുളം ജില്ലയിലെ പനങ്ങാടുമായി ബന്ധിച്ചിരുന്നുയെന്നും, വടക്കെയറ്റത്തുള്ള വീതികുറഞ്ഞ പ്രദേശം പ്രകൃതിക്ഷോഭവും മറ്റും മൂലം പൊട്ടി ഒലിച്ചുപോയി വൻകരയുമായി ബന്ധം ഇല്ലാതായതാണെന്നും ഐതീഹ്യമുണ്ട്. ഇതിനെ ശരിവെയ്ക്കുന്ന തരത്തിലുള്ള തെളിവുകളും നിലനിൽക്കുന്നുണ്ട്. ദ്വീപിന്റെ ചുറ്റുമുള്ള കായലിൽ വൻ കക്കശേഖരമുണ്ട്. വർഷത്തിൽ പകുതിസമയം ഓരുവെള്ളവും, പകുതി സമയം ഓരില്ലാത്ത വെള്ളവും ലഭിക്കുന്നു. ചേർത്തല താലൂക്കിൽപ്പെട്ട അവിഭക്ത മറ്റത്തിൽ ഭാഗം പഞ്ചായത്തിലെ 3 വാർഡുകൾ മാത്രമായിരുന്നു പെരുമ്പളം ദ്വീപ്. 1979 ൽ ആണ് അത് എട്ട് വാർഡുകളാക്കി പുനർവിഭജനം നടത്തി ഗ്രാമപഞ്ചായത്താക്കി മാറ്റിയത്.

പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തായി കിടക്കുന്ന ഉപ്പുതുരുത്തു പ്രദേശം പെരുമ്പളത്തിന്റെ ഭാഗമാണ്.

പെരുമ്പളം പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് വേമ്പനാട്ടു കായലും, അതിനപ്പുറം അരൂക്കുറ്റി പഞ്ചായത്തും, തെക്ക് വേമ്പനാട്ട് കായലും, പാണാവള്ളി പഞ്ചായത്തിൽപ്പെട്ട തുരുത്തുകളും, കിഴക്കുഭാഗത്തായി വേമ്പനാട്ടു കായലും, കോട്ടയം ജില്ലയിൽപ്പെട്ട ചെമ്പു പഞ്ചായത്തും എറണാകുളം ജില്ലയിൽപ്പെട്ട ഉദയംപേരൂർ പഞ്ചായത്തും, വടക്കുഭാഗത്തായി കൈതപ്പുഴക്കായലും എറണാകുളം ജില്ലയിൽപ്പെട്ട പനങ്ങാടും (കുമ്പളം പഞ്ചായത്ത്) സ്ഥിതിചെയ്യുന്നു.

വാർഡുതല ജനസംഖ്യ വിവരപ്പട്ടിക

വാർഡ്	പുരുഷ.	സ്ത്രീ	കുട്ടികൾ	ആകെ	പട്ടികജാതി/ പട്ടികവർഗ കുടുംബങ്ങൾ	ഹിന്ദു കുടുംബങ്ങൾ	മുസ്ലീം കുടുംബങ്ങൾ	കൃസ്ത്യൻ കുടുംബങ്ങൾ
1	465	496	398	1359	29	213	41	-
2	395	412	335	1142	22	209	-	4
3	448	496	293	1237	9	212	-	37
4	450	473	339	1262	6	254	-	-
5	476	497	282	1255	36	213	-	19
6	380	398	310	1088	22	209	-	4
7	472	493	306	1271	19	225	8	1
8	463	475	419	1357	8	220	25	-

ഭൂപ്രകൃതിയനുസരിച്ച് പെരുമ്പളത്തെ രണ്ടു തട്ടുകളായി തിരിക്കാം.

1. സമതലം. 2. കായൽത്തിട്ട്.

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 1614 ഹെക്ടർ. പൊതുവിൽ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളും സമനിരപ്പിലാണ്. പഞ്ചായത്തിന്റെ 80 ശതമാനം മണലും, 20 ശതമാനം ചെളി കലർന്ന മണലും കണ്ടുവരുന്നു. പെരുമ്പളത്തെ വിവിധ വാർഡുകളിലായി 25 (എണ്ണം) തോടുകൾ ഉണ്ട്. ഇത് ഏകദേശം 3000 മീറ്റർ ദൈർഘ്യമുണ്ട്.

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം പെരുമ്പളത്തെ ജനസംഖ്യ 9352 ആയിരുന്നു. ഇതിൽ 4651 പുരുഷന്മാരും, 4701 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 50 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 1828 ആയിരുന്നു. ജനസാന്ദ്രത ച. കി. മീറ്ററിന് 571 ആയിരുന്നു. ആറു വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 997 ആണ്. പട്ടികജാതി – പട്ടികവർഗ അംഗസംഖ്യ 698 ആണ്. അതിൽ 356 പുരുഷന്മാരും, 342 സ്ത്രീകളും ഉണ്ട്.

ആകെ ജനങ്ങളിൽ 7777 പേർ സാക്ഷരരാണ്. ഇതിൽ 4929 പുരുഷന്മാരും, 3748 സ്ത്രീകളുമാകുന്നു. 1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം പെരുമ്പളത്തെ ജനസംഖ്യ 9971 ആണ്. വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ആലപ്പുഴ ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പെരുമ്പളം. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർധനവുണ്ടായിട്ടുണ്ട്. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് വളരെ അപൂർവ്വമാണ്. പഠന നിലവാരം കാര്യമായി ഉയർന്നിട്ടില്ല. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പാസാകുന്നവരുടെ എണ്ണം വർധിച്ചുവരുന്നുണ്ട്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത- സാങ്കേതിക മേഖലകളിലെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

ജനങ്ങളുടെ പ്രധാനപ്പെട്ട ജീവിതമാർഗമായിരുന്ന കൃഷി ആദായകരമല്ലാതായതോടെ ഈ രംഗത്ത് തൊഴിലെടുത്തുകൊണ്ടിരുന്നവർ മറ്റു മേഖലകളിലേക്ക് പോയിരിക്കുകയാണ്. പ്രധാനമായും കെട്ടിടനിർമാണ രംഗത്തും, ചെമ്മീൻ സംസ്ക്കരണ രംഗത്തുമാണ് ഇവർ എത്തിപ്പെട്ടത്. പരമ്പരാഗത വ്യവസായമേഖലയായ കയർ വ്യവസായം പ്രതിസന്ധിയെ നേരിടുകയാണ്. പഞ്ചായത്തിലെ 600 ഓളം കുടുംബങ്ങൾ ഈ മേഖലയിൽ തൊഴിലെടുത്തു ജീവിച്ചുവന്നവരാണ്. വിശാലമായ വേമ്പനാട്ടു കായലിലെ മൽസ്യസമ്പത്തിനെ ആശ്രയിച്ചു ജീവിച്ചുവന്ന ആയിരത്തോളം കുടുംബങ്ങൾ വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് കമ്പനിയിലെ മലിനജലം ഒഴുക്കുന്നതുമൂലവും, തണ്ണീർമുക്കം ബണ്ട് അടച്ചിടുന്നതുമൂലവും മൽസ്യോൽപാദനം നടക്കാതെ വന്നതിനാൽ ഈ മേഖലയിൽ വലിയ പ്രതിസന്ധിയുണ്ട്. കൂടാതെ കൊച്ചി അഴിമുഖം മുതൽ തെക്കോട്ട് വേമ്പനാട്ട് കായലിന്റെ അംഗീകൃതവും, അനധികൃതവുമായ ഊന്നിവലകളിലെ ഏറ്റം കെട്ടുമൂലവും, മൽസ്യസമ്പത്ത് ചുരുക്കം ആളുകൾ മാത്രം ചൂഷണം ചെയ്ത് എടുക്കുകയാണ്. ഇത് ബഹുഭൂരിപക്ഷം വരുന്ന മൽസ്യത്തൊഴിലാളികളുടെ തൊഴിലിനേയും, വരുമാനത്തേയും സാരമായി ബാധിക്കുന്നുണ്ട്. അഭ്യസ്ഥവിദ്യരിൽ അതിരൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു. അതിലേറെയും സ്ത്രീകളാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന പ്രദേശമാണിത്. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റേയും ഭൂപരിഷ്ക്കരണ പ്രസ്ഥാനത്തിന്റേയും പുരോഗമന പ്രസ്ഥാനത്തിന്റേയും സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രവർത്തകരുടെയും നേതൃത്വത്തിൽ നടന്ന സമുജ്വലങ്ങളായ പ്രവർത്തനങ്ങളുടെ ഫലമായി ഉദാത്തമായ സമുദായ സൗഹാർദ്ദത്തിന്റേയും മതനിരപേക്ഷ സംസ്കാരത്തിന്റേയും ഐക്യനിര പടുത്തുയർത്തുവാനായിട്ടുണ്ട്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 1795.36 മി. മീ. മഴ ഇവിടെ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ, ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

പഞ്ചായത്തിന്റെ ചുറ്റും കിടക്കുന്ന വേമ്പനാട്ടു കായലും അതിലേക്ക് എത്തിച്ചേരുന്ന വിവിധ തോടുകളും, കൂടാതെ 800 കുളങ്ങളും ചേർന്നതാണ് ഉപതിതല ജലസ്രോതസുകൾ. ആകെ തോടുകൾ മൂന്ന് കി. മീറ്റർആണ്. ഇതിൽ പ്രധാനപ്പെട്ട തോടുകൾ മേച്ചേരി, ഇറപ്പുഴ, മുണ്ടുതോട്, പഴംമ്പള്ളിൽ, പാറേൽതോട്, മുക്കണ്ണംചിറതോട് തുടങ്ങിയവയാണ് തീരപ്രദേശങ്ങളിൽ ഒഴികെയുള്ള സ്ഥലങ്ങളിൽ ശുദ്ധജലം ഏറെക്കുറെ ലഭിക്കുന്നുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ശുദ്ധജലക്ഷാമമുണ്ട്. ഒന്നാം വാർഡിലെ ഉപ്പുതുരുത്തിൽ പൈപ്പുലൈൻ മുഖേനയാണ് പരിമിതമായെങ്കിലും കുടിവെള്ളം എത്തിക്കുന്നത് കൂടാതെ വഞ്ചിയിൽ വെള്ളംകൊണ്ടുവന്നും ഉപയോഗിക്കുന്നു.



കൃഷിയും ജലസേചനവും

ആലപ്പുഴ ജില്ലയുടെ വടക്കുകിഴക്കറ്റത്തായി വേമ്പനാട്ടു കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നതും, എറണാകുളം, കോട്ടയം എന്നീ ജില്ലാതിർത്തികളോട് ചേർന്നും സ്ഥിതിചെയ്യുന്ന ഒരു കാർഷിക ഗ്രാമമാണ് പെരുമ്പളം. ഇതൊരു സമതല പ്രദേശമാണ്. മുഖ്യകൃഷി തെങ്ങ്, നെല്ല് എന്നിവയും ഇടവിളകളായി കിഴങ്ങുവർഗങ്ങൾ, വാഴ, വെറ്റിലക്കൊടി, പച്ചക്കറി, മഞ്ഞൾ, പയർ, എള്ള്, ഉഴുന്ന് തുടങ്ങിയവയും കൃഷി ചെയ്തുവരുന്നു. കൂടാതെ കശുമാവ്, കവുങ്ങ്, കുരുമുളക്, എന്നിവയും വ്യാപകമായിട്ടുണ്ട്. പഴയകാലം മുതൽക്കുതന്നെ ഇവിടത്തെ ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും മൽസ്യബന്ധനവും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽ മേഖലകളുമായിരുന്നു. 1940 -കളിൽ ആകെ കൃഷിഭൂമിയുടെ വിസ്തീർണം 648.2 ഹെക്ടർ ആയിരുന്നുവെന്നും, എന്നാൽ 86-87 ലെ ലഭ്യമായ വിവരങ്ങളനുസരിച്ച് കൃഷിഭൂമിയുടെ വിസ്തീർണം 502.5 ഹെക്ടർ ആയി ചുരുങ്ങിയിട്ടുണ്ടെന്നും കാണാവുന്നതാണ്.

1970 ൽ പ്രാബല്യത്തിൽവന്ന ഭൂപരിഷ്ക്കരണ നിയമത്തെ തുടർന്ന് ഭൂരിഭാഗം പേരും ഭൂവുടമകളും കൃഷിക്കാരുമായി മാറി. ഇവരിലേറെപ്പേരും അര ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ചെറുകിട പരിമിത കർഷകരിൽ മുപ്പതുശതമാനത്തോളം ആളുകൾ കാർഷിക മേഖലയിൽ തൊഴിലെടുത്തും കൂടി ജീവിക്കുന്നവരാണ്. ഇതു സംബന്ധിച്ച വിശദവിവരം പട്ടികയായി ചുവടെ കൊടുക്കുന്നു.

പട്ടിക - 1

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണം ഹെക്ടറിൽ
1	ഒരു ഹെക്ടറിൽ താഴെ	2336	367.5 ഹെക്ടർ
2	ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ	120	336 ഹെക്ടറിൽ
3	രണ്ടു ഹെക്ടറിനു മുകളിൽ	15	75 ഹെക്ടർ

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേത് 0.0503 ഹെക്ടറാണ്.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകി കൃഷി ചെയ്തിരുന്നത് തെങ്ങ്, നെല്ല് എന്നീ വിളകളാണ്. അക്കാലങ്ങളിൽ കൃഷിഭൂമിയുടെ ഉടമകളായിരുന്ന ഇടത്തരം ജന്മിമാർ പൂർണമായും മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. ആകെ ഭൂമിയുടെ 75 ശതമാനത്തോളം

തെങ്ങുകൃഷിയും, 20 ശതമാനത്തോളം നെൽകൃഷിയും ചെയ്തിരുന്നു. നെൽകൃഷിയിൽ പല സവി ശേഷതകളുള്ള നാടൻ വിത്തുകളായ വിരിപ്പ്, തവളക്കണ്ണൻ, പൊന്നാര്യൻ, കറുത്തചാര, മുണ്ടകൻ എന്നിവ ഉപയോഗിച്ചിരുന്നു. ജൈവവളങ്ങൾ മാത്രമാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. 25 വർഷ ങ്ങൾക്കു മുമ്പ് പൂച്ചാക്കൽ ഏല ഓഫീസ് പ്രവർത്തനം ആരംഭിച്ച മുതൽക്കാണ് നാമമാത്രമായിട്ടെ ങ്കിലും സങ്കരയിനം വിത്തുകളും രാസവളപ്രയോഗവും തുടങ്ങിയത്. ഏകദേശം ഒരു പതിറ്റാണ്ടിനു ള്ളിലാണ് ജലസേചനത്തിന് പമ്പുസെറ്റുകൾ വ്യാപകമായത്.

പാടങ്ങളിൽ വേനൽക്കാല ഇടവിളയായി പച്ചക്കറി, പയർ, എള്ള്, ചേമ്പ്, മുക്കിഴങ്ങ്, നനക്കിഴ ങ്ങ്, മധുരക്കിഴങ്ങ് ഇവ മുമ്പ് ധാരാളമായി ഉണ്ടായിരുന്നത് ഇന്ന് നാമമാത്രമായി അവശേഷിച്ചിരിക്കു ന്നു. അതേപോലെ പുരയിടങ്ങളിൽ മരച്ചീനി, ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗങ്ങളും കൂടാ തെ പച്ചക്കറി കൃഷി ചെയ്യുന്നത് കർഷകർ അഭിമാനമായി കണ്ടിരുന്നു. അക്കാലത്ത് ലാഭനഷ്ടം നോക്കാതെ ചെയ്തിരുന്ന അത്തരം കൃഷികൾ ഇന്ന് ലാഭകരമല്ലായെന്നതിന്റെ പേരിൽ ഭാഗികമാ യി ഉപേക്ഷിച്ചിരിക്കുകയാണ്.

പുരയിടങ്ങളിലെ ജലസേചനത്തിനായ് കുളങ്ങൾ ആവശ്യാനുസരണം ഉണ്ടാക്കി അവ കാലാ കാലങ്ങളിൽ സംരക്ഷിച്ചുപോന്നിരുന്നു. അതിനാൽ ജലദൗർലഭ്യം ഉണ്ടായിരുന്നില്ല. കരിനിലങ്ങ ളിൽ ജലനിർഗമനത്തിന് ചക്രം ഉപയോഗിച്ചിരുന്നു. കീടനിയന്ത്രണത്തിനും, എലി നശീകരണത്തി നും മുൻകാലങ്ങളിൽ പാടങ്ങളിൽ പന്തം കത്തിച്ചുവെയക്കുക, അടിച്ചിൽ, മുളംകുറ്റിക്കെണി എന്നീ മാർഗങ്ങളാണ് അവലംബിച്ചിരുന്നത്.

പാടങ്ങളിലെ അടിസ്ഥാന വളങ്ങളായി കീടങ്ങളെ നിയന്ത്രിക്കാനുതകുന്നയിനം പച്ചിലകളും, ചാണകവും സാർവത്രികമായി ഉപയോഗിച്ചിരുന്നു. ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമാ യി ഭൂമി ലഭിച്ച കർഷകർ നിലവിലുണ്ടായിരുന്ന കൃഷിരീതിക്ക് വ്യത്യസ്തമായി അവരവർക്ക് താൽപ ര്യമുള്ളതും അശാസ്ത്രീയമായതും ആയ കൃഷിരീതികൾ അവലംബിച്ചു തുടങ്ങി. കൂടാതെ നെൽവ യലുകൾ നികത്തുന്ന പ്രവണത വീടു വെയ്ക്കുന്നതിനും, തെങ്ങുകൃഷിക്കു വേണ്ടിയും വ്യാപകമാ യി. നെൽപാടങ്ങളിലെ കൃഷിക്കുള്ള മുതൽമുടക്കും അതുമൂലം കിട്ടുന്ന വരുമാനവും തമ്മിലു ള്ള പ്രകടമായ അന്തരം കർഷകരെ നെൽകൃഷിയിൽ നിന്നും പിന്തിരിപ്പിക്കാനിടയാക്കി. കൃഷി ഇറക്കുന്ന അവസരങ്ങളിലും വളപ്രയോഗങ്ങളിലും ചെറുകിട നാമമാത്ര കർഷകർക്ക് ആവശ്യമായി വരുന്ന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കിയിരുന്നുവെങ്കിൽ അത്തരം സൗകര്യങ്ങൾ പ്രയോജന പ്പെടുത്തി നെൽകൃഷി ലാഭകരമാക്കാൻ കഴിയുമായിരുന്നു. ആയതിന്റെ ഇന്നാട്ടിലെ സാധ്യതക്കുറ വു മൂലം കൃഷി ഒന്നിനൊന്നു പരാജയപ്പെടുകയും, കർഷകരുടെ സാമ്പത്തിക ഭാരം വർധിപ്പിക്കുക യും അവർ കടക്കെണിയിലകപ്പെടുകയും ചെയ്തു. ഈ അവസ്ഥ ഭക്ഷ്യധാന്യത്തിന്റെ ദൗർലഭ്യ ത്തിനിടയാക്കുകയും, സാധാരണക്കാരുടെ മറ്റൊരു ജീവിതോപാധിയായ കാലിവളർത്തിനെ സാര മാധി ബാധിക്കുകയും ചെയ്തു. ഇത് ജൈവവള നിർമാണത്തിനാവശ്യമായ കാലിവളത്തിന്റെ ലഭ്യതക്ക് തടസമാകുകയും ഉണ്ടായി. ഇത് കൃഷിയെയും പ്രതികൂലമായി ബാധിക്കുമെന്നത് സ്പഷ്ട മാണ്. ഇങ്ങനെ മൊത്തത്തിൽ കാർഷിക-സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ അസന്തുലിതാവ സ്ഥ സൃഷ്ടിച്ചു.

കാർഷികവൃത്തിയോടുള്ള ജനങ്ങളുടെ തെറ്റായ സമീപനത്തിന്റെ ഭാഗമായും, സമൂഹത്തി ന്റെ ത്വരിതഗമനത്തിന്റെ ഭാഗമായും , പുത്തൻ കമ്പോളവൽക്കരണ സംസ്കാരത്തിന്റെ ഭാഗമാ യും ഇവിടങ്ങളിൽ മുമ്പുണ്ടായിരുന്ന കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുകയാണ്. ഇത് എല്ലാ മേഖലകളിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടയാക്കും. ഈ ഗ്രാമത്തെ സംബന് ധിച്ച പ്രധാനപ്പെട്ട ജലസ്രോതസുകൾ കുളങ്ങളും, തോടുകളുമാണ്. ഇവ യഥാകാലം വേണ്ട രൂപ ത്തിൽ സംരക്ഷിച്ചു പോരേണ്ടത് കാർഷിക മേഖലയുടെ നിലനിൽപ്പിന് ആവശ്യമാണ്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണം 1614 ഹെക്ടറാണ്. വേമ്പനാട് കായലിനാൽ ചുറ്റപ്പെട്ടു

കിടക്കുന്ന ഗ്രാമത്തിന്റെ തീരപ്രദേശങ്ങളിൽ ആസിഡ് സലൈൻ (അമ്ല ലവണഗുണം) മണ്ണും, മധ്യ ഭാഗങ്ങളിൽ മണൽമണ്ണും കാണപ്പെടുന്നു. അനിയന്ത്രിതമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ സന്തുലിതാവസ്ഥക്ക് കോട്ടം വന്നിട്ടുള്ളതായി കാണുന്നു. 90-91 ൽ P H മൂല്യം 5.7 മുതൽ 6.4 വരെ ആയിരുന്നത് 95-96 ആയപ്പോഴേക്കും 5 മുതൽ 5.4 വരെയായി കുറഞ്ഞു.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങുകൃഷിയാണ്. തീരപ്രദേശത്തോടു ചേർന്നുകിടക്കുന്ന പാറേൽക്കരിയും, പൂവന്തറക്കരിയും, പൊങ്ങലിപ്പാടവും, പീടികയ്കൽ പാടവും ഉൾപ്പെടുന്ന പെരുഞ്ചിറ കരിപാടശേഖരവും നെൽകൃഷിയുടെ കേന്ദ്രങ്ങളാണ്. മധ്യഭാഗത്തായി തുണ്ടുതുണ്ടായി കിടക്കുന്ന പാടങ്ങളും, കോയിക്കൽ പാടശേഖരവും കമ്മേക്കാട്, കിഴക്കനേഴം, കണ്ണൻചിറ എന്നിവ ഉൾപ്പെടുന്ന തിരുനിലം പാടശേഖരവും പ്രാധാന്യമർഹിക്കുന്നതാണ്.

87-88 വർഷങ്ങളിൽ പെരുഞ്ചിറ കരിപാടശേഖരത്തിൽ ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം ആരംഭിക്കുകയും, ഇതൊരു വൻ വിജയമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് പാറേൽക്കരിയിലും, തിരുനിലത്തും ഗ്രൂപ്പുഫാമിങ് സമ്പ്രദായം നടപ്പിലാക്കുകയുണ്ടായി. തുണ്ടുതുണ്ടായി കിടക്കുന്ന പാടങ്ങളിൽ ഉടമസ്ഥരുടെ ഇഷ്ടത്തിനൊത്ത് കൃഷിചെയ്യുന്ന രീതി പാടെ ഒഴിവാക്കി ഒരേരീതിയിലുള്ള കൃഷി സമ്പ്രദായം നടപ്പിലാക്കുകയും, അതൊരു വൻ വിജയമായി മാറുകയും ചെയ്തത് ഒരു നല്ല വഴിത്തിരിവായിരുന്നു.

നെൽകൃഷി
(കൃഷിഭവൻരേഖ പട്ടിക-2)

നമ്പർ	വിള	വിസ്തീർണം	ഉൽപാദനം
1	നെല്ല് (ഒന്നാം വിള)	98 ഹെക്ടർ	235 ടൺ
2	നെല്ല് (രണ്ടാം വിള)	76 ഹെക്ടർ	182 ടൺ

സങ്കരയിനം നെൽവിത്തുകളോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യമുള്ളത്. കൃഷിഭവനിലൂടെ വിതരണം ചെയ്ത ജ്യോതി, കാർത്തിക, ചുവന്ന തൃവേണി, എന്നീ ഇനങ്ങൾ പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. വിള പരിവർത്തനരീതികൾ നടപ്പിലാക്കിവന്നത് ഇപ്പോൾ നാമമാത്രമായി ചുരുങ്ങി. നെൽകൃഷിക്കു ശേഷം വയലുകളിൽ ചെറിയതോതിൽ പയർ, എള്ള്, ഉഴുന്ന്, പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നുണ്ടെന്നല്ലാതെ കൃഷിയിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കാറില്ല.

ഇടവിളകൾ (നിലം)
പട്ടിക - 3

നമ്പർ	വിള	വിസ്തീർണം (ഹെക്ടർ)
1	പയർ	40 ഹെക്ടർ
2	എള്ള്	0.4 ഹെക്ടർ
3	ഉഴുന്ന്	20 ഹെക്ടർ
4	പച്ചക്കറി	8 ഹെക്ടർ

തെങ്ങുകൃഷി

ഗ്രാമത്തിലെ മൊത്തം കൃഷിഭൂമിയിൽ 75 ശതമാനത്തോളം തെങ്ങു കൃഷിക്കായി ഉപയോഗിക്കുന്നു. ഈ കൃഷിയിലൂടെ ഉപജീവനമാർഗം കണ്ടെത്തുന്നവരാണ് ബഹുഭൂരിപക്ഷം പേരും. മറ്റ് അയൽകരകളെ അപേക്ഷിച്ച് തെങ്ങ്കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണിവിടത്തേത്. ഇന്നാട്ടിലെ നാളികേരത്തിൽ നിന്നും കിട്ടുന്ന കൊപ്രയും, വെളിച്ചെണ്ണയും, വിശേഷ ഗുണമേന്മയുള്ളതാണെന്ന് എടുത്തുപറയേണ്ടതുണ്ട്. അതുപോലെതന്നെ കൊപ്രയിൽ വെളിച്ചെണ്ണയുടെ അംശത്തിന്റെ ആധിക്യവും. ഇതിന്റെ പ്രധാന കാരണങ്ങളിൽ മണ്ണിന്റെ ഗുണമേന്മയും, ജലസേചന സൗകര്യവും പ്രാധാന്യമർഹിക്കുന്നു. പരമ്പരാഗതമായി അവലംബിച്ചുവന്നിരുന്ന ജൈവവളപ്രയോഗം തുടർന്നും മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ കഴിഞ്ഞിരുന്നെങ്കിൽ ഈ ഗ്രാമം ശ്രദ്ധേയമായ ഒരു കേരഗ്രാമമായി മാറ്റുവാൻ കഴിയുമായിരുന്നു. അയൽനാടുകളെ അപേക്ഷിച്ച് തെങ്ങുകൾക്ക് രോഗകീടബാധകൾ പ്രായേണ കുറവാണെങ്കിലും പൂർണതോതിൽ തെങ്ങുകൾക്ക് രോഗവിമുക്തമാക്കാൻ സാധിച്ചാൽ ഉൽപാദനം ഇനിയും വർധിപ്പിക്കാനും, അതിനനുസൃതമായി സാമ്പത്തിക മേഖലയിൽ ഒരു പുത്തനുണർവ് സൃഷ്ടിക്കാനും കഴിയുമായിരുന്നു.

ഗ്രാമത്തിലാകെ സമയബന്ധിതമായി തെങ്ങുകൾക്ക് രോഗപ്രതിരോധത്തിനാവശ്യമായ നടപടികൾ ഫലപ്രദമായി നടപ്പിലാക്കി രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുകയും, ഇപ്പോൾ അവലംബിച്ചുവരുന്ന രാസവളപ്രയോഗരീതി കുറച്ചുകൊണ്ട് ജൈവവളങ്ങൾ കൂടുതലായി പ്രയോഗിച്ചും ശാസ്ത്രീയമായ രീതിയിൽ ആവശ്യാനുസരണം ജലസേചനം നടത്തിയും തെങ്ങുകൃഷി കൂടുതൽ ലാഭകരമാക്കാൻ കഴിയും. കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാനും, വളങ്ങൾക്കും പമ്പുസെറ്റുകൾക്കും സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കാനും, വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുവാനും, ഉൽപന്നങ്ങളുടെ വിപണന സാധ്യത ഉറപ്പുവരുത്താനും വേണ്ടി ഒരു സമഗ്ര കേരവികസന പദ്ധതിക്ക് രൂപം കൊടുത്താൽ ഈ ഗ്രാമത്തിന്റെ മുഖചായക്ക് മാറ്റം വരുത്താൻ കഴിയുന്നതാണ്.

ഇടവിള പട്ടിക - 4

നമ്പർ	വിള	വിസ്തീർണം (ഹെക്ടർ)
1	വാഴ	20
2	മരച്ചീനി	3
3	വെറ്റിലക്കൊടി	0.8
4	കുറ്റിമുല്ല	0.4
5	പച്ചക്കറി	8.00
6	മറ്റു വിളകൾ കശുമാവ്, മാവ്, കവുങ്ങ്, കുരുമുളക്	38

മറ്റു പ്രധാന വിളകൾ

കശുമാവ്

കശുമാവ് കൃഷിക്ക് വളരെ അനുയോജ്യമായ മണ്ണാണ് ഈ ഗ്രാമത്തിന്റേത്. പ്രാചീന കാലം മുതൽ ഗ്രാമത്തിലുള്ള ഒരു പ്രധാന കൃഷിയാണിത്. ഇപ്പോൾ വളരെയധികം കുടുംബങ്ങൾക്ക്

കശുമാവ് കൃഷിയിലൂടെ ഒരു നിശ്ചിത കാലയളവിൽ ആദായം ഉണ്ടാക്കാൻ കഴിയുന്നു. കാര്യമായ പരിചരണമോ, മുതൽമുടക്കോ ഇല്ലാതെ കിട്ടുന്ന ഈ ആദായം കർഷർക്കൊരു അനുഗ്രഹമാണ്. സങ്കരയിനം കശുമാവുകൾ വെച്ചുപിടിപ്പിച്ചും, നിലവിലുള്ളതിന്റെ രോഗബാധകൾ ശാസ്ത്രീയമായി തടഞ്ഞും ഈ കൃഷിക്കാവശ്യമായ വളപ്രയോഗങ്ങൾ നടത്തിയും കശുമാവ് കൃഷി മെച്ചപ്പെട്ട വരുമാനമാർഗമാക്കി മാറ്റാവുന്നതാണ്. തൈകളും കീടനാശിനികളും കർഷകർക്ക് എത്തിച്ചുകൊടുക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാവേണ്ടതാണ്.

മാവ്

ഈ പഞ്ചായത്തതിർത്തിയിൽ മിക്ക വീടുകളിലും കാണുന്ന മറ്റൊരു വൃക്ഷമാണ് മാവ്. ഹ്രസ്വ കാലയളവിലേക്ക് (15- 20 വർഷം) മാത്രം വിളതരുന്ന മൂവാണ്ടൻ, തത്തച്ചുണ്ടൻ, പച്ചതീനി, സേലം ഈ ഇനങ്ങളും, ദീർഘകാലയളവിലേക്ക് ആദായം തരുന്ന നാട്ടുമാവ് ഇനങ്ങളും കർഷകർക്ക് ഒരു അധികവരുമാനത്തിനുള്ള ഉപാധിയാണ്. വീട്ടാവശ്യങ്ങൾക്കുപരി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങിൽ ചെറുതല്ലാത്ത വരുമാനം ഈ ഫലവൃക്ഷത്തിൽ നിന്നും ലഭ്യമാണ്. പ്രത്യേക പരിചരണമോ, കൃഷിചെലവോ ഇതിനില്ലെന്നതിനു പുറമെ വിറകിനും തടി ഉരുപ്പടികൾക്കും ഇത് പ്രയോജനപ്പെടാറുണ്ട്.

വാഴകൃഷി

പുരയിടങ്ങളിലും പാടങ്ങളിലെ വരമ്പുകളിലും മറ്റു വിളകൾക്ക് ദോഷം വരാത്ത രീതിയിൽ കൃഷിചെയ്യാവുന്നതും, ചെറിയ മുതൽ മുടക്കിൽ വളരെ ലാഭം ഉണ്ടാക്കാവുന്നതുമായ അപ്രധാനമല്ലാത്ത ഈ കൃഷി പ്രചരിപ്പിക്കേണ്ടതും വിപുലപ്പെടുത്തേണ്ടതും കർഷകരുടെ ദാരിദ്രനിർമാർജനത്തിന് അത്യാവശ്യമാണ്. മുടക്കുമുതലിന്റെ നാലിരട്ടിയിൽ ഒട്ടും കുറയാത്ത വരുമാനം 9 മുതൽ 11 മാസംവരെ കാലയളവിലെ പരിചരണവും ശ്രദ്ധയും കൊണ്ട് ആദായം കിട്ടാവുന്ന കൃഷിയാണിത്. വളരെ ചെറിയ തുണ്ടു ഭൂമിയിലും ആകാവുന്ന കൃഷി ഈ മണ്ണിന് ഏറ്റവും യോജിച്ചതാണ്. ഏത്തൻ, പാളേൻകോടൻ, ഞാലിപ്പൂവൻ, പൂവൻ, ചുണ്ടില്ലാക്കണ്ണൻ, കദളി തുടങ്ങിയ ഇനങ്ങൾ ഈ നാടിന് പറ്റിയതാണ്. കൃത്യമായ വളപ്രയോഗവും ജലസേചനവും നിരന്തര പരിചരണവും ഉറപ്പുവരുത്തുന്നതും വിള ഇൻഷ്വർ ചെയ്യുകയും ചെയ്താൽ ഈ കൃഷി വളരെ വിജയപ്രദമാക്കാവുന്നതാണ്.

കവുങ്ങ്

കുളത്തിന്റേറയും തോടിന്റേറയും മട്ടലുകളിലും പ്രാരംഭദിശയിൽ തണൽ കിട്ടുന്ന വേലിയരികുകളിലും മറ്റും 7 - 8 അടി അകലത്തിൽ കൃഷി ചെയ്യാവുന്ന ഒന്നാണ് കവുങ്ങ്. ഈർപ്പം തങ്ങിനിൽക്കാത്തതും, എന്നാൽ സാധാരണ പുരയിടത്തിന്റെ അൽപം താഴ്ന്നതുമായ പ്രദേശത്തും ഇത് തോട്ടമായി കൃഷി ചെയ്യാം. 6-7 വർഷത്തെ പരിചരണം കൊണ്ട് നല്ല സ്ഥിര വരുമാനം ഉറപ്പാക്കാവുന്ന ഈ കൃഷി വ്യാപകമാക്കേണ്ടത് കർഷകരുടെ ആവശ്യമാണ്. നല്ലയിനം കവുങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കാൻ കൃഷി വകുപ്പ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

കുരുമുളക്

തെങ്ങ്, കവുങ്ങ്, മാവ് തുടങ്ങിയ വൃക്ഷങ്ങൾ താങ്ങു വൃക്ഷമായി പ്രയോജനപ്പെടുത്തി കുരുമുളക് കൃഷി വ്യാപകമാക്കാൻ കർഷകർക്ക് ബോധവൽക്കരണവും പരിശീലനവും നൽകി അവരെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. കൂടാതെ കുരുമുളക് കൃഷിയെ ബാധിക്കുന്ന ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങളെയും മറ്റ് കീടബാധകളേയും മാറ്റുന്നതിന് പ്രതിരോധ നടപടികൾ സ്വീകരിച്ചും, അത്യുൽപാദന ശേഷിയുള്ള മേൽത്തരം കുരുമുളക് വള്ളികൾ ഉപയോഗിച്ചുള്ള തൈകൾ വിതരണം നടത്തിയും. വളപ്രയോഗങ്ങളിലുള്ള അവബോധം ഉണ്ടാക്കിയും ഇൻഷ്വറൻസ് പരിരക്ഷ നൽകിയും കൃഷിവകുപ്പ് കർഷകരെ സഹായിക്കേണ്ടതാണ്. താങ്ങു വൃക്ഷങ്ങൾക്ക് ഒട്ടുംതന്നെ ക്ഷതം വരാതെയും പ്രത്യേക കൃഷിയിടം ആവശ്യമില്ലാതെയും ഉള്ള ഈ കൃഷിയിൽനിന്നുള്ള വിളയായ കുരുമുളക്

അന്താരാഷ്ട്ര മാർക്കറ്റിൽ വളരെയധികം പ്രധാന്യമർഹിക്കുന്നതും ഇന്ത്യക്ക് വിദേശനാണ്യം ഗണ്യമായ തോതിൽ നേടിത്തരുന്നതുമായ ഒരു കറുത്തമുത്തായയി കണക്കാക്കാം. പ്രാചീനകാലം മുതൽ ഈ കൃഷി ഇവിടെ സാർവത്രികമായി ഉണ്ടായിരുന്നതും, ഈ മണ്ണിന് ഏറ്റവും അനുയോജ്യവുമാണ്.

വെറ്റില

ചെറുകിട പരിമിത കർഷകർക്ക് ചുരുങ്ങിയ കൃഷിയിടം ഉപയോഗിച്ച് ദീർഘകാലം ആദായം ഉണ്ടാക്കാവുന്ന ആകർഷണീയമായ ഒരു കൃഷിയാണ് വെറ്റിലകൃഷി. വളരെയധികം വിപണന സാധ്യതയുമുള്ള ഈ കൃഷി ആദായത്തിലെത്തിക്കാൻ കേവലം 6 മാസത്തിൽ കൂടുതൽ കാലയളവ് വേണ്ടിവരില്ല. പച്ചിലവളവും വെള്ളവും വേണ്ടത്ര ആവശ്യമുള്ള ഈ കൃഷിയുടെ ഫലപ്രദമായ നടത്തിപ്പിന് ഇതിലേർപ്പെടുന്ന കർഷകർക്ക് ആവശ്യമുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും ബന്ധപ്പെട്ട വകുപ്പുമുഖേനയോ, അവരുടെ ശുപാർശകളിൽ ധനകാര്യ സ്ഥാപനങ്ങളോ ഉണ്ടാക്കികൊടുക്കുവാൻ ശ്രമിക്കേണ്ടതാണ്.

പച്ചക്കറി

ഒരു മാതൃകാ പച്ചക്കറി ഗ്രാമമെന്ന ലക്ഷ്യത്തോടെ എല്ലാ വീട്ടുവളപ്പിലും, നെൽപ്പാടങ്ങളിലെ വരമ്പുകളിലും, വേനൽക്കാലത്ത് വയലുകളിലും വ്യാപകമായി ഈ കൃഷി നടപ്പാക്കാൻ പഞ്ചായത്തും കൃഷിഭവനും ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ പ്രത്യേകം പ്രത്യേകം സമതികൾക്ക് രൂപംകൊടുത്തും, കർഷകർക്ക് ബോധവൽക്കരണം നടത്തിയും മുന്തിയ ഇനം വിത്തുകൾ ലഭ്യമാക്കിയും, ജൈവവളങ്ങൾ എത്തിച്ചുകൊടുത്തും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങളേർപ്പെടുത്തിയും ഗ്രാമീണരെ ആകമാനം സഹായിക്കുന്നപക്ഷം ഓരോ വീടിനും ആദായമുണ്ടാക്കുവാനും, നാടിനുമൊത്തം പച്ചക്കറികൾ 70 ശതമാനംവരെ സ്വയം പര്യാപ്തത നേടുവാനും കഴിയുന്നതാണ്.

പൈനാപ്പിൾ

പൈനാപ്പിൾ കൃഷി കർഷകരെ സംബന്ധിച്ചിടത്തോളം ആയാസരഹിതമായ ഒരു ഇടവിളകൃഷിയാണ്. വളരെ സ്വാദിഷ്ടമായ പാനീയം ഉണ്ടാക്കാവുന്നതും, അടുക്കള വിഭവത്തിൽ പ്രധാന പങ്കുവഹിക്കുന്ന കറികൾക്കായും വാണിജ്യാടിസ്ഥാനത്തിൽ നല്ല സാധ്യതയുള്ളതുമായ പൈനാപ്പിൾ കൃഷിക്ക് പ്രത്യേക മുതൽമുടക്കോ പരിചരണമോ ആവശ്യമില്ലാത്തതാണ്.

കുറ്റിമുല്ല- ആന്തോറിയം- ഓർക്കിഡ്- ഔഷധച്ചെടികൾ

വനിതകൾക്ക് ഒറ്റക്കോ, ഗ്രൂപ്പുകളായോ സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ വ്യാവസായികാടിസ്ഥാനത്തിൽ പൂക്കളുടെ ഉൽപാദനത്തിന് ശ്രമിക്കാവുന്നതാണ്. ഇത്തരം കൃഷിക്കാർ ചേർന്ന് ഗ്രൂപ്പുകളായി ഏകോപിപ്പിച്ച് വിപണന സൗകര്യം ഏർപ്പാടാക്കേണ്ടതാണ്.

ഔഷധസസ്യങ്ങളുടെ കൃഷിയും പരിപാലനവും വളപ്രയോഗങ്ങളും സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി കാര്യക്ഷമമായി കൃഷി നടത്തിയാൽ സ്വയം തൊഴിൽ പദ്ധതിപ്രകാരം കാര്യമായ വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്. ഇതിനാവശ്യമായ വിത്തുകളും തൈകളും ലഭ്യമാക്കാനും, വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും കൃഷിഭവൻ മുൻകൈ എടുക്കേണ്ടതാണ്.

കൂൺകൃഷി

ആയാസരഹിതമായും ചെറിയ സ്ഥലസൗകര്യം ഉപയോഗിച്ചും കാര്യമായ മൂലധനമില്ലാതെയും നടപ്പിലാക്കാവുന്ന കൃഷിയാണ് കൂൺകൃഷി. പോഷകമൂല്യങ്ങളടങ്ങുന്ന ഈ ഉല്പന്നം നല്ല വിപണന സാധ്യതയുള്ള ഒന്നാണ്. വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാനും വിപണന സൗകര്യങ്ങൾ

ഉണ്ടാക്കുവാനും കർഷകർക്ക് യുക്തമായ ഏജൻസികളുടെ സേവനം ആവശ്യമായി വരുന്നതാണ്. യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതിയെന്ന നിലയിൽ വാണിജ്യാടിസ്ഥാനത്തിൽ ഇത് കൃഷി ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ പരിശീലനവും ബോധവൽക്കരണവും സംരംഭകർക്ക് കൃഷിഭവൻ മുഖാന്തിരം ഏർപ്പാടാക്കേണ്ടതാണ്.

ജലസേചനം

നെൽകൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺ (കാലവർഷം) സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ കിട്ടുന്ന വടക്കുകിഴക്കൻ മൺസൂൺ (തുലാവർഷം) ഇവയാണ് മഴക്കാലങ്ങൾ. ഇവയെ ആശ്രയിച്ച് നെൽപ്പാടങ്ങളിൽ 60 ശതമാനം ഇരുപ്പൂകൃഷികളും ബാക്കിയുള്ളവ ഒരുപ്പൂ കൃഷികളും നടത്തിവരുന്നു. വെള്ളം വാർന്നുപോകുന്ന ഇനം മണ്ണ് ഈ ഗ്രാമങ്ങളിൽ ഉള്ളതിനാൽ കൃത്രിമ ജലസേചനംകൊണ്ട് നെൽകൃഷി സാധ്യമല്ല. പ്രധാനവിളയായ തെങ്ങു കൃഷിക്കും മറ്റെല്ലാ കൃഷികൾക്കും മേൽപ്പറഞ്ഞ മാസങ്ങളിലൊഴികെയുള്ള കാലയളവുകളിൽ കുളങ്ങളും തോടുകളും ഉപയോഗപ്പെടുത്തി പമ്പുസെറ്റുകൾ മുഖേന ജലസേചനം വ്യാപകമായി നടത്തിവരുന്നു. കർഷകർക്ക് ആവശ്യമായ പമ്പുസെറ്റുകൾ സൗജന്യസഹായത്തോടെ ലഭിക്കാനും, വൈദ്യുതി സൗജന്യമായി കിട്ടാനും, മണ്ണെണ്ണ, ഡീസൽ തുടങ്ങിയ ഇന്ധനം വേണ്ടത്ര റേഷൻ വിലക്ക് ലഭ്യമാക്കാനും ഏർപ്പാടുകൾ ഉണ്ടാവേണ്ടതാണ്.

തോടുകൾ

നിലങ്ങളിലെ ജലനിരപ്പ് ആവശ്യമായ തോതിൽ ക്രമീകരിക്കുന്നതിന് വേണ്ടത്ര തോടുകൾ നിലവിലുണ്ട്. ഇവ അനധികൃതമായും അശാസ്ത്രീയമായും നികത്തുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. പഴമ്പള്ളി, കൊച്ചുമുറി, പുളിക്കിയിൽ, മേച്ചേരിൽ, ഇറപ്പുഴ, മക്കണ്ണംചിറ തുടങ്ങിയ പ്രധാന തോടുകൾ ജലസേചനത്തിന് യുക്തവും അവയുടെ പ്രധാന്യത്തിന് കോട്ടം വരാത്തവിധം സംരക്ഷിക്കപ്പെടേണ്ടതുമാണ്. ഇവയ്ക്ക് ചീർപ്പുകൾ അത്യാവശ്യമുള്ളതും, ഓരുമുട്ടുകൾക്ക് പകരം സ്ലൂയിഡ് കം ബ്രിഡ്ജ് നിർമ്മിക്കേണ്ടതുമാണ്. ഉൾപ്പാടങ്ങളിലേക്കുള്ള ഉപ്പുവെള്ള ഭീഷണി തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതുണ്ട്.

കുളങ്ങൾ

വലതും ചെറുതുമായി 800 -ൽ കുറയാത്ത കുളങ്ങൾ ഈ നാട്ടിലുണ്ട്. തെങ്ങ് മുതലായ പുരയിടങ്ങളിലെ കൃഷികൾക്ക് ജലസേചനത്തിന് ഈ കുളങ്ങളാണ് ഉപയോഗിക്കുന്നത്. ഈ കുളങ്ങളുടെ സംരക്ഷണം കാർഷിക മേഖലയിൽ ഏറ്റവുംപ്രധാന്യം അർഹിക്കുന്നു. ഇവയിൽ ഭൂരിഭാഗവും വേനൽക്കാലത്ത് വറ്റി പോകുന്നതാണ്. കാലാകാലങ്ങളിൽ ഇവ വെട്ടി പ്രവർത്തനക്ഷമമാക്കുന്നതിന് കൃഷിവകുപ്പിൽ ആവശ്യമായ സബ്സിഡി കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെടുന്ന പക്ഷം ശുദ്ധജല മൽസ്യകൃഷി വ്യാപകമാക്കുവാനും, അതുവഴി കർഷകർക്ക് അധികവരുമാനം ഉണ്ടാക്കുവാനും കഴിയുന്നതാണ്. മൽസ്യകൃഷിക്ക് ആവശ്യമായ മൽസ്യക്കുഞ്ഞുങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതുണ്ട്.

നേഴ്സറി

നാമമാത്രമായി കൃഷിഭവന്റെ സഹകരണത്തോടെ ഒരു വികേന്ദ്രീകൃത നഴ്സറി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 94-95 ൽ പ്രവർത്തനംആരംഭിച്ച ഈ നഴ്സറി മേൽത്തരം നടീൽവസ്തുക്കൾ പ്രചരിപ്പിക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ പൂർണ സഹകരണവും നഴ്സറിക്കാരന്റെ സന്നദ്ധതയും കർഷകന്റെ സഹകരണവും ഏകോപിപ്പിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഈ നഴ്സറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയൂ.

വളം

സഹകരണമേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ രണ്ടും ഉൾപ്പെടെ മൂന്ന് രാസവളവിതരണ കേന്ദ്രങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ സഹകരണമേഖലയിൽ ഉള്ളതുമാത്രം ഇപ്പോൾ പ്രവർത്തിക്കുന്നു. കൃഷിക്കാർ നിലവിൽ ജൈവവളത്തിന് വേണ്ടത്ര പരിഗണന കൊടുക്കാതെ എളുപ്പം ലഭ്യമാകുന്ന രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ഇതും ശാസ്ത്രീയരീതിയിലല്ല തുടർന്നുവരുന്നത്. കൃഷി ആവശ്യത്തിന് വളം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ കർഷകന് സാമ്പത്തിക പരാധീനത അനുഭവപ്പെടുന്നതുകൊണ്ടും, വളം വായ്പക്ക് ബന്ധപ്പെട്ട സർവീസ് സഹകരണബാങ്ക് പരിഗണന കൊടുക്കാത്തതുകൊണ്ടും തക്ക സമയത്തത് വളപ്രയോഗം നടത്താൻ കർഷകർക്ക് സാധിക്കാതെ വരുന്നു. ഇതുമൂലം കൃഷിയ്ക്ക് തക്കതായ പ്രയോജനം ലഭിക്കുന്നില്ല. വളം വായ്പാസൗകര്യം ഫലപ്രദമായി ഒരുക്കിക്കൊണ്ട് ഈ രംഗത്തെ പോരായ്മ പരിഹരിക്കാൻ കഴിഞ്ഞാൽ കർഷകന് പ്രയോജനകരമായിരിക്കും. 92-93 വർഷം മുതൽ 95-96 വർഷം വരെയുള്ള S C B യുടെ വളം വിതരണ കണക്കുകൾ ഈ പോരായ്മകളിലേക്ക് വിരൽചൂണ്ടുന്നു.

കീടനാശിനി

എല്ലാ കാർഷിക വിളകൾക്കും കീടനാശിനികൾ അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിൽ ഇതിനായി വിപണന കേന്ദ്രം നിലവിലില്ല. വളരെ ചെറിയ ഒരു ഗ്രാമ പഞ്ചായത്തെന്ന നിലയിൽ ഇതിനായ് സംരംഭകരെ കിട്ടാനും ബുദ്ധിമുട്ടാണ്. അതിനാൽ കർഷകർക്കാവശ്യമായ കീടനാശിനികൾ സംഭരിച്ച് മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കാൻ കൃഷിഭവൻ മുൻകൈ എടുക്കേണ്ടതാണ്.

കാർഷികോപകരണങ്ങൾ

തിരുനിലം പാടശേഖരസമിതിക്ക് അമ്പതുശതമാനം സബ്സിഡിയോടുകൂടി നൽകിയ ഒരു പവർ ട്രില്ലറും, പാറേൽക്കരി,പെരുഞ്ചിറക്കരി എന്നീ പാടശേഖര കമ്മിറ്റികളുടെ ശുപാർശകളിന്മേൽ പതിനായിരം രൂപ സബ്സിഡിയോടുകൂടി നൽകിയ രണ്ടു പവർ ട്രില്ലറുകളും, SC/ST സർവീസ് സഹകരണ സംഘത്തിന് സൗജന്യമായി കിട്ടിയ ഒരു പവർ ട്രില്ലറും ഈ നാട്ടിലുണ്ട്. കൂടാതെ പത്ത് റോക്കർ സ്പ്രേയർ, പതിനെട്ട് നാപ്സ്റ്റാക്ക് സ്പ്രേയർ എന്നിവയും കാർഷിക യന്ത്രോപകരണമായി ഇവിടുള്ളതാണ്. ഇവയുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്താത്തതുമൂലം മിക്കതും പ്രവർത്തന രഹിതമാണ്. ഉള്ളവതന്നെയാകട്ടെ ഗവൺമെൻറ് വിവക്ഷിച്ച രീതിയിൽ കർഷകർക്ക് സഹായകമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇവയുടെ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും കൃഷിഭവൻ ഉദ്യോഗസ്ഥർ ഇതിലുള്ള ചുമതലകൾ നിർവഹിക്കുന്നില്ല. മുൻകാലത്ത് കൃഷിക്ക് ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ തീർത്തും അപ്രത്യക്ഷമായിരിക്കയാൽ ഈ അപര്യാപ്തത മൂലം കർഷകർ തീർത്തും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഇതിന് പരിഹാരം ഉണ്ടാക്കേണ്ടതിനോടൊപ്പം നെൽകൃഷിക്ക് വേണ്ടത്ര കാർഷികോപകരണങ്ങൾ കൂടുതലായി ലഭ്യമാക്കാൻ ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാകേണ്ടതുണ്ട്.

കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം ദൈനംദിനമെന്നോണം കുറഞ്ഞുകുറഞ്ഞുവരുന്നു. ഇതിനു കാരണങ്ങൾ പലതാണ്. അഭ്യസ്ഥവിദ്യർക്ക് കാർഷിക തൊഴിലിനോടുള്ള ആഭിമുഖ്യമില്ലായ്മ, ഈ മേഖലയിലെ കൂലിനിരക്കിലുള്ള അപര്യാപ്തത, ശരാശരി തൊഴിൽദിനങ്ങളുടെ (വാർഷികം) കുറവ്, കൂലി കൂടുതൽകൊടുക്കുന്നതിനുള്ള കർഷകരുടെ കഴിവില്ലായ്മ ഇവ കാരണങ്ങളിൽ ചിലതുമാത്രമാണ്. ഒരു പുരുഷ തൊഴിലാളിക്ക് 65 രൂപയും, സ്ത്രീ തൊഴിലാളിക്ക് 20 രൂപയുമാണ ശരാശരി ദിവസക്കൂലി നിരക്ക്. ഇതുതന്നെ പഞ്ചായത്തിൽ ഏകീകൃതമല്ല.

കാർഷിക വായ്പ

ഒരു സഹകരണബാങ്കും, ഒരു ദേശസാൽകൃത ബാങ്കും ഉൾപ്പെടെ രണ്ട് ധനകാര്യ സ്ഥാപനങ്ങളാണ്

ഈ നാട്ടിൽപ്രധാനമായും പ്രവർത്തിക്കുന്നത്. ചേർത്തല കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനം നാമമാത്രമാണ്. S B I യുടെ കാർഷിക വികസനശാഖയുടെ (ആലപ്പുഴ) പ്രവർത്തനം ഒട്ടുംതന്നെയില്ല. കർഷകർക്ക് ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നിന്ന് വായ്പ ലഭിക്കുന്നതിന് ഇതര ബാങ്കിന്റെ ക്ലിയറൻസ് ആവശ്യമായി വരുന്നത് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു. ഏതെങ്കിലും കാരണത്താൽ താൽക്കാലികമായെങ്കിലും ഒരിനത്തിലെ വായ്പാ കുടിശിഖ മറ്റിതര ഇനങ്ങളിലുള്ള വായ്പകൾക്ക് തടസമാക്കുന്ന സാങ്കേതിക പ്രശ്നങ്ങളിൽ കർഷകർക്ക് യഥാസമയം സാമ്പത്തിക സഹായം ലഭ്യമാകാതെ പോകുന്ന അനുഭവമുണ്ട്. കർഷരെ സഹായിക്കാൻ നബാർഡ് (ദേശീയ കർഷക ഗ്രാമവികസന ബാങ്ക്) ഏർപ്പെടുത്തിയിട്ടുള്ള പുനർ വായ്പാപദ്ധതി ബാങ്കുകൾക്കുണ്ടെങ്കിലും അതിന്റെ പൂർണമായ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. അതിന് പരിഹാരമുണ്ടാകേണ്ടതുണ്ട്.

കർഷകർക്ക് വിവിധ മേഖലകളിൽ അർഹതപ്പെട്ട കാർഷിക വായ്പകളും, വളം വായ്പകളും മറ്റു സൗകര്യങ്ങളും യഥാസമയം നൽകി കാർഷിക മേഖലയാകെ ഉയർത്തുവാനും ഉണർത്തുവാനും പ്രാഥമികമായിത്തന്നെ ബാധ്യതപ്പെട്ട സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം തികച്ചും അപര്യാപ്തമാണ്. കർഷകരെ ആകെയും, കർഷകതൊഴിലാളികളെയും സഹകരണബാങ്കിൻ കീഴിൽ കൊണ്ടുവരുവാൻ വീടുവീടാന്തരമുള്ള ഊർജിത പ്രവർത്തനം ബന്ധപ്പെട്ട സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

ബാങ്കുവായ്പകളെ സംബന്ധിച്ച വിവരണം പട്ടിക ക്രമത്തിൽ
പട്ടിക

ബാങ്ക്	93 - 94	94 - 95	95 - 96
SCB 46 പെരുമ്പളം	7,06,645 രൂ.	7,21,000 രൂ.	3,98,000 രൂ.
S B T പെരുമ്പളം	4,86,568 രൂ.	12,87,958 രൂ.	24,25,129 രൂ.

കൃഷിഭവൻ

1987 സെപ്തംബർ 1 നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടു കൂടി ആരംഭിച്ച കൃഷിഭവന് ഈ മേഖലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. എല്ലാ പ്രദേശങ്ങളിലും പ്രവർത്തനം വ്യാപിപ്പിക്കുവാനായിട്ടില്ല. ഒരു കൃഷി ഓഫീസറുടെയും, രണ്ട് കൃഷി അസിസ്റ്റൻറുമാരുടേയും തസ്തികകളുള്ള ഇവിടെ ഒരു കൃഷി അസിസ്റ്റൻറുമാത്രമാണ് ഇപ്പോഴുള്ളത്. കൃഷി ഓഫീസറുടെ മുഴുവൻ സമയ സേവനം ദ്വീപിലെ കർഷകജനസാമാന്യത്തിന് ലഭിക്കുന്നില്ല. കഴിവും ആത്മാർത്ഥതയുമുള്ള കൃഷിഭവൻ ജീവനക്കാരും പഞ്ചായത്തു സമിതിയും സഹകരണ പ്രസ്ഥാനവും കർഷകരും യോജിച്ച പ്രവർത്തന പരിപാടികളാവിഷ്ക്കരിച്ചാൽ ഇന്നുള്ളതിന്റെ ഇരട്ടി പുരോഗതി നമ്മുടെ നാടിനുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

കാർഷിക മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും

കൃഷിഭവൻ

1. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല- കൃഷി ഓഫീസറുടെയും, കൃഷി അസിസ്റ്റൻറിന്റേയും തസ്തികകൾ സ്ഥിരമായി ഒഴിഞ്ഞുകിടക്കുന്നു.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു.

3. വിവിധ വകുപ്പുകളിൽ നിന്നും കൃഷിക്കാർക്കായി അനുവദിക്കുന്ന എല്ലാ സൗകര്യങ്ങളും സൗജന്യങ്ങളും യഥാസമയം യാഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുന്നില്ല.
4. പഞ്ചായത്തിലെ എല്ലാ മേഖലകളിലും കൃഷിഭവന്റെ പ്രവർത്തനം വ്യാപിക്കുന്നില്ല.

സർക്കാർ ഏജൻസികൾ

1. കാർഷിക മേഖലയിൽ വിവിധ ഏജൻസികളിൽ നിന്നും നൽകിവരുന്ന വായ്പകൾ കർശനമായ നിയമങ്ങളും നിബന്ധനകളും മൂലവും നിഷേധിക്കപ്പെടുന്നു.
2. പെരുമ്പളത്തെ ഏക പൊതുമേഖലാ ബാങ്കും, ജില്ലയിലെ ലീഡു ബാങ്കുമായ S B T യുടെ സേവനം കാർഷിക മേഖലയിൽ കാര്യമായി ലഭിക്കുന്നില്ല.
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാർഷിക വികസന ശാഖയുടെ സേവനം ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല.
4. നാളികേര വികസന ബോർഡിന്റെയും KELPAM (കെൽപാം) ന്റെയും ആനുകൂല്യങ്ങളും സഹായങ്ങളും ലഭിക്കുന്നില്ല.
5. പാടശേഖര സമിതികൾക്ക് കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ പൂർണമായും നൽകാറായിട്ടില്ല. സർക്കാരിന്റെ 50 ശതമാനം സബ്സിഡിയോടു കൂടി പാടശേഖര കമ്മിറ്റിക്ക് അനുവദിക്കുന്ന പവർ ടില്ലർ ഉപയോഗിച്ച് ഉഴവു നടത്തുമ്പോൾ ആ സൗജന്യം കർഷകന് ലഭിക്കുന്നില്ല. കാർഷിക യന്ത്രോപകരണങ്ങൾ അറ്റകുറ്റപ്പണിക്ക് വിധേയമാക്കുന്നില്ല.
6. എല്ലാ കർഷകരെയും കർഷക തൊഴിലാളികളെയും സർവീസ് സഹകരണ സംഘത്തിൽ അംഗത്വത്തിൻകീഴിൽ കൊണ്ടുവന്നിട്ടില്ല.
7. പ്രകൃതിക്ഷോഭവും മറ്റും മൂലം തീരപ്രദേശങ്ങൾ നാശോന്മുഖമാണ്.

തെങ്ങുകൃഷി

1. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുവാൻ കഴിഞ്ഞിട്ടില്ല.
2. കാറ്റുവീഴ്ച, കൂമ്പുചീയൽ, കൊമ്പൻചെല്ലിയുടെ ശല്യം തുടങ്ങിയ പ്രശ്നങ്ങൾ തെങ്ങുകൃഷിയെ സാരമായി ബാധിക്കുന്നു.
3. SCB 46 ൽ വളം വായ്പാ സൗകര്യങ്ങൾ ലഭ്യമല്ല.
4. ജൈവവളം ആവശ്യാനുസരണം ഉൽപാദിപ്പിക്കുന്നില്ല.
5. ഊർജിത കേരവികസന പരിപാടിയുടെ പ്രയോജനം ലഭിക്കുന്നില്ല.
6. മണ്ണുപരിശോധന യഥാസമയം നടത്തി ഗുണനിലവാരം വർധിപ്പിക്കാൻ കഴിയുന്നില്ല. രാസവളങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം മണ്ണിന്റെ ഗുണമേന്മ കുറയാനിടയാക്കുന്നു.

നെൽകൃഷി

1. നെൽ വയൽ തരിശിടുന്നു. കർഷക തൊഴിലാളികൾ മറ്റ് തൊഴിൽ മേഖലകളിലേക്ക് പോകുന്നതിനാൽ കൃഷിപ്പണിക്ക് ആളെ കിട്ടുന്നില്ല.
2. പാടശേഖര കമ്മിറ്റികൾക്ക് ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല. കീടനാശിനി വിൽപനകേന്ദ്രം പഞ്ചായത്തിലില്ല.
3. എലിയുടെ ശല്യം രൂക്ഷമാണ്.
4. ശാസ്ത്രീയ കൃഷിരീതികകൾ കർഷകർ അവലംബിക്കുന്നില്ല.
5. വിള ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല.
6. നെൽവയൽ മറ്റാവശ്യങ്ങൾക്ക് നികത്തുന്നു. സ്ഥിരമായി കൃഷിചെയ്യാറുണ്ടായിരുന്ന പാടങ്ങൾ തരിശിടുന്നു.
7. പഞ്ചായത്തിലെ മിക്ക പാടശേഖരങ്ങളിലും ജലസേചന സൗകര്യം പരിമിതമാണ്. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല.

8. പച്ചക്കറികൃഷിക്ക് നല്ലയിനം വിത്തുകളും വളങ്ങളും ലഭ്യമല്ല.
9. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ വിപണന സൗകര്യമില്ല.
10. ദീർഘകാല ആദായം ലഭിക്കാവുന്നതും, നല്ല വിപണനസാധ്യതകളുള്ളതുമായ വെറ്റിലകൃഷിക്ക് ആവശ്യമായ വായ്പാ സൗകര്യം, 1/2 H P മോട്ടോർ തുടങ്ങിയ കാര്യങ്ങൾ ലഭ്യമാക്കിയാൽ ഇവിടെ വളരെയധികം വെറ്റിലകർഷകർക്ക് പ്രയോജനം ചെയ്യും. ഇത് സാധ്യമാകുന്നില്ല.
11. കന്നുകാലി വളർത്തൽ ആദായകരമാകുന്നില്ല.
12. കന്നുകാലിത്തീറ്റകൾ ലഭ്യമല്ല.
13. ക്ഷീരവ്യവസായ സഹകരണസംഘം പ്രവർത്തനക്ഷമമല്ല. പാലിന് വിപണന സൗകര്യമില്ല. കാലിവളർത്തൽ പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല.
14. ചില പ്രദേശങ്ങളിൽ മണ്ണിന് പുഷ്ടി കുറവാണ്. മണ്ണൊലിപ്പ് ചില പ്രദേശത്ത് ഗണ്യമാണ്.
15. ചില പ്രദേശത്ത് ജലസേചനത്തിനുള്ള വെള്ളം വേണ്ടത്ര കിട്ടാനില്ല. ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു.
16. കർഷക തൊഴിലാളികളുടെ ദൗർലഭ്യം ഉണ്ട്. പഞ്ചായത്തിൽ കാർഷിക മേഖലയിൽ കൂലി ഏകീകരണമില്ല.

കാർഷികമേഖലയിലെ വികസന പ്രശ്നങ്ങൾക്കുള്ള പൊതുനിർദ്ദേശങ്ങളും പരിഹാര മാർഗങ്ങളും

1. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, മുഴുവൻ ഒഴിവുകളും നികത്തുകയും ചെയ്യുക. കൃഷിഭവൻ ജീവനക്കാർ എല്ലാ വാർഡുകളിലും നിരന്തരം സന്ദർശിച്ച് കൃഷിക്കാർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
2. വിവിധ വകുപ്പുകളിൽ നിന്നും കൃഷിക്കാർക്കായി അനുവദിക്കുന്ന എല്ലാ സൗകര്യങ്ങളും സൗജന്യങ്ങളും യഥാസമയത്തുതന്നെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്നുറപ്പുവരുത്തുക. ഇതിനായി വാർഡുതോറും ഇൻഫർമേഷൻ സെൻററുകൾ പ്രവർത്തിപ്പിക്കുക.
3. കർഷകർക്കാവശ്യമായ എല്ലാവിധ വിത്തിനങ്ങളും, നടീൽ വസ്തുക്കളും, ഓരോന്നിനും അനുസൃതമായ കാലയളവിൽ തന്നെ കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്യുക.
4. കേര സംരക്ഷണ സമിതികളും പാടശേഖര സമിതികളും ആവശ്യമായത്ര എണ്ണം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക. വിത്ത്, വളം, കീടനാശിനികൾ, കുമ്മായം എന്നിവ മേൽപ്പറഞ്ഞ സമിതികളിലൂടെ വിതരണം ചെയ്യുക.
5. കർഷകർക്ക് പെൻഷൻ അനുവദിക്കുക. ഗ്രൂപ്പ് ഫാമിങ്ങ് സംവിധാനം ശക്തിപ്പെടുത്തുക.
6. 10 സെൻറ് മുതൽ മേലോട്ടുള്ള ചെറുകിട കർഷകർക്ക് പമ്പുസെറ്റും, കിണറും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
7. ചെളിയും മറ്റും ഇറക്കുന്നതിന് എല്ലാ വാർഡുകളിലും ലാൻറിങ്ങ് സെൻറർ സ്ഥാപിക്കുക.
8. തെങ്ങുകൃഷിക്ക് ജലസേചനം നടത്തുന്നതിന് വൈദ്യുതി സൗജന്യമാക്കുക.
9. പഞ്ചായത്തിലെ മുഴുവൻ തെങ്ങുകൾക്കും സ്കാഡുകൾ രൂപീകരിച്ച് സബ്സിഡി നിരക്കിൽ മരുന്നു തളി നടത്തുക, എലി നശീകരണപദ്ധതി ആവിഷ്ക്കരിക്കുക. കാലവർഷത്തിനു മുൻപും, തുലാവർഷത്തിനു ശേഷവും മരുന്നു തളിക്കുവാൻ സംവിധാനമുണ്ടാക്കുക.
10. വിള ഇൻഷ്വർ ചെയ്യുന്ന തെങ്ങുകൾക്ക് രോഗകീടബാധ ഉണ്ടായി നഷ്ടപ്പെട്ടുപോയാലും ഇൻഷ്വറൻസ് സംരക്ഷണം ലളിതമായ നടപടിക്രമത്തിലൂടെ ലഭ്യമാക്കുക.
11. കേടുപിടിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പുതിയ തൈകൾ വയ്ക്കുകയും, ഓരോന്നിനും 500 രൂപയിൽ കുറയാത്ത സഹായധനം അനുവദിക്കുകയും ചെയ്യുക.

12. സംയോജിത കൃഷി സമ്പ്രദായം ആരംഭിക്കുക.
13. പാടശേഖര സമിതികളുടെ ടില്ലർ ഉപയോഗിച്ച് സൗജന്യനിരക്കിൽ കർഷകന് ഉഴുതുകൊടുക്കുക.
14. കൃഷിഭവൻ വഴി വാഴ, കുരുമുളക്, മഞ്ഞൾ എന്നിവയുടെട നടീൽവസ്തുക്കൾ ലഭ്യമാക്കുകയും മേൽപ്പറഞ്ഞ കൃഷി വ്യാപകമായി നടത്തുകയും ചെയ്യുക.
15. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലമൊരുക്കൽ, ഞാറുനടീൽ, സസ്യസംരക്ഷണം, കൊയ്ത്ത്, മെതിക്കൽ, തുടങ്ങിയ കാർഷിക പ്രവർത്തനങ്ങൾക്ക് ആഗ്രോ സർവീസ് സെൻറർ സഹായം ലഭ്യമാക്കുക.
16. നെൽപ്പാടങ്ങളിൽ ഇടവിള കൃഷി നിർബന്ധമായും നടത്തുക.
17. പഞ്ചായത്തിൽ ഒരു സമഗ്ര പച്ചക്കറി കൃഷി പദ്ധതിക്ക് രൂപം നൽകി. ഈ മേഖലയിൽ സ്വയംപര്യാപ്തത നേടുക. അതിൻറെ ഭാഗമായി എല്ലാ കുടുംബങ്ങൾക്കും വിത്തും വളവും കാർഷികോപകരണങ്ങളും സൗജന്യമായി നൽകി- ആവശ്യമായ പരിശീലനവും ബോധവൽക്കരണവും നടത്തുക.
വാർഡുതലത്തിൽ കർഷകരുടെയും സന്നദ്ധ സംഘടനകളുടെയും സമിതികൾക്ക് രൂപം കൊടുത്ത് പച്ചക്കറികൃഷി പദ്ധതിയുടെ സംഘടന ചുമതല നൽകുക. കാർഷിക സർവകലാശാലയുടെ സേവനം ലഭ്യമാക്കുക.
18. തരിശ്കിടക്കുന്ന ഭൂമികൾ കണ്ടെത്തി വനിതകളുടെ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് പാട്ടവ്യവസ്ഥയിൽ പച്ചക്കറി കൃഷി ചെയ്യുവാൻ പഞ്ചായത്ത് സമിതി മുൻകൈ എടുക്കുക.
19. പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വാർഡിൽ ഒന്ന് എന്ന പ്രകാരം ആഗ്രോ സർവീസ് സെൻററുകൾ അനുവദിക്കുകയും, ജലസേചന പ്രവർത്തനങ്ങൾ, മരുന്നുതളി എന്നിവ ഇതിലൂടെ നടത്തുകയും ചെയ്യുക.
20. പഞ്ചായത്തിലെ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ വ്യാപകമായി കൈതച്ചക്കകൃഷിയും ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകളും ആരംഭിക്കുക.
21. തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുവാനും, ജൈവവള ലഭ്യതയ്ക്കുമായി കാലി വളർത്തൽ പ്രോൽസാഹിപ്പിക്കുക. തീറ്റപ്പുൽകൃഷി വ്യാപകമായി നടത്തുക. പഞ്ചായത്തിൽ രണ്ട് മേഖലകളിലായി ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
22. സ്ത്രീകളുടെ ഗ്രൂപ്പുകൾക്കും, കുടുംബങ്ങൾക്കും തൊഴിൽ സംരംഭങ്ങളുണ്ടാക്കാൻ മുട്ടക്കോഴി, ഇറച്ചിക്കോഴി, കാടക്കോഴി എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുക. പഞ്ചായത്തിൽ ഒരു എഗ്ഗർ നേഴ്സറി സ്ഥാപിക്കുക.
മുയൽ, പന്നി വളർത്തൽ വളരെ ആദായകരമായ തൊഴിലാണെന്ന് കർഷകരെ ബോധ്യപ്പെടുത്തി ശാസ്ത്രീയ രീതിയിൽ ഇവകളെ വളർത്തുന്നതിന് സംവിധാനമുണ്ടാക്കുക.
23. പെരുമ്പളത്തെ 800 കുളങ്ങളിൽ 90 ശതമാനവും ശുദ്ധജല മൽസ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. (FFDA), മൽസ്യ കർഷക ഏജൻസി, സംസ്ഥാന ജലകൃഷി വികസന ഏജൻസി, (ഫ്രെഡ്രിനസ്) കാർഷിക സർവകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കട്ല, രോഹു, മൃഗാൽ, ഫ്രെഡ്രിനസ്, കൊഞ്ച് തുടങ്ങിയ മൽസ്യങ്ങൾ കൃഷി ചെയ്യുവാൻ പദ്ധതികളാവിഷ്ക്കരിക്കണം.
24. കാർഷികാഭിവൃദ്ധിയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഹരിത-ജൈവ വ്യൂഹ നിർമാണത്തിലൂടെയുള്ള പദ്ധതിക്ക് രൂപം നൽകുക.
25. S C B-46 ൻെറ ഒരു ശാഖ വടക്കൻ മേഖലയിൽ തുറക്കുക.
26. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി പൂവൻതറ കരിപാടത്തിലൂടെ ശവംകാട്ടിൽ നിന്നും തെക്കോട് രണ്ടു തെങ്ങൽവരെയും, പെരുഞ്ചിറ കരി വടക്കേത്തോട്ടിൽ നിന്നും പടിഞ്ഞാറോട്ട് പുത്തൻപറമ്പ് കിഴക്കുവശത്തെ തോടുവരെയും പുതിയ തോടുകൾ നിർമ്മിക്കുകയും, അവിടങ്ങളിൽ ചീർപ്പുകൾ, പെട്ടിയുംപറയും തുടങ്ങിയ സജ്ജീകരണങ്ങളും ഉണ്ടാക്കുക.
27. പെരുമ്പളത്തെ തീരപ്രദേശങ്ങൾ കല്ലുകെട്ടി സംരക്ഷിച്ച് മണ്ണൊലിപ്പ് തടയുക. ജലസേചന സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്ന പാറേൽ, പുളിക്കയിൽ, മേച്ചേരിയിൽ, ഇറപ്പുഴ,

മുണ്ടുതോട്, പഴമ്പള്ളിയിൽ, മുക്കണ്ണംചിറ, കൊച്ചുമുറി എന്നീ തോടുകൾ വികസിപ്പിച്ച് കല്ലുകെട്ടി സംരക്ഷിക്കുക. താൽക്കാലിക ഓരുമുട്ടുകൾക്കു പകരം സ്ലൂയിഡ് കം ബ്രിഡ്ജ് നിർമ്മിക്കുകയും, ഡബിൾ ഷട്ടർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

28. പഞ്ചായത്തിലെ വിവിധ കോളനികളിലും പട്ടികജാതി അധിവാസ കേന്ദ്രങ്ങളിലും സാമൂഹ്യ ജലസേചന പദ്ധതികൾ അനുവദിക്കുക.

29. കൃഷി ആവശ്യത്തിനായി 25 മീറ്റർ ആഴത്തിൽ നിന്നും ജലം ലഭ്യമാക്കാനുതകുന്ന കുഴൽകിണറുകൾ സ്ഥാപിക്കുക. എല്ലാ ചെറുകിട പരിമിത കർഷകർക്കും പമ്പുസെറ്റുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
കർഷക ഗ്രൂപ്പുകൾ സംഘടിപ്പിച്ച് ഗ്രൂപ്പടിസ്ഥാനത്തിലുള്ള ജലസേചനത്തിന് ഊന്നൽ നൽകുക. അതിനുള്ള ജലസ്രോതസുകൾ കണ്ടെത്തുക.

30. SBT, SCB, കാർഷിക വികസനബാങ്ക്, മറ്റേജൻസികൾ ഇവയുടെ കർഷകർക്കായുള്ള വായ്പാ പദ്ധതികളുടെ നടപടിക്രമങ്ങൾ ലളിതമാക്കുക.

31. എല്ലാ കർഷകരെയും കർഷക തൊഴിലാളികളെയും SCB യുടെ അംഗത്വത്തിൻ കീഴിൽ കൊണ്ടുവരിക.

32. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനാശങ്ങൾക്ക് എക്കാലത്തും നഷ്ടപരിഹാരം കിട്ടുവാൻ കൃഷിഭവൻ മുൻകൈ എടുക്കുക.

33. കർഷകതൊഴിലാളികൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ കൂലി ഏകീകരിക്കുക.

34. കൃഷിഭവനിലൂടെ കർഷകർക്കാവശ്യമായ ജൈവകീടനാശിനികൾ ലഭ്യമാക്കുക.

35. നല്ലയിനം നടീൽ വസ്തുക്കൾ യഥാസമയം കിട്ടാൻ പഞ്ചായത്തിലുള്ള വികേന്ദ്രീകൃത നേഴ്സറി (Decentralised nursary) കാര്യക്ഷമമായി പ്രവർത്തിക്കാനും, പ്രവർത്തിപ്പിക്കാനും കൃഷിവകുപ്പിനേറയും നേഴ്സറിക്കാരനേറയും കൂട്ടുത്തരവാദിത്തവും പ്രവർത്തനവും ഫലപ്രദമാക്കുക.

35. കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വാർഡു തലത്തിൽ വിപണന കേന്ദ്രങ്ങൾ തുറക്കുക.

36. വെറ്റില കർഷകരുടെ ഗ്രൂപ്പുകൾ പ്രത്യേകം രൂപീകരിച്ച് ആവശ്യമായ വായ്പാ സൗകര്യം ലഭ്യമാക്കാനും, അതിനുള്ള 1/2 H P മോട്ടോർ സബ്സിഡി നിരക്കിൽ നൽകാനും ഏർപ്പാടുണ്ടാക്കി വെറ്റിലകൃഷി പ്രോൽസാഹിപ്പിക്കുക.

37. ചെറുകിട-പരിമിത കർഷകർക്ക് മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കാനും, 15 ൽ കുറയാത്ത വനിതകൾ ഉൾപ്പെടുന്ന സംഘങ്ങൾക്കായുള്ള പശുവളർത്തൽ പദ്ധതി നടപ്പിലാക്കാനും ആവശ്യമായ വായ്പയും, സബ്സിഡിയും മറ്റു സൗകര്യങ്ങളും ലഭ്യമാക്കാൻ കൃഷിവകുപ്പും പഞ്ചായത്തും മുൻകൈ എടുക്കുക.

38. ഹൈസ്കൂൾ കേന്ദ്രീകരിച്ച് സ്കൂൾ പൗൾട്രി ക്ലബ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

39. കൃഷിഭവൻ മുഖേന മണ്ണുപരിശോധന വ്യാപകമായി നടത്തുകയും, ഫലപുഷ്ടി കുറഞ്ഞ ഇടങ്ങളിൽ ജൈവവളപ്രയോഗംകൊണ്ട് നില മെച്ചപ്പെടുത്തുവാൻ കർഷകരെ പ്രേരിപ്പിക്കുകയും ചെയുക.

40. വനിതാ സംരംഭകർക്ക് ഓർക്കിഡ്, കുറ്റിമുല്ല, ആന്തോറിയം തുടങ്ങിയ പുഷ്പകൃഷിക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക.
പ്രാഥമികാരോഗ്യ സംരക്ഷണത്തിനും ചെറിയ തോതിലുള്ള വ്യാവസായികാടിസ്ഥാനത്തിലും ഔഷധസസ്യകൃഷിക്ക് പ്രോൽസാഹനം നൽകുക.

41. കൂൺകൃഷിയെ സംബന്ധിച്ച് ബോധവൽക്കരണം, ഉൽപാദനം, സംഭരണം, സംസ്ക്കരണം, സംരക്ഷണം, വിപണനം ഇവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പഞ്ചായത്തിൽ വ്യാപകമാക്കുക.



മൃഗസംരക്ഷണവും മത്സ്യബന്ധനവും

പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ പൊതുവെ കാലികളെ വളർത്തുന്നതിന് സാഹചര്യങ്ങൾ അനുകൂലമല്ല. അതുകൊണ്ടുതന്നെ ഉപജീവനമാർഗത്തിനായുള്ള ഒരു തൊഴിൽ എന്ന നിലയിൽ കന്നുകാലി വളർത്തൽ നടത്തുന്നവർ വളരെ വിരളമാണ്. പഞ്ചായത്തിലെ നാലിലൊന്നിൽ താഴെ വരുന്ന കുടുംബങ്ങളിൽ മാത്രമാണ് പശുക്കളെ വളർത്തുന്നത്.

ഇപ്പോൾ പഞ്ചായത്തിൽ 473 പശുക്കളും, 754 ആടുകളുമാണ് വളർത്തുമൃഗങ്ങളായി ഉള്ളത്. ഒരാൾപോലും ഈ പഞ്ചായത്തിൽ എരുമയെ വളർത്തുന്നവരായില്ല. 3634 കോഴികളും, 581 താറാവുകളും പല കുടുംബങ്ങളിലായി ഇവിടെ വളർത്തുന്നു.

9-3-1972 ലാണ് പഞ്ചായത്തിൽ മൃഗാശുപത്രി ആരംഭിച്ചത്. അതിനുമുൻപ് നാട്ടു ചികിൽസയെയാണ് ആശ്രയിച്ചിരുന്നത്. കോട്ടയം ജില്ലയിലെ ചെമ്പ് പഞ്ചായത്തിലെ മൃഗാശുപത്രിയെയും ചികിൽസാ കാര്യങ്ങളിൽ പെരുമ്പളം പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചിരുന്നു.

കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതോടെ ഗ്രാമത്തിൽ നിന്ന് ഉഴവുമാടുകൾ അപ്രത്യക്ഷമായി. നെൽകൃഷിയുടെ കുറവ്, തീറ്റസാധനങ്ങളുടെ അപര്യാപ്തതയിലേക്ക് വഴിതെളിച്ചതും, കാലിത്തീറ്റയുടെ വില വർദ്ധനവും കാലിവളർത്തലിനെ നിരുൽസാഹപ്പെടുത്തിയിട്ടുണ്ട്. പാൽ ഉത്പാദനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നു. പാൽ വിപണനരംഗത്ത് മാന്ദ്യം സൃഷ്ടിക്കുന്ന മറ്റൊരു ഘടകമാണ് പാൽ സൊസൈറ്റികളുടെ അഭാവം. വീടുകളിലും ചായക്കടകളിലുമാണ് ഗ്രാമത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ വിപണനം നടത്തുന്നത്. വളർത്തുന്ന പശുക്കൾ ഏതാണെല്ലാംതന്നെ സങ്കരയിനത്തിൽ പെടുന്നതാണ്.

വാടകക്കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. നിലവിലുള്ള പദ്ധതികളുടെ യാതൊരു പ്രയോജനവും ഈ രംഗത്തുള്ളവർക്ക് ലഭിക്കുന്നില്ല. മൃഗാശുപത്രിയുടെ പ്രവർത്തനവും വിപുലമായും പ്രയോജനപ്രദമായും നടക്കുന്നില്ല. ആശുപത്രിയിൽ മൃഗഡോക്ടറുടെ സേവനവും ലഭ്യമാകുന്നില്ല. ഉള്ള സൗകര്യം പ്രയോജനപ്പെടുത്തുവാൻ ജനങ്ങളും താൽപര്യം കാണിക്കുന്നില്ല.

ഗ്രാമത്തിലെ മിക്ക വീടുകളിലും ആടുകളെ വളർത്തുന്നുണ്ട്. പാവപ്പെട്ടവന്റെ ഒരു വരുമാനമാർഗം കൂടിയാണിത്.

പട്ടിക

വളർത്തു മൃഗങ്ങളും പക്ഷികളും	എണ്ണം (1996 - സർവ്വെ)
പശു	473
ആട്	954
കോഴി	3634
താറാവ്	581
മുയൽ	118

വലുപ്പം കൂടിയ ഇനം ആടുകളെ ഈ ഗ്രാമത്തിൽ ആരുംതന്നെ വളർത്തുന്നില്ല. തീറ്റ കൊടുക്കുന്നതിനുള്ള ഇലകൾ കിട്ടാനില്ലാത്തതാണ് പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകം. എങ്കിലും മിക്ക വീട്ടമ്മമാരും ആടു വളർത്തലിൽ താൽപര്യം കാണിക്കുന്നുണ്ട്.

പശുക്കൾക്ക് കൂടുതലായി കാണപ്പെടുന്ന രോഗങ്ങൾ ദഹനസംബന്ധം, അകിടുവീക്കം, വിരജന്യമായ രോഗങ്ങൾ എന്നിവയാണ്. ആടകളിൽ മുടന്തൻപനിയും കണ്ടുവരുന്നു.

കോഴി വളർത്തൽ ലാഭകരമായ ഒരു തൊഴിലായതിനാൽ ഈ രംഗത്തും വീട്ടമ്മമാർ കാര്യമായി ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ നല്ലയിനം കോഴികളെ കിട്ടാനില്ലാത്തതും, കോഴി വസന്തമൂലം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതും ഒരു പ്രതിസന്ധിയാണ്. കോഴി വസന്തക്കുള്ള കുത്തിവെയ്പ്പ് മൃഗാശുപത്രിയിൽ നിന്നു കിട്ടുമെങ്കിലും കോഴികളെ കൂട്ടത്തോടെ എത്തിച്ചെങ്കിൽ മാത്രമേ കുത്തിവെയ്പ് സാധ്യമാകൂ. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ലാത്തതിനാൽ പ്രതിരോധ കുത്തിവെയ്പ്പുകൾ സാധ്യമാകാറില്ല. താറാവ് കർഷകരും രോഗപ്രതിരോധ നടപടികളുടെ പോരായ്മമൂലം കഷ്ടപ്പെടുന്നുണ്ട്. മുയൽ വളർത്തലും, പന്നി വളർത്തലും ലാഭകരമായ ഒരു തൊഴിലാണ്. ഇറച്ചിക്കുണ്ടായിട്ടുള്ള വർധിച്ച ആവശ്യം പരിഗണിക്കുമ്പോൾ മുയലിനെയും പന്നിയെയും വളർത്തുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്.

പഞ്ചായത്തിൽ എട്ട് ഗോബർഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. ഇവയിലേറെയും പ്രവർത്തനക്ഷമമല്ല. വീട്ടാവശ്യത്തിനുള്ള ഇന്ധനം ലഭിക്കുന്നതിന് മൂന്ന് പശുക്കളെങ്കിലും ആവശ്യമാണ്. ഈ ബുദ്ധിമുട്ടുമൂലം കൂടുതൽ ആളുകൾ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ മുന്നോട്ടു വരുന്നില്ല.

കോഴിമുട്ടയുടെയും താറാവിൻ മുട്ടയുടേയും വ്യാപാരത്തിൽ ഇടപെട്ട് ജീവിക്കുന്ന പതിനഞ്ച് കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പ്രയോജനപ്രദമായ നിലയിൽ കോഴിയും താറാവും വളർത്തി വരുമാനം വർധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇവിടെയുണ്ട്.

പ്രശ്നങ്ങൾ

1. മൃഗാശുപത്രിയില സ്ഥിരം ഡോക്ടറില്ല.
2. കാലിത്തീറ്റയുടെ അമിതമായ വിലക്കൂടുതലും തീറ്റപ്പുല്ലിന്റെ അഭാവവും.
3. പാൽ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സഹകരണ സംഘത്തിന്റെ അഭാവം.
4. ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെയും താറാവിൻ കുഞ്ഞുങ്ങളെയും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. നടപ്പു പദ്ധതികളിൽപെടുന്ന യാതൊരാനുകൂല്യങ്ങളും ലഭിക്കുന്നില്ല.

പരിഹാര മാർഗങ്ങൾ

1. വെറ്റിനറി ഡോക്ടറെ സ്ഥിരമായി നിയമിക്കുക.
2. പഞ്ചായത്തിലെ രണ്ടു മേഖലകളിൽ രണ്ട് ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
3. പാലുൽപ്പന്നങ്ങൾ നിർമിച്ച് വിപണനത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സഹകരണസംഘങ്ങൾ വഴി മിതമായ നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.
5. വെറ്റിനറി ആശുപത്രികൾ വഴിയും ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ വഴിയും ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.
6. മുട്ടക്കോഴി, ഇറച്ചിക്കോഴി മുതലായവയുടെ വളർത്തൽ സഹകരണാടിസ്ഥാനത്തിലും സ്വകാര്യമേഖലയിലും വിപുലപ്പെടുത്തുക.
7. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക.
9. മുയൽ, പന്നി, വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. ലൈസൻസില്ലാത്ത നായ്ക്കളെ കൊല്ലുകയും കുത്തിവെയ്പ്പിക്കാത്ത നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുക.
11. നായ്ക്കൾക്ക് യഥാസമയം പ്രതിരോധ കുത്തിവെയ്പിനുള്ള മരുന്നുകൾ ലഭ്യമാക്കുക.
12. പശു, ആട്, കോഴി, താറാവ് എന്നിവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
13. എല്ലാ വാർഡുകളിലും തിരഞ്ഞെടുക്കപ്പെടുന്ന 50 പേർക്ക് തീറ്റപ്പുൽ കൃഷിക്ക് സഹായം ലഭ്യമാക്കുക.
14. വനിതകളെ സംഘടിപ്പിച്ച് കൂട്ടായി പശുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
15. പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് ആരംഭിക്കുക.
16. കൂട്ടായി ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
17. ഓരോ വാർഡിലും തിരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
18. താറാവു വളർത്തുന്നതിനുള്ള സൗകര്യവും താൽപര്യവുമുള്ളവരെ കണ്ടുപിടിച്ച് താറാവു വളർത്തൽ പ്രോൽസാഹിപ്പിക്കുക.
19. താൽപര്യമുള്ള എല്ലാ വീടുകളിലും മുയൽ വളർത്തുന്നതിനെ പ്രോൽസാഹിപ്പിക്കുക.
20. പഞ്ചായത്തിന് പൊതുവായി ഒരു അറവുശാല സ്ഥാപിക്കുക. അവശിഷ്ടങ്ങൾ മലിനീകരണം ഉണ്ടാക്കാതെ നശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

മൽസ്യബന്ധനം

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന പെരുമ്പളം പഞ്ചായത്ത് നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്. എറണാകുളം ജില്ലയുടെ തെക്കെഅറ്റം, കോട്ടയം ജില്ലയുടെ വടക്കേയറ്റം എന്നീ സ്ഥലങ്ങൾ ഈ ദ്വീപിന്റെ കിഴക്കുഭാഗത്തും മൂവാറ്റുപുഴയാറിന്റെ പതനസ്ഥലം ഈ ദ്വീപിന്റെ തെക്കുഭാഗത്തുമാണ്. വളരെയേറെ ആഴവും വിസ്തൃതിയുമുള്ള കായലുകൾക്ക് നടുവിൽ സ്ഥിതിചെയ്യുന്ന പെരുമ്പളത്തിന്റെ ആകെ വിസ്തീർണം 1614 ഹെക്ടറാണ്.

പഞ്ചായത്തിലെ പ്രധാന തൊഴിൽ മേഖല ജലസമ്പത്തുതന്നെ. ജാതിമത ഭേദമന്യേ ജനങ്ങൾ ഈ തൊഴിലിൽ ഏർപ്പെടുന്നു. മൽസ്യബന്ധനം മുഖ്യതൊഴിലാക്കിയ ഏകദേശം ആയിരം കുടുംബങ്ങൾ പെരുമ്പളത്തുണ്ട്. കറുത്ത കക്ക വാരി ഉപജീവനം നടത്തുന്നവരാണ് ഈ മൽസ്യതൊഴിലാളി വിഭാഗങ്ങളിലേറെയും. മൂവാറ്റുപുഴയാറിന്റെ പതനസ്ഥാനമാണ് ഈ പഞ്ചായത്തിലെ പ്രധാന മൽസ്യബന്ധനയിടങ്ങൾ.

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ പ്രധാനമായും ചൂണ്ട, ഒഴുക്കുവല, ചീനവല (കമ്പവല) എന്നിവയെ ആശ്രയിച്ചാണ് തൊഴിലെടുക്കുന്നത്. പഴയകാലം മുതൽ ചൂണ്ടത്തൊഴിൽ പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒട്ടേറെ മൽസ്യത്തൊഴിലാളികൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. ചൂണ്ട ഉപയോഗിച്ച് പിടിക്കുന്ന പ്രധാനപ്പെട്ട മൽസ്യയിനങ്ങൾ കൊഞ്ച്, കണ്ണി, വറ്റ എന്നിവയാണ്. മൽസ്യങ്ങളുടെ ആവാസസ്ഥലങ്ങൾ കുറവായതിനാൽ ഈ രംഗത്തെ തൊഴിലാളികൾ വമ്പിച്ച പ്രതിസന്ധിയെ നേരിടുകയാണ്

വേമ്പനാട്ടു കായലിൽ ജനുവരിമാസം മുതൽ മെയ്മാസം വരെയുള്ള വേനൽക്കാലത്തും, ജൂൺമാസം മുതൽ ഒക്ടോബർ മാസം വരെയുള്ള വർഷകാലത്തും, രണ്ടു പ്രധാന സീസണുകളിലാണ് മൽസ്യബന്ധനം നടക്കുന്നത്. വേനൽക്കാലത്ത് നാരൻ, തെള്ളി, ചൂടൻ, ഞണ്ട്, കണ്ണി എന്നീ ഇനങ്ങളിൽപ്പെട്ട മൽസ്യങ്ങളും വർഷകാലത്ത് കൊഞ്ച്, കൂനചെമ്മീൻ, തെള്ളി, ചൂടൻ എന്നീ ഇനങ്ങളിലുള്ള മൽസ്യ (ചെമ്മീനും) ലഭ്യമാണ്. നവംബർ, ഡിസംബർ മാസങ്ങളിൽ ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് വറുതിയുടെ നാളുകളാണ്. ഈ കാലയളവിൽ മൽസ്യസമ്പത്ത് തീരെ ലഭിക്കുന്നില്ല. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തുന്നതിനാൽ ഇ കാലയളവിൽ

നീരൊഴുക്കു കുറവാകുന്നതും, മൽസ്യങ്ങളുടെ പ്രജനനം നടക്കുന്ന സമയങ്ങളായതും കാരണങ്ങളായി മൽസ്യത്തൊഴിലാളികൾ പറയുന്നു. ഗ്രാമത്തിലെ ജനങ്ങൾ ഭക്ഷണാവശ്യത്തിനായി ഉപയോഗിക്കുന്നതേറെയും കടൽ മൽസ്യങ്ങളാണ്.

പട്ടിക -1

മൽസ്യബന്ധന തൊഴിലാളികൾ

പ്രവർത്തിക്കുന്ന മേഖല	തൊഴിലാളികളുടെ എണ്ണം
ഊന്നിവല	309
ചീനവല	400
വീശുവല	80
പായിക്കൽ	280
വള്ളി - വലി	10
മൽസ്യ സംസ്ക്കരണം	180
മൽസ്യ വിപണനം	250
കക്കാ സംഭരണം	1400
ഒഴുക്കുവല	160
ചൂണ്ട	90
ആകെ	3159

പട്ടിക -2

ഓരോകാലത്തും കിട്ടുന്ന മുഖ്യ മൽസ്യഇനങ്ങൾ

വേനൽക്കാലം	നാരൻ, ചൂടൻ, തെള്ളി, കാര ചെമ്മീനുകൾ, കണ്ണി, വറ്റ
വർഷകാലം	കൂനച്ചെമ്മീൻ, ആറ്റുകൊഞ്ച്, തെള്ളി ചെമ്മീൻ, കരിമീൻ, കണമ്പ്
നവംബർ - ഡിസംബർ	മൽസ്യം തീരെ ലഭിക്കുന്നില്ല (പ്രജനനകാലം കൂടിയാണ്)

ഇന്ന് പെരുമ്പളം പഞ്ചായത്തിലെ സുപ്രധാന തൊഴിൽ മേഖലയായി കക്കാ സംഭരണം മാറിയിരിക്കുന്നു. മൽസ്യത്തിന്റെ ലഭ്യത കുറവായ സാഹചര്യത്തിലാണ് മൽസ്യത്തൊഴിലാളികളേറെയും സുലഭമായി ലഭിച്ചിരുന്ന കക്ക വാരി ഉപജീവനം കഴിക്കാൻ തുടങ്ങിയത്. ഈ രംഗത്തെ അശാസ്ത്രീയതകൾ മൂലം കക്കയുടെ ലഭ്യതയും വളരെ കുറഞ്ഞു. കക്കാത്തോടും ഇറച്ചിയും പ്രധാനപ്പെട്ട വ്യാവസായിക അസംസ്കൃത വസ്തുക്കളാണ്. മൽസ്യതൊഴിലാളികളെ സഹായിക്കുന്നതിനായി, മൽസ്യതൊഴിലാളി ക്ഷേമ സഹകരണസംഘങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കക്കാവ്യവസായ രംഗത്തും തൊഴിലാളി ക്ഷേമ സംഘത്തിന്റെ അഭാവം എടത്തുപറയേണ്ടിയിരിക്കുന്നു. ഒരു വർഷം ഏകദേശം മുപ്പതുലക്ഷം രൂപ വിലമതിക്കുന്ന വള്ളം, വല തുടങ്ങിയ മൽസ്യബന്ധനോപകരണങ്ങൾക്കായി ഈ ദ്വീപിലെ മൽസ്യതൊഴിലാളികൾ പണം ചെലവഴിക്കുന്നുണ്ട്. നാടൻ വള്ളങ്ങൾ ഉപയോഗിച്ചുള്ള മൽസ്യബന്ധന രീതി മാത്രമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്.

പെരുമ്പളം പഞ്ചായത്തിൽ പൂർണസമയം പ്രവർത്തിക്കുന്ന ഒരു മൽസ്യമാർക്കറ്റ് ഇല്ല. ഭാഗികമായി പ്രവർത്തിക്കുന്നതും നാമമാത്രമായി പ്രവർത്തിക്കുന്നതുമായ രണ്ടു പൊതുമാർക്കറ്റുകൾ 2, 6 വാർഡുകളിലെ പൊതുസ്ഥലങ്ങളിലായി നിലവിലുണ്ട്. ഇവിടങ്ങളിൽ മുഖ്യമായും വിപണനം ചെയ്യുന്നത് കടൽ മൽസ്യങ്ങളാണ്. വളരെയേറെ സാധ്യതകളുള്ള ശുദ്ധജല മൽസ്യകൃഷി, ഓരുജല ചെമ്മീൻകൃഷി എന്നീ മേഖലകളിൽ കാര്യമായ പുരോഗതി കൈവന്നിട്ടില്ല. ഇവ നടപ്പാക്കപ്പെട്ടിടങ്ങളിൽ തന്നെ പൊതുനേട്ടമോ, താൽപര്യമമാ സംരക്ഷിക്കപ്പെട്ടിട്ടില്ല. അർഹരായ വ്യക്തികൾകളിലേക്ക് ഇതിന്റെ പ്രയോജനം എത്തിയിട്ടില്ല. ആറോളം പീലിങ് ഷെഡുകൾ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിലാണ മൽസ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്നത്. ഗുരുതരമായ കുടിവെള്ളക്ഷാമവും, വോൾട്ടേജ് ക്ഷാമവും മൽസ്യതൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങളാണ്. വിദ്യാഭ്യാസത്തിന്റെ ഔന്നത്യങ്ങളിൽ ഈ വിഭാഗത്തിന് വേണ്ടത്ര എത്തിപ്പെടാൻ കഴിഞ്ഞിട്ടില്ല. മൽസ്യഫെഡ് മുഖേനയുള്ള യാതൊരാനുകൂല്യവും പഞ്ചായത്തിലെ മൽസ്യതൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. മറ്റ് ഏജൻസികളിൽ നിന്നുള്ള ആനുകൂല്യങ്ങളും അത്യപൂർവം തന്നെ. I R D P തുടങ്ങിയ സ്കീമുകൾ മൽസ്യബന്ധന മേഖലയിൽ ഏർപ്പെടാൻ തൊഴിലാളികളെ ഒരു പരിധിവരെ സഹായിക്കുന്നു. എങ്കിൽപോലും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ മടികാണിക്കുന്നു. I R D P ലോണായി വള്ളം മാത്രമാണ് യഥാർത്ഥത്തിൽ മൽസ്യതൊഴിലാളി കുടുംബങ്ങൾക്ക് ലഭിക്കുന്നത്. മൂവാറ്റുപുഴയാറിന്റെ പതനസ്ഥാനമായതുകൊണ്ട് രൂക്ഷമായ പ്രശ്നങ്ങളാണ് പഞ്ചായത്തിലെ മൽസ്യതൊഴിലാളികൾ അഭിമുഖീകരിക്കേണ്ടിവരുന്നത്. മുഖ്യപ്രശ്നം വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയിൽ നിന്നുള്ള മലിനജലത്തിന്റെ അമിതമായ പ്രവാഹമാണ്. ഇത് മൽസ്യങ്ങൾ ചത്തൊടുങ്ങുവാനും പ്രജനന പ്രക്രിയക്ക് തടയിടുവാനും കാരണമാകുന്നുണ്ട്.

പ്രശ്നങ്ങൾ

1. മൽസ്യതൊഴിലാളി കുടുംബങ്ങൾ താമസിക്കുന്ന തീരപ്രദേശങ്ങളിൽ കായലിലേക്ക് നീണ്ടു നിൽക്കുന്ന കക്കൂസുകൾ രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
2. നവംബർ, ഡിസംബർ മാസങ്ങളിൽ മൽസ്യം തീരെ ലഭിക്കുന്നില്ല.
3. വേമ്പനാട്ടുകായലിൽ മൽസ്യസമ്പത്ത് വേണ്ടത്രയില്ലാത്തതുകൊണ്ടും, മൽസ്യങ്ങളുടെ ആവാസസ്ഥലങ്ങൾ കുറവായതിനാലും ചൂണ്ട ഉപയോഗിച്ചുള്ള മൽസ്യബന്ധനത്തിൽ നിന്നും തൊഴിലാളികൾ പിൻവലിയുന്നു.
4. മൽസ്യബന്ധന ഉപകരണങ്ങൾക്ക് അമിതമായ വില നൽകേണ്ടിവരുന്നു.
5. മൽസ്യ വിപണനത്തിന് ഗ്രാമത്തിൽ സൗകര്യങ്ങളൊന്നുമില്ല. എറണാകുളം ജില്ലയിലെ ചമ്പക്കര, സൗത്ത് പറവൂർ, കാഞ്ഞിരമറ്റം, കോട്ടയം ജില്ലയിലെ മുറിഞ്ഞപുഴ തുടങ്ങിയ മൽസ്യമാർക്കറ്റുകളിലാണ് പഞ്ചായത്തിലെ തൊഴിലാളികൾ മൽസ്യം വിൽക്കുന്നത്. ഇവിടങ്ങളിലെത്തുവാനുള്ള യാത്രാച്ചെലവും, ഇടനിലക്കാരുടെ കമ്മീഷനും തൊഴിലാളിയുടെ യഥാർത്ഥ വരുമാനത്തിൽ അധികമായ കുറവു വരുത്തുന്നു.
6. ലഭിക്കുന്ന മൽസ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളോ, അന്യമാർക്കറ്റുകളിൽ എത്തിക്കുവാനുള്ള ഗതാഗത സൗകര്യമോ ഇല്ലാത്തതിനാൽ മൽസ്യലഭ്യതയുടെ തക്കത്തിനനുസരിച്ച് തൊഴിലിൽ ഏർപ്പെടാൻ തൊഴിലാളിക്ക് കഴിയാതെ വരുന്നു.
7. തണ്ണീർമുക്കം ബണ്ട് അടച്ചിടുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും മൽസ്യസമ്പത്തിന്റെ ദൗർലഭ്യവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
8. മൽസ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി കഴിഞ്ഞവർഷം നൽകിയ അപേക്ഷകളൊന്നുംതന്നെ പരിഗണിച്ചിട്ടില്ല. അംഗത്വം നൽകുന്നതിലെ സാങ്കേതികതകളും, അംഗത്വം ലഭിച്ചുകഴിഞ്ഞാലും വേണ്ട സമയത്തു ആനുകൂല്യം ലഭ്യമാകുന്നതിലും സാങ്കേതികത്വത്തിന്റെ നൂലാമാലകളാണ് ഉള്ളത്. ഇത് യഥാർത്ഥ മൽസ്യതൊഴിലാളികളെ ബോർഡിൽ നിന്നും അതുവഴി അർഹമായ ആനുകൂല്യങ്ങളിൽ നിന്നും അകറ്റുന്നു.

9. ബന്ധപ്പെട്ട ഏജൻസികൾ ഉൾനാടൻ മൽസ്യതൊഴിലാളി ക്ഷേമത്തിനായി സ്വീകരിക്കുന്ന നടപടികൾ ഊർജിതമല്ല.

10. തേവര മുതൽ അരൂക്കുറ്റിവരെയുള്ള കായൽ ഭാഗങ്ങളിൽ അധികൃതമായും അനധികൃത മായും സ്ഥാപിക്കപ്പെട്ടിട്ടുള്ള ഊന്നിവലകൾ വഴി വേലിയേറ്റ സമയത്തുള്ള നിയമവിരുദ്ധ മായ മൽസ്യബന്ധനം (ഏറ്റംകെട്ട്) കായൽ മൽസ്യസമ്പത്തിനെ കൊള്ളയടിക്കുന്നു.

11. ചീനവലക്ക് ലൈസൻസ് പുതുതായി അനുവദിക്കാത്തതും, ചീനവലക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കാത്തതും തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

12. അർഹരായ നിരവധി അപേക്ഷകർക്ക് മൽസ്യതൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടിട്ടില്ല.

13. മൽസ്യതൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് രൂക്ഷമായ തൊഴിലില്ലായ്മയും, തൊഴി ലിൽ ഏർപ്പെടുന്നവർക്ക് നിരവധി കഷ്ടതകളും അഭിമുഖീകരിക്കേണ്ടിവരുന്നു.

14. വിവിധ സ്ഥലങ്ങളിൽ നിന്ന് കായലിലേക്കു തള്ളുന്ന ചകിരിച്ചോറ് ജലമലിനീകരണത്തി നും, മൽസ്യ സമ്പത്തിന്റെ നാശത്തിനും കാരണമാകുന്നു.

15. വിവിധ ഏജൻസികൾ മൽസ്യത്തൊഴിലാളികൾക്കായി ഏർപ്പെടുത്തുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ വിവരങ്ങൾ പഞ്ചായത്തിലെ തൊഴിലാളികൾ യഥാസമയം അറിയുന്നില്ല.

16. ശക്തമായ ഓളവും കാറ്റും മൂലം പാവപ്പെട്ട തീരദേശ വാസികളായ മൽസ്യത്തൊഴിലാളിക ളുടെ തുച്ഛ സമ്പാദ്യമായ ഭൂമിയിലേറെയും കായൽ വിഴുങ്ങുന്നു.

17. തീരപ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം (പ്രത്യേകിച്ച് 1 -ാം വാർഡിൽ) അനുഭവപ്പെടുന്നു.

18. അനേകം മൽസ്യത്തൊഴിലാളി വീടുകൾ ഇന്നും ഓലമേഞ്ഞ കൊച്ചുകുടിലുകൾ തന്നെയാ ണ്. ഓടുമേഞ്ഞ വീടുകളിൽ പലതും ജീർണാവസ്ഥയിലുള്ളതും പണി പൂർത്തീകരിക്കാൻ കഴിയാത്തവയും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ലത്തവയുമാണ്.

19. മൽസ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സഞ്ചാര യോഗ്യമായ റോഡുകളു ടെ അഭാവമുണ്ട്.

20. മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ ആരോഗ്യകേന്ദ്രത്തിന്റെ അഭാവം.

21. അന്യനാടുകളിലേക്കും സംസ്ഥാനങ്ങളിലേക്കുമായി വേമ്പനാട്ടു കായലിൽ നിന്ന് മൽസ്യ ക്കുഞ്ഞുങ്ങളെ പിടിച്ചുകൊണ്ടു പോകുന്നു.

22. മൽസ്യ സമ്പത്തിന്റെ കടുത്ത ദൗർലഭ്യം മൂലമാണ് മൽസ്യതൊഴിലാളി കുടുംബങ്ങളിലേ റെയും കക്കവാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ രംഗത്ത് ധാരാളമായി സ്ത്രീകളു ടെ പങ്കാളിത്തം ഉണ്ട്.

എന്നാൽ ഈ മേഖലയിൽ കൊടിയ ചൂഷണമാണ് നിലനിൽക്കുന്നത്. ഏറെ വ്യാവസാ യിക സാധ്യതയുള്ള കക്കാത്തൊണ്ട് വളരെ കുറഞ്ഞ വിലക്കാണ് സ്വകാര്യ വ്യക്തികളായ ഇടനിലകാരും കച്ചവടക്കാരും വാങ്ങുന്നത്. ശരിയായ അളവിന്റെ ഇരട്ടിയിലധികമാണ് അളന്നെടുക്കുന്നത്. തൊഴിലാളികൾക്ക് മുൻകൂർ പണം നൽകി പ്രത്യേക തരത്തിലുള്ള വിധേയത്വം സൃഷ്ടിച്ച് അടിമപ്പെടുത്തിയാണ് ഈ ചൂഷണമരങ്ങേറുന്നത്. ഏറെ അധ്വാനം ആവശ്യമായ ജോലിയാണ് കക്കാശേഖരണം. അതിലുമേറെ അധ്വാനവും ഇന്ധനവും ചെല വഴിച്ചാണ് കക്കയിൽ നിന്നും ഇറച്ചി വേർതിരിച്ചെടുക്കുന്നത്. ഈ ഇറച്ചിയും അനവധി ഉൽപ്പന്നങ്ങളുടെ അസംസ്കൃത വസ്തുവായി ഉപയോഗിക്കപെടുന്നു. എന്നാൽ ഇതിന്റെ ഉൽപാദകരായ തൊഴിലാളികൾക്ക് വളരെ തുച്ഛമായ വിലയാണ് ലഭിക്കുന്നത്. ഈ രണ്ടു കച്ചവട മേഖലകളിലും കച്ചവടക്കാരുടെ ഒത്തുകളിയും കൊടിയ ചൂഷണവും പ്രശ്ന ങ്ങൾ സൃഷ്ടിക്കുന്നു.

23. വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയിൽ നിന്ന് മലിനജലം കായലിലേക്ക് തള്ളിവിടുന്ന അവസ രങ്ങളിൽ മൽസ്യതൊഴിലാളികൾ ദാരിദ്ര്യത്തിലകപ്പെടുന്നു.

സാധ്യതകൾ

1. മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന പഞ്ഞമാസാനുകൂല്യങ്ങൾ ഉൾനാടൻ മേഖലയിൽ നവംബർ, ഡിസംബർ മാസങ്ങളിൽ അനുവദിക്കുക.
2. മൽസ്യതൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അതുവഴി മൽസ്യബന്ധനോപകരണങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക. മൽസ്യ വാങ്ങുന്നതിനും, അല്ലാത്തപക്ഷം കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക. മൽസ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി 'ചെമ്മീൻ അച്ചാർ നിർമാണ യൂണിറ്റ്' കക്കാ ഇറച്ചി ഫീഡ്സ്, ശുദ്ധീകരിച്ച കക്കാ ഇറച്ചി പാക്കറ്റിലാക്കി ഭക്ഷ്യാവശ്യത്തിന് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം തുടങ്ങിയവയും ഏർപ്പെടുത്തുക.
3. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ മറ്റു മേഖലകൾക്ക് ദോഷകരമാകാത്ത വിധം എക്കാലവും തുറന്നിടുവാനുള്ള നടപടികൾ സ്വീകരിക്കുക.
4. അപേക്ഷിക്കുന്ന തീയതി മുതലുള്ള വിഹിതം വാങ്ങിച്ചുകൊണ്ട് മുൻകാലങ്ങളിലേതുൾപ്പെടെയുള്ള അപേക്ഷകരായ മുഴുവൻ മൽസ്യത്തൊഴിലാളികൾക്കും മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുക. നിയമക്കുരുക്കുകൾ തൊഴിലാളിക്ക് ഗുണകരമായി ഒഴിവാക്കുക.
5. തേവര മുതൽ ആരംഭിക്കുന്ന മുഴുവൻ അനധികൃത ഊന്നിക്കുറ്റികളും നീക്കം ചെയ്യുകയും ഊന്നികുറ്റികളുടെ 'ഏറ്റംകെട്ട്' കർശനമായി നിരോധിക്കുകയും ചെയ്യുക.
6. നിലവിലുള്ള ഊന്നിവലകൾക്ക് ദോഷകരമാവാത്ത നിലയിൽ പുതിയ ഊന്നിവലകൾ, ചീനവലകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുകയും, മണ്ണെണ്ണ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.
7. അർഹരായ മുഴുവൻ അപേക്ഷകർക്കും, പുനരന്വേഷണം നടത്തി മൽസ്യത്തൊഴിലാളി പെൻഷൻ അനുവദിക്കുക.
8. മുഴുവൻ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും സാനിറ്റേഷൻ സൗകര്യമേർപ്പെടുത്തുക.
9. H P C യിൽ നിന്നുള്ള വിഷമയ ജലം പുഴയിൽ തള്ളാതിരിക്കുന്നതിനാവശ്യമായ നടപടികൾ പരമപ്രാധാന്യത്തോടെ ചെയ്യുക.
10. ചകിരിച്ചോറു കൊണ്ടുള്ള വളം നിർമാണ യൂണിറ്റുകൾ ആരംഭിക്കുക.
11. 'ഏകജാലക ഓഫീസ്' സമ്പ്രദായം ഉടൻ ആരംഭിക്കുക.
12. പഞ്ചായത്തിന്റെ തീരപ്രദേശങ്ങൾ- പ്രത്യേകിച്ച് മൽസ്യതൊഴിലാളികളുടെ സ്ഥലങ്ങളുടേത്- കല്ലുകെട്ടി സംരക്ഷിക്കുക.
13. ശുദ്ധജല വിതരണം കാര്യക്ഷമമാക്കി തീരപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക.
14. തീരദേശ റോഡുകൾ പുതുതായി നിർമ്മിക്കുകയും, നിർമാണമാരംഭിച്ചവ പൂർത്തീയാക്കുകയും ചെയ്യുക.
15. മൽസ്യത്തൊഴിലാളി മേഖലയിൽ ഒരു ഫിഷറീസ് ആശുപത്രിയും ഹോമിയോ ചികിൽസാ കേന്ദ്രവും സ്ഥാപിക്കുക.
16. മൽസ്യകുഞ്ഞുങ്ങളെ പിടിക്കുന്നതും പ്രജനനകാലത്തുള്ള വള്ളിവലി തുടങ്ങിയ മൽസ്യബന്ധ രീതികളും ഒഴിവാക്കുക.
17. 1-ാം വാർഡിലെ കണ്ണാഞ്ചിറ , 2 -ാം വാർഡിലെ പടിഞ്ഞാറുഭാഗം, 8 -ാം വാർഡിലെ ചേപ്പേലികരി, മറ്റു ഉൾനാടൻ ജലാശയങ്ങൾ എന്നിവിടങ്ങളിൽ മൽസ്യകൃഷികൾ (ഓരുജല/ശുദ്ധജല) സഹകരണ സംഘത്തിന്റെ കീഴിൽ ആരംഭിക്കുക.
18. ആറ്റുകൊഞ്ചു കുഞ്ഞുങ്ങൾ തുടങ്ങിയവയെ കായലിൽ നിക്ഷേപിക്കുക.
19. പെരുമ്പളം പഞ്ചായത്ത് മൽസ്യഗ്രാമമായി പ്രഖ്യാപിക്കുക.
20. മൽസ്യതൊഴിലാളികൾക്ക് പുതിയ വീടുകൾ വയ്ക്കുന്നതിനും, പഴയ വീടുകളുടെ ജീർണാവസ്ഥ പരിഹരിക്കുന്നതിനും, പണി പൂർത്തീകരിക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനും മുൻഗണന നൽകുക.
21. കക്കാ സഹകരണസംഘം സ്ഥാപിച്ച് കക്കാ തൊഴിലാളികളെ കക്കാ വ്യവസായികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുക.
22. കക്കാ തൊഴിലാളികളെ മൽസ്യതൊഴിലാളികളായി അംഗീകരിക്കുക.
23. കക്കാത്തൊണ്ട് ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
24. ഫിഷ്ലാൻറിങ് സെൻററുകൾ ആരംഭിക്കുക. ഇവിടങ്ങളിൽ ശീതീകരണ സംവിധാനവും ലഭ്യമാക്കണം.



വ്യവസായം

വ്യവസായ രംഗത്ത് വളരെ പഴയതോ, ശോഭനമോ ആയ ചരിത്രമൊന്നും പെരുമ്പളം പഞ്ചായത്തിന് അവകാശപ്പെടാനില്ല. ഇതൊരു ദ്വീപാണല്ലോ. ഗതാഗത സൗകര്യങ്ങൾ വളരെ പരിമിതവും. ജലഗതാഗതമാർഗം മാത്രമുണ്ടായിരുന്ന ഇവിടെ വ്യവസായങ്ങൾ തുടങ്ങാതെയും വളരാതേയും പോയത് അത്ഭുതവുമല്ല. പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻ വ്യവസായങ്ങളൊന്നും ഉണ്ടായിട്ടില്ല. കാർഷിക ഗ്രാമമായ ഇവിടെ മുഖ്യവിള നാളികേരമാണ്. സ്വാഭാവികമായും തൊണ്ടഴുക്കി ചകിരിനാരുണ്ടാക്കി കയറുദ്പാദിപ്പിക്കുക എന്നത് കുടിൽ വ്യവസായമായി നിലനിന്നു. നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ഈ പരമ്പരാഗത കുടിൽ വ്യവസായം പ്രതിസന്ധിയെ നേരിട്ടപ്പോൾ കൂലി കൂടുതലിനും വിപണന സൗകര്യങ്ങൾക്കും സഹായകമായ വിധത്തിൽ ഒരു കയർ വ്യവസായ സംഘം നിലവിൽ വന്നു. ഇന്ന് മൂന്ന് വ്യവസായ സഹകരണ സംഘങ്ങളുണ്ടെങ്കിലും ഒന്നുമാത്രം ലാഭത്തിൽ പ്രവർത്തിക്കുന്നു. ഒന്നു നഷ്ടത്തിലും, മറ്റൊന്ന് പ്രവർത്തിക്കുന്നുപോലും ഇല്ല. തഴപ്പായ നെയ്ത്ത് കുടിൽവ്യവസായമായി വളരെ പണ്ടുകാലം മുതലേ നിലവിലുണ്ടായിരുന്നു. ഇന്ന് അതും നാമമാത്രമായി.

ഈ പഞ്ചായത്തിൽ പല മേഖലകളിലായി 4000 പേർ തൊഴിൽ ചെയ്യുന്നനു. 2500 പുരുഷന്മാരും, 1500 സ്ത്രീകളും. ഇതിൽ വ്യവസായ തൊഴിലാളികൾ 1003 മാത്രം. പുരുഷന്മാർ 332, സ്ത്രീകൾ 671. ആകെ തൊഴിൽ ചെയ്യുന്നവരിൽ 16.8 ശതമാനം മാത്രമാണ് വ്യവസായ തൊഴിലാളികൾ. യഥാർത്ഥത്തിൽ നല്ല നിലയിൽ ഇന്നും പ്രവർത്തിച്ചു പോരുന്ന ഒരു കയർ വ്യവസായ സഹകരണ സംഘത്തിന്റെ സംഭാവനയാണ് ഇതിൽ മുന്തിയപങ്കും. അച്ചാർ നിർമാണവും, സോപ്പു നിർമാണവും കുടിൽ വ്യവസായമായി ഉണ്ടായിരുന്നെങ്കിലും ഇന്നതില്ല. അച്ചടി, പപ്പട നിർമാണം, നെയ്ത്ത്, നൂൽനൂൽപ്പ്, ബേക്കറി സാധനങ്ങളുടെ നിർമാണം, ഇവയൊക്കെ കുടിൽ വ്യവസായരംഗത്ത് നാമമാത്രമായി നിലവിലുണ്ട്.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും

ക്രമ നമ്പർ	വിഭാഗം	ജീവനക്കാരുൾപ്പെടെ തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1	കയർ സഹകരണ മേഖല	256	600	856
2	കൊപ്ര, വെളിച്ചെണ്ണ - സ്വകാര്യ മേഖല	60	10	70
3	തഴപ്പായ നെയ്ത്ത് (കുടിൽ വ്യവസായം)	-	5	5
4	ഖാദി യൂണിറ്റ്	2	30	32
5	മറ്റു വ്യവസായങ്ങൾ	14	26	40

വ്യാവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	ഇനം- കയർ വ്യവസായ സഹകരണ സംഘം	മെമ്പർമാർ	തൊഴിലാളികളുടെ എണ്ണം			ലാഭം /നഷ്ടം
			പുരുഷൻ	സ്ത്രീ	ആകെ	
1	377 -ാം നമ്പർ സംഘം	956	205	450	655	ലാഭം
2	106 -ാം നമ്പർ സംഘം	475	52	150	202	നഷ്ടം
3	ഗീതാഞ്ജലി Reg. No. 899 A	31	-	-	-	-

(ഗീതാഞ്ജലി കയർ വ്യവസായ സംഘത്തിലെ 200 അംഗങ്ങളുടെ അംഗത്വം ഓഹരിപൂർണമാക്കാത്തതിനാൽ നഷ്ടമായി)

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമനമ്പർ	ഇനം	ആകെ തൊഴിലാളികളുടെ എണ്ണം			
	വ്യവസായങ്ങൾ	പുരുഷൻ	സ്ത്രീ	ആകെ	
1	നാളികേരം (കൊപ്ര-വെളിച്ചെണ്ണ)	5	60	10	70
2	അച്ചടി	1	2	-	2
3	പപ്പട നിർമാണം	2	5	1	6

പരമ്പരാഗത കുടിൽ വ്യവസായം

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1	തഴപ്പായ നിർമാണം	-	5	5
2	ഓലമെടച്ചിൽ	5	25	30

അച്ചടി, പപ്പട നിർമാണം, ഖാദി യൂണിറ്റ് എന്നിവയൊഴികെ എല്ലാ വ്യവസായ യൂണിറ്റുകളും ഇവിടത്തെ കാർഷിക മേഖലയെ ആശ്രയിച്ചു പ്രവർത്തിക്കുന്നു.

വേമ്പനാട്ടു കായലിലെ ഏറ്റവും വലിയ ദ്വീപായ പെരുമ്പളം പഞ്ചായത്തിനു ചുറ്റും വീതിയേറിയ കായലാണ് അതുകൊണ്ട് തന്നെ ഗതാഗത സൗകര്യംവളരെ കുറവുള്ള പഞ്ചായത്താണിത്. മറ്റു സ്ഥലങ്ങളിൽ നിന്നും ഇവിടേക്ക് വന്നുചേരുന്നതിനും ഇവിടെ നിന്നും മറുകരയിലെത്തുന്നതിനും ജലമാർഗയാത്ര അനിവാര്യം. തുഴവഞ്ചിയിലുള്ള യാത്രയായിരുന്നു അടുത്തകാലം വരെ. ഇപ്പോൾ കടത്തുബോട്ടുകളും ഔട്ടുബോർഡ് എൻജിൻ ഘടിപ്പിച്ച വഞ്ചിയുമുണ്ട്. പഞ്ചായത്തിനുള്ളിലും ഗതാഗത സൗകര്യം കുറവാണ്. പൂഴിയിട്ട റോഡുമാത്രം, അതും ഇടമുറിഞ്ഞ് സൈക്കിൾ യാത്രപോലും അസാധ്യം. ഈ അവസ്ഥ വ്യവസായ തുടങ്ങളേയും പുരോഗതിയെയും പുറകോട്ടടിച്ചു എന്നു കരുതണം.

വൈദ്യുതി ലഭ്യമായിട്ട് 23ദ വർഷങ്ങളായിയെങ്കിലും വോൾട്ടേജ് ക്ഷാമം ഗുരുതരമാണ്. 3 ഫെയ്സ് ലൈൻ വളരെ കുറവ്. ആവശ്യമായത്ര ശക്തിയിൽ വേണ്ടത്ര ട്രാൻസ്ഫോർമറുകളും ഇല്ല.

16.38 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ഈ പഞ്ചായത്തിൽ 2400 വീടുകളും, പതിനായിരത്തോളം ജനസംഖ്യയുമുണ്ട്. സാക്ഷരത, ആരോഗ്യപരിരക്ഷ, ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപ്പരത ഇവയെല്ലാം ഉയർന്ന നിലവാരത്തിലാണ്. നിത്യോപയോഗ സാധനങ്ങൾ പോലും പുറമെനിന്നും പഞ്ചായത്തിലെത്തിക്കുകയാണ്. ആ നിലയ്ക്ക നിത്യോപയോഗ വസ്തുക്കളിൽ ചിലതിൻെറയെങ്കിലും ഉൽപാദനവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ വളർന്നുവരേണ്ടതായിരുന്നു. എങ്കിലും ഇതുവരെ ഒന്നുംവളർന്നു വന്നില്ല.

കേരോല്പന്നങ്ങൾ, മൽസ്യം, കക്ക ഇവയാണ് പ്രാദേശികമായി ലഭ്യമാക്കിയിട്ടുള്ള അസംസ്കൃത വസ്തുക്കൾ.

പ്രശ്നങ്ങൾ

1. കരമാർഗ ഗതാഗത സൗകര്യക്കുറവ്.
2. കയർ നിർമാണ മേഖലയിലെ കുറഞ്ഞ കൂലിനിരക്ക്.
3. താരതമ്യേന കൂടുതൽ കൂലി കിട്ടുന്ന വിവിധതരം തൊഴിലുകൾക്കായി സമീപ പഞ്ചായത്തുകളിലേക്കും, പട്ടണങ്ങളിലേക്കും ഗ്രാമവാസികൾ പോകുന്നതുകൊണ്ട് തൊഴിലാളി ദൗർലഭ്യം.
4. ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത.
5. ഖാദി തുണിത്തരങ്ങൾ, സോപ്പു നിർമാണം, അച്ചാർ നിർമാണം എന്നിവക്കനുഭവപ്പെടുന്ന പ്രാദേശിക വിപണന സൗകര്യക്കുറവ്.
6. സാങ്കേതിക പരിജ്ഞാനക്കുറവ്.
7. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.
8. തൊഴിലാളികൾക്ക് പരിശീലനം കിട്ടാനുള്ള സാധ്യതക്കുറവ്.
9. സംരംഭകനാവശ്യമായ മാനസിക തയ്യാറെടുപ്പിനുള്ള ശക്തമായ പ്രേരണക്കുറവ്.
10. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.
11. ബന്ധപ്പെട്ട മേഖലയിൽ ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.
12. വിപുലമായ പ്രവർത്തന പരിധിയുള്ള വ്യവസായ സഹകരണസംഘങ്ങൾക്ക് പല പ്രാദേശങ്ങളിലേയും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ വരിക.

വിവിധ വ്യവസായ മേഖലകളിലെ കൂലിനിരക്ക്

ക്രമ നമ്പർ	ഇനം	പുരുഷൻ	സ്ത്രീ
1	കയർ	50 രൂപ	20 രൂപ
2	കൊപ്ര സംസ്ക്കരണം	60 രൂപ	40 രൂപ
3	അച്ചടി	60 രൂപ	–
4	സോഡാ നിർമാണം	40 രൂപ	–
5	പായ നെയ്ത്ത്		20 രൂപ

സാധ്യതകൾ

ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഒരു ചെറിയ ശതമാനം മാത്രമാണ് മറ്റു സ്റ്റേറ്റുകളിലും വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരായുള്ളുത്. സമീപ പഞ്ചായത്തുകളിലും പട്ടണങ്ങളിലും വിവിധ ജോലികൾക്കായി പോകുന്നവരുടെ സംഖ്യ അത്ര ചെറുതുമല്ല.

പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. കയർ മേഖല മാത്രമാണ് അൽപമെങ്കിലും പിടിച്ചു നിൽക്കുന്നത്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരിൽ കൂടുതൽ പേരും സ്ത്രീകളാണ്. മൂന്നു കയർ വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ഒന്നുമാത്രമാണ് മെച്ചമായി പ്രവർത്തിക്കുന്നത്. ഇവിടെ യന്ത്രവൽകൃത റാട്ടുപയോഗിച്ച് മെച്ചപ്പെട്ട പ്രവർത്തന വിജയത്തിനുള്ള പ്രയത്നത്തിലാണ്. ഇന്നത്തെ നിലയിൽ ഇതിനും പ്രയാസങ്ങളേറെയുണ്ട്. ഊർജലഭ്യതയ്ക്ക് ചെലവേറെയാണെന്നതാണ് പ്രശ്നം. കയർ മേഖലയിലെ മറ്റൊരു സഹകരണ സംഘം തകർച്ചയെ നേരിടുന്നു. വേറൊന്ന് പ്രവർത്തിക്കുന്നുപോലുമില്ല. ഇവയൊക്കെതന്നെ കാര്യക്ഷമതയോടെ പ്രവർത്തിപ്പിക്കാനുള്ള ശ്രമം അടിയന്തിരമായി വേണം.

വ്യക്തികളുടെ ഉടമയിൽ (സ്വകാര്യ ഉടമയിൽ) കയർ യൂണിറ്റുകളൊന്നും ഇന്ന് നിലവിൽ ഇല്ല. ഇനി ഉണ്ടാകാനുള്ള സാധ്യതയും കുറവാണ്. പക്ഷെ പഞ്ചായത്തിനു പുറത്തുനിന്നും സ്വകാര്യ മേഖലയിലെ വ്യവസായികൾ ഈ പഞ്ചായത്തിലെ ചകിരിപിരി തൊഴിലാളികളുടെ വീടുകളിൽ ചകിരി എത്തിച്ചുകൊടുത്ത് കയറു പിരിപ്പിച്ച് തിരികെ വാങ്ങിക്കൊണ്ടുപോകുന്ന രീതി നിലവിലുണ്ട്. ഏതാനും സ്ത്രീ തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

ചവുട്ടി, കയറ്റുപായ തുടങ്ങിയ ഉൽപന്നങ്ങൾ കയറും ചകിരിയും ഉപയോഗിച്ച് നിർമ്മിക്കുന്നതിന് സഹകരണ മേഖലയിൽ ഒരു യൂണിറ്റ് തുടങ്ങാനുള്ള സാധ്യതയുണ്ട്.

നാളികേരമാണ് സുലഭമായ ഒരു അസംസ്കൃത വസ്തു. ഇതുപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ പൊതുമേഖലയിലോ, സഹകരണ മേഖലയിലോ പ്രവർത്തിക്കുന്നില്ല. സ്വകാര്യ മേഖലയിൽ കൊപ്ര സംസ്ക്കരണവും വിപണനവും കൊപ്ര ആട്ടു വ്യവസായവും ഉണ്ട്. എണ്ണ മില്ലുകളുണ്ടെങ്കിലും മെച്ചമായതോ വിപുലമായതോ ആയ പ്രവർത്തനമില്ല. നാളികേരം മറ്റു പഞ്ചായത്തുകളിലേക്ക് കയറ്റി പോകുന്നു.

തെങ്ങ്, തേങ്ങ, ചിരട്ട മറ്റു കേരോൽപന്നങ്ങൾ എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഉദാരമായ വായ്പാനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ ഈ രംഗത്ത് വ്യവസായികളെ ആകർഷിക്കാൻ കഴിയും. നാളികേര സംഭരണ സംസ്ക്കരണ രംഗങ്ങളിൽ കേര ഫെഡ്, നാഫെഡ് തുടങ്ങിയ കേന്ദ്രങ്ങളുടെ സഹായങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയണം.

തെങ്ങിൻതടി, ചിരട്ട എന്നിവയുപയോഗിച്ച് കരകൗശല വസ്തുക്കളും ഉപകരണങ്ങളും ആകർഷകമായ രീതിയിൽ നിർമ്മിച്ച് വിതരണം നടത്തുന്നതിന് സാധ്യതയുണ്ട്.

തഴപ്പായനെയ്ത്ത് കുടിൽ വ്യവസായമായി ചെറിയ തോതിൽ നിലനിൽക്കുന്നുണ്ട്. ഈ രംഗത്തുള്ളവരെ സഹകരണാടിസ്ഥാനത്തിൽ ബന്ധിപ്പിച്ചാൽ ഈ വ്യവസായം പുനരുജ്ജീവിപ്പിക്കാൻ സാധിക്കും.

ഖാദി ബോർഡിന്റെ കീഴിൽ ഒരു നെയ്ത്ത് കേന്ദ്രം പ്രവർത്തിക്കുന്നു. കുറഞ്ഞ കൂലിനിരക്കു കാരണം ഈ കേന്ദ്രം മുഴുവനായി ഇന്ന് പ്രവർത്തിക്കുന്നില്ല. ഇതു വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കാൻ കഴിയണം. കുടിൽ വ്യവസായരംഗത്ത് മെഴുകുതിരി നിർമാണം, സോപ്പു നിർമാണം, കറിപൗഡർ നിർമാണം, ബുക്ക് ബൈൻഡിങ്, കളിപ്പാട്ട നിർമാണം, തേനീച്ച വളർത്തൽ എന്നിവ ഖാദി ബോർഡിന്റെ നഹായത്തോടെ തുടങ്ങാനുള്ള സാധ്യതയുണ്ട്.

പെരുമ്പളം പഞ്ചായത്തിൽ വസ്ത്രങ്ങൾ തുന്നുന്ന പണിയിലേർപ്പെട്ടിരിക്കുന്നവർ കുറവല്ല. പല കാരണങ്ങളാലും മുഴുവൻ സമയ തുന്നൽക്കാരാവാൻ പറ്റാത്തവരും ധാരാളമുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ കൂട്ടിച്ചേർത്ത് റെഡിമെയ്ഡ് വസ്ത്ര നിർമാണ രംഗത്ത് ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള സാധ്യത വളരെയാണ്. വിപണന സൗകര്യവും കുറവല്ല.

പഞ്ചായത്തിനു ചുറ്റുമുള്ള വേമ്പനാട്ടു കായലിൽ നിന്നും കക്ക വാരി ഉപജീവനം കഴിക്കുന്നവർ വളരെയുണ്ട്. കക്കാ ഇറച്ചി വിറ്റും, കക്കാത്തോടു വിറ്റും സമ്പത്തുണ്ടാക്കുന്നു. നിലവിലൊരു സഹകരണ സംഘം, ഈ പഞ്ചായത്തുപ്രദേശം കൂടെ പ്രവർത്തനമേഖലയായി ചേർത്തിട്ടുണ്ടെങ്കിലും ഇതിന്റെ പ്രയോജനം ഈ പഞ്ചായത്തിലെ കക്കാ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കക്കാ ഇവിടെനിന്നും സ്വകാര്യ ഏജൻസികൾ സംഭരിക്കുന്നു. മറ്റു സ്ഥലങ്ങളിലേക്ക് കയറ്റിക്കൊണ്ടുപോകുന്നു. കക്ക വാങ്ങി ശേഖരിച്ച് കുമ്മായം, നീറ്റുകക്ക എന്നിവ ഉല്പാദപ്പിക്കുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനും സാധ്യതയുണ്ട്.

വേമ്പനാട്ടു കായലിൽ നിന്നും മൽസ്യം പിടിച്ച് ജീവിക്കുന്നവർ ധാരാളമുള്ള പഞ്ചായത്താണിത്. മൽസ്യ വ്യവസായ സഹകരണ സംഘം സ്ഥാപിച്ച് മൽസ്യസംസ്ക്കരണം, വിപണനം, വല നിർമാണം എന്നിവയ്ക്കായുള്ള യൂണിറ്റു സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്.

ചകിരിച്ചോർ ഉപയോഗിച്ച് ജൈവവള നിർമാണം പരീക്ഷണാടിസ്ഥാനത്തിൽ ഇവിടെ ഒരു കയർ സഹകരണസംഘത്തിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഗതാഗത സൗകര്യക്കുറവുമൂലം ഇന്നത് സ്തംഭനത്തിലാണ്. സൗകര്യങ്ങൾ വർധിപ്പിച്ച് ജൈവവളോപയോഗ ബോധവൽക്കരണവും നടത്തിയാൽ മെച്ചമാകും. പരിസരമലിനീകരണ നിവാരണത്തിനും ഈ വ്യവസായ യൂണിറ്റ് പ്രയോജനപ്പെടും. ചകിരിച്ചോർ ഉപയോഗിച്ച് ഹാർഡ്ബോർഡ് നിർമാണ വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ മൂലധനത്തോടെ ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾ.

1. നവീനരീതിയിലുള്ള തൊണ്ടഴുക്കൽ.
2. പച്ച ചകിരിനാരു നിർമാണം.
3. ചവുട്ടി, കയറ്റുപായ മുതലായവ നിർമാണം.
4. ചകിരിച്ചോർ ജൈവവള നിർമാണം.
5. ചകിരിച്ചോർ ഉപയോഗിച്ച് ഹാർഡ്ബോർഡ് നിർമാണം.
6. തെങ്ങുതടി കൊണ്ടുള്ള ഫർണീച്ചറും കെട്ടിട നിർമാണ സാമഗ്രികളും നിർമ്മിക്കൽ.
7. ചിരട്ട, തെങ്ങിന്റെ മറ്റുപയോഗിക്കാവുന്ന ഭാഗങ്ങൾ എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളും ഗൃഹോപകരണങ്ങളും നിർമ്മിക്കൽ.
8. നാളികേര സംസ്ക്കരണം, വെളിച്ചെണ്ണ ഉല്പാദനം തുടങ്ങിയവ.

9. അച്ചാറുകൾ, പഴം, ജാമുകൾ മുതലായവ ഉണ്ടാക്കൽ.
10. അവിൽ നിർമാണം.
11. കക്കാ നീറ്റ് യൂണിറ്റ്.
12. കശുവണ്ടി സംഭരണ വിപണന യൂണിറ്റ്.
13. ചിപ്പ്സ്, മുറുക്ക്, ബേക്കറി സാധനങ്ങൾ മുതലായ പലഹാര നിർമാണ യൂണിറ്റ്.
14. ഫാൻസി ഫൈബർ നിർമാണം. (വാഴനാര്, കൈതനാര്)
15. കശുമാങ്ങയിൽ നീന്നും ഫെനി ഉല്പാദിപ്പിക്കുന്ന യൂണിറ്റ് സ്ഥാപിക്കുക.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

1. മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ.
2. റെഡിമെയ്ഡ് വസ്ത്രങ്ങൾ.
3. ആയുർവേദ മരുന്നു നിർമാണം.
4. അലക്കുസോപ്പ് നിർമാണം.
5. സോപ്പുപൊടി നിർമാണം.
6. ക്ലീനിങ് പൗഡർ നിർമാണം.
7. ഇനാമൽ പെയ്ന്റ് നിർമാണം.
8. സ്കൂൾബാഗ് നിർമാണം.
9. ഇലക്ട്രോണിക് ചോക്കു നിർമാണം.
10. എമർജൻസി ലാംബ് നിർമാണം.
11. കറി പൗഡർ നിർമാണം.
12. ലികിഡ് ഡിറ്റർജന്റ് നിർമാണം.
13. നോട്ടുബുക്ക് നിർമാണം.
14. കുട നിർമാണം.
15. സ്റ്റീൽ ഫർണീച്ചർ നിർമാണം.
16. സിമൻറിഷ്ടിക നിർമാണം.
17. ആർ.സി.സി. വാതിൽ, ജനൽ, കട്ടിള നിർമാണം.
18. കിടക്ക നിർമാണം.
19. ബാഗ്, റെയിൻകോട്ട് മുതലായ റെക്സിൻ ഉപകരണങ്ങൾ നിർമ്മിക്കൽ.

വൻകിട വ്യവസായം

പെരുമ്പളം പഞ്ചായത്തിലെ വാർഷിക കേരോൽപാദനം അമ്പതുലക്ഷത്തോളം വരും. ഇപ്പോഴ തിൽ 40 ശതമാനത്തോളം മറ്റു പഞ്ചായത്തുകളിലേക്ക് കയറ്റി പോകുന്നുണ്ട്. മുഖ്യമായ ഈ അസം സ്കൃത വസ്തു ഉപയോഗിച്ച് ഒരു നാളികേര കോംപ്ലക്സ് സ്ഥാപിക്കാവുന്നതാണ്. വ്യവസായ സംരംഭങ്ങൾക്കാവശ്യമായ വൈദ്യുതി, ഗതാഗതസൗകര്യം, വാർത്താവിനിമയ സൗകര്യം, അസംസ് കൃത വസ്തുക്കളുടെ ലഭ്യത, ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത, കാര്യക്ഷമതയുള്ള തൊഴിലാളിക ളുടെ ലഭ്യത ഇവകൾ സുഗമമാക്കുന്നതിന് പഞ്ചായത്ത് സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാ ണ്. ഇതിനായി താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ പതിയേണ്ടതാണ്.

1. മാക്കേക്കടവ് സബ്സ്റ്റേഷനിൽ നിന്നുകൂടെ പെരുമ്പളത്തേയ്ക്കു ഇലക്ട്രിക് കറണ്ടു സപ്ലേ യ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുക.
2. കരമാർഗ ഗതാഗത സൗകര്യത്തിനായി വാത്തികാട്ട്-വട്ടവയൽ പാലം നിർമ്മിക്കുക.
3. ആവശ്യാനുസരണം ശക്തിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചും, ത്രീഫെയ്സ് ലൈൻ വലിച്ചും സപ്ലേ മെച്ചപ്പെടുത്തുക.
4. ടാർ റോഡുകൾ പഞ്ചായത്തിനകത്തെ പ്രധാന കേന്ദ്രങ്ങൾ ബന്ധിപ്പിച്ച് നിർമ്മിക്കുക.
5. മെച്ചപ്പെട്ട സേവന വേതന ഘടനയിലൂടെ തൊഴിലാളികളെ ആകർഷിക്കുക.

6. ജട്ടികളും ലാൻറിങ് സെൻററുകളും നിർമ്മിക്കുക.
7. കമ്യൂണിക്കേഷൻ സൗകര്യങ്ങൾക്കായി അനുവദിച്ചുകിട്ടിയ ടെലഫോൺ എക്സ്ചേഞ്ച് പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനു വരുന്ന അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിന് ഇടപെടുക.
8. ഈ പഞ്ചായത്തിലെ വ്യവസായിക കാര്യങ്ങൾക്കായി നിരന്തരം ബന്ധപ്പെടേണ്ടി വരിക അടുത്ത വ്യവസായ മേഖലയായ കൊച്ചി, എറണാകുളം പ്രദേശത്തെയാണ്. പുതിയ ടെലഫോൺ എക്സ്ചേഞ്ച് വരുമ്പോൾ ഫോണിൽ എറണാകുളം, കൊച്ചി മേഖലയുമായി ബന്ധപ്പെടുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെട്ടുകൂടാ.
9. വ്യവസായ ആവശ്യങ്ങൾക്കായുള്ള വായ്പാ സൗകര്യങ്ങൾ ഉദാരവൽക്കരിക്കുകയും, സാങ്കേതിക തടസങ്ങൾ ഉണ്ടാകാതിരിക്കകാൻ നിഷ്ക്കർഷിക്കുകയും ചെയ്യുക.
10. വ്യവസായാവശ്യങ്ങൾക്കുള്ള സ്ഥലലഭ്യത കുറവുവരാതിക്കത്തക്കവിധത്തിൽ മുൻകൂട്ടി മിനി വ്യവസായ എസ്റ്റേറ്റിനുള്ള സ്ഥലം പഞ്ചായത്തേറ്റെടുക്കുക.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട മറ്റു വ്യവസായങ്ങൾ

1. പ്ലൈവുഡ് വ്യവസായം.
2. കശുവണ്ടി സംഭരണവും വിപണനവും.
3. പട്ടുനൂൽ വ്യവസായം.
4. അടയ്ക്കാ സംഭരണവും വിപണനവും
5. കവർ, കാർഡ്ബോർഡ് പെട്ടികൾ നിർമ്മിക്കൽ

ടൂറിസത്തേയും ക്ഷീരവ്യവസായ സഹകരണസംഘത്തേയും കുറിച്ച് വിശദമായ പ്രതിപാദനമുള്ളതുകൊണ്ട് ഇവിടെ പരാമർശമില്ല.

നിർദ്ദേശങ്ങൾ

1. കയറിനും കയറുല്പന്നങ്ങൾക്കും മെച്ചപ്പെട്ട വിദേശവിപണി കണ്ടെത്തുന്നതിനുള്ള ഊർജിത പരിശ്രമങ്ങൾ നടത്തുക.
2. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം വ്യാപകമാക്കി ഗുണനിലവാരമുള്ള ചകിരിനാരുണ്ടുക.
3. കയറിന്റെ ആഭ്യന്തര ഉപയോഗം മെച്ചമാക്കാൻ റബറൈസ്ഡ് കയർ ഉൽപാദിപ്പിക്കാനും വിവിധമേഖലകളിൽ ഉപയോഗിക്കാനും തയ്യാറാക്കുക.
4. കയറിന്റെ ഉപയോഗക്ഷമതയും ഉപയോഗ ബാഹുല്യവും വർധിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ പരീക്ഷണ ഗവേഷണങ്ങൾ നടത്തുക.
5. യന്ത്രവൽകൃത കയർ നിർമാണത്തിനുപയോഗിക്കുന്ന യന്ത്രങ്ങളുടെ ഉപയോഗക്ഷമതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിനുള്ള പരീക്ഷണങ്ങൾ നടത്തുക.
6. കയർകൊണ്ടുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിൽ പരിശീലനങ്ങൾ ഏർപ്പെടുത്തുക.
7. കക്കാ വ്യവസായത്തിന്റെ പുരോഗതി ലാക്കാക്കി ആവശ്യമെങ്കിൽ ചെറു കക്ക വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക.
8. വ്യവസായ തൽപരരുടെ ലിസ്റ്റ് ശേഖരിച്ച് അതിൽനിന്നും വ്യവസായ സംരംഭകരെ വാർത്തെടുക്കാൻ പരിശീലനം കൊടുക്കുക.
9. നിലവിലുള്ള വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും വ്യവസായങ്ങൾ നേരിൽ കണ്ടുപഠിക്കുന്നതിനും പഠനയാത്രകൾ സംഘടിപ്പിക്കുക.
10. നിലവിൽ വ്യവസായ സംരംഭകർ കുറവായതിനാൽ സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഊന്നൽ കൊടുക്കുക.

മേൽ കാര്യങ്ങൾ ചർച്ച ചെയ്ത് മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിച്ച് നടപ്പാക്കിയാൽ അടുത്ത ഏതാനും വർഷത്തിനകം ചെറുകിട വ്യവസായ രംഗത്ത് വളർച്ച കൈവരിക്കാനും ഒരളവു വരെയെങ്കിലും തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയും. ഇത് ജനതയുടെ സാമൂഹ്യ സാമ്പത്തിക നില മെച്ചമാക്കും.

വ്യവസായ സാധ്യതകൾ

ശ്രോതസ്	അസംസ്കൃത പദാർത്ഥങ്ങൾ	വ്യവസായ ഉല്പന്നങ്ങൾ
തെങ്ങ്	കൊപ്ര	റീ റിഫൈൻഡ് വെളിച്ചെണ്ണ
"	"	പെർഫ്യൂസ്
"	"	സോൾവെൻറ് എക്സ്ട്രാക്ഷൻ (കാലിത്തീറ്റ, കോഴിത്തീറ്റ)
"	"	തേങ്ങ ക്രീം
"	തേങ്ങാ ചോക്ലേറ്റ്	
"	"	ഡെഡിക്കേറ്റഡ് കോക്കനട്ട്
"	ചകിരി, റബർ പാൽ	റബ്ബറൈസിഡ് ഫൈൺഫോം
"	ചിരട്ട, ഈർക്കിലി	കൗതുക വസ്തുക്കൾ
"	ചിരട്ട	മൊസേക്ക്, ചിപ്സ്
"	ചകിരി	കയറ്റുപായ, ചവിട്ടി
ഫലങ്ങൾ	വിവിധ ഫലവർഗങ്ങൾ	അച്ചാർ, ജാം, സ്കാഷ്
കമുക്	അടയ്ക്കാ	സുഗന്ധ പാക്കുകൾ, ചമ്പൻ സംസ്ക്കരണം
കശുമാവ്	കശുവണ്ടി	കശുവണ്ടി സംസ്ക്കരണം

ആവശ്യാധിഷ്ഠിത വ്യവസായം

നമ്പർ	സംരംഭം	ഉൽപ്പന്നം
1	സ്റ്റീൽവർക്സ്, വുഡ് വർക്സ്	ഫർണീച്ചർ
2	കൺസ്ട്രക്ഷൻ പ്രോജക്ട്	ഹോളോ ബ്രിക്സ്, സിമൻറ്കാൽ
3	ആയൂർവേദ മരുന്നുകൾ	എണ്ണകൾ, കുഴമ്പുകൾ, ലേഹ്യങ്ങൾ
4	കയർ	കാർപ്പെറ്റ്, ചവിട്ടി
5	കക്ക സംസ്ക്കരണം	കുമ്മായം, ചെമ്മീൻ ഫീഡ്
6	കോസ്മെറ്റിക്സ്	സോപ്പ്, വാഷിങ് പൗഡർ
7	റെഡി മെയ്ഡ് ഗാർമെൻറ്സ്	ചുരിദാർ, നൈറ്റി, പാവാട
8	ഖാദി വ്യവസായം	നൂൽ, തുണി
9	ബുക്ക് ബൈൻഡിങ്	നോട്ടുബുക്ക്
10	കറി പൗഡറുകൾ	മുളക്, മല്ലി, മഞ്ഞൾ
11	ഹാപ്പി പ്രൊഡക്ട്	മസാല, അച്ചാർപൊടി etc കളിപ്പാട്ടങ്ങൾ



വിദ്യാഭ്യാസം

കൊച്ചി തുറമുഖത്തോട് ചേർന്ന് കുമ്പളം, പനങ്ങാട്, നെട്ടൂർ, ചേപ്പനം, പെരുമ്പളം എന്നീ ദ്വീപുകളിൽ ഒന്നായ പെരുമ്പളം, കൊച്ചി തുറമുഖത്തുനിന്നും 6 കിലോമീറ്റർ മാറ്റി വേമ്പനാട്ട് കായലിൽ സ്ഥിതിചെയ്യുന്നു. ദ്വീപിന്റെ കിഴക്ക് ഭാഗം എറണാകുളം, കോട്ടയം ജില്ലകളുടെ അതിരുകളാണ്. ഭരണപരമായി പെരുമ്പളം ആലപ്പുഴ ജില്ലയുടെ ഭാഗമാണങ്കിലും ഔദ്യോഗിക കാര്യങ്ങൾക്ക് മാത്രമേ ഉപകാരമുള്ളു. മറ്റു സകലകാര്യങ്ങൾക്കും എറണാകുളം ജില്ലയെ ആശ്രയിക്കുന്നു. അഗാധവും വിശാലവുമായ വേമ്പനാട്ട് കായൽ പെരുമ്പളത്തെ മറ്റു പ്രദേശങ്ങളിൽ നിന്നും തീർത്തും ഒറ്റപ്പെടുത്തുന്നു. യാത്രാദുരിതവും തൊഴിലില്ലായ്മയും, ജീവൻരക്ഷാ മാർഗങ്ങളുടെ അഭാവവും ഗ്രാമവാസികളെ വിഷമിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലും ഇല്ലാത്തതും ഒന്നരലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്നതുമായ കുമ്പളം, പനങ്ങാട്, ഉദയംപേരൂർ, സൗത്ത് പറവൂർ, പൂത്തോട്ട, ചെമ്പ്, ആമചാടി തുരുത്ത്, നെടിയ തുരുത്ത്, അരൂക്കുറ്റി, പാണാവള്ളി, തൈക്കാട്ടുശേരി, അരൂർ, എഴുപുന്ന, കുത്തിയതോട് എന്നീ പ്രദേശങ്ങളാൽ വലയം ചെയ്യപ്പെട്ട ദ്വീപിന്റെ വിദ്യാഭ്യാസ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടവും വിദ്യാഭ്യാസ പ്രശ്നങ്ങളുടെ പരിശോധനയുമാണ് ഇവിടെ നടത്തുന്നത്.

പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഹയർ സെക്കൻററി സ്കൂൾ, ഹൈസ്കൂൾ, യു പി സ്കൂൾ, മൂന്നു പ്രൈമറി സ്കൂളുകൾ എന്നിവയാണ് ദ്വീപിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

അനൗപചാരികമായി മൂന്ന് ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, നാല് ട്യൂട്ടോറിയൽ കോളേജുകൾ, ഒരു പാരലൽ കോളേജ്, ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ എന്നിവയും ഈ ദ്വീപിൽ ഉണ്ട്. രണ്ട് പ്രസിദ്ധങ്ങളായ വായനശാലകൾ, രണ്ട് സാംസ്കാരിക നിലയങ്ങളും വിദ്യാഭ്യാസ രംഗത്തു സഹായിക്കുന്നവയായി നിലവിലുണ്ട്.

ആദ്യകാലങ്ങളിൽ ദ്വീപുകാർ വിദ്യാഭ്യാസത്തിനായി ആശാൻ കളരികളെയാണ് ആശ്രയിച്ചിരുന്നത്. പിന്നീട് നാട്ടുകാർ സ്ഥാപിച്ച പാഠശാല, 1850-ൽ മൂന്നാംക്ലാസ് വരെയുള്ള ഗവൺമെൻറ് മലയാളം പ്രൈമറി സ്കൂളായി മാറി. തുടർന്ന് പ്രി-പാറട്ടറി സ്കൂളായും 1904 -ൽ വർണാക്കുലർ മലയാളം സ്കൂളായും ഉയർത്തപ്പെട്ടു. കോട്ടയം ഡിവിഷനിലെ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ. സി. കൃഷ്ണപിള്ളയാണ് നിലവിലുണ്ടായിരുന്ന പ്രൈമറി സ്കൂൾ വി.എം. സ്കൂളായി ഉയർത്തി ഉത്തരവായത്. ഇതിന്റെ ഫലമായി ഗ്രാമത്തിലെ ധാരാളം ആളുകൾ വിദ്യാഭ്യാസം നടത്തുകയും അവരിൽ പലരും അധ്യാപകരായി തീരുകയും ചെയ്തു. പിന്നീട് ഈ സ്കൂൾ 60-61 വർഷം വരെ ആ നില തുടരുകയും ചെയ്തു. (ചർച്ചകളിലും കേട്ടറിവിലും സിദ്ധിച്ച വിവരങ്ങൾ)

കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം സംസ്ഥാനത്തുടനീളം ഉണ്ടായ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ ഫലമായി പെരുമ്പളത്തും ഒരു ഹൈസ്കൂൾ വേണമെന്ന ആഗ്രഹം ജനങ്ങളിൽ ഉണ്ടായി. 1958 -ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് കൊച്ചി നാവിക കേന്ദ്രത്തിന്റെ വികസനത്തിനായി പെരുമ്പളം ദ്വീപ് സർക്കാർ അക്വയർ ചെയ്യുവാനുള്ള

തീരുമാനത്തെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാനായിട്ട് പെരുമ്പളം സന്ദർശിച്ച അവസരത്തിൽ പെരുമ്പളത്തെ ജനാവലികൾ നൽകിയ സ്വീകരണത്തിൽവെച്ച് നാട്ടുകാർ പെരുമ്പളത്തു ഒരു ഹൈസ്കൂൾ അനുവദിച്ചുകിട്ടണമെന്ന നിവേദനം നൽകുകയുണ്ടായി. എന്നാൽ 1961 – 62 ൽ ശ്രീ. പട്ടം താണുപിള്ള മുഖ്യമന്ത്രിയായി ഇരിക്കുമ്പോൾ ആണ് പെരുമ്പളത്തു ഹൈസ്കൂൾ അനുവദിച്ചുകൊണ്ട് ഉത്തരവു ഉണ്ടായത്. പ്രസ്തുത വർഷം 8 –ാം ക്ലാസ് ആരംഭിക്കുകയും ചെയ്തു. ഹൈസ്കൂളിന്റെ ആരംഭകാലത്തെ ഹെഡ്മാസ്റ്റർ ശ്രീ. എം. എൻ. കേശവമേനോൻ ആയിരുന്നു. ക്ലാസുകൾ നടത്തുന്നതിന് ആവശ്യമായ കെട്ടിടം പണിയുന്നതിനും, ഫർണീച്ചർ ഉണ്ടാക്കുന്നതിനും മറ്റുമായി തട്ടാരത്തു ശ്രീ. ടി. പി. കേശവപിള്ളയുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മിറ്റി ഉണ്ടാക്കുകയും രണ്ട് തെങ്ങിന് ഒരു തേങ്ങ എന്ന ക്രമത്തിൽ ഭൂഉടമയിൽ നിന്നും, ഒരു ദിവസത്തെ വേതനം എന്ന നിലയിൽ തൊഴിലാളിയിൽ നിന്നും സംഭാവന സ്വീകരിച്ച് പടുത്തുയർത്തിയതാണ് ഈ സ്ഥാപനം.

ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് 80 ശതമാനം വിജയത്തോടെ 1964 മാർച്ചിൽ പുറത്തു വന്നു. അന്ന് ഹെഡ്മാസ്റ്റർ ശ്രീ. എം. ബാലകൃഷ്ണമേനോയിരുന്നു. 1986 –ൽ ഹൈസ്കൂളിന്റെ രജതജൂബിലി ആഘോഷങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. നാട്ടുകാരുടെ നിർലോഭമായ സഹകരണത്തോടുകൂടി രജതജൂബിലി കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരുന്നു ആഘോഷം. ഇതിൽ നിന്നും കിട്ടിയ ധനത്തിൽ നിന്നും സ്കൂളിന്റെ മുൻവശത്തെ മതിൽ നിർമ്മിക്കുവാനും, ജൂബിലി സ്മാരക എന്റോൺമെൻറ് ഏർപ്പെടുത്തുവാനും കഴിഞ്ഞു. പ്രസ്തുത ചടങ്ങിൽ പങ്കെടുക്കുവാനെത്തിയ അന്നത്തെ ഗ്രാമവികസന വകുപ്പു മന്ത്രി ശ്രീ. രമേശ് ചെന്നിത്തല ആ സമ്മേളനത്തിൽവെച്ചു തന്നെ സ്കൂളിന് റിട്ടേണിങ് വാളും ചുറ്റുമതിലും നിർമ്മിക്കുവാൻ വേണ്ട ഉത്തരവ് നൽകുകയും ചെയ്തു.

പെരുമ്പളം ഗവൺമെൻറ് ഹൈസ്കൂളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച അധ്യാപകരായ ശ്രീമാന്മാർ കെ. ഇ. പരീത്ഹാജിയും, കുട്ടി മൂസാഹാജിയും സർവീസിൽ നിന്നും പിരിയുന്നതിന്റെ ഭാഗമായി ഈ സ്കൂളിനോടുള്ള വൈകാരിക ബന്ധം മാനിച്ച് ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം സംഭാവനയായി പണിയിച്ചു നൽകുകയുണ്ടായി.

ഹയർ സെക്കൻററി സ്കൂളിന് ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ. എസ്. രാമചന്ദ്രൻപിള്ള എം. പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ചു തരുകയുണ്ടായി. സ്വന്തമായി കെട്ടിടമില്ലാത്ത ജി.എച്ച്.എസ്. എൽ. പി സ്കൂളിന് കെട്ടിടം പണിയുന്നതിന് ശ്രീ. വി. എം. സുധീരൻ എം പി തന്റെ ഫണ്ടിൽ നിന്നും 3 ലക്ഷം രൂപായും, സൗത്ത് – നോർത്ത് എൽ. പി. എസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. വയലാർ രവി എം പി തന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപായും അനുവദിച്ചു തരുകയുണ്ടായി. നാടിന്റെ വികസനത്തിനായി പരിശ്രമിച്ച ഈ എം പി മാരുടെ സേവനം നന്ദിയോടെ സ്മരിക്കുന്നു.

ഈ ഗ്രാമത്തിലെ ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിപ്പിച്ച ശ്രീ. സി. കെ. ചന്ദ്രപ്പന്റെ സേവനം കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

1991 ൽ ഹൈസ്കൂൾ ഹയർ സെക്കൻററി സ്കൂളായി ഉയർത്തപ്പെട്ടു. ഈ സന്ദർഭത്തിൽ കെട്ടിടവും ഫർണീച്ചറുകളും നിർമ്മിയ്ക്കുന്നതിന് വേണ്ടി നാട്ടുകാരേയും സമീപിക്കുകയുണ്ടായി. ആവശ്യമായ തെങ്ങുകളും പണവും നൽകി നാട്ടുകാർ ഈ നല്ല കാര്യത്തോടും സഹകരിക്കുകയുണ്ടായി.

1902 –ൽ മഠത്തുംമുറിയിൽ ഗോപാലപ്പണിക്കർ സ്ഥലം കെട്ടിടവും സംഭാവന നൽകി മറ്റൊരു ഗവൺമെൻറ് പ്രൈമറി സ്കൂൾ ദ്വീപിന്റെ തെക്കുഭാഗത്തു സ്ഥാപിക്കുകയുണ്ടായി. L P G S സൗത്തു സ്കൂളായിരുന്നു അത്. 1961 – ൽ വെള്ളേച്ചിറ ശ്രീ. ഭാസ്കരന്റെ ശ്രമഫലമായി സ്ഥാപിതമായ പ്രൈമറി സ്കൂളാണ് പെരുമ്പളം നോർത്ത് L P സ്കൂൾ.

ഹൈസ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ പുറംനാടുകളിൽ പോയി വിദ്യാഭ്യാസം നേടിയിരുന്നു. ബഹുഭൂരിപക്ഷം കുട്ടികൾക്കും ആ കാലഘട്ടങ്ങളിൽ വിദ്യാഭ്യാസം ലഭിക്കാതിരുന്നത് സാമ്പത്തിക-യാത്രാ പ്രയാസങ്ങൾ മൂലമാണ്.

ദേശീയ പ്രക്ഷോഭകാലത്ത് ദേശീയ ബോധത്താൽ പ്രചോദിതരായി ധാരാളം ആളുകൾ ഹിന്ദി പഠനത്തിന് താൽപര്യം കാണിക്കുകയുണ്ടായി. പലരും ഹിന്ദി പ്രചാരകരും ഹിന്ദി അധ്യാപകരും ആയി തീർന്നു. ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയിൽ ആ കാലത്ത് ഒട്ട് വളരെപേർ അംഗങ്ങളായി ചേർന്നു. ദക്ഷിണഭാരത ഹിന്ദിപ്രചാര സഭയുടെ സെക്രട്ടറിയായിരുന്നു. സി. ജി. ഗോപാലകൃഷ്ണൻ (കുഞ്ഞുപണിക്കർ) പെരുമ്പളത്തുകാരനായിരുന്നു. ഇന്നും ധാരാളംപേർ ഹിന്ദി പ്രചാരസഭാംഗങ്ങളായി ഇവിടെയുണ്ട്.

ഈ പഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന അഞ്ചു സ്ഥാപനങ്ങൾ ഉണ്ട്. ഇവയിൽ ഒന്നിൽ പ്ലസ് ടു, പി. ഡി. സി, ഡി. സി., എന്നിവയ്ക്കുള്ള ട്യൂഷൻ ക്ലാസുകൾ നടത്തുന്നു. ഇവയിൽ എല്ലാംകൂടി 547 വിദ്യാർത്ഥികളും 27 അധ്യാപകരും ഉണ്ട്. മൂന്ന് ടൈപ്പ്റൈറ്റിങ് സ്ഥാപനങ്ങളിലായി 90 പേർ ടൈപ്പ്റൈറ്റിങ് പരിശീലനം നേടുന്നു. ഷോർട്ട് ഹാൻഡ് പരിശീലനം നേടുന്നതു വെറും 7 പേർ മാത്രമാണ്.

ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ, എൻ. എസ്. എസ്. കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഇവിടെ പ്രവർത്തിക്കുന്നു. എൽ. കെ. ജിയിലും, യു. കെ. ജിയിലുമായി 23 കുട്ടികൾ ഈ സ്ഥാപനത്തിൽ ഉണ്ട്. മൂന്നു വയസിനും 5 വയസിനും ഇടയിലുള്ള കുട്ടികൾ അധികവും അംഗനവാടിയിലാണ് പോകുന്നത്. ഇവിടുത്തെ 11 അംഗനവാടികളിലായി 642 കുട്ടികൾ പഠിയ്ക്കുന്നുണ്ട്.

ഒന്നര നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ പാരമ്പര്യം നമ്മുടെ ദ്വീപിന് അവകാശപ്പെടുവാൻ ഉണ്ടെങ്കിലും ഇപ്പോഴത്തെ പഠന നിലവാരം മോശമായികൊണ്ടിരിക്കുകയാണെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവിടെത്തെ L P, U P, H S, H S S സ്കൂളുകളിലായി 1721 വിദ്യാർത്ഥികൾ പഠിക്കുന്നു. അധ്യാപകരുടെ എണ്ണം 55 ആണ്. (പട്ടിക 1A, 1B, 1C കാണുക) സാമൂഹ്യസാമ്പത്തിക കാരണങ്ങളാൽ വളരെചെറിയ ശതമാനം കുട്ടികൾ ഇടയ്ക്കുവെച്ച് പഠിത്തം നിർത്തുന്നുണ്ട്. 1996-97 സ്കൂൾ വർഷത്തിൽ പഠിത്തം നിർത്തിയ കുട്ടികളുടെ കണക്ക് പട്ടിക ഒന്ന് D യിൽ കാണാം. ഈ സ്കൂളിന്റെ അധ്യയന നിലവാരം കുറഞ്ഞുപോയി എന്ന കാരണത്താൽ പല വിദ്യാർത്ഥികളും മറുകരയെ അഭയം പ്രാപിക്കുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം കുറച്ച് അധ്യാപകരുടെ ആത്മാർതയില്ലായ്മയാണ്. (ഗ്രാമസഭാ ചർച്ചകളിൽ നിന്നും).

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ നമ്മുടെ ഗ്രാമത്തിൽ ഇല്ല. എറണാകുളം, കോട്ടയം, ആലപ്പുഴ ഭാഗങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കാണു ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ പോകുന്നത്. യാത്രാക്ലേശം മൂലം ശരിയായ രീതിയിൽ വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിൽ നമ്മുടെ നാട്ടിലെ കുട്ടികൾക്ക് കഴിയുന്നില്ല. യാത്രാസൗകര്യമോ ദ്വീപിൽ ഒരു കോളേജോ ഉണ്ടായിരുന്നെങ്കിൽ ധാരാളം കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുമായിരുന്നു. അയൽ പ്രദേശങ്ങളിലെ വിദ്യാർത്ഥികളെയും പരിഗണിച്ച് പെരുമ്പളത്ത് ഒരു ഉന്നതവിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ അഭിപ്രായം ഉണ്ടായി.

ഗ്രാമത്തിലെ ഗവ: ഹൈസ്ക്കൂളിന്റെ എസ്. എസ്. എൽ. സി വിജയശതമാനം ആദ്യകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നു. വിജയിക്കുന്നവരുടെ മാർക്കുകളിലും ആ കുറവ് കാണാം. ആയതിനാൽ അഫിലിയേറ്റ് കോളേജുകളിൽ വളരെ കുറച്ചു പേർക്കു മാത്രമേ പ്രവേശനം ലഭിക്കാറുള്ളു. അതുകൊണ്ട് അധികശതമാനവും പാരലൽ കോളേജുകളിൽ അഭയം തേടുന്നു. ആധുനിക സാങ്കേതിക പരിശീലന സ്ഥാപനങ്ങൾ ഒന്നും പെരുമ്പളത്തും സമീപ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നില്ല. പെരുമ്പളം സ്ക്കൂളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ ഇരുപതു ശതമാനം പേർ മാത്രമാണ് നാട്ടുകാർ, ബാക്കിയുള്ളവർ പുറം നാടുകളിൽ നിന്നും വരുന്നവർ. ഇവരിൽ തന്നെ പലരും ഇൻറർ ഡിസ്ട്രിക് ട്രാൻസ്ഫർ വഴി സ്വന്തം ജില്ലയിൽ എത്തുവാനുള്ള പരിശ്രമത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അദ്ധ്യാപനത്തെ ഒരു തപസ്യയായി കാണുന്ന ചുരുക്കം ചിലരും ഉന്നതസമ്മർദത്തിന് സാഹചര്യം ഇല്ലാത്തവരും, നാട്ടുകാരും ഒഴിച്ച് ആരും സ്ഥിരമായി ജോലി ചെയ്യുവാൻ തയ്യാറാകുന്നില്ല. ആകയാൽ വർഷംതോറും നല്ലൊരുശതമാനം അദ്ധ്യാപകർ സ്ഥലം മാറ്റം വാങ്ങിപ്പോകുന്നു. എന്നാൽ യഥാസമയം പകരം അദ്ധ്യാപകർ ഇവിടെ എത്തുന്നുമില്ല. ഇത് അദ്ധ്യാപനത്തേയും വിജയശതമാനത്തെയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ഇന്നും തുടർന്നു

കൊണ്ടിരിയ്ക്കുന്നു. ഇവിടെ പ്രധാന അദ്ധ്യപകനും എല്ലാ വർഷവും മാറിക്കൊണ്ടിരിയ്ക്കുന്നു. അവർക്കും ഒരു ഇടത്താവളം ആണ് ഈ സ്ക്കൂൾ. ഇപ്പോൾ നമ്മുടെ സ്ക്കൂളിലെ പ്രധാന അദ്ധ്യാപകനായി ശ്രീ. വിശ്വനാഥചെട്ടിയാർ സേവനം അനുഷ്ഠിയ്ക്കുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെയും കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയുടെയും സാന്നിദ്ധ്യം ഇവിടത്തുകാർക്ക് പ്രയോജനപ്പെട്ടിട്ടുമില്ല. ഉന്നതവിദ്യാഭ്യാസത്തിനും ഗവേഷണത്തിനും എത്തുന്നവരിൽ പെരുമ്പളത്തുകാർ ആരുമില്ലെന്ന സത്യം നാം മനസ്സിലാക്കണം. നമ്മുടെ വിദ്യാഭ്യാസനിലവാരത്തിന്റെ ശോച്യാവസ്ഥയാണ് ഇതു കാണിക്കുന്നത്. ധിഷ്ണശാലികളായ വിദ്യാർത്ഥികൾ നമ്മുടെ ഗ്രാമത്തിൽ ഉണ്ട്. എന്നാൽ അവർ എളുപ്പം ജോലി നേടുവാനുള്ള കോഴ്സുകളിൽ ആകൃഷ്ടരാകുന്നു. ഉന്നത പഠനസൗകര്യങ്ങളുടെ അഭാവവും ഭാവി പഠനപ്രവർത്തനങ്ങളിൽ നിന്നും പുറകോട്ട് കൊണ്ടുപോകുന്നു.

വിദ്യാലയങ്ങളും ധാരാളം വിദ്യാസമ്പന്നരും നമുക്കുണ്ടെങ്കിലും സാക്ഷരതായജ്ഞത്തിന്റെ ആവേശം നിലനിർത്തുവാൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരരായിതിർന്നു. ഏറ്റവും പുതിയ കണക്കുകൾ പരിശോധിച്ചാൽ ഇരുപത് ശതമാനം സ്ത്രീകൾ നിരക്ഷരരായിത്തീർന്നതു കാണാം. സാക്ഷരതാപ്രവർത്തനം പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ ശക്തിയായി തുടരേണ്ടതിന്റെ ആവശ്യകതയാണിതു കാണിയ്ക്കുന്നത്.

പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥകളിൽ 35% കുട്ടികൾക്കും 30 ശതമാനത്തിൽ കുറഞ്ഞ മാർക്കാണു ലഭിച്ചിരിക്കുന്നത്. 16% കുട്ടികൾ മാത്രമാണു അറുപതു ശതമാനത്തിനു മുകളിൽ മാർക്കു നേടിയവർ. (പട്ടിക 5 സി കാണുക)

പഞ്ചായത്തിലെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ ഉൾപ്പെടെ ഇരുപതു ശതമാനം കുട്ടികൾക്കും അക്ഷര-അക്കജ്ഞാനത്തിന്റെ തോത് വളരെ കുറവായിട്ടാണു കാണുന്നത്. (അനൗപചാരിക സർവ്വേവഴി ശേഖരിച്ച കണക്ക്) അടിസ്ഥാനസൗകര്യങ്ങൾ പോലും ഇല്ലാത്ത സ്ക്കൂളുകളിൽ അദ്ധ്യയനം നടത്തുവാൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പുറംതള്ളപ്പെട്ടു പോകും. ഈ സാഹചര്യത്തിൽ രക്ഷിതാക്കളും അദ്ധ്യാപകരും പഞ്ചായത്തും ബഹുജനങ്ങളുമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തി എടുക്കേണ്ടതുണ്ട്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയെടുക്കുവാൻ ഈ കൂട്ടായ്മ പ്രയോജനപ്പെടുത്താവുന്നതേയുള്ളു.

പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ സമിതിയും സ്ക്കൂൾതല സമിതിയും രൂപീകരിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശക്തിയായി ഇടപെടാൻ പഞ്ചായത്തു കമ്മറ്റിക്കു കഴിയും. സ്ക്കൂൾ കോംപ്ലക്സുകൾ ശക്തിപ്പെടുത്തികൊണ്ട് അദ്ധ്യായന നിലവാരം മെച്ചപ്പെടുത്താവുന്നതാണ്. അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസപ്രവർത്തകർ, പഞ്ചായത്തുകമ്മറ്റി എന്നിവർക്കു ഈ പരിപാടിയിൽ സഹകരിയ്ക്കാവുന്നതാണ്.

പഞ്ചായത്തിലെ എല്ലാ ഗ്രാമസഭയിലും വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രചർച്ച നടന്നതായി കാണുന്നു. പൊതുവായി പഠനനിലവാരം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ, സൗകര്യങ്ങൾ, അദ്ധ്യാപകരുടെ കുറവ്, സ്ക്കൂൾ പ്രവർത്തനരീതി, പഠനോപകരണങ്ങൾ എന്നീ ഘടകങ്ങളെ ആസ്പദമാക്കി ചർച്ച നടന്നു. അക്കാഡമിക് നിലവാരത്തകർച്ച, പാഠപുസ്തകങ്ങൾ ലഭിക്കുവാനുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അദ്ധ്യാപക രക്ഷാകർതൃസമിതി, ഉച്ചക്കഞ്ഞി, നിലവിലുള്ള സ്ക്കൂളുകളുടെ പുനക്രമീകരണം, കൂട്ടക്ലാസ്സ്കയറ്റം, മാസന്ത്യ പരീക്ഷകളും, പാദവാർഷിക പരീക്ഷകളും, മൂല്യനിർണ്ണയം, പാഠ്യേതരപ്രവർത്തനം, അച്ചടക്കം, പുതിയ കോഴ്സുകൾ തുടങ്ങേണ്ടതിന്റെ ആവശ്യകത, അദ്ധ്യാപകരുടെ അപര്യാപ്തത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

ഇത്തരമൊരു റിപ്പോർട്ട് എഴുതുമ്പോൾ പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമാണു അക്കാഡമിക് സൗകര്യങ്ങൾ. വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരുവാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രേറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബ്ലാക്ക്ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ

യോഗ്യതാ ചിഹ്നങ്ങളാണ്. നമ്മുടെ വിദ്യാലയസൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വിവരങ്ങളാണു പട്ടിക 3-ൽ കൊടുത്തിരിക്കുന്നത്.

ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ പരിമിതമായിട്ടെങ്കിലും ഉള്ള സ്ഥലത്തിൽ പോലും അവ പ്രവർത്തിയ്ക്കപ്പെടുന്നില്ല. നല്ല ബ്ലാക്ക്ബോർഡുകളുടെ അഭാവം എല്ലാ സ്ക്കൂളുകളിലും അനുഭവപ്പെടുന്നു. ഹയർസെക്കൻറി സ്ക്കൂളിനു പോലും ചാർട്ടുകളോ മാപ്പുകളോ ഇല്ല. +2 ക്ലാസ്സുകളിൽ ഓരോന്നിലും 75 വിദ്യാർത്ഥികൾ വീതമാണ് ഉള്ളത്. ഇത്രയും വിദ്യാർത്ഥികൾക്ക് ഇരിയ്ക്കുന്നതിനുള്ള സ്ഥലസൗകര്യമോ ബഞ്ചുകളോ ആവിഭാഗത്തിലില്ല. വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏറ്റവും വലിയ പോരായ്മയാണ്. ഹൈസ്ക്കൂളിലെ 26 ക്ലാസ്സ് ഡിവിഷനുകളിൽ 16 എണ്ണവും താൽക്കാലിക ഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ ഒന്നിലും കാറ്റോ വെളിച്ചമോ ലഭിയ്ക്കുന്നില്ല. എല്ലാ ഷെഡുകളുടെയും പരിസരം വൃത്തിഹീനമാണ്. പൊട്ടിതകർന്ന തറയും പൊടി നിറഞ്ഞ ക്ലാസ്സ് മുറികളും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും ആരോഗ്യത്തെ ബാധിയ്ക്കുന്നു. നിലവിലുള്ള മൂത്രപ്പുരകളും കക്കൂസുകളും ഉപയോഗിയ്ക്കുവാൻ കഴിയാത്തവിധം മാലിന്യകൂമ്പാരങ്ങളായി മാറിയിരിയ്ക്കുന്നു. (പ്രഥമ വിവരശേഖരണം വഴി ലഭിച്ച വിവരം) മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത പട്ടിക 4-ൽ കൊടുത്തിരിയ്ക്കുന്നു.

മുതിർന്ന പെൺകുട്ടികൾ ഉള്ള ഹൈസ്ക്കൂളിലും ഹയർ സെക്കൻററി സ്ക്കൂളിലും സുരക്ഷിതമായ കക്കൂസുകളും മൂത്രപ്പുരയും ഇനിയും ഉണ്ടാകേണ്ടയിരിയ്ക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള ശുദ്ധജലം ഇപ്പോൾ ലഭിയ്ക്കുന്നില്ല. 296 കുട്ടികൾക്ക് ഒരു മൂത്രപ്പുരയും 355 പേർക്കു ഒരു കക്കൂസും എന്ന ക്രമത്തിലാണ് അവ സ്ക്കൂളുകളിൽ ഉള്ളത്. മൂന്ന് സ്ക്കൂളുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. കഴിഞ്ഞ നാലുവർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനവും 95-96-ലെ പാദവാർഷിക പരീക്ഷയ്ക്ക് മൂന്നു മുതൽ പത്തുവരെ ക്ലാസ്സുകൾ ഉള്ള വിദ്യാർത്ഥികൾക്കു ലഭിച്ച മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു. ഇതോടൊപ്പം +2വിലെ വിജയശതമാനവും ചേർത്തിരിക്കുന്നു. (പട്ടിക 5എ, 5ബി, 5സി എന്നിവ കാണുക)

വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്കു നിരവധി കാര്യങ്ങൾ ചൂണ്ടിക്കാണിയ്ക്കുവാൻ കഴിയും. വിവിധ കാര്യങ്ങളാൽ ഉണ്ടാകുന്ന വിദ്യാർത്ഥിസമരങ്ങൾ, വിവിധ കാരണങ്ങളാൽ യഥാസമയം ക്ലാസ്സുകളിൽ അദ്ധ്യാപകർക്ക് എത്തുവാൻ കഴിയാത്തത്, പ്രഗത്ഭനായ ഒരു പ്രധാന അദ്ധ്യാപകന്റെ കുറവ്, യഥാസമയം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിയ്ക്കപ്പെടാത്തത് ഇവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഈ സ്ക്കൂൾ വർഷം അവസാനിയ്ക്കുവാൻ പോകുന്ന ഈ അവസരത്തിൽ ഹൈസ്ക്കൂൾ മേഖലയിൽ 3 അദ്ധ്യാപകരുടെ കുറവ് നിലനിൽക്കുന്നു. ഉള്ളവരിൽ തന്നെ പലരേയും നിയമിയ്ക്കപ്പെട്ടത് ഒന്നാംടേം അവസാനിച്ചതിനുശേഷമാണ്. ദൃശ്യമാദ്ധ്യമങ്ങളുടെ വ്യാപനങ്ങളും നിലവാരം കുറഞ്ഞ പ്രസീദ്ധീകരണങ്ങളും പകലന്തിയോളം വരുന്ന ക്രിക്കറ്റ് ടെസ്റ്റ് മാച്ചുകളും അനഭിലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ വളർത്തിവിടുന്നതും വിദ്യാഭ്യാസനിലവാരത്തകർച്ചയ്ക്ക് കാരണങ്ങളാണ്. അച്ചടക്കത്തിന്റെ കുറവ്, അദ്ധ്യാപക വിദ്യാർത്ഥിബന്ധങ്ങളിൽ വന്നിട്ടുള്ള മൂല്യച്യുതിയും വിദ്യാഭ്യാസനിലവാരത്തകർച്ചയ്ക്ക് പ്രധാന കാരണങ്ങളാണ്. നല്ലൊരു വിഭാഗം വിദ്യാർത്ഥികളും ഗൈഡുബുക്കുകളെയും ട്യൂഷൻക്ലാസ്സുകളെയും ആശ്രയിക്കുന്നവരാണ്. പെൻഷൻ പറ്റി പിരിഞ്ഞ അദ്ധ്യാപകർ, ട്യൂട്ടോറിയൽ കോളേജുകളിലെ അദ്ധ്യാപകർ, ബിരുദധാരികളായ യുവതീയുവാക്കൾ, കലാസാംസ്ക്കാരിക പ്രവർത്തകർ എന്നു തുടങ്ങി ധാരാളം ആളുകൾ നമുക്ക് ലഭ്യമാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ കഴിവും സന്നദ്ധതയും ഉള്ളവരാണ് ഇവരിൽ പലരും. ലക്ഷ്യബോധമുള്ള ധാരാളം രക്ഷാകർത്താക്കളും സന്നദ്ധ പ്രവർത്തകരും നമ്മൾക്ക് ഉണ്ട്. ഉദാരമതികളായ വിദ്യാഭ്യാസ തൽപരരും നമുക്ക് ലഭ്യമാണ്.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷക്കാലത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I a) നിലവിലുള്ള എൽ.പി. സ്കൂളുകളോട് അനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ-പ്രൈമറികൾ ആരംഭിക്കുക.

b) എല്ലാ എൽ.പി. സ്കൂളുകളും യു. പി. സ്കൂളുകളുടെ തലത്തിലേക്ക് ഉയർത്തുക.

c) എൽ.പി., യു.പി. വിദ്യാർത്ഥികൾക്ക് ബാലസാഹത്യകൃതികൾ ലഭ്യമാക്കുക.

d) നിലവാരത്തകർച്ച പരിഹരിക്കുന്നതിന് പ്രത്യേക ക്ലാസുകൾ ആരംഭിക്കുകയും ഭൗതിക സൗകര്യങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തുകയും ചെയ്യുക.

II പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ സമിതിക്ക് ഉടൻ രൂപം നൽകുക.

III പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുവാൻ ഏർപ്പാടുകൾ ഉണ്ടാക്കുക.

IV പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുക.

V പഞ്ചായത്തുതലത്തിലും സ്കൂൾ തലത്തിലും കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുക. എൽ.പി. സ്കൂൾ കുട്ടികൾക്കും കായിക പരിശീലനത്തിന് അവസരം ഉണ്ടാക്കുക. പരീക്ഷകൾ ചിട്ടയായും ക്രമമായും നടത്തുക.

VI -

a) ബഞ്ച്, ഡസ്ക്ക്, ബ്ലാക്ക് ബോർഡുകൾ എന്നിവയുടെ കുറവ് പരിഹരിക്കുക.

b) ശുദ്ധമായ കുടിവെള്ളം എല്ലാ സ്കൂളുകളിലും ലഭ്യമാക്കാൻ നടപടികൾ എടുക്കുക.

c) P T A കളുടെയും, മതർ P T A യുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക. മാതൃസംഗമങ്ങൾ സ്കൂൾ വർഷത്തിൽ നാലോ അഞ്ചോ പ്രാവശ്യം ചേരുകയും വിദ്യാഭ്യാസ കാര്യങ്ങൾ ചർച്ചചെയ്യുകയും വേണം.

d) സ്കൂളുകളിലെ സാഹിത്യസമാജം പ്രവർത്തനം കാര്യക്ഷമമാക്കുക. എല്ലാ സ്കൂളുകളിലും കായികപരിശീലനവും, കലാപരിശീലനവും നടത്തുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കുക.

VII -

a) കലാകായികരംഗഗത്തു മികവു കാട്ടുന്ന വിദ്യാർഥികൾക്ക് കൂടുതൽ പരിശീലനത്തിന് അവസരം നൽകുക.

b) കൃഷി, മൃഗപരിപാലനം, ഗ്രാമീണ കൈത്തൊഴിലുകൾ എന്നിവ ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ കുട്ടികളേയും പരിശീലിപ്പിക്കുക.

VIII സ്കൂളുകളിൽ ടെസ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

IX ഉച്ചക്കഞ്ഞി അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക.

X സ്കൂളുകളുടെ അറ്റകുറ്റപണികൾ യഥാകാലം നടത്തുക.

XI അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

XII -

a) പഞ്ചായത്തിലെ സാങ്കേതിക വിദ്യാലയത്തിന്റെ അഭാവം നികത്താൻ വെക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ആരംഭിക്കുക.

b) ഹൈസ്കൂളുമായി ബന്ധപ്പെടുത്തി ഒരു കമ്പ്യൂട്ടർ ട്രെയിനിങ് കോഴ്സ് ആരംഭിക്കുക.

c) പ്രാദേശിക വിഭവങ്ങൾ (ചകിരി, ചിരട്ട, മൽസ്യം, കക്ക, നാളികേരം തുടങ്ങിയവ) പരമാവധി ഉപയോഗപ്പെടുത്തലി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കുവാൻ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന പോളിടെക്നിക്കുകൾ ആരംഭിക്കുക.

XIII പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലും കക്കൂസുകളും നിർമ്മിക്കുക.

XIV എല്ലാ സ്കൂളുകൾക്കും ടെലിവിഷൻ സെറ്റും ദൃശ്യശ്രാവ്യ ഉപകരണങ്ങളും നൽകുക.

XV 1250 വിദ്യാർത്ഥികൾ പഠിക്കുന്ന ഹയർ സെക്കൻററി സ്കൂളിന് കളിസ്ഥലമില്ല. ഈ സ്കൂളിന് അടിയന്തിരമായി കളിസ്ഥലം നിർമ്മിച്ചു നൽകുക.

XVI ദ്വീപിൽ ജോലിചെയ്യുന്ന അധ്യാപികമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവർ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ യൂറിനലുകളും കക്കൂസുകളും നിർമ്മിക്കുക. സ്ത്രീ ജീവനക്കാർക്കായി വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുക.

XVII സ്കൂളുകളിൽ നിലവിലുള്ള താൽക്കാലിക ഷെഡുകൾക്കുപകരം സ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിക്കുക.

XVIII പെരുമ്പളത്തിനു ചുറ്റുമായി കിടക്കുന്ന അരൂക്കുറ്റി, അരൂർ, എരമല്ലൂർ, പാണാവള്ളി, ഉദയം പേരൂർ, ചെമ്പ് എന്നീ പ്രദേശങ്ങളിലെ ജനങ്ങളെകൂടി കണക്കിലെടുത്ത് ഈ പഞ്ചായത്തിൽ ഒരു ഗവൺമെൻറ് കോളേജ് ആരംഭിക്കുക.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളും ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന പോളിടെക്നിക്കും ആരംഭിക്കുക.

നോട്ടുബുക്ക് നിർമാണത്തിന് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും, മറ്റു തൊഴിലുകൾ പരിശീലിപ്പിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുകയും ചെയ്യുക. നിർദ്ദിഷ്ട പോളിടെക്നിക്ക് ട്രേഡുകൾ മാറിമാറി പരിശീലിപ്പിക്കുവാൻ സൗകര്യമുണ്ടാക്കണം.

അനൗപചാരിക വിദ്യാഭ്യാസത്തിന് വേണ്ടി ഒരു ദൃശ്യ-ശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം. ഈ കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തൽപരരായ എല്ലാവർക്കും ആരോഗ്യ- വിദ്യാഭ്യാസ-പരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കുക.

സ്കൂൾ കോംപ്ലക്സുകൾ സംവിധാനം 'ആരംഭിച്ചുകൊണ്ട് വിദ്യാഭ്യാസ നിലവാരം മെച്ചമാക്കുവാൻ ശ്രമിക്കണം. വർദ്ധിച്ച മുതൽമുടക്ക് കൂടാതെ ജനപങ്കാളിത്തത്തോടെ ഇതിൻെറ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ശ്രമമാരംഭിക്കണം.

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, സ്കൂൾഡേ തുടങ്ങിയ ദിനാഘോഷങ്ങളും, ചെറു പഠനയാത്രകൾ വഴി വിദ്യാർഥികളുടെ കർമ്മോൽസുകതയെ ത്വരിതപ്പെടുത്തുകയും പഠനപ്രവർത്തനത്തിലേക്ക് അവരെ നയിക്കുകയും വേണം.

മിടുക്കരായ വിദ്യാർഥികൾക്ക് പ്രോൽസാഹനം ചെയ്യുവാൻ നാം മടിക്കരുത്. ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളിൽ S S L C ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ട് കുട്ടികൾക്ക് ജൂബിലി സ്മാരക എൻഡോവ്മെൻറ് നൽകുന്നുണ്ട്. 60 ശതമാനമോ, അതിൽ കൂടുതലോ മാർക്ക് വാങ്ങുന്ന എല്ലാ വിദ്യാർഥികൾക്കും സ്കൂൾ പി ടി എ വക സമ്മാനവും നൽകിവരുന്നു. ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് വിദ്യാർഥികൾക്ക് കയർ വ്യവസായ സഹകരണസംഘങ്ങളായ 106, 377, സെൻറ് സ്റ്റീഫൻ ചാപ്പൽ എന്നിവ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെൻറുകളും ഈ വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്നു. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഒരു വിദ്യാർത്ഥിക്ക് സ്കൂൾ പി ടി എ വക സമ്മാനവും നൽകിവരുന്നു. പ്ലസ് ടു വിനും, S S L C ക്കും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ഗ്രാമപഞ്ചായത്തും സമ്മാനം നൽകിവരുന്നു. വ്യക്തികളും, ഇത്തരം എൻഡോവ്മെൻറും അവാർഡുകളും ഏർപ്പെടുത്തുന്നതിൽ മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

രക്ഷാകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും പി ടി എ കളും, മാതൃസംഗമങ്ങളും ഒത്തൊരുമിച്ചുനിന്നാൽ വിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുവാൻ തീർച്ചയായും നമുക്ക് കഴിയും.

പെരുമ്പളം ഗ്രാമപഞ്ചായത്ത്

വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (Ref. AVG.)

വാർഡ്	സ്ക്കൂളുകളുടെ എണ്ണം				സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ)	കോളേജുകൾ			പാരലൽ കോളേജ്		
	H.S.S.	U.P.S.	L.P.S.	നഴ്സറി							
	സർക്കാർ	സർക്കാർ	സർക്കാർ	സ്വകാര്യം	സ്വകാര്യം				സ്കൂൾ ഗ്രീഷ്മ	ഗവൺമെന്റ് കോളേജ് മാത്രം നടത്തുന്നവ	സ്കൂൾ കോളേജ് കൂടെ നടത്തുന്നവ
1	2	3	4	5	6	7	8	9	10	11	12
VI	G.H.S.S.		G.H.S.L.P.S.	NIL	NIL						
VII			സൗത്ത് എൽ.പി.എസ്.	NIL	NIL	NIL	4	1	1		
IV			നോർത്ത് എൽ.പി.എസ്.	NIL	NIL						
ആകെ	1		3	NIL	NIL	-	-	-	4	1	1

പെരുമ്പളം ഗ്രാമപഞ്ചായത്ത്

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	കെട്ടിടം		ഫർണീച്ചർ	
							വേണ്ടത്ര യുള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര യുള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
H.S.S.	4	2	6	34 38	34 37	68 75 143		ഇല്ല		ഇല്ല.
H.S.	8	9	17	242	269	511				
U.P.S.	7	8	15	255	496	496		ഇല്ല		ഇല്ല
L.P.G.S.	1	3	4	92	74	166		ഇല്ല		ഇല്ല
H.S.L.P.S.	2	5	7	136	102	238		ഇല്ല		ഇല്ല
L.P.S. Norths LPS	2	3	5							
Pre-primary N.S.S. Nursery Eng. Medium	-	2	2	11	12	23		ഉണ്ട്		ഇല്ല
ആകെ										

വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക മൊത്തം ചിലവിന്റെ എത്ര ശതമാനം (1995 – 96)

H.S.S.: NIL, H.S.: NIL, U.P.S.: NIL, L.P.S.: NIL

ട്യൂട്ടോറിയൽ/പാരലൽ കോളേജുകളെ സംബന്ധിച്ച വിവരങ്ങൾ

കോളേജിന്റെ പേര്	അദ്ധ്യാപകർ		കുട്ടികൾ		ആകെ	സ്കൂൾ ക്ലാസ്സുകൾ							കോളേജുക്ലാസ്സുകൾ			കെട്ടിടം ഫർണ്ണിച്ചർ ആവശ്യത്തിന് ഉണ്ട് / ഇല്ല.	റൂം
	ആൺ	പെൺ	ആൺ	പെൺ		X	IX	VIII	VII	VI	V	+2	PDC	DC	PG		
1. വീനസ് ട്യൂട്ടോറിയൽ	8	NIL			150	47	25	35	28	10	NIL						4
2. വിദ്യ "					150	42	28	25	26	39							
3. ബോധി "	9	NIL			171	30	27	38	35	56	46	16		8			4
4. ഹരിശ്രീ "					76				35	16	25						

9 - 8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തനസ്വഭാവമുള്ളത്)

സ്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				ആകെ വരവ്
	കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ പർച്ചേസിനു വേണ്ടി അറ്റകുറ്റപണിയ്ക്ക്	ഉപകരണങ്ങളുടെ അറ്റകുറ്റപണിയ്ക്ക്	ഉപയോഗശൂന്യമായ ഉപകരണങ്ങൾ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറിയ്ക്ക്	ഉച്ചക്കഞ്ഞിയ്ക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ. ഫണ്ട്	മറ്റുമാർഗ്ഗത്തിലുള്ള വരവ്	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
എച്ച്.എസ്.എസ്. പെരുമ്പളം	79000	11000	5000	5000	3500	5000	8200	9000	5900	ഇല്ല	59000	6587.50	ഇല്ല	15000	6000	
L.P.G.S. പെരുമ്പളംസൗത്ത്	7000	1000	2500	350	600	ഇല്ല	5600	250						2200	500	2700
H.S.L.P. Soth	8000	1000		150	150	200	6125	150	10750	ഇല്ല	10750			250	5025	5275
North LH	7800	1500	450	450	500	200	5500	400	7800	ഇല്ല	7800			260	1200	1460

9.5 അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്: ഗവ. എച്ച് എസ്സ്. എസ്സ്. പെരുമ്പളം.

ക്ലാസ്സ്	ആകെ	കുട്ടികളുടെ നിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
		30% താഴെ കുട്ടികൾ	30-40% മാർക്കു നേടുന്നവർ	45-50% മാർക്കു നേടുന്നവർ	50-60% മാർക്കു നേടുന്നവർ	60% കൂടുതൽ മാർക്കു നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3											
4											
5	155	22	29	30	24	50					
6	184	63	23	52	18	28					
7	194	73	45	23	19	34					
8	158	65	35	17	23	18					
9	188	68	45	28	28	19					
10	153	38	45	40	22	8					
11											
12											
SSLC എഴുതിയവർ								47	61	49.8	56.7

9.5 അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്: എൽ.പി.ജി.എസ്സ്. പെരുമ്പളം. സൗത്ത്

ക്ലാസ്സ്	ആകെ	കുട്ടികളുടെ നിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
		30% താഴെ കുട്ടികൾ	30-40% മാർക്കു നേടുന്നവർ	45-50% മാർക്കു നേടുന്നവർ	50-60% മാർക്കു നേടുന്നവർ	60% കൂടുതൽ മാർക്കു നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	54	21	15	10	6	2					
4	41	12	13	8	5	3					
5											
6											
7											
8											
9											
10											
11											
12											
SSLC എഴുതിയവർ											

9.5 അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്: എച്ച്.എസ്സ്.എൽ.പി.എസ്സ്. പെരുമ്പളം.

ക്ലാസ്സ്	ആകെ	കുട്ടികളുടെ നിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
		30% താഴെ കുട്ടികൾ	30-40% മാർക്കു നേടുന്നവർ	45-50% മാർക്കു നേടുന്നവർ	50-60% മാർക്കു നേടുന്നവർ	60% കൂടുതൽ മാർക്കു നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	62	18	20	16	6	2					
4	60	19	15	15	7	4					
5											
6											
7											
8											
9											
10											
11											
12											
SSLC എഴുതിയവർ											

9.5 അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്: നോർത്ത് എൽ.പി.എസ്സ്.

ക്ലാസ്സ്	ആകെ	കുട്ടികളുടെ നിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
		30% താഴെ കുട്ടികൾ	30-40% മാർക്കു നേടുന്നവർ	45-50% മാർക്കു നേടുന്നവർ	50-60% മാർക്കു നേടുന്നവർ	60% കൂടുതൽ മാർക്കു നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	31	6	3	10	4	8					
4	56	8	3	2	10	33					
5											
6											
7											
8											
9											
10											
11											
12											
SSLC എഴുതിയവർ											

അനുബന്ധം - 9

പെരുമ്പളം ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര്: ഗവ. എച്ച്.എസ്.എസ്., പെരുമ്പളം

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
V	77	67	144	5	5	10	NIL	NIL	NIL	11	3	14							
VI	82	76	158	3	4	7	2		2	15	4	19							
VII	96	98	194	19	90	20	2	2	4	18	10	28				1		1	1
VIII	100	90	190	12	4	16	NIL	NIL	NIL	15	10	25				4	3	7	7
IX	73	95	168	7	9	16	4	1	5	18	19	37				10	9	19	19
X	69	84	153	5	10	15										1		1	1
XI	34	34	68	2	2	4													
XII	38	37	75	2	1	3													
	569	581	1150	47	44														



കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യ നിലവാരത്തിന്റെ അവിഭാജ്യമായ ഘടകങ്ങളാണ് ശുദ്ധജലം, ശുദ്ധവായു, ശുചിത്വമുള്ള പാർപ്പിടം, നല്ല പരിസരം എന്നിവ. എന്നാൽ ഈ വക കാര്യങ്ങളിൽ ഇനിയും പരിഹാരമുണ്ടാകേണ്ടിയിരിക്കുന്നു. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട്, നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പെരുമ്പളം പഞ്ചായത്തിൽ ജലസ്രോതസുകൾ ഉണ്ടെങ്കിലും രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവിക്കുകയാണ്. 70 ശതമാനത്തിലധികം ജനങ്ങളുടെയും കുടിവെള്ള സ്രോതസുകൾ കിണറുകളാണ്. കൂടാതെ കേരളാ വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകളിൽ നിന്നും, യൂണിസെഫിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളിൽ നിന്നും നല്ലൊരു വിഭാഗം ആളുകൾ ജലം ഉപയോഗിച്ചുവരുന്നു. വളരെ കുറച്ചു കുടുംബങ്ങൾ മാത്രമേ കുളത്തിലെ വെള്ളം കുടിവെള്ളമായി ഉപയോഗിക്കുന്നുള്ളു. പഞ്ചായത്തിന്റെ തീരപ്രദേശ മേഖലയിൽ താമസിക്കുന്ന ജനങ്ങൾ കുടിവെള്ള ദൗർലഭ്യം മൂലം ക്ലേശിക്കുന്നുണ്ട്. ജനസംഖ്യയുടെ 40 ശതമാനവും ശുദ്ധജല ദൗർലഭ്യത്തിന്റെ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. ഓരുജലത്തിന്റെ ആധിക്യമുള്ള കാലങ്ങളിൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത ഇതിലും അധികമാണ്.

ശുദ്ധജല സ്രോതസുകൾ (പട്ടിക 1)

പൊതു കിണർ		സ്വകാര്യ കിണർ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്	കുഴൽ കിണറുകൾ	മൊത്തം കിണറുകൾ
150	-	768	-	10	928

പട്ടിക 2

K W A പദ്ധതി

പെരുമ്പളം ശുദ്ധജല വിതരണപദ്ധതി

പൊതു ടാപ്പുകൾ	ഉപയോഗശൂന്യമായ ടാപ്പുകൾ	സ്വകാര്യ കണക്ഷൻ
50	24	ഇല്ല

1995-96 വർഷത്തിൽ മാത്രം ഈ ഗ്രാമത്തിൽ 900 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിച്ചിട്ടുണ്ട്.

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ, പഞ്ചായത്തുതലത്തിൽ ബാധകമാക്കാവുന്നതുമായ പദ്ധതികളും നിർദേശങ്ങളും വികലനത്തിനായി ചുവടെ ചേർക്കുന്നു.

വാർഡ്	പ്രശ്ന മേഖല	നിർദ്ദിഷ്ട പരിഹാര നിർദ്ദേശങ്ങൾ
1	ഉപ്പുതുരുത്തു പ്രദേശം പാറേൽ കൂമ്പേൽ " കല്ലിടും കടവ് " മുക്കണ്ണം ചിറ "	1. K W A പൈപ്പുലൈൻ നീട്ടുക 2. മിനി ശുദ്ധജല വിതരണ പദ്ധതി 3. കിണറുകൾ.
2	തീരപ്രദേശങ്ങൾ പട്ടികജാതി കോളനി ഷണ്മുഖപുരം നാങ്ങനാട്, പായിപ്പാട് പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക 2. കുഴൽകിണർ സ്ഥാപിക്കുക. 3. കിണറുകൾ സ്ഥാപിക്കുക.
3	മാങ്ങോടത്തുകോളനി പ്രദേശം പള്ളിപ്രദേശം കൂട്ടുങ്കൽ ജെട്ടി പ്രദേശം കാളിപറമ്പ് പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക കുഴൽകിണർ സ്ഥാപിക്കുക. 3. ഓപ്പൺ വെൽ
4	തീരപ്രദേശങ്ങൾ കടേപ്പറമ്പ് ലക്ഷംവീട് കോളനി പാലപ്പറമ്പ് പ്രദേശം കെയ്ക്കാട്ട് പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക 2.ഓപ്പൺ വെൽ സ്ഥാപിക്കുക.
5.	കണ്ടക്കാന്തറ പ്രദേശം മുണ്ടുതോട് പ്രദേശം ഇറപ്പുഴ ജെട്ടി പ്രദേശം ചാലിൽ പ്രദേശം അത്തിക്കാപ്പള്ളി കോളനി തച്ചായിൽ പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക 2. മിനി ശുദ്ധജല വിതരണ പദ്ധതി 3. കുഴൽകിണറുകൾ സ്ഥാപിക്കുക. 4. ഓപ്പൺ വെൽ സ്ഥാപിക്കുക.
6.	പള്ളിപ്പാട് പ്രദേശം വാത്തിക്കാട് പ്രദേശം ഹൈസ്കൂൾ പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക 2. കുഴൽക്കിണറുകൾ സ്ഥാപിക്കുക. 3. കിണറുകൾ സ്ഥാപിക്കുക.
7.	വാറക്കാട് ലക്ഷം വീട് തോപ്പുവെളി കോളനി കാളത്തോട് പ്രദേശം കുന്നുങ്കൽ പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക 2. കുഴൽകിണറുകൾ സ്ഥാപിക്കുക.
8.	തീരപ്രദേശങ്ങൾ ചാമുണ്ഡി ലക്ഷംവീട് കോളനി പടിക്കവെളി പ്രദേശം പുന്നപ്പറമ്പ് പ്രദേശം	1. K W A പൈപ്പുലൈൻ നീട്ടുക 2. മിനി ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. 3. കുഴൽ കിണറുകൾ സ്ഥാപിക്കുക.

പൊതുനിർദേശങ്ങളും പരിഹാരമാർഗങ്ങളും

1. മൂവാറ്റുപുഴ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി ചേർത്തല, വൈക്കം താലൂക്കുകളിൽ ശുദ്ധജല വിതരണം നടപ്പാക്കുന്നതോടൊപ്പം പൂത്തോട്ടയിൽ നിന്നും പെരുമ്പളം ദ്വീപിലേക്ക് എളുപ്പമാർഗ്ഗം പൈപ്പുലൈൻ നീട്ടി ശുദ്ധജലം എത്തിച്ച് രൂക്ഷമായ ശുദ്ധജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.
2. ഭൂഗർഭ ജലവകുപ്പിന്റെ സഹായത്തോടുകൂടി ശുദ്ധജലം ലഭ്യമാകുന്ന സ്ഥലം കണ്ടുപിടിച്ച് കുഴൽകിണറുകളും മിനി ജലവിതരണ പദ്ധതികളും സ്ഥാപിച്ചു നടപ്പിലാക്കുക.
3. കെ.ഡബ്ല്യു.എ യുടെ നിലവിലുള്ള ജലവിതരണ പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കുകയും ഓപ്പൺവെൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി പുനഃസംവിധാനം ചെയ്യുക. സ്വകാര്യ വാട്ടർ കണക്ഷനുകൾ വീടുകൾക്ക് നൽകുക.
4. ഉപയോഗശൂന്യമായ പൊതുകിണറുകളും കുളങ്ങളും നന്നാക്കി സംരക്ഷിക്കുക.
5. കെട്ടിക്കിടക്കുന്ന മലിനജലം കായലിലേക്ക് ഒഴുക്കുന്നതിനുള്ള ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തുക.
6. വിവിധ കോളനികളിലും പട്ടികജാതി -പട്ടികവർഗ അധിവാസകേന്ദ്രങ്ങളിലും പൊതുകിണറുകൾ സ്ഥാപിക്കുക.
7. മഴവെള്ളം സംഭരണത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

പൊതുജനാരോഗ്യം

1952--ൽ എസ്.എൻ.വി. സമാജം ഓഫീസായി ഉപയോഗിച്ചിരുന്ന കെട്ടിടം സർക്കാരിലേക്ക് സംഭാവനയായി നൽകിക്കൊണ്ടാണ് ഇവിടുത്തെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്. ആദ്യകാലങ്ങളിൽ അരൂക്കുറ്റി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ ആഴ്ചയിൽ രണ്ടുദിവസം മാത്രം ഇവിടെ വന്ന് പ്രാഥമിക ചികിത്സകൾ നൽകുന്ന സംവിധാനമാണ് ഉണ്ടായിരുന്നത്. ജനങ്ങളുടെ വളരെനാളത്തെ പരിശ്രമത്തിനുശേഷമാണ് സ്ഥിരമായി ഡോക്ടറെ നിയമിക്കുവാൻ സാഹചര്യമുണ്ടായത്.

പിന്നീട് എസ്.എൻ.വി. സമാജം സംഭാവന ചെയ്ത 60 സെൻറ് സ്ഥലത്താണ് ഇന്നത്തെ വാർഡ് കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും നിർമിച്ചിട്ടുള്ളത്.

ഇപ്പോഴത്തെ പി.എച്ച്.സി. തുടങ്ങുന്നതിനു മുൻപ് പാരമ്പര്യ വൈദ്യന്മാരെ ആശ്രയിച്ചുള്ള ചികിത്സാ സമ്പ്രദായമാണ് നിലനിന്നിരുന്നത്. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അധിഷ്ഠിതമായ അപരിഷ്കൃതമായ ചികിത്സാ രീതികളും നിലനിന്നിരുന്നു. ആ സ്ഥാനത്ത് അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ചികിത്സാ രീതി എന്നിവകൾ ഇന്ന് സജീവമായിട്ടുണ്ട്. എന്നിരുന്നാലും ഈ സ്ഥാപനങ്ങളെ പൂർണ്ണമായും ആശ്രയിക്കാനാവാത്ത സാഹചര്യമാണിന്നുള്ളത്. പതിനായിരത്തോളം വരുന്ന ദ്വീപുനിവാസികളുടെ സർക്കാർ ഉടമസ്ഥതയിലുള്ള ഏക ചികിത്സാലയമാണ് പെരുമ്പളം പി.എച്ച്.സി. കൂടാതെ സ്വകാര്യ മേഖലയിൽ ചെറിയൊരു ആശുപത്രിയും (ക്രെസ്പി ഹോസ്പിറ്റൽ) ഒരു ഗവ. ആയുർവേദ ഡിസ്പെൻസറിയും, 4 ഹോമിയോ ക്ലിനിക്കുകളും, 2 നാട്ടുചികിത്സാ കേന്ദ്രങ്ങളും ദ്വീപിലുണ്ട്. ഒരു അലോപ്പതി മരുന്നുകടയും രണ്ടു ആയുർവേദ മരുന്നുകടയും ഇവിടെ പ്രവർത്തിച്ചുവരുന്നു. എങ്കിലും ഈ ദ്വീപിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതകൾ മൂലം ഭൂരിപക്ഷം ജനങ്ങളും മറുകരയിലുള്ള ആശുപത്രികളെയാണ് മെച്ചപ്പെട്ട ചികിത്സയ്ക്കായി ആശ്രയിക്കുന്നത്.

1980-81 ൽ പെരുമ്പളം പി.എച്ച്.സി യുടെ കിഴക്കുവശം ചേർന്ന് ഒമേഗ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പ്രവർത്തകർ താൽക്കാലികമായി നിർമിച്ച് നൽകിയ ഓലഷെഡ്ഡിലാണ് കിടത്തി ചികിത്സ ആരംഭിച്ചത്. തുടർന്ന് ഒരു യുവജന സംഘടന പുതിയ ബിൽഡിങ് ഉദ്ഘാടനം ചെയ്യുന്ന കാലയളവു വരെ ഓലഷെഡ്ഡ് കെട്ടിമേഞ്ഞ് നൽകിയിരുന്നു.

95-96 ൽ 900 ജലജന്യ രോഗങ്ങളും 250 വായൂജന്യ രോഗങ്ങളും 15000 മറ്റു രോഗങ്ങളും റിപ്പോർട്ടു ചെയ്തിട്ടുള്ളതാകുന്നു. 95-96 ൽ ഒരാളെ കുഷ്ഠരോഗത്തിന് ചികിത്സ നൽകി രോഗം ഭേദമാക്കിയിട്ടുണ്ട്. പഞ്ചായത്തിൻെറ ജനനനിരക്ക് 12.3 ഉം, മരണനിരക്ക് 12 ഉം ആണ്. ശരാശരി കുടുംബ അംഗസംഖ്യ 5 ആണ്. പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു സർക്കാർ ആശുപത്രിയും ഒരു സ്വകാര്യ ആശുപത്രിയുമുണ്ട്. ഈ സ്ഥാപനങ്ങളിലേക്കുള്ള പരമാവധി ദൂരം 3 കി.മീറ്ററാണ്. ദ്വീപുനിവാസികൾക്ക് വിദഗ്ദ്ധ ചികിത്സ കിട്ടണമെങ്കിൽ 20 കി.മീറ്ററെങ്കിലും സഞ്ചരിക്കണം. ചികിത്സാ സൗകര്യത്തിൻെറയും യാത്രാ സൗകര്യത്തിൻെറയും പോരായ്മകൾ മൂലം വഞ്ചിയിൽ വെച്ച് പ്രസവിക്കുകയും, മരിക്കുകയും ചെയ്ത അനേകം സംഭവങ്ങൾ ദ്വീപിലുണ്ടായിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യസമ്പുഷ്ടവുമായ ഒരു മാതൃകാ ഗ്രാമമെന്നതാണ് നമ്മുടെ ലക്ഷ്യം.

സർക്കാർ സ്ഥാപനങ്ങളും സേവനങ്ങളും

1. പ്രാഥമികാരോഗ്യകേന്ദ്രം - 1
2. ആയുർവേദ ഡിസ്പെൻസറി - 1
3. കുടുംബക്ഷേമ ഉപകേന്ദ്രം - 3

പട്ടിക (ആരോഗ്യം) -I
പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	റിമാർക്സ്
1	ഗവ. ആയൂർവേദ ഡിസ്പെൻസറി	1	1982	4	വാടകകെട്ടിടം
2	Nil	2	-	-	-
3	പ്രാഥമികാരോഗ്യകേന്ദ്രം കുടുംബക്ഷേമ ഉപകേന്ദ്രം	3	1952	17	-
	Nil	4	-	-	-
4	കുടുംബക്ഷേമ ഉപകേന്ദ്രം	5	1995	1	വാടകകെട്ടിടം
	Nil	6	-	-	-
	Nil	7	-	-	-
5	കുടുംബക്ഷേമ ഉപകേന്ദ്രം	8	1990	1	-

പ്രശ്നങ്ങൾ

പെരുമ്പളം പി.എച്ച്.സി യിലെ ഡോക്ടർമാരുടെ മുഴുവൻ തസ്തികകളിലും നിയമനം പൂർത്തിയാക്കിയത് സമീപകാലത്താണ്. ഒരുവർഷത്തോളമായി ഫാർമസിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. പൊതുജനാരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തസ്തികകൾ നിലവിലില്ല. അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം, ജീവൻരക്ഷാ മരുന്നുകളായ Anti Rabice Vaccine, Anti Venum എന്നിവയും ഈ സ്ഥാപനത്തിലില്ല. ഇതിനാവശ്യമായ ശീതീകരണികളും പ്രവർത്തനക്ഷമമല്ല.

ഒരു ദിവസം ശരാശരി 150-ൽ അധികം രോഗികൾ ചികിത്സക്കായി പി.എച്ച്.സി യിൽ എത്തുന്നുണ്ട്. ഇവിടെ മൂന്നു ഡോക്ടർമാരും ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് രോഗികളെ പരിശോധിക്കുന്നതുകൊണ്ട് സ്വകാര്യത നഷ്ടപ്പെടുന്നു. ഒ.പി വിഭാഗത്തിൽ രോഗികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ല. മരുന്നുകൾ സ്റ്റോക്കു ചെയ്യാനാവശ്യമായ സംവിധാനം ഇല്ല. ഡ്രസിംഗ് റൂം സ്റ്റെറിലൈസേഷൻ സൗകര്യം, ഇൻജെക്ഷൻ റൂം, മുറിവ് കെട്ടുന്നതിനുള്ള സാമഗ്രികൾ, സ്പിരിറ്റ് തുടങ്ങിയവയും ലഭ്യമല്ല. ശുദ്ധജല ദൗർലഭ്യം, ഫർണീച്ചർ, നേഴ്സസ് ക്വാർട്ടേഴ്സ്, മറ്റു സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയും ഇല്ല. അത്യാസന്ന രോഗികളെ കൊണ്ടുവരുവാനും പോകാനും ഉള്ള വാഹനങ്ങൾ, വീൽചെയർ എന്നിവയില്ല. സെപ്റ്റിക് ടാങ്ക് റിപ്പയർ, ചുറ്റുമതിലുകളുടെ അഭാവം, ഒ.പി. കെട്ടിടത്തിന്റെ ജീർണാവസ്ഥ, രോഗികൾ കിടക്കുന്ന 20 കട്ടിലുകളും, കിടക്കയും, തലയണകൾ, ഷീറ്റുകൾ എന്നിവയും അടിയന്തിര ശ്രദ്ധ പതിയേണ്ട പ്രശ്നങ്ങളാണ്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

പി.എച്ച് സെന്ററിന്റെ മൂന്നു കുടുംബക്ഷേമ ഉപകേന്ദ്രങ്ങളാണ് യഥാക്രമം 3, 5, 8 വാർഡുകളിൽ പ്രവർത്തിച്ചുവരുന്നത്. 5-ാം വാർഡിലെ ചാലിൽ പ്രദേശത്ത് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. അത് തുറന്നു പ്രവർത്തിക്കാറില്ല. 8-ാം വാർഡിലെ സൗത്ത് ഉപകേന്ദ്രം, 38 എ.കെ.ഡി.എസ് സംഭാവന ചെയ്ത സ്ഥലത്ത് നിർമിച്ച സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ വൈദ്യുതി ഇല്ല. ഇതിന്റെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. മെയിൻ സെന്ററിലെ പ്രവർത്തനവും തൃപ്തികരമാണ്. എന്നാൽ ഈ സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലില്ല.

ഗവ. ആയുർവേദ ഡിസ്പെൻസറി

പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ ആശുപത്രി എസ്.കെ.വി. വായനശാലയുടെ ജീർണ്ണാവസ്ഥയിലുള്ള ഒരു മുറിയിലാണ് പ്രവർത്തിക്കുന്നത്. 1982-ൽ പ്രവർത്തനം തുടങ്ങിയ ഈ ആശുപത്രിയിൽ ഡോക്ടർ ഉൾപ്പെടെ 4 പേർ ജോലി ചെയ്യുന്നു. ഇവർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ നിലവിലില്ല. മരുന്നുകൾ വയ്ക്കുവാനുള്ള റാക്ക്, കഷായചണ്ടി ഇടുവാനുള്ള സൗകര്യം, രോഗികൾക്ക് ഇരിക്കുവാനുള്ള ബഞ്ച്, ഫർണീച്ചർ, മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സൗകര്യം തുടങ്ങിയവയും ലഭ്യമല്ല. ശരാശരി ഒരു വർഷം (95-96 ൽ) 25139 രോഗികൾ വിവിധ രോഗങ്ങൾക്ക് ചികിത്സ തേടി എത്തിയിട്ടുണ്ട്. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. ഡോക്ടറുടെ സേവനം പരിമിതമാണ്. എൻ.എസ്.എസ് കരയോഗം സംഭാവന ചെയ്ത 17.5 സെന്റ് സ്ഥലത്ത് ശ്രീ. ടി.ജെ. ആഞ്ചലോസ് എം.പിയുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി നാലുലക്ഷം രൂപ മുതൽമുടക്കി പുതിയ ഡിസ്പെൻസറി കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്.

കക്കൂസുകൾ

പരിസരശുചിത്വം പാലിക്കുന്നതിൽ കക്കൂസുകൾക്ക് വലിയ പങ്കാണുള്ളത്. പെരുമ്പളം പഞ്ചായത്തിൽ 2400 വീടുകൾ ഉള്ളതിൽ 1165 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല. ഈ വർഷത്തെ കണക്കുപ്രകാരം പഞ്ചായത്തിൽ 900 പേർക്ക് ജലജന്യരോഗങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. പൊതുജലാശയങ്ങളിലേക്ക് മലവിസർജനം ചെയ്യുക, പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജനം ചെയ്യുന്നതും പരിസര മലിനീകരണത്തിന് ഇടയാക്കുന്നുണ്ട്.

പരിസരശുചിത്വം

കായലോര പ്രദേശങ്ങളിൽ കക്കാ വാരിയിടുന്നതു മൂലം രൂക്ഷമായ പരിസര മലിനീകരണത്തിന് ഇടയാക്കുന്നുണ്ട്. ഒഴുക്കില്ലാത്ത ജലാശയങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതുമൂലം കൊതുകുകൾ വളരുവാൻ സാധ്യതയുണ്ട്. കോളനികളിൽ കക്കൂസ് ഇല്ലാത്തതുമൂലം പരിസര മലിനീകരണത്തിന് ഇടവരുത്തുന്നു. പൊതുമാർക്കറ്റ്, പ്രധാനപ്പെട്ട ബോട്ടുജെട്ടികൾ എന്നിവിടങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല. അനധികൃത അറവുശാലകൾ പരിസരമലിനീകരണത്തിനിടയാക്കുന്നുണ്ട്. നിലവിലുള്ള ശ്മശാനം പ്രയോജനരഹിതമായ നിലയിലാണ്. അങ്ങോട്ട് ഗതാഗതയോഗ്യമായ ഒരു പൊതുവഴിയുമില്ല.

സാധ്യതകളും പരിഹാര നിർദേശങ്ങളും

1. പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് പെരുമ്പളം ദ്വീപ് ഒരു ദുർഘട ഗ്രാമീണ മേഖലയായി പ്രഖ്യാപിക്കുകയും, നിലവിലുള്ള പി.എച്ച് സെൻറർ ഒരു കമ്യൂണിറ്റി ഹെൽത്ത് സെൻറററായി ഉയർത്തുകയും ആവശ്യമായ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുകയും ചെയ്യുക.
2. ഒ.പി വിഭാഗത്തിന് പുതിയ ബ്ലോക്ക് പണിയുക.
3. ഐ.പി ബ്ലോക്ക് വികസിപ്പിച്ച് ലേബർ റൂം, മിനി ഓപ്പറേഷൻ തീയറ്റർ, Autoclave, ശസ്ത്രക്രിയാ ഉപകരണങ്ങൾ, വീൽചെയർ, ട്രോളി, ബെഡ്പാൻ, യൂറിനൽ, ലാബറട്ടറി, സ്റ്റെറിലൈസർ, ലൈറ്റുകൾ, ഫാൻ, ഫർണീച്ചർ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുക.
4. രോഗനിർണയത്തിന് ആവശ്യമായ X-ray, ECG, B.P. Aparatus, protoscope, otoscope, opthalmoscope എന്നിവ ലഭ്യമാക്കണം.
5. ആധുനിക സൗകര്യമുള്ള മോർച്ചറി സ്ഥാപിക്കണം.
6. കെട്ടിടങ്ങളുടെ ജീർണ്ണോദ്ധാരണം, കാർട്ടേഴ്സുകൾ, ചുറ്റുമതിലുകൾ, ആവശ്യമായ മറ്റു കെട്ടിടങ്ങൾ, അടുക്കള എന്നിവയുടെ നിർമാണവും, സെപ്റ്റി ടാങ്ക് റിപ്പയറിങ്ങും നടത്തണം. ശുദ്ധജല വിതരണ സംവിധാനം കാര്യക്ഷമമാക്കണം.
7. രോഗികൾക്ക് ഭക്ഷണം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക.
8. അത്യാസന്ന നിലയിലുള്ള രോഗികളെ ആശുപത്രിയിൽ കൊണ്ടുവരുന്നതിനും, തിരികെ കൊണ്ടുപോകുന്നതിനും ഒരു ഓട്ടോറിക്ഷ വാങ്ങി ആംബുലൻസായി ഉപയോഗിക്കുക.
9. ഒരു പബ്ലിക് കൺവെയൻസ് സിസ്റ്റം ഏർപ്പെടുത്തുക.
10. കോസ്റ്റൽ ഹെൽത്ത് പ്രോഗ്രാം അനുസരിച്ച് പി.എച്ച്.സി ക്ക് അനുവദിച്ച ടെലഫോണും, ആംബുലൻസ് ബോട്ടും, അത്യാവശ്യ മരുന്നുകളും ലഭ്യമാക്കണം.
11. ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളിലും നിയമനം നടത്തണം.
12. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ അനുവദിച്ചുനൽകുക.
13. ഒരു പ്രസവവാർഡ് അനുവദിക്കുക.
14. പെരുമ്പളം ദ്വീപിലെ ആശുപത്രിയുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരമായി ജോലി ചെയ്ത് സേവനമനുഷ്ഠിക്കാൻ മിക്ക ഉദ്യോഗസ്ഥരും തയ്യാറാകുന്നില്ല. സംസ്ഥാനത്തെ Hill-tract Allawance നു തുല്യമായ നിരക്കിൽ ഐലൻറ് അലവൻസ് അനുവദിച്ചാൽ ഉദ്യോഗസ്ഥരെ ദ്വീപിൽ സ്ഥിരമായി ജോലി ചെയ്യാൻ താൽപര്യമുണ്ടാക്കാൻ കഴിയും.

    ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
15. വടയാഴം ഭാഗത്ത് കുടുംബക്ഷേമ ഉപകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമിക്കുന്നതിന് 5 സെൻറ് സ്ഥലം ലഭ്യമാക്കണം.
16. 8-ാം വാർഡിലെ സൗത്ത് കുടുംബക്ഷേമ ഉപകേന്ദ്രത്തിന് വൈദ്യുതി കണക്ഷൻ നൽകണം.
17. പി.എച്ച്.സി യിലെ മുഴുവൻ ഡോക്ടർമാരും കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ സന്ദർശനം നടത്തണം.

ആയുർവേദ ഡിസ്പെൻസറി

1. നിർമാണം പൂർത്തിയാക്കിയ ആയുർവേദ ഡിസ്പെൻസറി പ്രവർത്തനക്ഷമമാക്കണം.
2. കിടത്തി ചികിത്സിക്കാനുള്ള വാർഡുകെട്ടിടം നിർമിക്കുകയും, രോഗികൾക്കാവശ്യമായ ഭക്ഷണം, സ്റ്റാഫിനാവശ്യമായ ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, ആവശ്യമായ മരുന്നുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുക.
3. മരുന്നുകൾ വെയ്ക്കുവാനുള്ള റാക്ക്, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം, ഫർണീച്ചർ, രോഗികൾക്ക് ഇരിക്കുവാനാവശ്യമായ ചാരുബെഞ്ച്, ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കാൻ അലമാര, വീൽച്ചെയർ, ശുദ്ധജല വിതരണ സംവിധാനം, സാനിറ്ററി സൗകര്യങ്ങളും ഏർപ്പെടുത്തുക.

മറ്റു പൊതുനിർദേശങ്ങൾ

☆ പെരുമ്പളത്തിന്റെ മധ്യഭാഗത്തായി ഒരു ഹോമിയോ ഡിസ്പെൻസറി അനുവദിക്കണം.

☆ രോഗികൾക്ക് ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തണം.

☆ പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമിച്ചു കൊടുക്കണം.

☆ ശ്മശാനത്തിന്റെ അപര്യാപ്തതകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കണം.

☆ തീരപ്രദേശങ്ങളിൽ അലക്ഷ്യമായി വാരിയിട്ട് പരിസര മലിനീകരണത്തിനിടയാക്കുന്ന കക്ക കരയിൽ ഇടാതെ വെള്ളത്തിൽ കൊല്ലികെട്ടി ഇടുക.

☆ മയക്കുമരുന്ന്, മദ്യപാനം, വെറ്റിലമുറുക്ക്, പുകവലി എന്നിവയ്ക്ക് എതിരെ ബോധവൽക്കരണം നടത്തുകയും, പെരുമ്പളം ഗ്രാമത്തെ സമ്പൂർണ മദ്യ -പുകവലി വർജിത ഗ്രാമമായി പ്രഖ്യാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.

☆ ആയുർവേദ ഔഷധതോട്ടങ്ങൾ നിർമിക്കാനാവശ്യമായ പ്രോത്സാഹനം നൽകണം.

☆ വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും വ്യാപകമായി പുഷ്പവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ച് ഗ്രാമത്തെ മനോഹരമാക്കണം.

കൊതുക് - എലിനശീകരണം

പട്ടണങ്ങളിലെപ്പോലെ കൊതുകിന്റെ ശല്യം നമ്മുടെ പഞ്ചായത്തിലും ഏറിവരുന്നു. ഓല ചീയിക്കുന്ന കുളങ്ങളിലും തോടുകളിലും ഇ.എസ്.പി ടൈപ്പ് കക്കൂസ് ടാങ്കുകളിലുമാണ് കൊതുകിന്റെ ലാർവാ (കൂത്താടി) കൂടുതലും കാണുന്നത്. മരുന്നുതളികൾ കൊണ്ട് യാതൊരു പ്രയോജനവും ഇല്ലാത്തതരത്തിലാണ് കൊതുകിന്റെ വംശവർദ്ധനവ്. കുളങ്ങളിലും തോടുകളിലും, വയലുകളിലും ഉണ്ടായിരുന്ന തവളകളെ ഭക്ഷണത്തിനായി പിടിച്ച് നശിപ്പിച്ചതും കൊതുക് പെരുകുന്നതിന് കാരണമായി. ഡെംഗിപനി, ജപ്പാൻജ്വരം, മന്ത് എന്നിവ കൊതുക് പരത്തുന്ന രോഗങ്ങളാണ്. ആദ്യത്തെ രണ്ടു രോഗങ്ങളും പിടിപെട്ടാൽ രക്ഷപ്പെടുക അപൂർവമാണ്. കൊതുകു നശീകരണത്തിന് പഞ്ചായത്തും ജനങ്ങളും കൂട്ടായി നീങ്ങിയില്ലായെങ്കിൽ നിദ്രാവിഹീനരാത്രികളായിരിക്കും ഗ്രാമവാസികൾക്ക് ലഭിക്കുക. കൊതുകിനെപ്പോലെതന്നെ മാരകരോഗങ്ങൾ പരത്തുന്നവയാണ് എലികൾ. പ്ലേഗ്, എലിപ്പനി എന്നിവ മൂലം അനേകം ആളുകൾ മരിക്കുകയുണ്ടായി. കിഴക്കൻ മേഖലകൾ (മലയോര) എലിപ്പനിയുടെ സംഹാരതാണ്ഡവം ശരിക്കും അനുഭവിച്ചറിഞ്ഞു. ഒരു ജോടി ചുണ്ടെലികൾ 6 മാസം കൊണ്ട് 18 കി.ഗ്രാം ഭക്ഷണസാധനങ്ങൾ തിന്നു നശിപ്പിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതുകൊണ്ട് കൃഷിഭവനും, ഗ്രാമപഞ്ചായത്തും, ജനങ്ങളും കൂട്ടായി എലിനശീകരണത്തിന് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

നമ്പർ	കൊതുകിന്റെ വംശവർദ്ധനവിന്റെ പ്രധാന കാരണങ്ങൾ	പരിഹാര മാർഗങ്ങൾ
1	അശാസ്ത്രീയമായ കക്കൂസ് നിർമാണം	കക്കൂസിന്റെ വെന്റിലേറ്റർ കുഴൽ കൊതുക് പ്രവേശിക്കാത്ത വലകൊണ്ട് അടയ്ക്കുക. നിലവിലുള്ള E S P ടൈപ്പ് കക്കൂസുകളിൽ ആഴ്ചയിൽ ഒരിക്കൽ മണ്ണെണ്ണ ഒഴിച്ച് ലാർവകളെ നശിപ്പിക്കുക.
2	രാത്രികാലങ്ങളിൽ വർധിച്ച തോതിലുള്ള തവളപിടുത്തം	തവളപിടുത്തം കർശനമായി നിരോധിക്കുക. തവള പിടുത്തത്തിനെതിരെ ജനങ്ങൾ ജാഗരൂകരാകുക.
3.	കെട്ടിക്കിടക്കുന്ന മലിനജലം	കെട്ടിക്കിടക്കുന്ന മലിനജലത്തിൽ മരുന്നുതളിച്ച് കൊതുകിന്റെ വളർച്ച തടയുക.
4	കുളങ്ങളിലെ പായൽ	കൊതുകിന്റെ വളർച്ചയ്ക്ക് സഹായകമാവുന്ന പായൽ വാരിമാറ്റുകയും, കൊതുകിന്റെ ലാർവകളെ തിന്നുതീർക്കുന്ന മൽസ്യങ്ങളെ വളർത്തുകയും ചെയ്യുക.





ഗതാഗതം, ഊർജം, മാർക്കറ്റ്

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്ത് രാജഭരണകാലത്ത് പേരുകേട്ട അരൂക്കുറ്റി ചൗക്കയുടെ ഏതാണ്ട് ഒന്നര കിലോമീറ്റർ കിഴക്ക് വേമ്പനാട്ടുകായലിനാൽ ചുറ്റപ്പെട്ട് തെക്കുവടക്കായി കിടക്കുന്ന ഒരു വലിയ ദ്വീപാണ് പെരുമ്പളം. അലകളിളകുന്ന കായൽ. ഒരു ചെറുകാറ്റടിച്ചാൽ പ്രക്ഷുബ്ധമാകുന്ന ജലപ്പരപ്പ്. ഈ കായൽ കടന്ന് പുറംലോകവുമായി ബന്ധപ്പെടാൻ ദ്വീപുനിവാസികൾക്കുണ്ടായിരുന്നത് ചെറുവള്ളങ്ങൾ മാത്രമായിരുന്നു. ജലഗതാഗതം മാത്രമാണ് ജനങ്ങളുടെ ഏക രക്ഷാമാർഗം. വേമ്പനാട്ടുകായലിൽ സ്ഥിതിചെയ്യുന്ന ഈ ദ്വീപിനോടൊപ്പമുള്ള നെട്ടൂർ, കുമ്പളം, പനങ്ങാട്, ചേപ്പനം എന്നീ ദ്വീപ് സമൂഹങ്ങൾ വൻകരയുമായി പാലം മുഖേന ബന്ധപ്പെട്ടപ്പോഴും ആലപ്പുഴ ജില്ലയിൽ പെട്ടുപോയി എന്ന കാരണം കൊണ്ട് ഇന്നും ശാപമോക്ഷം കിട്ടാതെ ശോച്യാവസ്ഥയിൽ തുടരുന്നു.

ജലഗതാഗതം

പഴയകാലത്ത് എറണാകുളം – വടുതല – പാണവള്ളി – പെരുമ്പളം വൈക്കം വഴി സർവീസ് നടത്തിയിരുന്ന നാല്പതോളം പ്രൈവറ്റ് ബോട്ടുകൾ പെരുമ്പളം സൗത്ത് ജെട്ടിയിലും അടുത്തു പോകുമായിരുന്നു. ഇതിനുപുറമേ ചരക്കുബോട്ടുകളും, ചരക്കുഗതാഗതം കരമാർഗ്ഗമായതോടെ കെട്ടുവള്ളങ്ങളും ചരക്കു ബോട്ടുകളും ദ്വീപിന് അന്യമായി.

ചെറുവള്ളങ്ങളിൽ ജീവൻ പണയപ്പെടുത്തിയുള്ള ദ്വീപ് നിവാസികളുടെ യാത്രാക്ലേശത്തിന് ചെറിയ പരിഹാരം പോലും കാണാൻ കൊല്ലങ്ങൾ കാത്തിരിക്കേണ്ടിവന്നു. 23 കി.മീ. അകലെയുള്ള എറണാകുളവുമായി ദ്വീപിനെ ബന്ധിപ്പിക്കുന്ന എക്സ്പ്രസ് ബോട്ട് സർവീസ് ദ്വീപിൽ ആരംഭിച്ചതിന്റെ നവോത്ഥാന ചരിത്രത്തിലേക്ക് എത്തിനോക്കുമ്പോൾ മറ്റത്തിൽഭാഗം പഞ്ചായത്തിൽ പെരുമ്പളത്തെ പ്രതിനിധീകരിച്ച മെമ്പറന്മാരിൽ ഒരാളായിരുന്ന അന്തരിച്ച ശ്രീ. ശ്രീധരൻ പടക്കാറയെ മറക്കാൻ നാട്ടുകാർക്കാവില്ല. രണ്ടാമതൊരു ബോട്ട് ഇടക്കൊച്ചിയിലേക്ക് ഉത്ഘാടനം ചെയ്തത് ശ്രീമാൻ ലോനപ്പൻ നമ്പാടനായിരുന്നു. ഈ രണ്ടു ബോട്ടുകളും കുറുപ്പും നമ്പാടനും എന്ന പേരിൽ അറിയപ്പെടുന്നു. ഇതിൽ നമ്പാടൻ ബോട്ട് മൂന്നുവർഷമായി സർവീസ് നടത്തുന്നില്ല.

ദ്വീപിൽ നിന്നും പടിഞ്ഞാറ് പാണവള്ളിയിലേക്കും, കിഴക്ക് പൂത്തോട്ടയിലേക്കും ബോട്ടുഗതാഗതം തുടങ്ങാൻ പിന്നേയും വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. 1978 ആഗസ്റ്റ് 15ന് പാണവള്ളി, മാർക്കറ്റ് ജെട്ടി, സൗത്ത്, കളത്തോട് ജെട്ടികൾ വഴി പൂത്തോട്ടയ്ക്ക് ഒരു ബോട്ട് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. നാരായണക്കുറുപ്പ് ഉത്ഘാടനം ചെയ്തു. ഈ ബോട്ടിൽ യാത്രചെയ്യാൻ രണ്ടുമണിക്കൂറിലേറെ സമയം കാത്തിരിക്കേണ്ടി വന്നപ്പോൾ ബോട്ട് പാസഞ്ചേഴ്സ് അസോസിയേഷന്റെ ശ്രമഫലമായിട്ട് മറ്റൊരു ബോട്ടു കൂടി ഈ റൂട്ടിൽ അനുവദിച്ചു. ജനങ്ങളുടെ സൗകര്യത്തെ മുൻനിർത്തി വാത്തികാട്ടും, മുക്കത്തും ഓരോ ജെട്ടികൾ കൂടി സ്ഥാപിച്ചു.

ബോട്ടു ഗതാഗതം മെച്ചമാക്കുന്നതിന് ഒരു ബോട്ട് സ്റ്റേഷൻ ആവശ്യമാണെന്നു വന്നപ്പോൾ ബോട്ടു പാസഞ്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നാട്ടുകാരിൽ നിന്നും പണം സ്വരൂപിച്ച് ശ്രമദാനമായി നിർമിച്ച കെട്ടിടത്തിലാണ് ബോട്ട് സ്റ്റേഷൻ ഓഫീസ് പ്രവർത്തിക്കുന്നത്.

ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പ്രത്യേക ഉത്തരവുപ്രകാരം രാത്രികാലങ്ങളിൽ രോഗികളെ ചികിത്സയ്ക്കായി അക്കരെയെത്തിക്കുന്നതിന് രണ്ടു ബോട്ടുകൾ പെരുമ്പളം സൗത്ത് ജെട്ടിയിലും, മാർക്കറ്റ് ജെട്ടിയിലുമായി സേവനത്തിനുണ്ട്.

പെരുമ്പളത്ത് സർവ്വീസ് നടത്തിയിരുന്നത് എക്സ്പ്രസ് ബോട്ടുകളായിരുന്നതിനാൽ പാവപ്പെട്ട ജനതയ്ക്ക് താങ്ങാൻ പറ്റുന്ന ചാർജായിരുന്നില്ല. ബോട്ട് ചാർജ് വർദ്ധനവിനെ തുടർന്ന് 1996-ലെ ഓണംനാളുകളിൽ ജനങ്ങളൊന്നാകെ ബോട്ട് ചാർജ് വർദ്ധന പിൻവലിക്കുന്നതിനും ഓർഡിനറി സർവീസിനും വേണ്ടി നടത്തിയ സമരത്തിന്റെ ഫലമായി പെരുമ്പളത്തെ ഫെറി ബോട്ടുകൾ ഓർഡിനറിയാക്കിക്കൊണ്ട് ഗവൺമെൻറ് ഉത്തരവായി.

പ്രശ്നങ്ങൾ

എ. ബോട്ടുകൾ മിക്കപ്പോഴും ട്രിപ്പ് മുടക്കുന്നു.

ബി. എറണാകുളത്തേയ്ക്ക് ബോട്ടുയാത്രക്കാർ ധാരാളം ഉള്ളതിനാൽ കൂടുതൽ സർവീസുകൾ വേണ്ടിയിരിക്കുന്നു.

സി. ബോട്ടുചാലുകളിൽ ഗൈഡ് പോസ്റ്റും വെളിച്ചവും ഇല്ല.

സാദ്ധ്യതകൾ

1. പാണാവള്ളിയിലെ ബോട്ടുസ്റ്റേഷന്റെ കീഴിൽ ഒരു ബോട്ട് റിപ്പയറിംഗ് യൂണിറ്റ് സ്ഥാപിക്കുക.
2. ബോട്ടുകൾക്കാവശ്യമായ ഇന്ധനം എത്തിക്കാൻ സർവീസ് ബോട്ടുകൾ ഉപയോഗിക്കാതിരിക്കുക.
3. വാത്തികാട് - കാളത്തോട് - പൂത്തോട്ടയായി ഒരു ഫെറി സർവീസ് ആരംഭിക്കുക.
4. ദ്വീപിലേക്കുള്ള അവസാന ട്രിപ്പ് രാത്രി 10.30 വരെയാക്കുക.
5. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന പഞ്ചായത്തായതിനാൽ ഒരു വരുമാനമാർഗമെന്ന നിലയിൽ സൗത്ത് പറവൂർ - ഇറപ്പുഴ യമഹാ സർവീസും, പെരുമ്പളം - പൂത്തോട്ട, പെരുമ്പളം - പാണാവള്ളി ഫെറികളും പഞ്ചായത്ത് ഏറ്റെടുത്ത് ലേലം ചെയ്യുക.
6. കാറ്റത്തും മഴയത്തും ലൈറ്റുകൾ കെട്ടുപോകുന്നതിനാൽ പെരുമ്പളം - പാണാവള്ളി റൂട്ടിൽ ഉപ്പുതുരുത്തിൽ നിന്ന് വൈദ്യുതി എത്തിച്ച് ബോട്ടുചാലിൽ വിളക്ക് കത്തിക്കുക.
7. കാഞ്ഞിരമറ്റം - പനങ്ങാട്, പെരുമ്പളം കിഴക്കുഭാഗത്തുകൂടി അതായത് കാളത്തോട്, വാത്തിക്കാട്, ഇറപ്പുഴ, പട്ടേകാട് വഴി പനങ്ങാട്ടേക്ക് സർവീസാരംഭിക്കുക.
8. പെരുമ്പളം - എറണാകുളം സർവീസ് നടത്തുന്ന ബോട്ടിന് കോതാട്ടുകടവിൽ പുതിയ ജട്ടി പണിതാൽ ജനങ്ങൾക്ക് അത് കൂടുതൽ സഹായകമാകും.
9. പൂത്തോട്ട - പാണാവള്ളി വഴി സർവീസ് നടത്തുന്ന ബോട്ടുകൾ അരയുകുളങ്ങര - സൗത്ത് ജട്ടി റോഡ് അവസാനിക്കുന്ന ഭാഗത്ത് ഒരു ജട്ടി പണിത് അടുപ്പിക്കുന്നത് 1, 7, 8 വാർഡുകളിൽ താമസിക്കുന്നവർക്കും മറ്റും സഹായകമാണ്.
10. സ്ഥിരമായി കേടുപാടുകൾ വന്ന് സർവീസ് മുടങ്ങുന്ന സാഹചര്യത്തിൽ സ്പെയർ ബോട്ട് അനുവദിക്കുന്നത് ഗുണകരമാണ്.
11. എസ്.ഡബ്ല്യു.ടി.ഡി വക ആംബുലൻസ് ബോട്ട് അനുവദിക്കുന്നത് അടിയന്തിരമായി വേണ്ട കാര്യമാണ്.

റോഡുഗതാഗതം

നാടിന്റെ വികസന പ്രക്രിയയ്ക്ക് വേഗത കൂട്ടുന്ന ഒന്നാണ് റോഡുകൾ. പെരുമ്പളത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയുടെ വളർച്ചയ്ക്ക് റോഡുകളുടെ വികസനം അത്യന്താപേക്ഷിതമാണ്. മുൻകാലങ്ങളിൽ കൃഷിക്കാവശ്യമായ വളങ്ങൾ തോടുകൾ വഴി എത്തിച്ചിരുന്നു എങ്കിൽ ഇന്ന് അവയെല്ലാം വീതിയും ആഴവും കുറഞ്ഞ് നാമാവശേഷമായി. ഈ ബോധമുണ്ടായിരുന്ന നമ്മുടെ പൂർവ്വികർ പഞ്ചായത്ത് നിലവിൽ വരുന്നതിന് മുൻപ് സംഘശക്തിയുടെയും ശ്രമദാനത്തിന്റെയും ബലത്തിൽ നിർമ്മിച്ചതാണ് ആദ്യ റോഡായ സൗത്ത് ജെട്ടി - അരയുകുളങ്ങര റോഡ്. നീളം 1200 മീറ്റർ.

ഒരുപക്ഷേ ടാർ റോഡ് ഒരു സെൻറിമീറ്റർ പോലുമില്ലാത്ത കേരളത്തിലെ ഒരു ഗ്രാമമായിരിക്കും പെരുമ്പളം. സംസ്ഥാനത്ത് ഒരു ച.കിമീറ്ററിന് 3.42 കി.മീ. റോഡുള്ളപ്പോൾ നമുക്ക് പൂജ്യം. നമ്മുടെ പഞ്ചായത്തിൽ 95-96 വരെ ആകെ 13.505 കി.മീ. ഗ്രാവൽ റോഡും 16.250 കി.മീ. മൺറോഡുകളുമാണുള്ളത്.

റോഡ് വിപ്ലവം

റോഡു വിപ്ലവത്തിന് ഉണർത്തുപാട്ടായി മാറിയ വർഷമാണ് 1986. ദ്വീപിൻെറ വടക്കേ അറ്റമായ പട്ടേകാട്ട് ക്ഷേത്രസന്നിധാനത്തുനിന്നും ശ്രീമാൻ ശവംകാട്ടിൽ പുരുഷോത്തമൻെറ നേതൃത്വത്തിൽ കക്ഷിരാഷ്ട്രീയ ജാതി മതഭേദമെന്യേ ശ്രമദാനമായി വെട്ടിയുണ്ടാക്കിയ റോഡാണ് മാർക്കറ്റ് - പട്ടേകാട് റോഡ്. ഈ റോഡിന് 3.575 കി.മീ. നീളം വരും. ഈ വലിയ റോഡ് നിർമാണത്തിന് ലഭിച്ച മാനവശേഷിയുടെ കണക്ക് കൃത്യമായി പറയാനാവില്ല. വഴിവെട്ടുമായി ബന്ധപ്പെട്ട് കേസും സാമ്പത്തിക കഷ്ടനഷ്ടങ്ങളും ഏറ്റുവാങ്ങിയ ശ്രീ. പുരുഷോത്തമൻ തൻെറ ലക്ഷ്യസ്ഥാനത്ത് വിജയപതാകയുമായി എത്തിയതിൽ സംതൃപ്തനാണ്. അവിടന്നങ്ങോട്ട് പെരുമ്പളത്ത് തലങ്ങും വിലങ്ങുമായി അനവധി മൺറോഡുകൾ വെട്ടിയുണ്ടാക്കി.

മാനവശേഷി ഉപയോഗിച്ച് അക്കാലത്ത് നിർമ്മിച്ച റോഡുകളും ആ റോഡ് ഉൾക്കൊള്ളുന്ന വാർഡുകളും ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	വാർഡ്	സ്ഥലം
1	II, III, IV വാർഡ്	മാർക്കറ്റ് - പട്ടേകാട്
2	VII, VIII വാർഡ്	സൗത്ത്ജെട്ടി - കാളത്തോട്രുട്ടി
3	VIII വാർഡ്	SKV വായനശാല - ശാസ്താങ്കൽ
4	VII വാർഡ്	കാളത്തോട് - ആറുകണ്ടത്തിൽ
5	I, II വാർഡ്	മാർക്കറ്റ് - കൊട്ടങ്ങാപ്പറമ്പ്
6	V, VI വാർഡ്	വാർത്തികാട് - പള്ളിപ്പാട്
7	VI, VII വാർഡ്	കാളത്തോട് - വാത്തികാട്
8	V, III വാർഡ്	ഇറപ്പുഴ - ആശുപത്രി

8-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന നാളുകളായിട്ടുപോലും നമ്മുടെ പഞ്ചായത്തിലെ ഇന്നത്തെ റോഡുകളുടെ അവസ്ഥ തൊട്ടടുത്ത പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയേറെ പിന്നിലാണെന്ന് കാണാം. ബ്ലോക്ക് തല പദ്ധതിയിലും നെഹ്റു റോസ്ഗാർ യോജനയിലും ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചും നിർമ്മിച്ച 13.505 കി.മീ. ഗ്രാവൽ റോഡ് പഞ്ചായത്തിനുണ്ട്. ഇന്ന് നിലവിലുള്ള ഈ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള വി.ആർ.എം. ഫണ്ട് തീരെ അപര്യാപ്തമാണ്. കഴിഞ്ഞ 4 കൊല്ലങ്ങളിലെ വി.ആർ.എം. ഫണ്ട് ചുവടെ ചേർക്കുന്നു.

വർഷം	രൂപ
91 - 92	4,189.00
92 - 93	8,110.00
93 - 94	8,513.00
94 - 95	8,742.00.

ആയതിനാൽ V R M ഫണ്ട് വർധിപ്പിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള ഗ്രാവൽ റോഡുകളുടെ സമഗ്രവിവരം

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.
1	അരയുകുളങ്ങര - സൗത്ത് ജെട്ടി	1.2
2	മാർക്കറ്റ് - വാത്തികാട്	2.00
3	അരയുകുളങ്ങര - പനമ്പുകാട്	0.7
4	മാർക്കറ്റ് - പട്ടേകാട്	3.575
5	കാളത്തോട് - ആറുകണ്ടത്തിൽ	1.18
6	മാർക്കറ്റ് - കൊട്ടങ്ങാപറമ്പ്	0.5
7	ഇറപ്പുഴ - ആശുപത്രി	1.1
8	S K V - ശാസ്താങ്കൽ	0.35
9	കല്ലിടാംകടവ് - കാവുവെള്ളി	0.5
10	കാളത്തോട് ജെട്ടി - സൗത്ത്ജെട്ടി	0.43
11	കല്ലിടാംകടവ് - പുതുക്കാട്	0.41
12	സൗത്ത്ജെട്ടി - കോടാലിച്ചിറ	0.425
13	ആശുപത്രി - പള്ളി ജെട്ടി	0.35
14	പനമ്പുകാട് - ശ്മശാനം	0.25
15	നെടുങ്ങാട്ടുവെളി - പുതുക്കാട്	0.15
16	കി. കരുമാംകുഴി - അത്തിക്കാപ്പിള്ളി	0.185
17	വാത്തികാട് - പഴംപിള്ളി	0.2

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ വിവരം താഴെ വിവരിക്കുന്നു

ക്രമ നമ്പർ	ബന്ധപ്പെടുന്ന വാർഡുകൾ	റോഡിന്റെ പേര്	മുൻഗണനാ ക്രമം
1	2, 3, 6	മാർക്കറ്റ് - വാത്തികാട്	1
2	2, 3, 4	മാർക്കറ്റ് - പട്ടേകാട്	2
3	1, 2, 6, 7, 4	സൗത്ത്ജെട്ടി - അരയകുളങ്ങര-പനമ്പുകാട്	3
4	3, 5	P H C ഇറപ്പുഴ	5
5	6, 7	കൊട്ടങ്ങാപ്പറമ്പ് - കാളത്തോട്	4
6	7, 8	കാളത്തോട് - സബ്സെന്റർ	
7	3	ആശുപത്രി - P H C ജെട്ടി	7
8	6	വാത്തികാട് - കാളത്തോട്	

നിലവിലുള്ളതും താഴെപറയുന്നതുമായ മൺറോഡുകളിൽ പൂഴിവിരിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യമുന്നയിച്ചിരിക്കുന്നു.

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം
1	6	കാളത്തോട് - വാത്തികാട്	800 മീ.
2	7	ശാസ്താംങ്കൽ - ചമതച്ചിറ	800 മീ.
3	8	മുക്കംജെട്ടി - കോടാലിച്ചിറ	500 മീ.
4	8	കോടാലിച്ചിറ - സബ്സെന്റർ	200 മീ.
5	5	ശ്രീഗോവിന്ദപുരം - പള്ളിപ്പാട്	750 മീ.
6	3	നോർത്ത് ജെട്ടി - വടയാഴം	250 മീ.
7	4	പനമ്പുകാട് - ശ്മശാനം- സാംസ്കാരിക നിലയം	800 മീ.
8	1	കല്ലിടാംകടവ് - പുതുക്കാട് (രണ്ടാംഘട്ടം)	350 മീ.
9	2	മാർക്കറ്റ് ജെട്ടി - മുക്കണ്ണംജെട്ടി- ഉപ്പുതുരുത്ത്	600 മീ.
10	4, 5	ക്ഷേത്രംപറമ്പ്- മുണ്ടുതോട് - ഇറപ്പുഴ - ചാലിൽ - പള്ളിപ്പാട്	1.750 കി.മീ.

അറ്റകുറ്റപ്പണി ഉടൻ നടത്തേണ്ട റോഡുകളുടെ വിവരം താഴെ കൊടുക്കുന്നു.

നമ്പർ	റോഡ്
1	അരയുകുളങ്ങര – സൗത്ത്ജെട്ടി
2	മാർക്കറ്റ് – വാത്തികാട്
3	അരയുകുളങ്ങര – പനമ്പുകാട്
4	ഹൈസ്കൂൾ റോഡ്
5	പബ്ലിക് മാർക്കറ്റ് റോഡ്

പുതിയ മൺറോഡുകൾ

ഇതരപ്രദേശങ്ങളിൽ നിന്ന് വിഭിന്നമായി ഇവിടെ വീട്ടുമുറ്റത്തോ തൊടിയിലോ കൂടി നടക്കുന്നതിന് വിലക്കുകളില്ലായിരുന്നു. കാലത്തിന്റെ മാറ്റത്തിൽ മുറ്റത്തും തൊടിയിലും കൂടി സഞ്ചരിക്കുന്നതിലുള്ള അനൗചിത്യം സ്വയം ബോധ്യപ്പെട്ടതിന്റെ ഫലമായി എല്ലാ വാർഡുകളിൽ നിന്നും പുതിയ റോഡിന്റേയും നടപ്പാതകളുടേയും ആവശ്യമുന്നയിച്ചിരിക്കുന്നു. അവ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	റോഡ്	നടപ്പാത	മുൻഗണനാ ക്രമം	ദൂരം മീറ്ററിൽ
1	1	പാറയിൽ-SKV വായനശാല	"		0104	400 മീ.
2	1	ആറുകണ്ടത്തിൽ - വേഴക്കാട്	"		0102	400 മീ.
3	1	ലക്ഷ്മീപറമ്പ് - ഹരിഹരംപറമ്പ്		"	0102	150 മീ.
4	1	കൊത്തളത്തിൽ-കോടത്ത്		"	0103	200 മീ.
5	2	പുതുക്കാട്-കളത്തിൽ- മാർക്കറ്റ്		"	0204	700 മീ.
6	2	മുക്കണ്ണൻചിറ- പഞ്ചായത്തോഫീസ്		"	0203	500 മീ.
7	2	ശ്രീഗോവിന്ദപുരം-പുളുക്കിയൽ		"	0201	300 മീ.
8	2	മാർക്കറ്റ്-നാളിയാത്ത്-ലക്ഷംവീട്		"	0202	400 മീ.
9	3	കൈകാട്ട്-പനമ്പുകാട്		"	0301	300 മീ.
10	3	മേച്ചേരി-വാഴപ്പള്ളികാട്		"	0302	200 മീ.
11	4	ചെറുവള്ളി-പട്ടേകാട്	"		0403	500 മീ.
12	4	പനമ്പുകാട്-കണ്ടയ്ക്കാത്തറ		"	0401	200 മീ.
13	5	വള്ളവേലിക്കകത്ത്-പൂപ്പാടി		"	0501	450 മീ.
14	5	അത്തിയ്ക്കാപ്പള്ളി-തച്ചായിൽ-കോർമ്മംപറമ്പ്		"	0503	800 മീ.
15	5	കലിയത്ത്-ഇറപ്പുഴ		"	0502	300 മീ.
16	6	മണ്ടോപ്പള്ളിൽ-കോയിക്കൽ--പഞ്ചായത്ത്		"	0602	800 മീ.
17	6	തോട്ടുപുറം - മങ്കാരത്ത്		"	0603	300 മീ.
18	6	കിഴക്കേഅമ്പലവെളി-കാട്ടുവെളി-കോയിക്കൽ ചകരിയാട്ട്		"	0601	500 മീ.
19	7	വലിയപറമ്പ്-തോപ്പുവെളി-കല്ലുംവെളി	"		0701	700 മീ.
20	7	ടി വി സ്മാരകം-വാറക്കാട്-സൗത്ത് എൽ.പി. എസ്.	"		0705	600 മീ.
21	7	സമാധിഓഫീസ് - അന്തിച്ചന്ത		"	0701	100 മീ.
22	8	സബ്സെന്റർ' ചാമുണ്ടി ലക്ഷംവീട്- കിഴക്കനേഴത്ത്		"	0803	500 മീ.
23	8	രാജീവ്സ്മാരകം-ചേപ്പേലിൽ-വലിയപറമ്പ്		"	0802	500 മീ.
24	8	കണ്ണാട്ട്-കാവുവെളി		"	0804	500 മീ.
25	8	നികർത്തിൽ-അനന്തംവെളി-വാറക്കാട്		"	0801	600 മീ.
26	1	മുക്കണ്ണൻചിറ ജെട്ടി- പുതുക്കാട്		"	0101	200 മീ.
27	7	വൈലോപ്പള്ളിൽ- കിഴക്കേകാട്ടേഴത്ത്		"	0702	200 മീ.

☆ റോഡിന്റെ മുൻഗണനാ പഞ്ചായത്തടിസ്ഥാനത്തിലും, നടപ്പാതയുടെ മുൻഗണന വാർഡ് അടിസ്ഥാനത്തിലുമാണ് നിശ്ചയിച്ചിരിക്കുന്നത്. ആദ്യ രണ്ടക്കങ്ങൾ വാർഡിനേയും രണ്ടാമത്തെ രണ്ടക്കങ്ങൾ മുൻഗണനയും സൂചിപ്പിക്കുന്നു.

വീതിയുള്ള റോഡ് നിർമ്മിക്കുന്നത് പഞ്ചായത്തിനെ സംബന്ധിച്ച് ചിലവേറിയതും സ്ഥലമുടമകൾ കൂടുതൽ സ്ഥലം റോഡിന് തരാൻ മടിക്കുന്നതിനാലും 2 മീറ്റർ വീതിയുള്ള നടപ്പാതകൾ നിർമ്മിക്കുന്നത് അഭികാമ്യമായിരിക്കും.

കാലാകാലങ്ങളിൽ കൃഷിയെ ഓരിൽനിന്നും രക്ഷിക്കുന്നതിന് പല റോഡുകളിലും നടപ്പാതകളിലും കലുങ്ക്, ചീർപ്പ് എന്നിവ പണിയേണ്ടതായിട്ടുണ്ട്. അവയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. വെയിറ്റിംഗ് ഷെഡ്, ജെട്ടി എന്നിവയും ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	വാർഡ്	സ്ഥല പേര്	കലുങ്ക്	ചീർപ്പ്	നടപ്പാലം	ജെട്ടി	വെയിറ്റിങ് ഷെഡ്
1	4	കണ്ടക്കാത്തറ	"				
2	1	കണ്ടത്തായത്ത്		"			
3	5	മുണ്ടുതോട്	"				
4	2	ഓലക്കുളങ്ങര			"		
5	5	കുറുക്കന്തറ			"		
6	2	മടത്തിവെളി			"		
7	1	ഉപ്പുതുരുത്ത്			"		
8	8	ചേപ്പേലിൽ			"		
9	2	മുക്കണ്ണംചിറ			"		
10	6	കോയിക്കൽ	"		"		
11	6	തോട്ടുപുറത്ത്			"		
12	2	കിഴക്കേനാളിയത്ത്	"				
13	6	തരകശേരി			"		
14	2	മുക്കണ്ണംചിറ, ഉടുംപുഴ	"				
15	2	പടി പായ്പ്പാട്ട്	"				
16	1	തോട്ടങ്കര പടിഞ്ഞാറെ വെളി	"				
17	2	യോഗച്ചിറ	"				
18	8	കൊച്ചുമുറിത്തോട്				"	
19	5	ഇറപ്പുഴ				"	"
20	6	വാത്തിക്കാട്					"
21	7	കാളത്തോട്					"
22	8	മുക്കം					"
23	1	മുക്കണ്ണംചിറ					"
24	8	സൗത്ത് ജെട്ടി					"
25	3	നോർത്ത് ജെട്ടി					"

സംരക്ഷണഭിത്തി

പ്രധാനപ്പെട്ട പല റോഡുകളുടെ പല ഭാഗങ്ങളിലും സംരക്ഷണഭിത്തിയില്ലാത്തതിനാൽ വർഷകാലത്ത് റോഡ് കുത്തിയൊലിച്ചുപോകുന്നു.

പുതിയതായി റോഡ് ഇടാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സംരക്ഷണഭിത്തി കെട്ടിക്കഴിഞ്ഞിട്ട് റോഡ് ഇടുന്നത് പഞ്ചായത്തിന് സാമ്പത്തികലാഭമുള്ള കാര്യമാണ്.

കരിങ്കൽഭിത്തി കെട്ടുന്നത് വളരെ ചിലവുള്ള കാര്യമായതിനാൽ ഉപ്പിന്റെ ശല്യമില്ലാത്ത ഭാഗങ്ങളിൽ കരിങ്കല്ലിന് പകരം ചെങ്കല്ല് (ചീങ്കൻ) കെട്ടി വളരെ തുക ലാഭിക്കാവുന്നതും ഉറപ്പിന് കുറവു വരുകയില്ലെന്നും ഗ്രാമസഭയിൽ നിർദേശമുണ്ടായി.

സംരക്ഷണഭിത്തി കെട്ടേണ്ട സ്ഥലങ്ങൾ

ക്രമ നമ്പർ	വാർഡ്	സ്ഥലം
1	I	ARD 289 ന്റെ തെക്കുവശം കുളത്തിന്റെ സൈഡ്
2	I	മുതിരപ്പറമ്പ് കുളത്തിന്റെസൈഡ്
3	I	കോടത്ത് ക്ഷേത്രത്തിന് - പടിഞ്ഞാറുവശം
4	III	പനമ്പുകാട് ക്ഷേത്രത്തിന് തെക്കുവശം
5	VII	M Sദേവരാജിന്റെ പറമ്പിലുള്ള കുളത്തിന്റെസൈഡ്
6	VII	വാതുപ്പിള്ളി മുതൽ ചമതച്ചിറ വരെയുള്ള ഭാഗം

മലയോര തീരദേശ റോഡ്

പെരുമ്പളം ദ്വീപിനെ പടിഞ്ഞാറെ കരയായ പാണാവള്ളിയായും കിഴക്കേക്കരയായ പൂത്തോട്ടയുമായും ബന്ധിപ്പിച്ച് രണ്ടു പാലങ്ങൾ നിർമ്മിച്ച് ഇന്നുള്ള മലയോര തീരദേശ റോഡ് പെരുമ്പളത്തുകൂടി പോവുകയാണെങ്കിൽ പെരുമ്പളത്തിന്റെ വികസനവും നിർദ്ദിഷ്ട യാത്രാദൂരം വളരെ കുറയുകയും ചെയ്യുന്നതാണ്. ഗതാഗതക്കുരുക്ക് ഒരു തീരാശാപമായ എറണാകുളത്തിനും കൊച്ചിക്കും ഒരു അനുഗ്രഹമാവുമെന്നതിനാൽ ഇത് സംസ്ഥാന പദ്ധതിയിൽപെടുത്തി നിർമിക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും നിർദേശമുണ്ടായി.

ഊർജം

1973 മാർച്ച് മാസത്തിലെ ഒരു സായംസന്ധ്യക്ക് പെരുമ്പളം ഹൈസ്കൂളിലെ ഓഫീസുമുറിയിൽ ലൈറ്റ് തെളിഞ്ഞതോടുകൂടിയാണ് നാടിന്റെ പുരോഗതിയുടെ അടിസ്ഥാന ശക്തി ആദ്യമായി നമ്മുടെ ദ്വീപിലെത്തിയത്. ഇന്നിപ്പോൾ ഏകദേശം 1300 ഓളം ഉപഭോക്താക്കൾ ഉണ്ടായിട്ടും ഈ നാട്ടിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പോലുമില്ല. എല്ലാ മാസത്തിലേയും അഞ്ചാമത്തെ പ്രവൃത്തിദിവസം കറണ്ടുചാർജ് വാങ്ങാൻ പൂച്ചാക്കൽ ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ നിന്നും ഉദ്യോഗസ്ഥർ എത്താറുണ്ടെങ്കിലും ദരിദ്രരായ ജനങ്ങൾക്ക് അന്ന് നൽകാൻ കഴിഞ്ഞില്ലെങ്കിൽ അഞ്ചര രൂപാ മുടക്കി പൂച്ചാക്കൽ പോയി അടയ്ക്കുകയേ നിവൃത്തിയുള്ളു.

എറണാകുളം ജില്ലയിലെ വൈറ്റില സബ്ബ് സ്റ്റേഷനിൽ നിന്നാണ് പെരുമ്പളത്തിന് വൈദ്യുതി വിതരണം ചെയ്യുന്നത്. ഭരണനിർവഹണവും മറ്റു കാര്യങ്ങളും ആലപ്പുഴ ജില്ലയിലുമാണ്. 1300 ഓളം ഉപഭോക്താക്കളിൽ 84% ഗാർഹിക ഉപഭോക്താക്കളും 10.5% വ്യാപാര ഉപഭോക്താക്കളും 4.5% കാർഷിക ഉപഭോക്താക്കളും 1% വ്യാവസായിക ഉപഭോക്താക്കളുമാണ്. പഞ്ചായത്ത് പരിധിയിൽ 4 ട്രാൻസ്ഫോർമറുകളുണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

1.	വാത്തിക്കാട്	63 K V A
2	കളരിക്കൽ	160 K V A
3	മാർക്കറ്റ്	100 K V A
4	നോർത്ത്	100 K V A

ഗാർഹിക ഉപഭോക്താക്കൾ എല്ലാവരും തന്നെ വോൾട്ടേജ് കുറവിനെക്കുറിച്ച് പരാതിയുള്ളവരാണ്. ആയതിനാൽ ഗ്രാമസഭകളിലെല്ലാം തന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് തൈക്കാട്ടുശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ഒരു ലൈൻ പെരുമ്പളത്തിന് നൽകണമെന്ന് ആവശ്യമുന്നയിച്ചിരിക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് 9 ട്യൂബുകളും 35 ബൾബുകളും സ്ട്രീറ്റ്ലൈറ്റിനായി ഇട്ടിട്ടുണ്ടെങ്കിലും ട്യൂബുകൾ മിക്കതും വോൾട്ടേജ് കുറവുമൂലം കത്താറില്ല.

പ്രശ്നങ്ങൾ

1. വൈദ്യുതി എത്താത്ത പ്രദേശങ്ങളുണ്ട്.
2. പ്രേഷണ – വിതരണ രംഗങ്ങളിലെ ശ്രദ്ധക്കുറവ് (മരച്ചില്ലകളും മറ്റും യഥാസമയം മുറിക്കാതിരിക്കൽ)
3. വൈദ്യുത കണക്ഷൻ കൺസൻറ് പ്രശ്നങ്ങളിൽ തടസങ്ങൾ ഉണ്ടാവുന്നത്.
4. പട്ടികജാതി പട്ടികവർഗ അധിവാസകേന്ദ്രങ്ങളിൽ വൈദ്യുതിയില്ല.
5. വോൾട്ടേജ് കുറവ്.
6. അനാവശ്യമായ വൈദ്യുത ഉപയോഗം.
7. വളഞ്ഞുതിരിഞ്ഞുള്ള ലൈനുകളുടെ പോക്ക്.
8. ഒരു വാർഡിന് 5 എന്ന നിലയിലേ സ്ട്രീറ്റ്ലൈറ്റുള്ളൂ. (മിക്ക വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകളില്ല.)

സാദ്ധ്യതകൾ

വൈദ്യുതി എത്തിയിട്ടില്ലാത്ത അത്തിക്കാപ്പിള്ളി ലക്ഷംവീട് കോളനി പ്രദേശത്തേക്കും പട്ടികജാതി പട്ടികവർഗ അധിവാസ കേന്ദ്രങ്ങളായ ഇറപ്പുഴ, പുളിക്കിയിൽ, കൊട്ടങ്ങാപ്പറമ്പ് പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കേണ്ടതാണ്.

കൊട്ടങ്ങാപ്പറമ്പ് കാളത്തോട് റോഡിലെ തറവെള്ളിയിൽ കൂടി പോകുന്ന ലൈൻ പുനഃക്രമീകരിച്ച് റോഡു വഴിയാക്കിയാൽ വൈലോപ്പിള്ളി പ്രദേശങ്ങൾക്ക് കൂടി ഗുണകരമാവുകയും സ്ട്രീറ്റ് ലൈറ്റ് ഇടേണ്ടിവരുമ്പോൾ അത്രയും ഭാഗത്ത് പുതിയ പോസ്റ്റുകൾ ഇടേണ്ടിവരുകയുമില്ല.

മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റിനു വേണ്ടിയുള്ള നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു. 35 ബൾബിനും 9 ട്യൂബിനും കൂടി ഇപ്പോൾ പ്രതിവർഷം 8916 രൂപ (അവലംബം പഞ്ചായത്ത് കണക്ക്) അടച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു. സ്ട്രീറ്റ്ലൈറ്റുകൾ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

1	പട്ടേകാട് - മാർക്കറ്റ് റോഡ്	20 എണ്ണം
2	വാത്തികാട് - മാർക്കറ്റ് റോഡ്	16 എണ്ണം
3	ഇറപ്പുഴ ജെട്ടി - P H C ജെട്ടി	18 എണ്ണം
4	പനമ്പുകാട് - അരയുകുളങ്ങര റോഡ്	10 എണ്ണം
5	കോടത്ത് - പുതുക്കാട്- മാർക്കറ്റ് റോഡ്	8 എണ്ണം
6	കൊട്ടങ്ങാപ്പറമ്പ് - കാളത്തോട് ജെട്ടി	12 എണ്ണം
7	മുതിരപ്പറമ്പ് - തക്യാവ് റോഡ്	4 എണ്ണം
8	എല്ലാ ലാൻറിങ് സെൻററുകളിലും	2 എണ്ണം

ലൈനുകളിൽ മുട്ടിനിൽക്കുന്ന മരച്ചില്ലകൾ യഥാസമയം വെട്ടിമാറ്റാത്തതിനാൽ വോൾട്ടേജ് കുറവ് അനുഭവപ്പെടാറുണ്ട്. വളഞ്ഞുതിരിഞ്ഞുപോകുന്ന ലൈനുകളും വോൾട്ടേജ് കുറവിനുള്ള കാരണങ്ങളിൽ ഒന്നാണ്.

വൈദ്യുത കൺസ്ൻറ് പ്രശ്നങ്ങളിൽ വളരെയധികം ആളുകൾക്ക് കണക്ഷൻ കിട്ടാതെ ബുദ്ധിമുട്ടുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ നിയമനിർമാണം നടത്തേണ്ടതാണ്.

ശ്രീകൃഷ്ണവിലാസം വായനശാല, വടയാഴം, കാളത്തോട്, മുക്കം എന്നീ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ എൽ.ടി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാവുന്നതാണ്. അനാവശ്യമായി വൈദ്യുതി ചിലവാക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും സ്ലാബ് സമ്പ്രദായം മാറ്റി സെൽഫ് റീഡിംഗ് ഏർപ്പെടുത്തുന്നതു മൂലവും വളരെയധികം വൈദ്യുതി ലാഭിക്കാവുന്നതും വോൾട്ടേജ് കുറവിന് ഒരു പരിഹാരവും ആകുന്നതാണ്.

ഉപ്പുതുരുത്ത്, പട്ടേകാട്, മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പാരമ്പര്യേതര ഊർജസ്രോതസായ കാറ്റിൽ നിന്നും വൈദ്യുതി എടുക്കുന്നതിനുള്ള മാർഗത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

മറ്റു പ്രധാന ആവശ്യങ്ങൾ

1. പട്ടികജാതി അധിവാസ കേന്ദ്രങ്ങളിൽ സർക്കാർ ഏജൻസികളുടെ സഹായത്തോടെ സൗരോർജ വിളക്കുകൾ സ്ഥാപിക്കുക.
2. പട്ടികജാതി, പട്ടികവർഗ അധിവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുക.
3. കുടിൽ ജ്യോതി പദ്ധതിയനുസരിച്ച് നിർധന കുടുംബങ്ങൾ സൗജന്യമായി വൈദ്യുതീകരിച്ച് കൊടുക്കുക.
4. പെരുമ്പളത്തെ എല്ലാ ലക്ഷംവീടുകളും സൗജന്യമായി വൈദ്യുതീകരിച്ച് നൽകുക.
5. വാത്തികാട് - അരയുകുളങ്ങര റോഡിലും ഇറപ്പുഴ - ആശുപത്രി റോഡിലും, റോഡിലേക്ക് കയറി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
6. പെരുമ്പളം ഹൈസ്കൂൾ കോമ്പൗണ്ടിൽ കൂടി പോകുന്ന ടവർ ലൈൻ മാറ്റിസ്ഥാപിക്കുക.

പഞ്ചായത്തിലെ 95% വീടുകളിലും വിറകാണ് പാചകാവശ്യത്തിനുപയോഗിക്കുന്നത്. വിറക് വേണ്ടത്ര കിട്ടാനില്ലാതെ ജനങ്ങൾ വിഷമിക്കുകയാണ്. വിറകുള്ളവർ തന്നെ വേണ്ടത്ര അറിവില്ലാതെ വിറക് കത്തിച്ച് പാഴാക്കുന്നു.

പുകയില്ലാത്ത അടുപ്പുകൾ, മെച്ചപ്പെട്ട മണ്ണെണ്ണ സ്റ്റൗ, പ്രഷർകുക്കറുകൾ എന്നിവയുടെ ഉപയോഗത്തെക്കുറിച്ചും അവയ്ക്ക് നൽകുന്ന സബ്സിഡികളെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്.

നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വിറകിനേക്കാൾ ചിലവു കുറഞ്ഞ ഇന്ധനമാണ് കുക്കിംഗ് ഗ്യാസ്. ആയതിനാൽ കുക്കിംഗ് ഗ്യാസ് ഏജൻസി പെരുമ്പളത്ത് അനുവദിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

അനർട്ടിൻെറ ഒരു യൂണിറ്റ് പെരുമ്പുളത്ത് സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ വിറകിൻെറ ആവശ്യം കണക്കിലെടുത്ത് വേഗത്തിൽ വളർന്ന് പന്തലിക്കുന്ന ചെടികൾ വിതരണം ചെയ്യാവുന്നതാണ്.

അനർട്ടിൻെറ സഹായത്തോടെ പെരുമ്പളത്തെ എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുക.

മാർക്കറ്റ്

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ നിന്നും സുലഭമായി പുറംനാടുകളിലേക്ക് അയച്ചുകൊണ്ടിരിക്കുന്ന പ്രധാന വസ്തുക്കൾ നാളികേരം, കൊപ്ര, കശുവണ്ടി, കയർ, ഓല, വെറ്റില, അടയ്ക്ക, മത്സ്യഇനങ്ങൾ, കറുത്തകക്കാ എന്നിവയാണ്. വെറ്റിലകൃഷി കുറഞ്ഞുവരുന്നതിനാൽ പഴയകാലത്തെപ്പോലെ വിപണനം നടക്കുന്നില്ല. ഈ പഞ്ചായത്തിൽ ഒരു പബ്ലിക് മാർക്കറ്റും, ഒരു അന്തിച്ചന്തയുമാണുള്ളത്. അന്തിച്ചന്തയിൽ വേണ്ടത്ര സാധനങ്ങൾ വിപണനം ചെയ്യുന്നില്ല. മത്സ്യം വീടുതോറും കയറിയിറങ്ങി വില്പന നടത്തുന്നതിനാൽ പബ്ലിക് മാർക്കറ്റിൽ വില്പന കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാകുമ്പോൾ ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറി ഇനങ്ങൾ ഇവിടെ വില്പന നടത്താനും, അന്യമാർക്കറ്റിൽ വില്പനയ്ക്കായി അയക്കാനും സാധിക്കും. പബ്ലിക് മാർക്കറ്റിൽ വ്യാപാരശാലകൾക്കായി കടമുറികൾ ഇല്ലാത്തതിനാൽ ഒരു മാർക്കറ്റിന്റെ പകിട്ട് കിട്ടുന്നില്ല. പച്ചക്കറികളും, മത്സ്യഇനങ്ങളും, ഇറച്ചിയും ആടുവളർത്തൽകാർക്കുള്ള പ്ലാവിലയുമാണ് ഇന്ന് മുഖ്യമായി വിപണനം ചെയ്യുന്നത്.

നിർദ്ദേശങ്ങൾ

1. പബ്ലിക് മാർക്കറ്റിൽ ഒരു സ്ലോട്ടർ ഹൗസ് നിർമിക്കുക.
2. പബ്ലിക് മാർക്കറ്റിലും, അന്തിച്ചന്തയിലും കച്ചവടക്കാർക്കായി സ്റ്റാളുകൾ പണിത് വാടകയ്ക്ക് നൽകുക.
3. ശുചിത്വ പരിപാലനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
4. അഴുകിയ മത്സ്യം വില്പന നടത്തുന്നത് തടയുക.



പാർപ്പിടവും സാമൂഹ്യക്ഷേമവും

ആലപ്പുഴ ജില്ലയിൽ വടക്കേയറ്റത്തു വേമ്പനാട്ട് കായലിൽ സ്ഥിതിചെയ്യുന്ന ഒരു കൊച്ചുദ്വീപാണ് പെരുമ്പളം ഗ്രാമപഞ്ചായത്ത്.

ജനസംഖ്യാനുപാതത്തിൽ കണക്കാക്കാതെ ഒരു വില്ലേജായി അംഗീകരിച്ചു കിട്ടിയത് ഈ ദ്വീപിന്റെ സവിശേഷതയാണ്. ഏകദേശം 2400 ഓളം കുടുംബങ്ങൾ താമസിക്കുന്ന ഈ ദ്വീപിൽ വികസനത്തിന്റെ വെളിച്ചം ഇതേവരെ കടന്നു ചെന്നിട്ടില്ല. സാമൂഹ്യക്ഷേമം, പാർപ്പിടം എന്നീ കാര്യങ്ങളിൽ വളരെയധികം പിന്നോക്കം നില്ക്കുന്ന ഈ പഞ്ചായത്തിന്റെ വികസനപ്രക്രിയയുടെ മുഖ്യതടസ്സം ഇതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടുള്ളതാണ്.

സാക്ഷരത-ഉന്നത വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങൾ സാംസ്ക്കാരിക സമ്പന്നത, പരിസ്ഥിതിയുടെ പ്രത്യേകമായ അനുഗ്രഹം കൊണ്ട് പരിസരമലിനീകരണത്തോതിന്റെ കുറവ് എന്നിവ ഈ ഗ്രാമത്തിന്റെ എടുത്തുപറയാവുന്ന നേട്ടങ്ങളാണ്.

നിർദ്ധനരാണ് ഭൂരിപക്ഷവും. കൂലിപ്പണി, മത്സ്യബന്ധനം, കൃഷി, കയർമേഖല എന്നിവയിലൊതുങ്ങി നില്ക്കുന്ന വരുമാനമാർഗ്ഗം. ആധുനികതയുടെ കടന്നുകയറ്റത്തിൽ ജീവിതത്തിന്റെ രണ്ടറ്റം ബന്ധിപ്പിക്കുവാൻ ജനങ്ങൾ പാടുപെടുന്നു.

പാർപ്പിടം

പുത്തൻ ഉപഭോഗസംസ്ക്കാരത്തിന്റെ സ്വാധീനം ഗ്രാമീണരുടെ പാർപ്പിട നിർമ്മാണത്തിൽ കോൺക്രീറ്റ് സൗധങ്ങളുടെയും മതിലുകളുടെയും നിർമ്മാണത്തിൽ അവിടവിടെ പ്രകടമാകുന്നുണ്ട്.

എന്നാൽ പാർപ്പിടരംഗത്തെ നവീനപ്രവണതകളെ ഗ്രാമീണർ സ്വീകരിക്കുവാൻ വിമുഖരാണ് എന്നത് ആശ്വാസകരമാണ്. വാസ്തുശില്പ മാതൃകയിലുള്ള പഴയ വീടുകളുടെ സംരക്ഷണം സംബന്ധിച്ച് ഗ്രാമീണർ ബോധവാന്മാരാണ്.

ഭവനനിർമ്മാണ സാമഗ്രികളിൽ ഒന്നുംതന്നെ ഇവിടെ ലഭ്യമല്ല എന്നത് എടുത്തു പറയേണ്ട പ്രത്യേകതയാണ്. കുടാതെ കായൽ മാർഗ്ഗം ഇത്തരം സാമഗ്രികൾ എത്തിക്കുന്നതിലെ അധികച്ചിലവ്, കാലതാമസം എന്നിവയും വിദഗ്ദ്ധതൊഴിലാളികളുടെ ദൗർബല്യം കാര്യക്ഷമതയിലുള്ള ഇടിവും പാർപ്പിട നിർമ്മാണം ഗ്രാമീണരേ സംബന്ധിച്ചിടത്തോളം ഒരു വൈതരണിതന്നെയായിരിക്കുന്നു.

ഇടത്തരം ദുർബ്ബലജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് വായ്പ നൽകുന്ന സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ ഇല്ല എന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഈ ഗ്രാമത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം ഇല്ല. കുടാതെ മറ്റു ധനകാര്യസ്ഥാപനങ്ങളിലെ വായ്പകൾ ലഭിക്കിന്നതിനുള്ള കടമ്പകൾ കടക്കുന്നത്. ഇത്തരം വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം അസാദ്ധ്യവുമാണ്.

കായൽ നികത്തി കുടിൽ കെട്ടുന്നവർക്ക് യഥാസമയം പട്ടയം ലഭിക്കാതെ വരുന്നത് ഭവനനിർമ്മാണ അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

മത്സ്യതൊഴിലാളി ഭവനനിർമ്മാണ ബോർഡ്, റവന്യു വകുപ്പിൽ നിന്നും പുനരധിവാസ വായ്പപദ്ധതി, രാജീവ് ദശലക്ഷപാർപ്പിട പദ്ധതി എന്നിവയിൽ വായ്പ ലഭിക്കുന്നതിന് വിവിധ ഓഫീസുകളിൽ നേരിടുന്ന നിലവിലുള്ള നിയമതടസ്സങ്ങളും കാലതാമസങ്ങളും ഇത്തരം സഹായം തേടുന്നതിൽ നിന്നും ഗ്രാമീണരേ വിമുഖരാക്കുന്നു.

താഴെപറയുന്ന എട്ടു കോളനികൾ പഞ്ചായത്തിലുണ്ട്

നമ്പർ	*കോളനിയുടെ പേര്	വാർഡ്
1	ചാമുണ്ടി ലക്ഷംവീട് കോളനി	VIII
2	വാറക്കാട് ലക്ഷംവീട് കോളനി	VII
3	കടേപ്പറമ്പിൽ ലക്ഷംവീട് കോളനി	IV
4	തോപ്പുവെളി കോളനി	VII
5	അത്തിയ്ക്കാപ്പിള്ളി കോളനി	V
6	മാങ്ങോടത്തു കോളനി	III
7	പുളിക്കിൽ കോളനി	II
8	തുലാപ്പത്തു S T കോളനി	VII

വെള്ളത്താൽ ചുറ്റപ്പെട്ട ഈ ദ്വീപിന്റെ എല്ലാ വാർഡുകളും കായലുമായി ബന്ധപ്പെട്ടു കിടക്കുന്നു. ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളിൽ പുതിയ തീരദേശസംരക്ഷണനിയമം സൃഷ്ടിച്ചേക്കാവുന്ന പ്രശ്നങ്ങൾ ഗ്രാമീണർ ആശങ്കയോടെയാണു വീക്ഷിക്കുന്നത്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി ഭവനരഹിതർക്കു വീട് നിർമ്മിച്ചു നൽകുന്നതിന് ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളുടെയും ഒരു കൂട്ടായ മുന്നേറ്റത്തിലൂടെ മാത്രമേ ഇതു സാദ്ധ്യമാകൂ എന്ന സ്ഥിതിവിവിരക്കണക്കുകൾ നമ്മെ പഠിപ്പിക്കുന്നു. അപര്യാപ്തമായ സഹായവും ഈ ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ഇതിലേയ്ക്കാണു വിരൽ ചൂണ്ടുന്നത്. സർക്കാർ ഫണ്ടിനു പുറമേ സാധനങ്ങളും അദ്ധ്വാനവും സംഭാവനവഴി സ്വീകരിയ്ക്കേണ്ടിവരും.

പട്ടിക No I

വർഷം	R L G P	N R E P	I A Y	M W S	J R Y
84 - 85	10				
85 - 86					
86 - 87					
87 -88					
88 - 89					3
89 - 90				4	
90 - 91			2		
91 - 92					
92 - 93					
93 - 94			1	1	1
94 - 95			1		1
95 - 96			4		
ആകെ	10		8	6	5

സർക്കാർ ഗ്രാൻറിൽ നല്കിവരുന്ന J. R. Y, M.W.S, I.A.Y എന്നീ പദ്ധതികളിൽപ്പെടുത്തി സമയബന്ധിതമായി പണിതീർക്കുന്നതിന് മുമ്പ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ തടസ്സമായി നില്ക്കുന്നു. കൂടാതെ സർക്കാർ ഫണ്ടിന്റെ അപര്യാപ്തത, സാധനസാമഗ്രികളുടെ ലഭ്യതക്കുറവ്, വിദഗ്ദ്ധതൊഴിലാളികളുടെ ദൗർലഭ്യം, ഗുണഭോക്താക്കളുടെ അദ്ധ്വനം വഴിയുള്ള സംഭാവനക്കുറവ് എന്നിവയും കാരണമാകുന്നു.

വിദഗ്ദ്ധതൊഴിലാളികളുടെ പരിശീലനത്തിന് സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകേണ്ടത് തൊഴിലാളികളുടെ ലഭ്യതയ്ക്കും തൊഴിലില്ലായ്മ പരിഹാരത്തിനും ആവശ്യമാണ്.

വിദഗ്ദ്ധതൊഴിലാളികളുടെ 85-86 കാലയളവിൽ 25 രൂപയായിരുന്നു കൂലി എങ്കിൽ ഇപ്പോൾ 100-125 രൂപയോളമായി വർദ്ധിച്ചിരിക്കുന്നു. മൈക്കാട് തൊഴിലാളിക്ക് 15 രൂപയിൽ നിന്നും 70 രൂപയായി വർദ്ധിച്ചിരിക്കുന്നു. ജീവിതനിലവാരത്തിലുള്ള വർദ്ധനവ് കൂലിവർദ്ധനവിലേയ്ക്കാണു വിരൽ ചൂണ്ടുന്നത്.

അനാവശ്യമായ ആർഭാടങ്ങൾ ഒഴിവാക്കാനും പാർപ്പിട നിർമ്മാണച്ചെലവ് കുറഞ്ഞ രീതിയിലാക്കാനുമുള്ള പ്രചരണവും ആവശ്യമായ ബോധവൽക്കരണവും കൂടിയേ കഴിയൂ. പഴയ വാസ്തുശില്പ മാതൃകയിലുള്ള വീടുകൾ സംരക്ഷിക്കണം.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പെരുമ്പളം പഞ്ചായത്തിലെ 30% വരുന്ന കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. സ്വന്തമായി രണ്ടുസെൻറു ഭൂമിയെങ്കിലും ഉള്ളവർക്ക് പഞ്ചായത്ത് മുൻകൈ എടുത്ത് വിവിധ

ഭവനനിർമ്മാണ ഏജൻസികളുടെ സഹകരണത്തോടെ സഹായധനവും വായ്പയും നല്കി ഭവനനിർമ്മാണം പൂർത്തീകരിയ്ക്കേണ്ടതാണ്. അതിനായി പഞ്ചായത്തു തലത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘത്തിന് രൂപം നൽകാവുന്നതാണ്. എൻജിനീയർ മുതൽ ലേബർ വരെയുള്ളവരുടെ സഹായം സംഘത്തിലൂടെ പ്രദാനം ചെയ്യാവുന്നതാണ്. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഒരു ഏജൻസിയായി ടി സംഘത്തിന് പ്രവർത്തിക്കാവുന്നതാണ്.

2. പഞ്ചായത്തു ഉടമസ്ഥതയിലുള്ള തോപ്പുവെളി കുന്നത്തു, അത്തയ്ക്കാപ്പിള്ളി എന്നീ കോളനികളിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് സർക്കാർ പ്രത്യേക ഗ്രാൻറ് നൽകി ഭവന നിർമാണം നടത്തേണ്ടതാണ്.
3. സ്വന്തമായി ഭൂമിയില്ലാത്ത നിർദ്ധനരായ കുടുംബങ്ങൾക്ക് പഞ്ചായത്തും സർക്കാരും മുൻകൈയെടുത്തു പുനരധിവാസ നിർമാണ പദ്ധതി പ്രകാരം ഭൂമിവാങ്ങി പുനരധിവസിപ്പിക്കേണ്ടതാകുന്നു.
4. പഞ്ചായത്തിലെ വിവിധ കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. പട്ടയം ലഭിക്കാത്തതുമൂലം ഭവന നിർമാണ വായ്പയും മറ്റും ലഭിക്കുവാൻ സാധിക്കുന്നില്ല. ആയതിൽ അടിയന്തിരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.
5. പട്ടികജാതിയിൽപ്പെട്ട സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങിച്ച് വീട് നിർമ്മിക്കുവാനുള്ള ഗ്രാൻറ് നൽകണം.
6. ഭവന നിർമാണത്തിന് ആവശ്യമായ കെട്ടിട സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ ഉണ്ടാകണം.
7. കെട്ടിട നിർമാണ സാമഗ്രികൾ സിവിൽ സപ്ലൈസ് ഡിപ്പോ മുഖാന്തിരം വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം.
8. a) സർക്കാർ നൽകുന്ന സഹായങ്ങൾക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കേണ്ടതാണ്.
   b) അപേക്ഷാഫാറം ഗ്രാമ പഞ്ചായത്തുകൾ വഴി വിതരണം നടത്തേണ്ടതാണ്.
   c) രജിസ്റ്റർ ഓഫീസിലെ അമിതമായ ഫീസ് കുറക്കുകയും, കാലതാമസം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.
   d) സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഗ്രാമ പഞ്ചായത്തു മെമ്പർമാർക്ക് അധികാരം നൽകേണ്ടതാണ്. ചെലവ് കുറഞ്ഞ വീട് നിർമാണത്തിനുള്ള പ്രചരണം നൽകേണ്ടതാണ്.
   e) വിദഗ്ദ്ധ തൊഴിലാളികൾക്ക് പഞ്ചായത്തു തലത്തിൽ പരിശീലനം നൽകണം.
   f) ഭവനനിർമാണ വായ്പകളുടെ തുക സർക്കാർ വർധിപ്പിക്കണം.
9. J R Y, M W S, I A Y എന്നിവയ്ക്ക് നൽകുന്ന തുക 30,000 രൂപയായി ഉയർത്തണം.
10. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 50,000 രൂപയാക്കി ഉയർത്തണം.
11. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തണം.
12. കെട്ടിട നിർമാണ തൊഴിലാളികളുടെ കൂലി ഏകീകരിക്കണം.
13. വാസ്തുശിൽപ മാതൃകയിലുള്ള വീടുകളുടെ സംരക്ഷണം ഉറപ്പാക്കണം.
14. കോൺക്രീറ്റു മതിലുകളെ നിരുൽസാഹപ്പെടുത്തി പകരം ജൈവവേലികളെ പ്രോൽസാഹിപ്പിക്കണം.
15. നിർദ്ധനരായവർക്ക് വീടുകളുടെ അറ്റകുറ്റ പണിയ്ക്ക് പഞ്ചായത്തുവഴി ധനസഹായം നൽകണം.
16. തോപ്പുവെളി കോളനിയെ ഒരു ആസൂത്രണ കോളനിയായി മാറ്റണം.

ഭവന നിർമാണ പ്രശ്നം പരിഹരിക്കുന്നതിന് അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കണം. അതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പുറമ്പോക്ക് ഭൂമി കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്.

സന്നദ്ധ സംഘടനകളുടെ സഹകരണവും പങ്കാളിത്തവും ഭവന നിർമാണ രംഗത്ത് ഉപയോഗ പ്പെടുത്തി 5 വർഷംകൊണ്ട് ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിയ്ക്കാ മെങ്കിൽ അതു വളരെവലിയ നേട്ടമായിരിക്കും.

സാമൂഹ്യക്ഷേമം

കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ദാരിദ്ര നിർമാർ ജന പരിപാടികൾ, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടപ്പാക്കുന്ന ക്ഷേമപരിപാടി കൾ, വിവിധ പെൻഷൻ പരിപാടികൾ, സ്ത്രീകളുടേയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി പ്രവർ ത്തന പരിപാടികൾ എന്നിവയുൾക്കൊള്ളുന്നതാണ് നാം സാമൂഹ്യക്ഷേമം എന്ന ആശയത്തിലൂടെ ഉദ്ദേശിക്കുന്നത്.

ഇവയ്ക്കുപുറമെ പട്ടികജാതി-പട്ടികവർഗ വികസന കോർപറേഷൻ, വനിതാ വികസന കോർ പ്പറേഷൻ എന്നിവയും സാമൂഹ്യക്ഷേമ രംഗത്തുപ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമ രംഗത്ത് ഈ ഗ്രാമം വളരെയധികം പിന്നോക്കം നിൽക്കുന്നു എന്ന വസ്തുത കണക്കുകളിൽ നിന്നും വ്യക്തമാണ്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ, അർഹത പ്പെട്ടവർക്ക് കിട്ടാത്ത അവസ്ഥ എന്നിവ പരിപാടികളുടെ വിജയത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കയർ തൊഴിലാളികൾ, കെട്ടിട നിർമാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മൽസ്യത്തൊ ഴിലാളികൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന തൊഴിലാളികൾ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാ ളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി-പട്ടികവർഗ വികസന കോർപറേഷൻ, വനി താ വികസന കോർപറേഷൻ എന്നിവയിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ ഫലപ്രദമായി വിനി യോഗിക്കുന്നതിൽ ഇവയുടെ ഓഫീസുകളിൽ നിന്നും നമ്മുടെ ഗ്രാമത്തിൻെറ അകലം തടസമാകു ന്നു. തൈക്കാട്ടുശേരി ബ്ലോക്കിന് കീഴിൽ പ്രവർത്തിക്കുന്ന പെരുമ്പളം സൗത്ത്, പെരുമ്പളം നോർ ത്ത് എന്നീ രണ്ട് V E O സർക്കിൾ വഴിയാണ് ദാരിദ്ര്യനിർമാർജന പരിപാടികളായ I R D P, D W C R A എന്നിവ നടപ്പിലാക്കുന്നത്.

പട്ടിക No I
I R D P ലഭ്യതാ കണക്ക്
പെരുമ്പളം പഞ്ചായത്ത്

വർഷം	എണ്ണംസബ്സിഡി	വായ്പ തുക	
92 - 93	40	1,15,673 രൂ.	1,81,582 രൂ.
93 - 94	23	82,000	1,14,000
94 - 95	21	1,12,000	1,75,000
95 - 96	17	61,000	1,87,000
ആകെ	111	3,70,673	6,57,552

ഈ പഞ്ചായത്തിൽ S B T വഴിയാണ് I R D P യിലെ 99 ശതമാനം വായ്പകളും വിതരണം ചെയ്യുന്നത്.

S C B 46 വഴി അപൂർവമായി വായ്പകൾ വിതരണം ചെയ്യുന്നുണ്ട്. ഭൂമിശാസ്ത്രപരമായ ഈ ദ്വീപിൻെറ പ്രത്യേകത പുതിയതായ പരിപാടികൾ തിരഞ്ഞെടുക്കുന്നതിനും, നടപ്പിലാക്കുന്നതിനും

ഗുണഭോക്താക്കൾക്ക് തടസമാകുന്നു. സ്ഥിരമായി നൽകിവരുന്ന മൽസ്യബന്ധനത്തിനുള്ള വള്ളം, വല എന്നിവ വാങ്ങുക, കറവപ്പശുക്കൾ വളർത്തൽ, കച്ചവടം എന്നിവയ്ക്കാണ് കൂടുതൽ വായ്പകൾ നൽകുന്നത്. ആധുനിക പ്രവണതകളായ ഓർക്കിഡ്കൃഷി, മുല്ലപ്പൂകൃഷി സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ എന്നിവയുടെ വിജയസാധ്യത, വിപണന സൗകര്യം, ഉൽപാദനം തുടങ്ങിയവയ്ക്കു വേണ്ട അറിവിനെ ആശ്രയിച്ചു നിൽക്കുന്നു. വിപണന സൗകര്യം ഗതാഗതത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ ഈ വഴിയുള്ള വ്യവസായം പരിമിതമാകുന്നു. കൂടാതെ തിരിച്ചടവിന് ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും വീഴ്ച വരുന്നതും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്.

നിരന്തരമായി റിക്കവറി മേളകൾ ബാങ്ക്, ബ്ലോക്ക് എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. പെരുമ്പളം പഞ്ചായത്ത് അതിർത്തിയിൽ ഒരേഒരു ദേശസാൽകൃത ബാങ്കേ ഉള്ളുവെന്നത് പരിപാടിയുടെ വിജയത്തേ ബാധിക്കുന്നു. ആയതിൽ സഹകരണ ബാങ്കുകളുടെ പങ്കാളിത്തം ഒരുപടി കൂടി ഉയർത്തണം.
2. 92 – ലെ കുടുംബ സർവ്വേ അനുസരിച്ചും അഡീഷണൽ സർവ്വേ അനുസരിച്ചും ഈ പഞ്ചായത്തിൽ 939 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ട്. I R D P യിൽ സഹായിക്കാവുന്ന കുടുംബങ്ങളുടെ വരുമാന പരിധിയുടെ ഛേദനരേഖ 8500 –ൽ 12,500 ആയി ഉയർത്തേണ്ടതാണ്.
3. I R D P സ്കീമുകൾ തിരഞ്ഞെടുക്കുക, നടപ്പിലാക്കുക, വായ്പ തിരിച്ചടയ്ക്കുക എന്നീ കാര്യങ്ങളിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതാണ്.

D W C R A സഹായ ലഭ്യത

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സാമൂഹ്യവും സാമ്പത്തികവുമായ സ്ത്രീകളുടെയും കുട്ടികളുടേയും, ഉന്നമനത്തിനായി പത്തോ അതിലധികമോ കുടുംബങ്ങളിലെ സ്ത്രീകളെ ഉൾക്കൊള്ളിച്ച് ഒരു മേൽക്കൂരയ്ക്കു കീഴിൽ I R D P വായ്പാ രീതിയനുസരിച്ച് പ്രവർത്തിക്കുന്ന ഉത്പാദന യൂണിറ്റുകളാണ് D W C R A കൊണ്ട് വിവക്ഷിക്കുന്നത്. സ്ത്രീകളുടെ സാമ്പത്തികമായ ഉന്നമനം, കുട്ടികളുടെ പരിചരണം എന്നിവ ഇതിൽ ഉദ്ദേശിക്കുന്നു.

D W C R A സഹായ ലഭ്യതാകണക്ക്
പട്ടിക I പെരുമ്പളം പഞ്ചായത്ത്

വർഷം	സ്കീം	അംഗങ്ങളുടെ എണ്ണം	പേര്	വായ്പ	സബ്സിഡി
92 - 93	തഴപ്പായ നെയ്ത്ത്	10	നവരശ്മി പെരുമ്പളം	16,000	8000
55 - 56	ആട് വളർത്തൽ യൂണിറ്റ് (സപ്ലിമെൻററി സഹായം)		"	19,260	19,260

92 – 93 സാമ്പത്തികവർഷം തഴപ്പായ നെയ്ത്ത് ആയി തുടങ്ങിയ ഈ യൂണിറ്റിന് 95-96 ൽ സപ്ലിമെൻററി സഹായമായി ആട് വളർത്തിൽ യൂണിറ്റിന് ബ്ലോക്കുവഴി സ്വന്തമായി വർക്ക് ഷെഡ് നിർമ്മിച്ചുനൽകിയിട്ടുണ്ട്. അതുകൂടാതെ യൂണിറ്റിനായി ബ്ലോക്ക് വാട്ടർ ഫിൽറ്റർ, സ്റ്റീൽ ഗ്ലാസുകൾ, ഓഡിയോ കാസറ്റുകൾ, ടേപ്പ് റിക്കോർഡർ കം റേഡിയോ എന്നിവയും നൽകിയിട്ടുണ്ട്.

ഈ യൂണിറ്റ് തുടർച്ചയായി ഓണം ട്രേഡു ഫെയറിന് ഉത്പന്നങ്ങൾ കൊണ്ടുപോകുന്നുണ്ട്.

പെരുമ്പളം നോർത്ത് സർക്കിളിൽ ഈ വർഷം ഒരു പുതിയ D W C R A യൂണിറ്റു കൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ചെമ്മീൻ തീറ്റ നിർമാണത്തിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള 10 സ്ത്രീകളേയാണ് ഇതിൽ അംഗങ്ങളാക്കിയിരിക്കുന്നത്. C M F R I ൽ നിന്നാണ് ഇതിനുള്ള പരിശീലനം നേടിയത്.

നിർദ്ദേശങ്ങൾ

D W C R A യൂണിറ്റുകൾ രൂപീകരിക്കുമ്പോൾ പ്രധാനമായും അംഗങ്ങളുടെ അനൈക്യം തടസമായി നിൽക്കാറുണ്ട്. എന്നാൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന C B C S ഗ്രാമ വികസന യൂണിറ്റുകൾ D W C R A യൂണിറ്റുകളായി മാറ്റിയെടുക്കുകയാണെങ്കിൽ ഇപ്രകാരമുള്ള തടസങ്ങളെ മാറ്റിയെടുക്കാവുന്നതാണ്.

കാർഷിക ഉത്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകൾ കാർഷിക മേഖലയിലുള്ള പദ്ധതികൾ എന്നിവ പദ്ധതികളായി തിരഞ്ഞെടുക്കണം.

വിവിധ ഉത്പന്നങ്ങളുടെ ഒരു മാർക്കറ്റ് സർവ്വെ ഓരോ പദ്ധതി നടത്തുന്നതിനുമുമ്പ് നടത്തുന്നത് നന്നായിരിക്കും.

വിപണന സൗകര്യത്തിന് സർക്കാർ ബ്ലോക്കു തലത്തിൽ സംവിധാനം ഏർപ്പെടുത്തണം.

ട്രൈസം

ഗ്രാമീണ ജനങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു കീഴെയുള്ള കുടുംബങ്ങളിലെ 18 നും 35 നും ഇടയ്ക്കുപ്രായമുള്ള യുവതീയുവാക്കകളെ സ്വയംതൊഴിൽ നേടുന്നതിന് വിവിധ ട്രേഡുകളിൽ പരിശീലനം നൽകി തൊഴിൽ നൽകുന്ന പരിപാടിയാണ് ട്രൈസം.

ട്രൈസം പരിശീലന ലഭ്യതാ പട്ടിക No I
പെരുമ്പളം പഞ്ചായത്ത്

വർഷം	എണ്ണം
92 - 93	2
93 - 94	1
94 - 95	2
95 - 96	1
96 - 97	6

1989 മുതൽ ഇതുവരെ ഈ പഞ്ചായത്തിൽ 27 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

സ്വയം തൊഴിൽ നേടുന്ന പരിശീലന പരിപാടികൾ തിരഞ്ഞെടുക്കുന്നതിന് ഗുണഭോക്താക്കളെ കൂടുതൽ ബോധവൽക്കരിക്കേണ്ട ആവശ്യമുണ്ട്. ആധുനിക സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള തൊഴിൽ സംരംഭങ്ങൾക്ക് പരിശീലനം നൽകുന്നത്. ഈ പരിപാടിയുടെ പ്രാധാന്യം വർധിപ്പിക്കുന്നതായിരിക്കും. പരിശീലന പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന് ബോധവൽക്കരണം നൽകുന്നതിന് യുവജന സംഘടനകൾക്കും സന്നദ്ധ സംഘടനകൾക്കും പ്രധാനമായ സ്ഥാനമുണ്ട്.

ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 1995-96 വർഷത്തിൽ പെരുമ്പളം പഞ്ചായത്തിൽ 7 ഗ്രാമീണ കൈതൊഴിലാളികൾക്ക് നവീന ടൂൾകിറ്റുകൾ നൽകുകയുണ്ടായി. ഈ നവീന ഉപകരണങ്ങൾക്ക് 31,500 രൂപ ആയിട്ടുണ്ട്.

ഗ്രാമീണ കൈത്തൊഴിൽ ചെയ്യുന്ന ഏതാണ്ട് 33 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവർക്ക് എല്ലാംതന്നെ പ്രസ്തുത പരിപാടിയിൻകീഴിൽ സഹായം നൽകേണ്ടതാണ്.

C R S P

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വീടുകൾക്ക് സാനിട്ടറി കക്കൂസുകൾ നൽകുന്ന പദ്ധതിയാണ് C R S P. കക്കൂസ് നിർമാണത്തിന് 2500 രൂപയാണ് നൽകുക.

ആലപ്പുഴ ജില്ലയിൽ ഈ പരിപാടി യുണിസെഫുമായി സഹകരിച്ച് (സി.ഡി.ഡി. വാട്ട്സൻ) ആണ് നടത്തുന്നത്. വയറിളക്ക രോഗം തടയുക, ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്ന എന്നതാണ് C D D വാട്ടൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കക്കൂസ് നിർമാണത്തിന് യുണിസെഫ് സഹായമായി 500 രൂപാവീതം നൽകുന്നുണ്ട്. കൂടാതെ കിണറുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുക, ഹാൻഡ് പമ്പുകൾക്ക് തിട്ട നിർമ്മിക്കുക, ഓവുകൾ നിർമ്മിക്കുക, മഴവെള്ളം സംഭരിക്കുന്നതിന് കുളങ്ങൾ നിർമ്മിക്കുക, സാനിട്ടറി മാർട്ടുകൾ തുടങ്ങുക എന്നിവയും C D D വാട്സനുകീഴിൽ നടത്തിവരുന്നു.

C.R.S.P. കക്കൂസുകൾ അനുവദിച്ചത്
പെരുമ്പളം പഞ്ചായത്ത് (പട്ടിക -1)

വർഷം	നിർമ്മിച്ച കക്കൂസുകൾ	SC	ST	തുക
93 - 94	16	1	-	40,000
94 - 95	23	4	1	57,500
95 - 96	"	-	-	27,500
ആകെ	50	5	1	1,25,000

നിർദ്ദേശങ്ങൾ

1. സാനിട്ടറി ലാട്രിനുകൾ നിർമ്മിക്കുന്നതിന് ഗുണഭോക്താവിന്റെ വിഹിതം ഉറപ്പുവരുത്താത്തത് പണികൾ പൂർത്തിയാക്കാൻ താമസം വരുത്തുന്നു. ഇത് ഉറപ്പാക്കണം.
2. സാനിട്ടറി ലാട്രിൻ നിർമാണത്തിനുവേണ്ട സാധന സാമഗ്രികൾ ബ്ലോക്കാഫീസ്- സാനിട്ടറി പാർട്ട് വഴി ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
3. ലാട്രിനുകൾ നിർമ്മിക്കുക, ഓവു ചാലുകൾ നിർമ്മിക്കുക മുതലായവക്ക് ഗ്രാമീണരായ യുവാക്കൾക്ക് വിദഗ്ദ്ധ പരിശീലനം നൽകണം.
4. ഇവയുടെ നിർമാണം, ബോധവൽക്കരണം എന്നിവ സംബന്ധിച്ച കാര്യങ്ങൾ സന്നദ്ധ സംഘടനകൾ മുഖാന്തിരം നടപ്പിലാക്കുക.
5. വയറിളക്ക രോഗത്തെ സംബന്ധിച്ച ബോധവൽക്കരണം, കായൽ, മലിനീകരണം, ചെരിപ്പില്ലാത്തതുമൂലം ഉണ്ടാകാവുന്ന രോഗങ്ങൾ എന്നിവ സംബന്ധിച്ച് വ്യാപകരമായ പ്രചരണം നടത്തുക.
6. പൊതുകുളങ്ങൾ, കിണറുകൾ, ടാപ്പുകൾ, ഹാൻഡ് പമ്പുകൾ എന്നിവയ്ക്കുവേണ്ട

അറ്റകുറ്റപണികൾ, പ്ലാറ്റു ഫോം നിർമാണം എന്നിവ നടത്തണം.

7. ഇവ മലിനപ്പെടുത്താതിരിക്കാനുള്ള ബോധവൽക്കരണം നടത്തണം.
8. ചായക്കട, ബാർബർ ഷോപ്പുകൾ എന്നിവകളിലെ ശുചിത്വം ഉറപ്പുവരുത്തുക.

D W C R A, I C D S ആരോഗ്യ പോഷകാഹാര പരിപാടികൾ, ശുചീകരണം, വനിതാ-ശിശു വികസനം, ശുദ്ധജല വിതരണം, സാക്ഷരത തുടങ്ങിയ പരിപാടികൾ ലക്ഷ്യവിഭാഗത്തിനുവേണ്ടി സമന്വയിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രവർത്തന രീതി.

വനിതകളുടെ സാമ്പത്തികമായ ശക്തിവർധിപ്പിക്കുക, സാമ്പത്തികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, സാമൂഹികമായ അന്തസ് നേടിയെടുക്കുക എന്നിവയും ഇതിൽ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ടിൽ 11 ഗ്രാമ വികസന കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ 10 എണം ത്രിഫ്റ്റ് ആൻറ് കെഡ്രിറ്റ് നിക്ഷേപം നടത്തുന്നുണ്ട്. 2 എണ്ണം D W C R A യൂണിറ്റുകളായി മാറിക്കഴിഞ്ഞു. ഈ പരിപാടിക്ക് യൂണിസെഫ് സഹായം ലഭ്യമാണ്.

ഗ്രാമവികസനം, സാമൂഹിക ക്ഷേമം, ആരോഗ്യം, ജലഅതോറിട്ടി, പൊതു വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾക്ക് ഇതിന്റെ നടത്തിപ്പിൽ പങ്കു വഹിക്കുന്നു. ഓരോ വകുപ്പിനുള്ള പദ്ധതികളിൽ 20 ശതമാനം ഈ ഗ്രാമവികസന കേന്ദ്രങ്ങൾ വഴി നടത്തേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. അംഗങ്ങളുടെ അനൈക്യം ചില കേന്ദ്രങ്ങളിലെങ്കിലും പ്രശ്നമാണ്. ഇതൊഴിവാക്കാൻ ബോധവൽക്കരണ ക്യാമ്പുകൾ നടത്തണം.
2. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും നിശ്ചിത ശതമാനം സഹായങ്ങൾ ഈ കേന്ദ്രങ്ങൾ വഴി നൽകണം.
3. ത്രിഫ്റ്റ് ആൻറ് ക്രെഡിറ്റ് നിക്ഷേപം ഊർജിതപ്പെടുത്തണം.
4. എല്ലാ ഗ്രാമവികസന കേന്ദ്രങ്ങളും D W C R A യൂണിറ്റുകൾ ആയി മാറ്റിയെടുക്കണം.

വില്ലേജ് ഓഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ

അഗതികൾക്കുള്ള പെൻഷൻ, ക്ഷയരോഗികൾ, ക്യാൻസർ രോഗികൾ എന്നിവർക്കു സഹായം, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവയാണ് സാമൂഹ്യക്ഷേമ രംഗത്ത് വില്ലേജ് ഓഫീസ് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ

വാർദ്ധക്യകാല പെൻഷൻ, മാതൃസഹായം എന്നിവ ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ വഴി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

നിത്യവൃത്തിക്കു ബുദ്ധിമുട്ടുന്ന അവശർക്കും, പാവങ്ങൾക്കും ഈ സഹായങ്ങൾ കൃത്യമായും എത്തിക്കേണ്ട് ഉന്നത മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിന്റെ കടമയാണ്.

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം
പെരുമ്പളം പഞ്ചായത്ത്

കർഷക തൊഴിലാളി പെൻഷൻ	വിധവ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ	അവശകലാകാരന്മാർക്കുള്ള പെൻഷൻ	അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ	ക്യാൻസർ ക്ഷയരോഗികൾക്കുള്ള പെൻഷൻ	തൊഴിലില്ലായ്മ വേതനം	
1991	12	9	6	7	-	-	19	20
1992	-	8	4	2	-	-	-	22
1993	-	-	-	-	-	-	-	-
1994	-	-	-	-	-	-	-	-
1995	-	-	-	-	-	-	-	-
1996	12	17	9	9	-	-	1.9	42

പെൻഷനുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ

1. I R D P പദ്ധതിയുടെ വരുമാന പരിധി 10,000 രൂപയാക്കി ഉയർത്തണം.

വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുള്ളവർക്ക് ഈ സഹായം ലഭിക്കുകയില്ല എന്ന നിലവിലുള്ള നിയമം മാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പെൻഷൻ വിതരണം ചെയ്യണം.

വികലാംഗപെൻഷൻ

വികലാംഗ പെൻഷനുവേണ്ടിയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് പെരുമ്പളം P H സെൻററിലെ മെഡിക്കലാഫീസറിൽ നിന്നും ലഭിക്കുന്നതിന് നടപടിയുണ്ടാക്കണം. 40 ശതമാനം ഉള്ളവർക്കേ പെൻഷൻ കിട്ടൂ എന്നത് 30 ശതമാനമാക്കി കുറയ്ക്കകണം.

കർഷകതൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ ലഭിക്കാനുള്ള നടപടിയുണ്ടാക്കണം. തിരഞ്ഞെടുത്ത കർഷക തൊഴിലാളികളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത് ഈ രംഗത്തെ നടപടികൾ സുതാര്യമാക്കുകയും ചെയ്യും.

തൊഴിലില്ലായ്മാ വേതനം

അർഹരായ മുഴുവൻ തൊഴിലില്ലാത്തവർക്കും വേതനം ലഭ്യമാക്കണം. ഇതിനുള്ള അർഹത നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്കായിരിക്കണം. യഥാസമയം വേതനം കിട്ടുന്നതിന് നടപടികളുണ്ടാകണം.

സാമൂഹ്യക്ഷേമ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിലായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല. ഇതൊഴിവാക്കണം. എല്ലാ പെൻഷനുകളും ഗ്രാമപഞ്ചായത്ത് വഴി വിതരണം നടത്തണം.

2. അർഹതപ്പെട്ട അനേകം ആളുകൾ വിവിധ പെൻഷനുകൾക്കായി അപേക്ഷ നൽകി വളരെ നാളുകളായി കാത്തിരിക്കുന്നു. ഇതിനുവരുന്ന കാലതാമസം ഒഴിവാക്കി അവശർക്കും പാവപ്പെട്ടവർക്കും സഹായം അനുവദിക്കണം.
3. ലക്ഷംവീടു കോളനികൾ, ഭൂരഹിത കർഷകത്തൊഴിലാളികൾക്കായുള്ള കോളനികൾ എന്നിവിടങ്ങളിൽ പബ്ലിക് ടി വികൾ സ്ഥാപിക്കുക.

ദശലക്ഷം കിണർ പദ്ധതി

ജവഹർ റോസ്ഹാർ യോജനയിലെ മൊത്തം വിഹിതത്തിന്റെ 30 ശതമാനം തുക ഈ പദ്ധതിക്കായി മാറ്റിവെച്ചിരിക്കുന്നു. മുഖ്യമായും പട്ടികജാതി/പട്ടിക വർഗക്കാർക്കായിട്ടാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ജലസേചനത്തിനാവശ്യമായ കിണർ കുഴിക്കുക, കൃഷിക്കായി ചതുപ്പ്, കായൽ എന്നിവ മണ്ണിട്ടു നികത്തുക എന്നീ കാര്യങ്ങൾക്കാണ് ടി പരിപാടിയിൽ സഹായം അനുവദിക്കുന്നത്.

ദശലക്ഷം പദ്ധതി സഹായ ലഭ്യതാ വിവരപ്പട്ടിക
പെരുമ്പളം പഞ്ചായത്ത് (പട്ടിക - 1)

വർഷം	കുളം കുഴിക്കുന്നതിന്	കിണർ കുഴിക്കുന്നതിന്	ഭൂമി വികസനത്തിന്
90 - 91	4	-	-
91 - 92	1	7	4
92 - 93	-	3	-
93 - 94	-	5	-
95 - 96	-	1	-
	5	15	4

നിർദ്ദേശങ്ങൾ

1. കൃഷി പരിപോഷിപ്പിക്കുന്നതിനായി ഈ പദ്ധതിയിൽ ട്യൂബ്വെൽ, പമ്പുസെറ്റ് എന്നിവ അനുവദിക്കുക.

സാമൂഹ്യാധിഷ്ഠിത സമന്വയ സേവനങ്ങൾ

കൂടുതൽ ബോധനം ലഭിക്കുന്ന ഒരു സാമൂഹത്തിന് രാഷ്ട്രം നൽകുന്ന സാമൂഹിക സേവനങ്ങൾ ഉയർന്ന തോതിൽ നേടിയെടുക്കാൻ കഴിയുമെന്ന പ്രമാണത്തിന്റെ സാധ്യത സ്ഥാപിക്കുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. നിലവിലുള്ള ഒട്ടേറെ വികസന പരിപാടികളുടെ ഒരു സമന്വയ പ്രവർത്തനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് കാതലായ പ്രവർത്തനങ്ങൾ നടത്തിവരുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 11 എണ്ണമുണ്ട്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ എണ്ണം മതിയാകുമെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ദയനീയമായ സ്ഥിതിയാണുള്ളത്. ഒരു അംഗൻവാടിയൊഴിച്ച് എല്ലാത്തിനും സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ കളിക്കോപ്പുകൾ ഇല്ലായ്മ,

കെട്ടിടത്തിന് അറ്റകുറ്റപ്പണികളുടെ അഭാവം എന്നിവ ഇത്തരം കേന്ദ്രങ്ങളെ അനാകർഷകങ്ങളാക്കുന്നു. കളിച്ചു വളരേണ്ട വരും തലമുറയ്ക്ക് കളിപ്പാട്ടങ്ങൾ ഇല്ലാത്ത സ്ഥിതി ദയനീയമാണ്. ഇരിക്കാനുള്ള ബഞ്ച്, കിടക്കുവാനുള്ള പായ്, മറ്റ് അത്യാവശ്യ സൗകര്യങ്ങൾക്കുള്ള വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ എല്ലാ സെൻററുകളിലും പരിമിതമാണ്. ഒരു അംഗൻവാടിയിൽ ഒരു വർക്കറും ഒരു ഹെൽപ്പറുമാണുള്ളത്. എന്നാൽ രാവിലെ 9 മണി മുതൽ മൂന്നര വരെ ജോലിചെയ്യുന്ന ഇവരുടെ സേവനവേതന വ്യവസ്ഥകൾ വളരെ തുച്ഛവും അപര്യാപ്തവുമാണ്. ഇത് പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

അംഗൻവാടികളുടെ വിവരം
പെരുമ്പളം പഞ്ചായത്ത്

ക്രമനമ്പർ	വാർഡ്	അംഗൻവാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടമുള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഇല്ലാത്തത്
1	1	85	75	ഉണ്ട്	-	ഉണ്ട്	ഇല്ല
2	2	93	80	ഉണ്ട്	-	ഉണ്ട്	ഇല്ല
3	3	89	60	ഉണ്ട്	-	ഉണ്ട്	ഇല്ല
4	5	83	50	ഉണ്ട്	-	ഉണ്ട്	ഇല്ല
5	4	86	52	ഉണ്ട്	-	ഉണ്ട്	ഇല്ല
6	6	87	55	ഉണ്ട്	-	ഉണ്ട്	ഇല്ല
7	7	88	58	ഉണ്ട്	-	ഉണ്ട്	ഇല്ല
8	8	90	50	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	3	91	54	ഉണ്ട്	-	ഉണ്ട്	ഇല്ല
10	8	92	56	ഉണ്ട്	-	ഉണ്ട്	ഇല്ല
11	6	84	52	ഉണ്ട്	-	ഇല്ല	ഇല്ല
		ആകെ കുട്ടികൾ	642				

നിർദ്ദേശങ്ങൾ

1. 8 -ാം വാർഡിലുള്ള ഒരു അംഗൻവാടിക്ക് സ്വന്തമായി സ്ഥമില്ല. പഞ്ചായത്ത് പുറമ്പോക്ക് ഭൂമി ഇതിനായി അനുവദിച്ച് സ്വന്തമായി കെട്ടിടം പണിയുന്നതിനായി J R Y ഫണ്ട് ഉപയോഗപ്പെടുത്തണം.
2. എല്ലാ അംഗൻവാടികൾക്കും കളിപ്പാട്ടങ്ങൾ നൽകുക.
3. അംഗൻവാടികളിലൂടെ കുട്ടികൾക്കു നൽകുന്ന പോഷകാഹാരത്തിനുള്ള തുകയുടെ പരിധി വർധിപ്പിക്കുക.
4. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ സേവന വേതന വ്യവസ്ഥകൾ ഉയർത്തുക.
5. എല്ലാ അംഗൻവാടികളിലും മാലിന്യങ്ങൾ ഇടുന്നതിന് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
6. പിഞ്ചുകുഞ്ഞുങ്ങളുടെ ജാതി തിരിച്ച് പോഷകഭക്ഷണ വസ്തുക്കൾ നൽകുന്ന ക്രൂരമായ നടപടി അവസാനിപ്പിക്കണം.

ക്ഷേമപദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

കയർ തൊഴിലാളി ക്ഷേമനിധി, കെട്ടിടനിർമാണ തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമനിധി, ആഭരണത്തൊഴിലാളി ക്ഷേമനിധി തുടങ്ങിയ ക്ഷേമനിധികളിൽ അതതു മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികളും അംഗങ്ങളായിട്ടില്ല. ബന്ധപ്പെട്ട മുഴുവൻ തൊഴിലാളികളെയും ഈ ക്ഷേമനിധികളിൽ അംഗങ്ങളാക്കണം.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാനും, അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്തുതല സംവിധാനം ഉണ്ടാക്കണം. വിവിധ പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണം പഞ്ചായത്തുതലത്തിൽ നടത്തണം.

പൊതുവിതരണം

പൊതുവിതരണ രംഗത്ത് ഈ പഞ്ചായത്തിൽ 6 റേഷൻ കടകളും ഒരു മാവേലി സ്റ്റോറും, ഓണക്കാലത്ത് പെരുമ്പളം സഹകരണ സംഘം 46 ന്റെ ആഭിമുഖ്യത്തിൽ ഓണം ഫെയറും നടത്തിവരുന്നു.

മാവേലി സ്റ്റോർ വഴി നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നില്ലല എന്നത് ഒരു വലിയ പ്രശ്നമാണ്. ആവശ്യത്തിന് അവ ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുക.

പാർപ്പിടം, സാമൂഹ്യക്ഷേമം എന്നീ രംഗങ്ങളിൽ പെരുമ്പളം പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നൽകിയിട്ടുള്ള ഈ വിലപ്പെട്ട വികസന രേഖയും നിർദ്ദേശങ്ങളും നടപ്പിലാക്കുകയാണെങ്കിൽ ഈ രംഗങ്ങളിൽ സാരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. എന്നാൽ ആലപ്പുഴ ജില്ലയിലെ ഏക മൂന്നാംഗ്രേഡ് പഞ്ചായത്താണ് പെരുമ്പളം എന്നത് വികസന രംഗത്തെ ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ വെളിപ്പെടുത്തുന്നു.

ദാരിദ്ര്യനിർമാർജനം, പാർപ്പിടം, പരിസര ശുചീകരണം, വിവിധ പെൻഷനുകൾ, ക്ഷേമനിധികൾ എന്നീ രംഗങ്ങളിലെ ഒരു കുതിച്ചു ചാട്ടത്തിനു മാത്രമേ ഈ കൊച്ചു ദ്വീപിലെ ജനങ്ങളുടെ മനസിലും വികസനത്തിന്റെ നക്ഷത്രങ്ങൾ തെളിയിക്കാൻ സാധിക്കുകയുള്ളു.

സംസ്ക്കാരം

പ്രസിദ്ധമായ വേമ്പനാട്ടു കായലിലെ കുഞ്ഞോളങ്ങളുടെ തഴുകലും, വൃക്ഷത്തലപ്പുകളുടെ ശീതളിമയും ഏറ്റ് സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ മൂർത്തീമദ്ഭാവമായി നിലകൊള്ളുന്ന പ്രകൃതിദേവി കനിഞ്ഞനുഗ്രഹിച്ച മനോഹരമായ ഒരു കൊച്ചു ഗ്രാമമാണ് പെരുമ്പളം ദ്വീപ്.

ഐതീഹ്യങ്ങളാൽ കെട്ടുപിണഞ്ഞതും, ചരിത്ര താളുകളിൽ സ്ഥാനം പിടിച്ചതുമായ ഈ ഗ്രാമം ആദ്യം കൊച്ചിയുടേയും പിന്നീട് തിരുവിതാംകൂറിന്റേയും ഭാഗമായിരുന്നു. രാജഭരണത്തിന്റേയും സാമ്രാജ്യത്വാധിശത്വത്തിന്റേയും പടകുടീരങ്ങൾക്കും പടയോട്ടങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള ചരിത്രം ഇതിനുണ്ട്. ക്ഷേത്രങ്ങളും, കാവുകളും, സ്ഥലപേരുകളും കുടുംബപേരുകളും ഇന്നും ഗതകാലത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒന്നര നൂറ്റാണ്ടുകൾക്കപ്പുറം തന്നെ അക്ഷരജ്ഞാനത്തിന്റെ വെള്ളിവെളിച്ചം പകർന്നേകാൻ സ്ഥാപിക്കപ്പെട്ട പ്രൈമറി സ്കൂളും തുടർന്ന് വെർണാകുലർ മലയാളം മിഡിൽ സ്കൂൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക പ്രസ്ഥാനങ്ങൾ ഇവയെല്ലാം നമ്മുടെ സാംസ്കാരിക ജീവിതത്തിനെ ധന്യമാക്കി തീർത്തു.

നാടുവെട്ടിപ്പിടിക്കാനും കൊള്ളയടിക്കാനുമെത്തിയ പരദേശികളുടെ പടകുടീരങ്ങളെ അഗ്നിക്കിരയാക്കിയ പോരാട്ടത്തിന്റെ വീരചരിത്രവും അഭിമാനത്തോടെ ഗ്രാമവാസികൾ ഓർമ്മിക്കുന്നു.

ഒരു പിടിയരിയും ഓരോ തേങ്ങയും സംഭാവന നൽകി ജീവിതാവേശത്തിന്റെ ഭാഗമായി ഗ്രന്ഥശാലാ പ്രസ്ഥാനത്തെ വളർത്തി. ബ്രിട്ടീഷ്വാഴ്ചക്കെതിരെ ഭാരതത്തിൽ ചീറിയടിച്ച പ്രതിഷേധ കൊടുങ്കാറ്റിന്റെ കാഹളം ഈ കൊച്ചുഗ്രാമവും ഏറ്റുവാങ്ങി. സുപ്രസിദ്ധമായ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കുവാൻ കോഴിക്കോട്ടു പോയ സി.ജി. ഗോപാലകൃഷ്ണനും, സി എസ് രാഘവനിളയിടവും ഒരു വർഷത്തോളം ജയിൽവാസമനുഭവിച്ചു. 1938 -ൽ തിരുവിതാംകൂർ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി വൈക്കത്തുവെച്ച് ചേന്നൻവക്കീലും അറസ്റ്റുവരിച്ചു. ദേശീയ പ്രസ്ഥാനത്തിലും ഗാന്ധിയൻ സിദ്ധാന്തത്തിലും ആകൃഷ്ടരായി ഭാരതീയ ഭാഷയും പൈതൃകവും ഉയർത്തിപ്പിടിക്കുവാനും പ്രചരിപ്പിക്കുവാനും ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ ജനറൽ സെക്രട്ടറിയായിരുന്ന സി.ജി. ഗോപാലകൃഷ്ണൻ, രാഘവനിളയിടം തുടങ്ങിയ ത്യാഗസമ്പന്നരുടെ ജീവിതകഥകൾ ഈ ഗ്രാമത്തിനെന്നും ആവേശം പകർന്നിരുന്നു.

ചരിത്രത്തിന്റെ ചലനപഥങ്ങളിൽ നിന്ന് ഇന്നിന്റെ അനുഭവ വേളകളിൽ നാം എത്തിനിൽക്കേ ഒരു തിരിഞ്ഞുനോട്ടത്തിനിടയിൽ സംസ്ക്കാരത്തിന്റെ പരിപോഷകങ്ങളായി പരിണമിച്ചവയുടെ ഉറവിടങ്ങൾ ഈ ഗ്രാമത്തിൽ കണ്ടെത്താനാവും. അക്ഷരങ്ങളിലൂടെ വിജ്ഞാനാമൃതം പകരാൻ അനൗപചാരിക വിദ്യാകേന്ദ്രങ്ങങ്ങൾ നൂറ്റാണ്ടുകൾക്കപ്പുറംതന്നെ ഉണ്ടായിരുന്നു.

ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് ആദ്യമായി സ്ഥാപിക്കപ്പെട്ട വെർണാകുലർ മലയാളം മീഡിൽ സ്കൂളും, അതിനുശേഷം നിലവിൽ വന്ന സൗത്ത് എൽ.പി. സ്കൂൾ, നോർത്ത് എൽ.പി. സ്കൂൾ,

ഹൈസ്കൂൾ എന്നിവയും സംസ്കൃതം, ഹിന്ദിപാഠശാലകളും, നേഴ്സറി മുതൽ ബിരുദതല പഠനം വരെ സാധ്യമാകുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും നമ്മുടെ ഗ്രാമത്തിന്റെ മുഖമുദ്രകളാണ്. ആ പ്രൗഢപാരമ്പര്യം അനുധാവനം ചെയ്തുകൊണ്ട് ഗ്രന്ഥശാലകളും കലാ-സാംസ്ക്കാരിക സംഘടനകളും രംഗത്തുവന്നു.

നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥശാല മലയാളവർഷം 1077 -ൽ ആരംഭിച്ച സി.കൃഷ്ണ പിള്ള മെമ്മോറിയൽ (സി.കെ.പി.എം.) ഗ്രന്ഥശാലയായിരുന്നു. ഒരുപക്ഷെ, ഇത് പൊതുജനപങ്കാളിത്തത്തോടെ നിർമ്മിച്ച കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാലകളിലൊന്നായിരിക്കാം. 1941 - ഒക്ടോബറിൽ നടീപറമ്പലിൽ പി.എൻ. ശങ്കുണ്ണിപ്പിള്ളയുടെ നേതൃത്വത്തിൽ ശ്രീകൃഷ്ണവിലാസം 'പ്രഹസന യോഗ'മെന്ന പെരുമ്പളത്തെ ആദ്യത്തെ കലാസമിതി സ്ഥാപിച്ചതാണ് ശ്രീകൃഷ്ണവിലാസം വായനശാല. 1948 -ൽ പി.എൻ. പെരുമ്പളം പ്രസിഡണ്ടായി പ്രവർത്തനം ഊർജിതപ്പെടുത്തുകയും, 1949 -ൽ സർക്കാർ ഗ്രാൻറ് കിട്ടുകയും ചെയ്തു.

സി.കെ.പി.എം. ഗ്രന്ഥശാലയുടെ പ്രവർത്തനം ഇടക്കാലത്ത് നിലച്ചുവെങ്കിലും 1946 -ൽ സി. ജി. ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ ക്ഷേമോദയം സമാജം വകയായി പ്രവർത്തനം പുനഃരാരംഭിച്ചു. പിന്നീട് ദേശസ്നേഹികളായ ഗ്രാമവാസികൾ ഇതിന് മഹാത്മാഗാന്ധിയുടെ പേരുനൽകി ആദരിച്ചു. 1954-ൽ കെട്ടിടം പണിയുകയും 1958 -ൽ അന്നത്തെ കേരള മുഖ്യമന്ത്രി ഇ. എം. എസ്. നമ്പൂതിരിപ്പാട് വായനശാല സന്ദർശിക്കുകയും പ്രത്യേക ഉത്തരവു വഴി ഗ്രാൻറ് അനുവദിക്കുകയും ചെയ്തു. ഇത് കേരളത്തിലെതന്നെ ആദ്യത്തെ സംഭവമായിരുന്നു. ടാഗോർ വായനശാലയും കുമാരനാശാൻ സ്മാരക വായനശാലയും ഈനാടിന്റെ മാർഗദർശകമായി നിലകൊണ്ടിരുന്നു.

ഗ്രാമസംസ്ക്കാരത്തെ സമ്പുഷ്ടമാക്കിയ എ.കെ.ജി. എം.സി വായനശാല, അനൗപചാരിക വിദ്യാകേന്ദ്രങ്ങൾ എന്നിവ ഇന്നും ഗ്രാമസംസ്ക്കാര കേന്ദ്രങ്ങളായി നിലകൊള്ളുന്നു. ഗ്രാമപഞ്ചായത്തിന്റെ സാംസ്ക്കാരിക കേന്ദ്രം ജനങ്ങൾക്കായി തുറക്കപ്പെട്ടത് 1994 -ലാണ്. ഒരു ഗ്രന്ഥശാലയും പബ്ലിക് ടിവിയും ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. ഇതിനും എ.കെ.ജി.എം.സിക്കും സ്വന്തമായി കെട്ടിടവുമുണ്ട്.

ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന് വഴിയൊരുക്കിയ അനവധി പ്രസ്ഥാനങ്ങൾ നാട്ടിലെ സാംസ്കാരിക ചരിത്രത്തിന്റെ പടവുകൾ ചവുട്ടികടന്നുപോയിട്ടുണ്ട്. പുരാണകഥകളും, സാമൂഹ്യപ്രശ്നങ്ങളും കോർത്തിണക്കി രംഗവേദിയിലെത്തിച്ച ശ്രീകൃഷ്ണവിലാസം പ്രഹസനയോഗം, സ്വന്തമായി കർട്ടൻസെറ്റും, മൈക്ക്സെറ്റും ഉണ്ടായിരുന്ന വീനസ് തീയറ്റേഴ്സ്, മറുനാടുകളിൽ വരെപോയി നാടകമഭിനയിച്ച് ഗ്രാമത്തിന് പേരുണ്ടാക്കിയ ഫ്രണ്ട്സ് ഡ്രാമാറ്റിക് ക്ലബ്, വടക്കും ഭാഗത്ത് ഉണ്ടായിരുന്ന 'നൃത്തകലാലയം' എന്ന ബാലെ ട്രൂപ്പ്, അനവധി സ്റ്റേജുകളിൽ തിളങ്ങിയ പി.കെ.എം.സി., എൻ.വൈ,സി. എന്നീ നാടകസമിതികൾ, നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ തിളങ്ങിനിന്ന ഫൈനാർട്സ് എന്നിവ എടുത്തുപറയേണ്ടതുണ്ട്. കവിത ആർട്സ് തീയറ്റേഴ്സ്, കാമ്പിശേരി തീയറ്റേഴ്സ് എന്നിവയും സ്മരണീയമാണ്.

ഒന്നര പതിറ്റാണ്ടോളം കലാ-സാംസ്കാരിക- സേവന രംഗങ്ങളിൽ ശ്രദ്ധപിടിച്ചുപറ്റുകയും, നമ്മുടെ ഹോസ്പിറ്റലിന് ആദ്യമായി ഒരു താൽക്കാലിക വാർഡ് കെട്ടിടമുണ്ടാക്കികൊടുക്കുകയും ചെയ്ത ഒമേഗ എന്ന കലാസംഘടന ഇന്നും ജനമനസിൽ നിറഞ്ഞു നിൽക്കുന്നു. പുതുതലമുറയുടെ മാർഗദർശകമായി വന്ന സൃഷ്ടി, പി.സി.സി., ആരാധന, ദീപം ആർട്സ്, സഫ്ദർ ഹാഷ്മി, പി.കെ.വൈ.എം, മാവേലി ആർട്സ്, ബ്രദേഴ്സ്, വിശ്വശിൽപി, സമത തുടങ്ങിയ കലാസാംസ്കാരിക സംഘടനകൾ നടത്തിയ പ്രവർത്തനങ്ങൾ പുത്തനുണർവിന്റെ ആവേശമായി മാറിയിരിക്കുന്നു. ശ്രീകൃഷ്ണവിലാസം വായനശാല കേന്ദ്രമാക്കി ഒരു നിർദ്ധന സഹായസമിതിയും പ്രവർത്തിക്കുന്നു. കൂടാതെ കലാ-കായിക പ്രവർത്തനങ്ങൾക്കൊപ്പം സേവന പ്രവർത്തനങ്ങളും നടത്തി നാടിന്റെ മനംകവർന്ന 'സാരംഗി' എന്ന സംഘടന നമുക്കും പ്രചോദനമേകുന്നു.

പോയ കലാ-കായിക സംസ്കാരത്തിന്റെ ഉജ്വലപ്രതീകങ്ങളായി അനവധി പ്രതിഭകളെ വാർത്തെടുത്ത റിക്രിയേഷൻ ക്ലബ്, ഐലൻറ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ദുർഗാദാസ്, പി.ഐ. എസ്.എ. എന്നിവ കലാ-കായിക പ്രവർത്തനങ്ങളിലൂടെ നാടിനെ ഏറെ സമ്പന്നമാക്കിയിട്ടുണ്ട്.

കൂടാതെ ബ്രൈറ്റ് ബ്രദേഴ്സ് വോളി, മലയാളി വോളി, വോയിസ് ഓഫ് ദ ഐലൻറ്, ന്യൂ സ്റ്റാർ, മുസ്ലീം യങ്മെൻസ് അസോസിയേഷൻ തുടങ്ങിയ മികവുറ്റ സംഘടനകൾ കായിക രംഗത്ത് അഭിമാനസ്തംഭമായി നിലനിൽക്കുന്നു.

കയ്യെഴുത്തു മാസികകളിലൂടെ എഴുത്തുകാരെ പ്രോൽസാഹിപ്പിക്കുന്നതിൽ പല സംഘടനകളും ഏറെ ശ്രദ്ധ പതിപ്പിച്ചിരുന്നു. 'ലയം' കയ്യെഴുത്തു മാസികയിലൂടെ പി.ഐ.എസ്.എ പുതിയ അധ്യായങ്ങൾ രചിച്ചപ്പോൾ, പുരോഗമനാശയങ്ങളുമായി ഉയർന്നവന്ന എ.കെ.ജി. എം.സിയുടെ 'ഗ്രീഷ്മം' ചൂടു പകർന്നു. ചിത്രകലയുടെ നൂതനമായ അധ്യായങ്ങളിലേക്കും, അതുവഴി സാഹിത്യത്തിൻെറ അനന്തതയിലേക്കും കയറാൻ ഒമേഗയുടെ 'സാരഥി', കലിക, കർഷകൻ, പുലരി എന്നിവയെല്ലാം ഗ്രാമസംസ്ക്കാരത്തിന് മാറ്റു കൂട്ടുന്നതിൽ അഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. അച്ചടിക്കപ്പെട്ട ആദ്യ മാസിക 'രാക്കുയിൽ' ആയിരുന്നു. പിന്നീട് 'കലിക' വാർഷിക പതിപ്പും അച്ചടിച്ചിറങ്ങി. അനുഭൂതി മാസികയും അച്ചടിച്ചിറങ്ങിയവയിൽ പെടുന്നു.

അനുഗ്രഹീതരായ എഴുത്തുകാരൽ സമ്പന്നമായ നാടുകൂടിയാണിത്. എന്നാൽ വേണ്ടത്ര പ്രോൽസാഹനവും, അവസരവും ലഭിക്കായ്കയാൽ മലയാളത്തിൻെറ സാഹിത്യചരിത്ര നാൾവഴിയി എത്തിപ്പെട്ടവർ അപൂർവം മാത്രം. ദയാനന്ദ സരസ്വതിയുടെ 'സത്യാർത്ഥപ്രകാശം' ഹിന്ദിയിൽ നിന്നും വിവർത്തനം ചെയ്ത ബ്രഹ്മചാരി ലക്ഷ്മണനും, ഉള്ളൂരിൻെറ അവതാരികയോടെ 'ഭാരതമകുടം' എന്ന കവിതാസമാഹാരം രചിച്ച കെ.എൻ. വിശ്വനാഥനും (തൊമ്മിസാർ) അനേകം പുസ്തകങ്ങൾ വിവർത്തനം ചെയ്ത വിദ്വാൻ കൃഷ്ണദേവും, എൻ.പി. സുകുമാരനും, പ്രേമസീമ, മന്ദസ്മിതം തുടങ്ങിയ നാടകങ്ങൾ രചിച്ച പി.എൻ. പെരുമ്പളവും നോവലിസ്റ്റായിരുന്ന പെരുമ്പളം മാധവനും, കവിയായ പെരുമ്പളം ശ്രീധരനും, സാഹിത്യകാരനും കാൻഫെഡ് പ്രവർത്തകനുമായിരുന്ന പെരുമ്പളം രവിയും, എസ്. ഭരതൻ വൈദ്യനും, പുഷ്പമംഗലം സുധാകരനും, പെരുമ്പളം സുധാകരനും, അക്ഷരശ്ലോക രംഗത്ത് അഗ്രഗണ്യനായ ശ്രീ. എ.ടി. നാരായണനും, സാഹിത്യലോകത്ത് സംഭാവനകൾ നൽകി ഈ നാടിനെ ധന്യമാക്കിയിട്ടുണ്ട്.

നാടക കലാപ്രവർത്തനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും, നമ്മുടെ ഗ്രാമത്തിന് മാറ്റുകൂട്ടി. ഫോട്ടോഗ്രാഫറും, ചിത്രകലാനിപുണനുമായിരുന്നന ചൊവ്വോടത്ത് ശങ്കരപ്പണിക്കരുടെ പേര് ഈ അവസരത്തിൽ സ്മരണീയമാണ്.

1952 -ൽ എസ്.കെ.വി. വായനശാല വയോജനക്ലാസും, പുസ്തകം വീട്ടിലെത്തിച്ചു കൊടുക്കുന്നന പ്രവർത്തനവും മൂന്നുവർഷം നടത്തുകയുണ്ടായി. നമ്മുടെ കേരളത്തിൽ അക്ഷര കേരളം സമ്പൂർണ സാക്ഷരതാ യജ്ഞം പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പുതന്നെ 1989 -ൽ പെരുമ്പളം പഞ്ചായത്ത് സാക്ഷരതാ പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കാൻഫെഡ്, R F L P പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെയായിരുന്നു ഈ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഇത് ഒന്നുംരണ്ടും ഘട്ടം വരെ നീണ്ടുനിന്നു.

കഴിഞ്ഞ കാലഘട്ടങ്ങളിലെ മികച്ച കായിക ഇനം വോളിബോൾ ആയിരുന്നു. ഉത്സവഛായ പകർന്ന ആ മത്സരങ്ങൾക്ക് പെരുമ്പളം ഗ്രാമം സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1940 -നു മുൻപുതന്നെ വടക്കേനേഴത്തു വെളിയിൽ സ്ഥിരമായി കളിച്ചിരുന്ന ഒരു ഫുട്ബോൾ ടീമും ഉണ്ടായിരുന്നു. വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ കായികയിനങ്ങളാണ് മുഖ്യമായും ഇവിടെയുള്ളത്. ജില്ലാതലത്തിലും യൂണിവേഴ്സിറ്റി തലത്തിലും നമ്മുടെ കായികതാരങ്ങൾ മികവുനേടിയവരാണ്. തൈക്കാട്ടുശേരി ബ്ലോക്ക് കേരളോത്സവങ്ങളിൽ ഓവറോൾ ചാമ്പ്യൻമാരാണ് ഈ ഗ്രാമത്തിലെ കായിക താരങ്ങൾ.

വേണ്ടത്ര പ്രോൽസാഹനവും അംഗീകാരവും കിട്ടാതെ പോയതുകൊണ്ടാവാം, വനിതകൾ ഈ രംഗങ്ങളിൽ പിന്നോക്കമാണ്. എങ്കിലും കലാ-കായിക മേഖലകളിൽ കഴിവുതെളിയിച്ച അനേകം വനിതകൾ നമ്മുടെ ഗ്രാമത്തിലുമുണ്ട്. എന്നാൽ അറിയപ്പെടുന്ന ഒരു സാഹിത്യകാരിയോ, കലാപ്രതിഭയോ ഇവിടെയില്ല. പൊതുരംഗത്ത് സ്തുത്യർഹമായ സ്ഥാനങ്ങൾ വഹിക്കുന്ന വനിതകൾ ഏറെയുണ്ടുതാനും. അവർക്കുവേണ്ടി ഒരു വനിതാസമാജവും മറ്റ് വനിതാക്ഷേമ സംഘങ്ങളും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. അവരേയും സാംസ്കാരിക പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്കക് കൊണ്ടുവരേണ്ടതുണ്ട്.

വ്യത്യസ്ഥ മതവിശ്വാസികളായ (ഹിന്ദു-മുസ്ലീം-ക്രൈസ്തവർ) ഇവിടുത്തെ ജനങ്ങൾ ഈ നാടിന്റെ സാംസ്കാരിക പൈതൃകത്തിന് തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ വിവിധ മതവിശ്വാസികൾ ഒത്തൊരുമിച്ച് ഗ്രാമത്തെ സമാധാനപൂർണമാക്കുന്നു.

കലാ-കായിക സാംസ്കാരിക മേഖലകളിൽ അനവധി പ്രതിസന്ധികളെ നമ്മൾ അഭിമുഖീകരിക്കുന്നുണ്ട്. നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ പരിമിതികൾ മൂലം തകർച്ചയിലാണ്.

പുതിയ തലമുറ അമൂല്യങ്ങളായ ഗ്രന്ഥശാലകളെ അവഗണിച്ചുകൊണ്ട് പൈങ്കിളിസാഹിത്യവും, പുത്തൻ ടി.വി. സംസ്ക്കാരവും തേടിപോകുന്നു. വായനശാലകൾ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമല്ലാതെ അനാഥമായിക്കൊണ്ടിരിക്കുന്നു. കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താനാവാതെ ജീർണാവസ്ഥയിലാണീ സ്ഥാപനങ്ങൾ. സ്ഥാപനമിരിക്കുന്ന സ്ഥലം സ്വന്തമായി കിട്ടാത്തതിനാൽ സർക്കാർ ഗ്രാന്റുകൾ നിഷേധിക്കപ്പെടുന്നു. ഈ പ്രതിസന്ധികളെയാകമാനം മുറിച്ചു കടന്നുകൊണ്ട് നമുക്കിനിയും മുന്നേറാം. മഹത്തായ സാമൂഹിക സാംസ്ക്കാരിക പരിവർത്തനത്തിനു വേണ്ടി നമുക്ക് ഒറ്റക്കെട്ടായി പ്രതിജ്ഞയെടുക്കാം.

നിലവിലുള്ള കലാ-സാംസ്ക്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	അഫിലിയേഷൻ സംബന്ധിച്ച്	പ്രവർത്തന മേഖല
1	SKV വായനശാല & ഗ്രന്ഥശാല		1941	533	സ്വന്തം കെട്ടിടം	ഉണ്ട്	സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	സാമൂഹ്യസാംസ്കാരിക രംഗം
2.	P I S A	I	1990	65	വാടക	ഇല്ല	ഇല്ല	കലാകായികരംഗം
3.	P C C		1992	60	ഇല്ല	"	"	
4.			25	"	"	"	"	"
5.	സാരംഗി		1992		"	"	"	"
6	ബ്രൈറ്റ്	II		30	"	"	"	"
7	സമത			25	"	"	"	"
8	ബ്രദേഴ്സ് വോളി		"	ഇല്ല	"	"	"	കായികരംഗം
9.	സാംസ്കാരിക നിലയം	III	1994	സ്വന്തം	ഉണ്ട്		സാമൂഹ്യസാംസ്കാരിക രംഗം	
10	കൂട്ടം ആർട്സ്		1993		ഇല്ല	ഇല്ല		കലാ-സാംസ്കാരികരംഗം
11	ആരാധന ആർട്സ്	IV			ഇല്ല	ഇല്ല	ഇല്ല	കലാകായിക സാംസ്കാരിക രംഗം
12	സഫ്ദർഹാഷ്മി കലാകേന്ദ്രം	V	1990	50	ഇല്ല	ഇല്ല	ഇല്ല	കലാകായിക സാംസ്കാരികരംഗം
13	ഗാന്ധി സ്മാരക ഗ്രന്ഥശാല & വായനശാല		1946	327	സ്വന്തം കെട്ടിടം	ഉണ്ട്		സാമൂഹ്യസാംസ്കാരിക രംഗം
14	മാവേലി ആർട്സ് വോളി	VI	1993		ഇല്ല	ഇല്ല	ഇല്ല	കലാകായികം
15	DASC, ഒമേഗ		1978	30	ഇല്ല	ഇല്ല	ഇല്ല	കലാ-സാംസ്കാരികം
16	AKG MC & വായനശാല		1978		സ്വന്തം കെട്ടിടം	ഇല്ല	ഇല്ല	കലാസാഹിത്യ സാംസ്കാരിക രംഗം
17	കാളത്തോട് ആർട്സ് വോളി	VII			ഇല്ല	ഇല്ല	ഇല്ല	കായികരംഗം
18	ദീപം ആർട്സ്				ഇല്ല	ഇല്ല	ഇല്ല	കലാ സാംസ്കാരിക രംഗം
19	P K Y M				ഇല്ല	ഇല്ല	ഇല്ല	കലാരംഗം
20	മലയാളി വോളി	VIII			ഇല്ല	ഇല്ല	ഇല്ല	കായികരംഗം
21	വോയിസ് ഓഫ് ഐലൻറ്				ഇല്ല	ഇല്ല	ഇല്ല	കലാകായിക രംഗം

കലാ-കായിക മേഖലകളിൽ വളരെയധികം പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള പെരുമ്പളം ഗ്രാമത്തിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും.

- ☆ ജില്ലാതലത്തിൽ മൽസരിക്കാൻ കഴിയുന്ന ഒരു വോളിബോൾ ടീമിനെ വാർത്തെടുക്കാൻ കഴിയുക.
- ☆ ശരിയായ പരിശീലനത്തിലൂടെ അനേകം അത്ലറ്റുകളെ വാർത്തെടുക്കാൻ സാധിക്കും.
- ☆ സ്കൂളുകളിൽ നല്ല രീതിയിലുള്ള കായിക പരിശീലനം നൽകി കായികതാരങ്ങളെ വളർത്തിക്കൊണ്ടുവരാൻ സാഹചര്യമൊരുക്കുക.
- ☆ ചെറിയ സ്റ്റേഡിയം നിർമ്മിക്കുക.
- ☆ കായിക മേഖലയെ പ്രോൽസാഹിപ്പിക്കാൻ സ്പോർട്സ് ഉപകരണങ്ങളും സാമ്പത്തിക സഹായവും ചെയ്യുക.
- ☆ ഗാന്ധിസ്മാരക വായനശാല, എസ്.കെ.വി. വായനശാല എന്നീ ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- ☆ കലാസാംസ്ക്കാരിക സംഘടനകൾ, സംഗീതനാടക അക്കാദമിയിലും മറ്റും അഫിലിയേറ്റ് ചെയ്ത് പ്രവർത്തനം വിപുലമാക്കുക.
- ☆ കലാകായിക സംഘടനകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക.
- ☆ പഞ്ചായത്തിന്റെയും കലാകായിക സംഘടനകളുടേയും ആഭിമുഖ്യത്തിൽ സ്ഥിരം കോച്ചിങ് സെൻറർ സ്ഥാപിക്കുക.

പ്രശ്നങ്ങൾ

1. 2, 5, 8 വാർഡുകളിൽ വായനശാലകളോ, ഗ്രന്ഥശാലകളോ ഇല്ല. എ കെ ജി വായനശാല വൈദ്യുതീകരിച്ചിട്ടില്ല.
2. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നിർജീവാവസ്ഥയിലാണ്. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു. ജനശിക്ഷണ നിലയങ്ങൾ പുതുതായി ആരംഭിച്ചിട്ടില്ല.
3. കായികരംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യംനിന്നുപോയിരിക്കുന്നു.
4. സർഗാത്മക ഭാവനകൾക്ക് വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല.
5. എൽ.പി. സ്കൂളുകളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങളില്ല. ഹയർ സെക്കൻറി സ്കൂളിലെ ഗ്രന്ഥശാലയുടെ പ്രയോജനം കുട്ടികൾക്ക് ലഭിക്കുന്നില്ല.
6. പഞ്ചായത്തിൽ വിവരശ്രഹണ കേന്ദ്രം ഇല്ല.
7. ഹയർ സെക്കൻഡറി സ്കൂളിൽ പാഠ്യേതര വിഷയങ്ങളിൽ പരിശീലനവും വേണ്ടത്ര പ്രോൽസാഹനവും ഇല്ല.
8. a) ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം അശ്ലീലതയിലേക്കും, അനാശാസ്യ പ്രവർത്തനങ്ങളിലേക്കും കുട്ടികളെ നയിക്കുന്നു.
   b) ടെലിവിഷനിലെ ഉച്ചപ്പടം ഒഴിവാക്കുക.
9. പെരുമ്പളത്തെ കലാകായിക സംഘടനകൾക്ക് ഏകോപിച്ചുള്ള പ്രവർത്തനങ്ങളില്ല.
10. ഗ്രാൻറുകളോ, സ്പോർട്സ് ഉപകരണങ്ങളോ കലാ-കായിക സംഘടനകൾക്ക് ലഭിക്കുന്നില്ല.
11. ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും പ്രവർത്തനം ആശാവഹമല്ല.
12. കോളനികളിലും പട്ടികജാതി അധിവാസ കേന്ദ്രങ്ങളിലും വിനോദ കേന്ദ്രങ്ങളോ വായനശാലകളോ ഇല്ല.
13. നാടൻ കലകളും സംഗീതവും പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല.
14. ലക്ഷ്യബോധവും കലാകായിക അഭിരുചിയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് നഷ്ടപ്പെടുന്നു.
15. S K V വായനശാല ആൻറ് ഗ്രന്ഥശാല, ഗാന്ധിസ്മാരക വായനശാല എന്നീ സ്ഥാപനങ്ങൾ ജീർണാവസ്ഥയിലാണ്. ഈ സ്ഥാപനങ്ങൾ ഇരിക്കുന്ന സ്ഥലം സർക്കാരിലേക്ക് സറണ്ടർ ചെയ്യാത്തതിനാൽ അറ്റകുറ്റപണികൾക്ക് ഗ്രാൻറ് ലഭിക്കുന്നില്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തു ആസ്ഥാനത്ത് ആധുനിക തരത്തിലുള്ള ഒരു വിവരഗ്രഹണ കേന്ദ്രം (Information Centre) തുറക്കണം.
2. 2, 4, 8 വാർഡുകളിൽ പുതുതായി വായനശാലകൾ ആരംഭിക്കുകയും, മറ്റു വായനശാലകളിൽ മൂന്നു വർത്തമാനപത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കണം. വൈദ്യുതീകരിക്കാത്ത വായനശാലകൾക്ക് വൈദ്യുതി ലഭ്യമാക്കുക.
3. മധ്യവേനലധിക്കാലത്ത് കലാ സാഹിത്യാഭിരുചയുള്ള വിദ്യാർത്ഥികളെ ഒരുമിപ്പിച്ച് പരിശീലന കളരികൾ സംഘടിപ്പിക്കുക.
4. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കായിക പരിശീലന കേന്ദ്രം ആരംഭിക്കുക.
5. ഹയർ സെക്കൻഡറി സ്കൂളിലെ ഗ്രന്ഥശാല കുട്ടികൾക്ക് പ്രയോജനപ്രദമാക്കുക. പാഠ്യേതര പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക. എൽ.പി. സ്കൂളുകളിൽ ഗ്രന്ഥശാലകൾ ഏർപ്പെടുത്തുക.
6. പെരുമ്പളത്തിന്റെ മധ്യഭാഗത്ത് ഒരു ചെറിയ സ്റ്റേഡിയം നിർമ്മിക്കുക.
7. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജീവിപ്പിക്കുക. ജനവിദ്യാകേന്ദ്രങ്ങളും വായനശാലകളും അനുവദിക്കുക.
8. കലാകായിക സംഘടനകൾക്ക് പഞ്ചായത്തു തലത്തിൽ ഒരു കേന്ദ്ര സംഘടന രൂപീകരിക്കുക.
9. ഗ്രാൻറുകളും സ്പോർട്സ് ഉപകരണങ്ങളും കലാകായിക സംഘടനകൾക്ക് അനുവദിക്കുക.
10. സ്ത്രീകളുടെ വായനാശീലം പ്രോൽസാഹിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന ലൈബ്രറി സ്ഥാപിച്ച് പുസ്തകം വീടുകളിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
11. കോളനികളിലും പട്ടികജാതി അധിവാസ കേന്ദ്രങ്ങളിലും വിനോദ കേന്ദ്രങ്ങളും വായനശാലയും പബ്ലിക് ടിവിയും സ്ഥാപിക്കുക.
12. ഗാന്ധിസ്മാരക ഗ്രന്ഥശാല / വായനശാല, S K V വായനശാല എന്നിവയുടെട ജീർണാവസ്ഥ പരിഹരിക്കുവാൻ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഈ സ്ഥാപനങ്ങളിരിക്കുന്ന സ്ഥലം സർക്കാരിലേക്ക് സറണ്ടർ ചെയ്യാത്തതിനാൽ സർക്കാർ ഗ്രാൻറ് ലഭിക്കുന്നില്ല. അറ്റകുറ്റപ്പണികൾ നടത്തുന്നതിനും മറ്റും വിവിധ ഗ്രാൻറുകളും സർക്കാരിൽ നിന്നും ലഭിക്കുന്നതിനുമായി ടി സ്ഥലങ്ങൾ സറണ്ടർ ചെയ്യുക.
13. 8 –ാം വാർഡിൽ സാംസ്കാരിക നിലയം സ്ഥാപിക്കുക.
14. പെരുമ്പളം ഗ്രാമത്തിൽ വിനോദത്തതിനും വിശ്രമത്തിനുമായി ഒരു പാർക്ക് നിർമ്മിക്കുക.



വനിതാക്ഷേമം

സ്ത്രീസ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുകയാണെങ്കിലും മഹാ ഭൂരിപക്ഷം സ്ത്രീകളും ഇതൊന്നുമറിയാതെ വീടുകളിൽ ഒതുങ്ങി കൂടുകയാണിക്കാലത്തും. പെരുമ്പളത്തെയും സ്ഥിതി ഇതിൽനിന്നും ഭിന്നമല്ല.

സ്ത്രീകൾക്ക് പ്രധാന്യമുള്ള കുടുംബങ്ങൾ ധാരാളമുണ്ടായിരുന്നെങ്കിലും, മുൻകാലങ്ങളിൽ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. ആദ്യകാലത്ത് ആശാൻ കളരികളിലൂടെയും എഴുത്തും വാ ന്നയും ആഭ്യസിച്ചിരുന്നുവെങ്കിലും പൊതുപരിപാടികളിൽ പങ്കെടുക്കാൻ പൊതുവെ വിമുഖ ായിരുന്നു. കെട്ടുകല്യാണം, തെരണ്ടുകല്യാണം എന്നിവ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇവിടെ നടന്നിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളിൽ രൂഢമൂലമായിരുന്നു. 1991 ലെ സെൻസസ് പ്രകാരം പെരുമ്പളത്തെ സ്ത്രീ സംഖ്യ 4701 ആണ്. പുരുഷന്മാരേക്കാൾ 50 പേർ അധികമാണ്. ജനസംഖ്യയിൽ സ്ത്രീകൾക്കുള്ള പ്രമുഖ്യം സമൂഹത്തിൽ സ്ത്രീകൾക്ക് ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. ആറു വയസിന് താഴെയുള്ള പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കുറവാണ്. (3.8 %)

19 -ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും 20 -ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് അവസരം ലഭിച്ചിരുന്നുവെങ്കിലും ഉന്നതവിദ്യാഭ്യാസ സൗകര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ജോലി അടുക്കളയിലൊതുങ്ങി. 1909 ൽ തുടങ്ങിയ പെരുമ്പളത്തെ വെർണാകുലർ മലയാളം ഹയർ സ്കൂളിൽ പഠിച്ച രണ്ടു സ്ത്രീകൾ (ശ്രീമതിമാർ ഗൗരിക്കുട്ടിയമ്മ, ലക്ഷ്മിക്കുട്ടിയമ്മ) ഇവിടെ അധ്യാപികമാരായി സേവനം അനുഷ്ഠിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി വിദ്യാഭ്യാസ രംഗത്ത് സ്ത്രീ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽ മേഖലയിലെങ്കിലും അവർ എത്തപ്പെടുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ഉദ്യോഗങ്ങളിലും ഇന്നും ഇവിടുത്തെ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെന്നു പറയാം. ആദ്യമായി ഉദ്യോഗസ്ഥകളായവരിൽ ഭാരതിയമ്മ തട്ടാരത്ത്, സരോജനിയമ്മ തോട്ടങ്കര, കുമാരിയമ്മ ചകിരിയാട്ട് എന്നിവർ ഉൾപ്പെടുന്നു. കണ്ണേത്തു ശ്രീദേവിയാണ് പെരുമ്പളത്തുനിന്നും ബിരുദാനന്തര ബിരുദമെടുത്ത ആദ്യ വനിത.

പട്ടിക -1

ആകെ സ്ത്രീകൾ	4701	
തൊഴിലുള്ളവർ	1339	28.48 %
വിദ്യാർത്ഥിനികൾ	849	18.05 %
ഒരു തൊഴിലുമില്ലാത്തവർ	2513	53.47 %

വിവിധ തൊഴിൽമേഖലയിലെ സ്ത്രീ പ്രാതിനിധ്യം പട്ടിക -II

മൽസ്യ മേഖല	330	24.65 %
കയർ മേഖല	478	35.7 %
കക്കാ സംസ്ക്കരണം	250	18.7 %
കാർഷിക മേഖല	95	7.1 %
ക്ഷീര മേഖല	55	4.11 %
കെട്ടിട നിർമാണം	74	5.53 %
കൈത്തറി	32	2.34 %
ഉദ്യോഗസ്ഥർ	25	1.87 %

തൊഴിൽ രംഗത്ത് സ്ത്രീകൾക്കെതിരായി അവഗണന നിലനിൽക്കുന്നു. സ്ത്രീയെ സംഘടിപ്പിച്ച് എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരെ നിലനിൽക്കുന്ന സാമൂഹ്യ പ്രതിബന്ധങ്ങളെ തടയാനാവില്ല. മൽസ്യ, കക്കാ മേഖലകളിൽ പണിയെടുക്കുന്ന ഭൂരിപക്ഷം വരുന്ന സാധാരണ സ്ത്രീകൾ തൊഴിൽ രംഗത്ത് അവഗണനയാണ് നേരിടുന്നത്. ചെറുകിട വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ (കോഴി വളർത്തൽ, ആടു വളർത്തൽ, അടുക്കള തോട്ടം, ഔഷധ സസ്യകൃഷി തുടങ്ങിയവ) സ്ത്രീ ശക്തി കേന്ദ്രീകരിക്കുവാനുള്ള ഒരു ശ്രമം അടിയന്തിരമായി തുടങ്ങേണ്ടതുണ്ട്.

സ്വാതന്ത്ര്യസമര കാലഘട്ടങ്ങളിലെ പ്രക്ഷോഭങ്ങളിൽ ഇവിടെ സ്ത്രീ പങ്കാളിത്തം തീരെയില്ലായിരുന്നു. എന്നാൽ 50കളുടെ അവസാനം വനിതാസമാജങ്ങളും, വനിതാസംഘടനകളും രൂപീകൃതമായി. ആദ്യ വനിതാസമാജം ജാനകിയമ്മ പ്രസിഡൻറായി രൂപീകരിച്ചു. എൻ. സുഭദ്രയമ്മ പ്രസിഡൻറായി മറ്റൊരു വനിതാസമാജവും രൂപീകരിച്ചു. തുടർന്ന് തെക്കേ വെളിയിൽ ശ്രീമതി രാധകൃഷ്ണൻറെ നേതൃത്വത്തിൽ കസ്തൂർബാ വനിതാസമാജവും, ലക്ഷ്മികരുണാകരൻ പ്രസിഡൻറായി എകെജി വനിതാസമാജവും രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. ഈ അടുത്ത കാലത്ത് പൊതുരംഗത്ത് പ്രവർത്തിയ്ക്കുവാൻ സ്ത്രീകളുടെ ശ്രദ്ധേയമായ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. D. W. C. R. A യൂണിറ്റുകൾ, C.B.C.S, മഹിളാ സ്വാസ്തസംഘം എന്നിവ സജീവമായിട്ടുണ്ട്. പെരുമ്പളം പഞ്ചായത്ത് വനിതാ ഗ്രാമവ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്തെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി നടത്തിയ ഗ്രാമസഭകളിൽ സ്ത്രീകൾ ആവേശപൂർവ്വം പങ്കെടുത്തിട്ടുണ്ട്.

6 വയസ്സുവരെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം കുറവായതുപോലെ സ്ക്കൂൾ ക്ലാസ്സുകളിലും പെൺകുട്ടികളുടെ എണ്ണം കുറവായി കാണുന്നതായി കണക്കുകൾ സൂചിപ്പിയ്ക്കുന്നു. എന്നാൽ പഠനനിലവാരം പരിശോധിയ്ക്കുകയാണെങ്കിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ വളരെ മുമ്പിൽ നില്ക്കുന്നു. പ്രീഡിഗ്രി, +2 തലം വരെ പെൺകുട്ടികളാണ് മുന്നിൽ. മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സ്ത്രീകളാണ് നടത്തുന്നത്.

ചാരായ നിരോധനത്തിൽ ഏറ്റവും ആഹ്ളാദിയ്ക്കുന്നത് സ്ത്രീകളാണ്. നിരോധനം മൂലം ശാന്തമായ കുടുംബാന്തരീക്ഷം ഇന്ന് നിലനില്ക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ സംസ്ഥാനത്തുടനീളം വർദ്ധിച്ചുവരികയാണെങ്കിലും ഈ ഗ്രാമത്തിൽ തുലോം കുറവാണ്. ഈ അടുത്തകാലങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഒന്നു രണ്ടു സംഭവങ്ങളാണ് ഇതിന് അപവാദം. ഇവിടെ സാക്ഷരതയിൽ സ്ത്രീപുരുഷൻമാർ ഒപ്പത്തിനൊപ്പം നില്ക്കുന്നു. 1988, 90 എന്നീ വർഷങ്ങളിലെ സാക്ഷരതാപ്രവർത്തനം ഈ മേഖലയിൽ വമ്പിച്ച പരിവർത്തനം വരുത്താൻ സഹായമായിട്ടുണ്ട്.

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മയും, ഉള്ള തൊഴിൽമേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനവും നിലനില്ക്കുന്ന ഒരു പ്രദേശമാണിത്. പല മേഖലകളിലും പുരുഷൻമാർ ചെയ്യുന്ന ജോലി തന്നെ ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളായ കയർ, ഖാദി, കക്കാ, ചെമ്മീൻ സംസ്ക്കരണം എന്നിവയിൽ വളരെ കുറഞ്ഞ കൂലിയേ സ്ത്രീകൾക്കു ലഭിക്കുന്നുള്ളു. അരൂർ, ചന്തിരൂർ, എഴുപുന്ന മേഖലകളിൽ പോയി പണിയെടുക്കുന്ന പീലിങ്ങ് തൊഴിലാളികൾ ഗുരുതരമായ ആരോഗ്യപ്രശ്നമാണ് നേരിടുന്നത്. സാമൂഹ്യമായ ഒറ്റപ്പെടലുകളും സാമ്പത്തികമായി ചൂഷണങ്ങളും ശുചിത്വമില്ലായ്മയും തൊഴിൽ മേഖലയിലെ സ്ത്രീകളുടെ ഏറ്റവും വലിയ പ്രശ്നങ്ങളാണ്. തൊഴിൽ സമയമോ ജോലിഭാരമോ ഇവർക്ക് നിജപ്പെടുത്തിയിട്ടില്ല. വളരെ വൈകിമാത്രം വീടുകളിൽ തിരിച്ചെത്താൻ വിധിക്കപ്പെട്ട ഇവർക്ക് വിശ്രമത്തിനോ വിനോദത്തിനോ സമയം ലഭിക്കാറില്ലെന്നത് ഒരു വസ്തുതയാണ്. കാർഷികമേഖലയിൽ നിന്നും കെട്ടിടനിർമ്മാണ മേഖലയിലേയ്ക്കും മറ്റും പറിച്ചുനടപ്പെട്ടവരും സുരക്ഷിതത്വമില്ലായ്മയും വിശ്രമമില്ലായ്മയാലും വിർപ്പുമുട്ടുന്നു. ഈ അസംതൃപ്തി കുടുംബജീവിതം സംഘർഷപൂരിതമാകുന്നതിനും കുട്ടികളുടെ കാര്യങ്ങളിൽ കാണിക്കേണ്ട ശ്രദ്ധ ഇല്ലാതാക്കുന്നതിനും ഇടയാക്കുന്നു. സാമൂഹ്യരംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ മുന്നോട്ടുകൊണ്ടുവന്നാൽ മാത്രമേ പൊതു ജീവിതത്തിലും തൊളിൽ രംഗത്തും അർഹമായ പങ്കു വഹിക്കുവാൻ അവരെ പ്രാപ്തരാക്കാൻ പറ്റുകയുള്ളു.

സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്ക്കാരിക രംഗങ്ങളിലുള്ളവർ പ്രത്യേകം ശ്രദ്ധിക്കണം. പൊതു പ്രവർത്തന രംഗത്തുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കിടുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം വളർത്തുകയും വേണം. വനിതകൾക്കു മാത്രമായി കൂടുതൽ സംഘടനകൾ രൂപീകരിക്കുകയും സ്വയം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ അവരെ സഹായിക്കുകയും വേണം. അയൽക്കൂട്ടങ്ങളിലും മാതൃസംഗമങ്ങളിലും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം.

സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരഭങ്ങളും തുടങ്ങി സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുവാൻ പരിശ്രമിക്കണം. വളരെയേറെ സാധ്യത ഈ പഞ്ചായത്തിൽ ഇക്കാര്യത്തിനുണ്ട്. കയർ രംഗത്ത് സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ വൈവിധ്യവൽക്കരണം ആവശ്യമാണ്. ദ്വീപിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട വ്യവസായയൂണിറ്റുകളുണ്ട്. അതുപോലെ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്, സോപ്പുനിർമ്മാണ യൂണിറ്റ്, പായനെയ്ത്തു യൂണിറ്റ്, കരകൗശല നിർമ്മാണ യൂണിറ്റ്, അടുക്കളത്തോട്ടം, ഔഷധസസ്യത്തോട്ടം, കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവയിലും പുരയിട പച്ചക്കറി കൃഷിയിലും തൊഴിൽ സാധ്യത ഏറെയുണ്ട്. ഇവയിൽ പരിശീലനം കൊടുക്കുവാൻ പഞ്ചായത്തു തലത്തിൽ ശ്രമം നടത്തേണ്ടതാണ്.

സ്ക്കൂൾ നിലവാരത്തിൽതന്നെ പെൺകുട്ടികൾക്ക് കലാകായിക പരിശീലനം നിർബന്ധമാക്കുകയും, വിധവാ പെൻഷൻ, അംഗതി പെൻഷൻ മുതലായവ അർഹതപ്പെട്ടവർക്ക് നൽകുകയും പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനവും, യാത്രാസൗകര്യം കുറവുള്ള ഈ ദ്വീപിൽ എത്തുന്ന ഉദ്യോഗസ്ഥകൾക്കു താമസിക്കുവാൻ ഹോസ്റ്റൽ നിർമ്മിക്കുകയും സ്ക്കുളുകളിൽ പെൺകുട്ടികൾക്ക് കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക, പെൺകുട്ടികൾക്കു കൃഷിയിലും ഗ്രാമത്തിലെ കൈത്തൊഴിൽ മേഖലയിലും പരിശീലനം ഉറപ്പുവരുത്തുക മുതലായവ നടപ്പിലാക്കാൻ പരിശ്രമിക്കുകയും ബോധവൽക്കരണത്തിലൂടെ സ്ത്രീകൾക്കെതിരായ ക്രൂരതകൾ ഇല്ലായ്മ ചെയ്യാൻ ശ്രമം നടത്തുകയും വേണം.

സഹകരണം

ഒന്നാം ലോകമഹായുദ്ധം മൂലമുള്ള സാമ്പത്തികഞെരുക്കവും പട്ടിണിയും ഭാരത്തിലാകെ ജനജീവിതം ദുസ്സഹമാക്കി. രാജഭരണത്തിന്റെ അവശിഷ്ടമായ തറവാടിത്വത്തിന്റെ പൊയ്മുഖമായ "കാണം വിറ്റും ഓണം ഉണ്ണണം" എന്ന തറവാട്ടു കാരണവരുടെ ജീർണ്ണിച്ച ദുരഭിമാനം. ഇവ രണ്ടും ചേർന്ന് ഭൂസ്വത്തുണ്ടായിരുന്ന പെരുമ്പളത്തെ ഒരു വിഭാഗം ജനങ്ങളെ കിടപ്പാടം പോലും വില്ക്കേണ്ടി വരുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചു.

ഇതു മനസ്സിലാക്കിയ ശ്രീ തട്ടാരത്തു കേശവപിള്ള സ്ഥലത്തെ അന്നത്തെ പ്രമുഖരായ സർവ്വ ശ്രീ മങ്കാരത്തു രാമപ്പണിക്കർ, പി. ജി. കൃഷ്ണപ്പണിക്കർ, കെ. ഗോപാലകൃഷ്ണപ്പണിക്കർ, മാക്കിമേസരി മുതലായവരുമായി കൂടിയാലോചിക്കുകയും അപ്രകാരം അവരുടെ മൂശയിൽ രൂപം കൊണ്ട ഒരു ആശയമാണ്, കടബാദ്ധ്യതയിൽ മുങ്ങിക്കഴിയുന്ന ഒരു വിഭാഗം ആളുകളെ കരകയറ്റുന്നതിന് ഒരു സഹകരണസംഘം രൂപീകരിക്കുക എന്നത്.

അപ്രകാരം പെരുമ്പളം ഗ്രാമം മുഴുവൻ പ്രവർത്തനപരിധിയോടുകൂടി 22.7.1918-ൽ 101 മെമ്പറുന്മാരോടുകൂടി കൊല്ലവർഷം 1112- V -ാം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 1918 ആഗസ്റ്റ് 9-ാം തീയതി പ്രവർത്തനം ആരംഭിച്ച പെരുമ്പളം 46-ാം നമ്പർ പരസ്പര സഹായ സഹകരണസംഘമാണ് പെരുമ്പളത്തെ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ആദ്യകമ്മിറ്റിയിൽ പ്രസിഡന്റായി ശ്രീ ടി. പി. കേശവപിള്ളയും കമ്മിറ്റി മെമ്പറന്മാരായി സർവ്വശ്രീ മങ്കാരത്തു രാമപ്പണിക്കർ സെക്രട്ടറി എസ്. നാരായണപിള്ള, ഗോവിന്ദപിള്ള, മാക്കിസേരി, നീലകണ്ഠപിള്ള, പി. ജി. കൃഷ്ണപണിക്കർ എന്നിവരുമായിരുന്നു.

1932-ൽ ശ്രീ ചിത്തിര വിലാസം കർഷക പരസ്പര സഹായസഹകരണസംഘം എന്ന പേരിലും 1961 ഏപ്രിൽ 25-ാം തീയതി അന്നുവരെയുണ്ടായിരുന്ന നിബന്ധനകളിൽ ഭേദഗതി വരുത്തി അന്നത്തെ ഫുഡ് പ്രൊഡക്ഷൻ ജോയിന്റ് രജിസ്ട്രാർ ശ്രീ യേശുദാസൻ പെരുമ്പളം സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ: 46 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ഉദ്ഘാടനവും നടത്തുകയുണ്ടായി. അതിനുശേഷം സ്വന്തമായി സ്ഥലം വാങ്ങുകയും ജില്ലാ ബാങ്കിന്റെ സഹായത്തോടുകൂടി സ്വന്തം കെട്ടിടം പണിയുകയും ചെയ്തു.

1987 മുതൽ ശ്രീ അരവിന്ദാക്ഷപണിക്കരുടെ നേതൃത്വത്തിലുള്ള ഭരണസമിതി അധികാരത്തിൽ വരുകയും 1989 മുതൽ ഈ സ്ഥാപനം പെരുമ്പളം 46-ാം നമ്പർ "സർവ്വീസ് സഹകരണബാങ്ക്" എന്ന നിലയിൽ പ്രവർത്തനം നടത്തുകയും ചെയ്യുന്നു. റേഷൻ വിതരണം തുടങ്ങിയ കാലം മുതൽ ജനങ്ങളുടെ സൗകര്യാർത്ഥം രണ്ട് റേഷൻ കടകൾ പ്രവർത്തിച്ചു വന്നിരുന്നു. അതിൽ ഒന്ന് പിന്നീട് നിർത്തലാക്കി.

കാർഷികമേഖല

ഏകദേശം 2000-ത്തിലേറെ കുടുംബങ്ങൾ ഉള്ള ഒരു പഞ്ചായത്താണ് പെരുമ്പളം. ഹൃസ്വകാലവായ്പ, ദിർഘകാലവായ്പ, കാർഷികകേതരവായ്പ, കാർഷികവായ്പ, ഗൃഹോപകരണവായ്പ,

കാർഷികവായ്പ

പട്ടിക-1

സർവ്വീസ് സഹകരണബാങ്ക്

ക്രമനമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ചതീയതി	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം	കാർഷികേതരം		ലാഭം	നഷ്ടം	സ്ഥിരം	അല്ലാത്തവർ
1	പെരുമ്പളം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 46	9-8-1918	പെരുമ്പളം പഞ്ചായത്ത്	2856	Rs. 379000/_	Rs. 1345400/_	Rs. 6085000	Rs. 3644000	Rs. 978000	Rs. 9743600	ലാഭം		3	2

പട്ടിക 2.

കയർ വ്യവസായ സഹകരണസംഘങ്ങൾ

							പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ					
പെരുമ്പളം കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 106	19-6-1955	1,2,6,7,8 വാർഡുകൾ	475	Rs. 33453	Rs. 366000	Rs. 26460	Rs. 294633					2	
പെരുമ്പളം നോർത്ത് കയർവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 377	30-10-1962	2, 3, 4, 5 വാർഡുകൾ	956	Rs. 214666	Rs. 1929627	Rs. 186431	Rs. 2604076	Rs. 1043804		Rs. 7007		5	
ഗീതാഞ്ജലി കയർ വ്യവസായസഹകരണസംഘം പെരുമ്പളം													

പട്ടിക 3

മറ്റു വ്യവസായ സഹകരണസംഘങ്ങൾ

പെരുമ്പളം ക്ഷീരോൽപ്പാദകസഹകരണസംഘം ക്ലിപ്തം A219 (D) APCOS	30-3-1995	3, 4- 5 വാർഡുകൾ	97	Rs. 3170				Rs. 3170					
പെരുമ്പളം വനിതാ ഗ്രാമവ്യവസായ സഹകരണ സംഘം നമ്പർ A. 154	4-5-1990	പെരുമ്പളം പഞ്ചായത്ത്	75	Rs. 2500				Rs. 2500					
പെരുമ്പളം കൺസ്യൂമർ സഹകരണസംഘം ക്ലിപ്തം നമ്പർ 717	28-8-80	പെരുമ്പളം പഞ്ചായത്ത്	245	Rs. 2570							Rs. 128		
പെരുമ്പളം ഹരിജൻ സർവ്വീസസ് സഹകരണസംഘം	14-10-71	പെരുമ്പളം പഞ്ചായത്ത്	450	Rs. 5000									
ഗവ. ഫൈസ്ക്കൂൾ സഹകരണസംഘം ക്ലിപ്തം നമ്പർ A365 പെരുമ്പളം	27-7-75	പെരുമ്പളം പഞ്ചായത്ത്	3338	3385							Rs. 224		

സ്വർണ്ണപണയവായ്പ എന്നിവ വിതരണം ചെയ്യുന്ന ഏകബാങ്കാണിത്. 1995-96-ൽ 8 ലക്ഷം രൂപ കാർഷികവായ്പ അനുവദിച്ചിരുന്നെങ്കിലും 2.5 ലക്ഷം രൂപ മാത്രമേ കർഷകർ വായ്പയായി വാങ്ങിയിട്ടുള്ളു. നബാഡ് നിലവിലുള്ള കാർഷികവായ്പ വിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന നിലയിൽ വായ്പാ വിതരണം നടത്തുവാൻ സാധിക്കുകയുള്ളു. കർഷകർ ഏതാണ്ട് എല്ലാവരും തന്നെ കടബാദ്ധ്യതക്കാരായതുകൊണ്ട്, വളംവിതരണം, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, വിതരണം എന്നിവ ചിട്ടയോടുകൂടി നടക്കുന്നില്ല. കൃത്യസമയത്ത് വായ്പ തിരിച്ചടക്കുന്നതിൽ അംഗങ്ങൾ ശ്രദ്ധിക്കുന്നില്ല. തന്മൂലം ബാങ്കിംഗ് പ്രവർത്തനത്തിന് തടസ്സം നേരിടുന്നു. ബാങ്കിന്റെ രജിസ്റ്റർ പ്രകാരം ക്രഡിറ്റ്ലിസ്റ്റ് തയ്യാറാക്കി വർഷംതോറും ജില്ലാ ബാങ്കിൽ നിന്നും അംഗീകാരം വാങ്ങി ഗ്രാമത്തിലെ അർഹരായ മുഴുവൻ പേർക്കും ബാങ്കിന്റെ നിയമത്തിന് വിധേയമായി വായ്പകൾ നല്കിവരുന്നു.

സാധാരണവായ്പ

സംഘത്തിലെ അംഗങ്ങളിൽ 15-സെന്റിനുമേൽ ഭൂമിയുള്ളവർക്ക് 2.5 വർഷക്കാലാവധിക്ക് 10,000 രൂപവരെ വായ്പ എല്ലാ ആവശ്യങ്ങൾക്കും കൊടുത്തുവരുന്നു. കുടാതെ 5 വർഷക്കാലാവധിക്ക് ഗൃഹോപകരണവായ്പകളും കൊടുത്തുവരുന്നു. വായ്പക്കാർ മിക്കവരും തന്നെ കുടിശിഖക്കാരാണ്. കൃത്യമായി വായ്പ അടക്കുന്നവർക്ക് ആവശ്യാനുസരണം വായ്പകൊടുക്കുന്നതിനും ബാങ്ക് ശ്രദ്ധിക്കുന്നു.

ദീർഘകാലവായ്പ

75-സെന്റുമുതൽ 100 സെന്റു ഭൂമി വരെയുള്ള കർഷകർക്ക് 26,000 രൂപ വീതം ദിർഘകാല വായ്പ ഈ സംഘത്തിൽ നൽകിവരുന്നു. അപ്രകാരം 10 പേർക്കു മാത്രമേ വായ്പ നൽകിയിട്ടുള്ളു. മൊത്തം അർഹതയുള്ള വായ്പയായി ഒരുകോടി 30 ലക്ഷം രൂപ കൊടുക്കാവുന്നതാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം കർഷകർ വായ്പ എടുക്കുന്നില്ല. ഉദാരവത്ക്കരണം ആവശ്യമാണ്.

ST - M.T. വായ്പകൾ

ഒരു വർഷത്തെ കാലാവധിക്ക് ഒരു കർഷകന് 10,000 രൂപ S. T. വായ്പയായി നൽകിവരുന്നു. ഈ വായ്പകൾ ലഭിക്കുന്നതിനുള്ള നിയമതടസ്സം ഏറെയാണ്. എന്നാൽ വായ്പ ആവശ്യമുള്ളവർക്ക് അംഗത്വം കൊടുത്തുകൊണ്ടും വായ്പകൾ നൽകിവരുന്നു. കാലാവധിക്കുള്ളിൽ വായ്പകൾ കൃത്യമായി അടയ്ക്കാറില്ല. അടയ്ക്കുന്നവർക്ക് ഗവൺമെൻറിൽ നിന്നും സബ്സിഡി കൊടുത്തുവരുന്നു.

കയർ വ്യവസായ സഹകരണസംഘങ്ങൾ

1) പെരുമ്പളം 106-ാം നമ്പർ കയർ വ്യവസായ സഹകരണസംഘം

പെരുമ്പളത്തെ പരമ്പരാഗതമായ മുഖ്യതൊഴിൽ കയർ പിരിയാണ്. മറ്റു തൊഴിലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പകലന്തിയോളം കഠിനാദ്ധ്വാനം ചെയ്താലും ഒരുനേരത്തെ ആഹാരത്തിനു പോലും വക ലഭിച്ചിരുന്നില്ല. പെരുമ്പളത്തിന്റെ മിക്ക ഭാഗങ്ങളിലും ദാരിദ്ര്യവും പട്ടിണിയും കൊടികുത്തിവാണിരുന്നു. വളരെ കുറഞ്ഞ കൂലി കൊടുത്തുകൊണ്ട് സ്വകാര്യ വ്യക്തികളാണ് ഈ രംഗം കയ്യടക്കിയിരുന്നത്. ഒരിക്കലും കൂലി പണമായി നൽകിയിരുന്നില്ല.

ഈയൊരു സാഹചര്യത്തിലാണ് എറണാകുളം ജില്ലയിലെ കുമ്പളങ്ങിയിൽ 823-ാം നമ്പർ കയർ വ്യവസായ സഹകരണസംഘം സെക്രട്ടറിയായിരുന്ന ശ്രീധരൻ പടക്കാറ പെരുമ്പളത്തെ അന്നത്തെ സാമൂഹ്യ പശ്ചാത്തലവും തൊഴിലില്ലായ്മയും കണക്കിലെടുത്ത് ഇവിടെ ഒരു

കയർ വ്യവസായ സഹകരണസംഘം ആരംഭിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും 3.3.1955-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആദ്യകമ്മിറ്റിയിൽ ശ്രീ. ടി. കെ. രാഘവൻ പ്രസിഡണ്ട്, ശ്രീധരൻ പടക്കാറ സെക്രട്ടറി, കിളകൂറ്റിൽ ഗോപാലകൃഷ്ണപണിക്കർ ഖജാൻജി, സർവ്വശ്രീ. വർഗീസ് കാര്യാൻ, ശങ്കരൻ കുറ്റിയിടവെളി, തങ്കപ്പൻ ചെത്തിപറമ്പത്ത്, എം. എസ്. ശങ്കരൻ എന്നിവരായിരുന്നു. പ്രഥമയോഗം പള്ളിപ്പാട്ടു വച്ചുകൂടി. ചേർത്തല കയർ ഇൻസ്പെക്ടർ ശ്രീ. രാമചന്ദ്രൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. ആരംഭത്തിൽ 211 അംഗങ്ങളുണ്ടായിരുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എല്ലാ സാഹചര്യങ്ങളുമുള്ള ഈ സഹകരണസംഘം അരിഷ്ടതയും കാര്യക്ഷമതയില്ലായ്മയും മൂലം ഇഴഞ്ഞും വലിഞ്ഞും നീങ്ങുന്നു. സ്വന്തമായി ഒരു ആഫീസ് കെട്ടിടം പോലുമില്ല. കെട്ടിടം വയ്ക്കുന്നതിന് സംഘം സ്ഥലം വാങ്ങിയിട്ടുണ്ട്. ഇപ്പോൾ 475 അംഗങ്ങളുണ്ടെങ്കിലും 100 പേരിൽത്താഴെ വരുന്ന തൊഴിലാളികൾ മാത്രം ജോലി ചെയ്തുവരുന്നു. ഐ. സി. ഡി. പി. യന്ത്രറാട്ടുകൾ സ്ഥാപിക്കുന്നതിന് 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാക്റ്ററി കെട്ടിടം വയ്ക്കുന്നതിന് സ്ഥലം വാങ്ങി ഫാക്റ്ററി നിർമ്മാണത്തിന് ടെൻഡർ കൊടുത്തുകഴിഞ്ഞു. ഇതുമൂലം 110 പേർക്ക് നേരിട്ടും 50 പേർക്ക് അല്ലാതെയും തൊഴിൽ ലഭിക്കും. ബോർഡ് അംഗങ്ങളും ജീവനക്കാരും അവസരത്തിനൊത്ത് പ്രവർത്തിച്ചില്ലെങ്കിൽ അനതി വിദൂരഭാവിയിൽ അടച്ചുപൂട്ടലിനെ നേടിടേണ്ടിവരും.

II. പെരുമ്പളം നോർത്ത് കയർ വ്യവസായ സഹകരണസംഘം

106-ാം നമ്പർ കയർ വ്യവസായ സഹകരണസംഘത്തിന്റെ പതനം. തന്മൂലം അർദ്ധപട്ടിണിക്കാരായ കയർതൊഴിലാളികളുടെ തൊഴിലില്ലായ്മ എന്നിവ മൂലം മറ്റൊരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം എന്ന ആശയം ഉടലെടുക്കുവാൻ കാരണമായി. തുടർന്ന് ശ്രീ. കെ. ഭാസ്ക്കരന്റെ ശ്രമഫലമായി 30.3.1962-ൽ രജിസ്റ്റർ ചെയ്ത് ശ്രീ. പുന്നേത്ത് പാപ്പി, ശ്രീ. കെ. ഭാസ്ക്കരൻ, സർവ്വശ്രീ. കുര്യാക്കോസ്, ടി. കെ. ബാലകൃഷ്ണൻ, എം. കെ. കുഞ്ഞൻ, എസ്. പത്മനാഭൻ, പി. ജി. ശങ്കരൻ എന്നിവർ കമ്മിറ്റിയംഗങ്ങളുമായി 30.10.1962-ൽ പ്രവർത്തനം ആരംഭിച്ചു.

30.10.1962-ൽ കൂടിയ ആദ്യ പൊതുയോഗത്തിൽ ശ്രീ. കെ. എസ്. ഗോപാലകൃഷ്ണപണിക്കർ അദ്ധ്യക്ഷത വഹിക്കുകയും ചേർത്തല കയർ ഇൻസ്പെക്ടർ ശ്രീ. രാമചന്ദ്രൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ആദ്യത്തെ ഭരണസമിതി അംഗങ്ങൾ സർവ്വശ്രീ. എ.ം. കെ. കുഞ്ഞൻ പ്രസിഡൻറ്, കെ. ഭാസ്ക്കരൻ സെക്രട്ടറി, കെ. ജെ. കുര്യാക്കോസ്, ടി. കെ. ബാലകൃഷ്ണൻ, എസ്. പത്മനാഭൻ, കെ. സി. ഗോപാലൻ, പി. ജി. ശങ്കരൻ എന്നിവരായിരുന്നു.

പ്രവർത്തനാരംഭത്തിൽ 145 അംഗങ്ങളും അവരിലൂടെ 173 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും 1217 രൂപ ഓഹരി മൂലധന വായ്പയും തുടർന്ന് 13,000 രൂപ പ്രവർത്തന മൂലധനവായ്പയായും ലഭിച്ചു. ബാലാരിഷ്ടതകളെല്ലാം അതിജീവിച്ച് ഇപ്പോൾ 30.6.96-ൽ 214000 രൂപ അംഗങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഗവൺമെൻറ് ഷെയർ വിഹിതമായി 549000 രൂപയും D.C.B. പൂച്ചാക്കൽ ബ്രാഞ്ച് ക്യാഷ് ക്രഡിറ്റ് 3 ലക്ഷവും ഉണ്ട്. K. D. P. റാട്ടുകൾക്ക് വായ്പ 18 ലക്ഷം രൂപയുൾപ്പെടെ കടമായുള്ളപ്പോൾ ബാങ്കുനിക്ഷേപം 3,17,346 രൂപയും K. D. P. നിക്ഷേപം 8,17000 നീക്കിയിരുപ്പും സ്റ്റോക്കുവില 4,8,7400 രൂപയും 8 ലക്ഷത്തിനുമേൽ രൂപയുടെ 3 ഏക്കർ വസ്തുക്കളും തൊണ്ടടിമില്ലും യന്ത്രറാട്ടും ഫാക്ടറിയുമടക്കം 8 ലക്ഷം രൂപയുടെ ആസ്തിയും 956 അംഗങ്ങളും ആഫീസും ഗോഡൗണും ഇപ്പോൾ സംഘത്തിനുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്നു.

സംഘത്തിന് 100 യന്ത്രറാട്ടുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച 17,10000 രൂപ കൊണ്ട് ഫാക്ടറി കെട്ടിടവും ടോയ്ലറ്റ് ബ്ലോക്കും നിർമ്മിച്ച് വയറിംങ്ങ് നടത്തി. തൊഴിലാളികൾക്ക് 69 പേർക്ക് ഇതിനകം ട്രയിനിംഗ് നൽകി 6,27550 രൂപയുടെ മിനിമം ഗ്യാരണ്ടിവച്ച് ഏതുനിമിഷവും കമ്മീഷൻ ചെയ്യുവാൻ പറ്റിയ നിലയിൽ കഴിയുന്നു. പവ്വർ കണക്ഷൻ കിട്ടാത്തതുമൂലം പദ്ധതിക്ക് കാലതാമസം നേരിടുന്നു.

ഗീതാഞ്ജലി കയർ വ്യവസായസഹകരണസംഘം

രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. എങ്കിലും വ്യവസായ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. വായ്പയും ഗവൺമെൻറ് ഷെയറുമില്ല. ഇപ്പോൾ സംഘം ലിക്വിഡേഷൻറെ വക്കിലാണ്.

ക്ഷീരോൽപാദക സഹകരണസംഘം-A 219 (D) APCOS

പെരുമ്പളം പഞ്ചായത്തിലെ 2, 3, 4, 5 വാർഡുകൾ പ്രവർത്തന പരിധിയിലാക്കി 30.3.1995-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുവെങ്കിലും ബിസിനസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഭരണ രംഗത്തെ നിഷ്ക്രിയത്വം മൂലം ലിക്വിഡേഷനിൽ ആകുമോ എന്ന് സംശയിക്കുന്നു.

വനിതാ ഗ്രാമവ്യവസായസഹകരണസംഘം

പെരുമ്പളം പഞ്ചായത്ത് വനിതാ ഗ്രാവ്യവസായ സഹകരണസംഘം (ക്ലിപ്തം) നമ്പർ K. V. IND (A) 154 എന്ന പേരിൽ പെരുമ്പളം പഞ്ചായത്തു പ്രവർത്തന പരിധിയായി 4.5.1990-ൽ രജിസ്റ്റർ ചെയ്ത പ്രവർത്തനം ആരംഭിച്ചു. 75 അംഗങ്ങളുണ്ട്. ഓഹരിവില 250 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 2500 രൂപ വിവിധ തൊഴിൽ അവസരങ്ങൾ വിഭാവന ചെയ്യുന്ന ഈ സംഘം ഇപ്പോൾ വരെ ബിസിനസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. എല്ലാവരുടെയും സഹകരണത്തോടെ ത്വരിതഗതിയിൽ അതിനുള്ള നടപടി നീക്കേണ്ടതുണ്ട്.

പെരുമ്പളം കൺസ്യൂമർ സഹകരണസംഘം ക്ലിപ്തം നമ്പർ. A-717

19-8-1980-ൽ രജിസ്റ്റർ ചെയ്ത് സംഘം 28-8-80-ൽ പ്രവർത്തനം ആരംഭിച്ചു. ഭരണം കാര്യക്ഷമമല്ലാതെ വരുകയും ജീവനക്കാരൻറെ കെടുകാര്യസ്ഥതയും മൂലം സംഘത്തിൻറെ ബിസിനസ് പ്രവർത്തനം നിലച്ചു.

നിയമാനുസൃതമായ തിരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയെ ചാർജ് ഏല്പിച്ച് സംഘത്തിൻറെ പ്രവർത്തനം ഡോർ ടു ഡോർ സ്കീം ആരംഭിച്ച് പുനരുദ്ധരിയ്ക്കണം.

പെരുമ്പളം ഹരിജൻ സർവ്വീസ് സഹകരണസംഘം

പെരുമ്പളം പഞ്ചായത്തു മുഴുവൻ പ്രവർത്തന പരിധിയോടു കൂടി 14-10-1971 -ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 450 അംഗങ്ങളുണ്ട്. ഓഹരിവില 10 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 5000 രൂ ഗവൺമെൻറ് വായ്പകളും ഉപകരണ ഗ്രാൻറുകളും ധാരാളമുള്ള ഈ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്.

നല്ല പ്രവർത്തന സാധ്യതയുള്ള ഈ സംഘം ജീവനക്കാരൻറേയും ഭരണ സമിതിയുടേയും കെടുകാര്യസ്ഥത മൂലം റിക്കാർഡുകൾ ചിതലെടുത്തു. ഇതു ലിക്വിഡേറ്റു ചെയ്തു പുതിയ സംഘം രജിസ്റ്റർ ചെയ്ത് നിരാശ്രയരായ അംഗങ്ങൾക്ക് അർഹതപ്പെപട്ട ആനുകൂല്യങ്ങൾക്ക് ശ്രമിക്കേണ്ടതുണ്ട്.

പെരുമ്പളം ഗവ. ഹൈസ്കൂൾ സഹകരണ സംഘം

പെരുമ്പളം പഞ്ചായത്തു മുഴുവൻ പ്രവർത്തന പരിധിയോടെ 17-7-75 ൽ രജിസ്റ്റർ ചെയ്ത് 27-7-75 ൽ പ്രവർത്തനം ആരംഭിച്ചു. 3338 അംഗങ്ങളുണ്ട്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 3385 രൂപ. ഒരു സ്കൂൾ സഹകരണ സംഘത്തിൻറെ ബിസിനസ് പ്രവർത്തനം ഒന്നുംതന്നെയില്ല. തന്മൂലം വിദ്യാർഥികൾക്കു വേണ്ട പാഠപുസ്തകങ്ങൾ ലഭ്യമല്ല.

ഇപ്പോൾ സംഘത്തിൻറെ ചുമതല വഹിക്കുന്ന അധ്യാപകർ ക്ലാസ് കട്ട് ചെയ്യാതെ ഇതിൻറെ

ജോലിയും നിർവഹിക്കണം. അതിന് പ്രത്യേകിച്ച് ആനുകൂല്യങ്ങളില്ല. സംഘത്തിന്റെ പ്രവൃത്തി സമയം ഡ്യൂട്ടി സമയമായി കാണക്കാക്കുകയും ചെയ്യുന്ന ജോലിക്ക് അഡീഷണൽ അലവൻസ് കണക്കാക്കിയും പ്രവർത്തനം മെച്ചപ്പെടുത്തണം. ഭരണം അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളുമടങ്ങുന്ന ഒരു വിപുലമായ കമ്മിറ്റി ഉണ്ടാക്കി മെച്ചപ്പെടുത്തുകയും അപ്രകാരം സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിൽ നിന്നും വിദ്യാർത്ഥികളെ മോചിപ്പിക്കുന്നതിന് ശ്രമിക്കുകയും വേണം.

വിവിധ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

1. പെരുമ്പളം 46 -ാം നമ്പർ സർവീസ് സഹകരണ ബാങ്കിൽ ഇപ്പോഴുള്ള മൂലധനത്തിന് അനുപാതികമായി ഗവൺമെൻറ് ഓഹരി മൂലധനം വർധിപ്പിക്കേണ്ടതാണ്.
2. പെരുമ്പളം പഞ്ചായത്തിലെ വോട്ടർമാരിൽ പകുതിയോളം ഇപ്പോൾ മെമ്പർമാരായി സംഘം ഭംഗിയായി പ്രവർത്തിച്ചു വരുന്നു.
3. നിക്ഷേപ സമാഹരണം നടത്തി പ്രവത്തന മൂലധനം വർധിപ്പിച്ച് കൂടുതൽ വരുമാനമുണ്ടാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.
4. ബാങ്കിന്റെ പരിധിയിൽ വരുന്ന കർഷകരെ സംബന്ധിച്ച പൂർണവിവരങ്ങളോടു കൂടിയ ഒരു ലാൻറ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.
5. ഓരോ കർഷകനും ഓരോ വർഷത്തേക്ക് ആവശ്യമുള്ള കാർഷിക വായ്പ തയ്യാറാക്കി വർഷാരംഭത്തിൽ മുൻപുതന്നെ വായ്പാ പരിധിക്കുള്ള അംഗീകാരം വാങ്ങുന്നുണ്ട്.
6. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.
7. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷികവായ്പയുടെ പരിധി 15,000 രൂപയായി ഉയർത്തുക.
8. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുവാനും ബാങ്കുകളിൽ സംവിധാനമുണ്ടാകണം.
9. കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വിലയിടവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി സ്വീകരിച്ചുകൊണ്ട് കീ ലോൺ സംവിധാനം ഉണ്ടാക്കണം.
10. പെരുമ്പളം 46 -ാം നമ്പർ സഹകരണസംഘത്തിന്റെ ഒരു ബ്രാഞ്ച് 3 -ാം വാർഡിനും, 4-ാം വാർഡിനും മധ്യേ ഒരു ബ്രാഞ്ച് സ്ഥാപിക്കുക. അല്ലാത്തപക്ഷം ഒരു പുതിയ സംഘം 3, 4, 5 വാർഡുകൾ പ്രവർത്തന പരിധിയോടുകൂടി സ്ഥാപിക്കുക.
11 കേര വികസനത്തിന് ഒരു കോക്കനട്ട് ഗ്രോവേഴ്സ് സഹകരണ സംഘം സ്ഥാപിക്കുക. കേരഫെഡിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.
12. പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിങ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പ്രസ്തുത സംഘത്തിൽ മേൽത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് - മെതി യന്ത്രങ്ങൾ ലഭ്യമാക്കുക.
13. പെരുമ്പളത്ത് ദീർഘകാല വായ്പ നൽകിവരുന്ന ചേർത്തല കാർഷിക വികസന ബാങ്ക് വായ്പാ വിതരണ സമ്പ്രദായം ലഘൂകരിക്കുകയും പഞ്ചായത്തു പ്രദേശത്ത് വായ്പാ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനാധിപത്യവൽക്കരിക്കുകയും ചെയ്യുക.

ക്ഷീരമേഖല

1. നിലവിൽ രജിസ്റ്റർ ചെയ്ത സംഘത്തിന്റെ പ്രവർത്തന പരിധി 2, 3, 4, 5, വാർഡുകളിൽ മാത്രമാണ്. പെരുമ്പളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് പെരുമ്പളം മൊത്തം വ്യാപകാതിർത്തി അനുവദിക്കുക. അല്ലെങ്കിൽ മറ്റു വാർഡുകൾ കേന്ദ്രീകരിച്ച് പുതിയ സംഘം കൂടി അനുവദിക്കുക.
2. പെരുമ്പളത്തെ ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് വാഹനം വാങ്ങുന്നതിന് ഗ്രാൻറ് അനുവദിക്കുക.
3. പാൽ സൂക്ഷിക്കുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
4. ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുക.
5. നല്ലയിനം കറവമാടുകളെ എത്തിച്ചു കൊടുക്കുക.
6. തക്കസമയത്തു മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തുക.

കയർമേഖല

1. പെരുമ്പളം നോർത്ത് 377 -ാം നമ്പർ കയർ സഹകരണ സംഘത്തിനും 106 -ാം നമ്പർ സംഘത്തിനും അനുവദിച്ചിട്ടുള്ള യന്ത്രറാട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ അടിയന്തിരമായി നൽകുക. ഇതിലേക്ക് മിനിമം ശ്യാരണ്ടി തുക ഗ്രാൻറായി അനുവദിക്കുകയും ജനറേറ്ററുകൾ സബ്സിഡിയോടുകൂടി അനുവദിക്കുകയും ചെയ്യുക.
2. ഇപ്പോൾ അനുവദിച്ചിട്ടുള്ള യന്ത്രറാട്ടുകൾ ഉൽപാദനക്ഷമമല്ല. പകരം ഇന്നുള്ളതിന്റെ മൂന്നിരട്ടി ഉൽപാദനക്ഷമതയുള്ള റാട്ടുകൾ നിർമ്മിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്യുക.
3. യന്ത്രറാട്ടുള്ള സംഘത്തിന് 9 ലക്ഷം രൂപ 14 1/4 ശതമാനം പലിശക്ക് അനുവദിച്ചിട്ടുള്ളത്. തുക പിൻവലിക്കുന്ന തീയതി മുതൽ ഇപ്പോൾ പലിശ നൽകേണ്ടിവരുന്നു. എന്നാൽ റാട്ടു കൊണ്ടുവന്ന് ഫാക്ടറി കെട്ടിടം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള കാലയളവിലേക്ക് പലിശ ചുമത്തിയാൽ 1,28,250 രൂപയാകും. പദ്ധതി ആരംഭിക്കുമ്പോൾ തന്നെ ലിക്വിഡേഷനെ നേരിടേണ്ടിവരുന്നതൊഴിവാക്കാൻ പദ്ധതി കമ്മീഷൻ ചെയ്യുന്നതുവരെ ഈ പലിശക്ക് സബ്സിഡി നൽകുക.
4. യന്ത്രറാട്ട് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടിൽ പ്രസ്തുത പ്രോജക്ടിന് ആവശ്യമായ ചകിരി വാങ്ങി സൂക്ഷിക്കുന്നതിനും ഉൽപാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിനും ഗോഡൗൺ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഇതിലേക്ക് ഗോഡൗൺ നിർമ്മിക്കുന്നതിന് 2.5 ലക്ഷം രൂപ വീതം സബ്സിഡി അനുവദിക്കുക.
5. ലഭിച്ചിട്ടുള്ള യന്ത്ര റാട്ടിൽ ഓരോ ഇനം കയർ ഉത്പാദിപ്പിക്കുന്നതിന് രൂപകൽപന ചെയ്തിട്ടില്ല. തന്മൂലം യന്ത്രറാട്ടിൽ ഇപ്പോൾ ഉൽപാദിപ്പിക്കുന്ന കയറിന് മതിയായ വില കിട്ടുന്നില്ല. ഓരോ ഇനവും ഉൽപാദിപ്പിക്കുന്നതിന് (വൈക്കം, ആറാട്ടുപുഴ, അഞ്ചുതെങ്ങ്, മങ്ങാടൻ) ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
6. ആവശ്യമായ ചകിരി യഥാസമയം ലഭിക്കുന്നതിനുള്ള നടപടിയുണ്ടാവുക.
7. സംഘം ഉദ്പാദിപ്പിക്കുന്ന കയറിന് ഉൽപാദന ചെലവും E & C അടക്കം നൽകി കേന്ദ്രസംഘം വില നിശ്ചയിക്കുക.
8. ഫാക്ടറിയോടൊപ്പം നേഴ്സറികൾ സ്ഥാപിക്കുകയും അതിനുവേണ്ട ധനസഹായം നൽകുകയും ചെയ്യുക.
9. 100 യന്ത്രറാട്ടുകളും ഒറ്റയടിക്ക് നടപ്പാക്കാതെ 25 വീതം 4 ഘട്ടങ്ങളിലായി നടപ്പിലാക്കി ഓരോ ഘട്ടത്തിന്റേയും പ്രവർത്തന ക്ഷമത പരിഷ്ക്കരിക്കുക.
10. ബിസിനസ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഗീതാജ്ഞലി സഹകരണ സംഘത്തിന് ആവശ്യമായ പ്രവർത്തന മൂലധനം നൽകി ബിസിനസ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

കൺസ്യൂമർ മേഖല

1. നിലവിലുള്ള കൺസ്യൂമർ സംഘത്തിൽ പുതിയ തിരഞ്ഞെടുപ്പു നടത്തി ബിസിനസ്പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. ഗവൺമെൻറ് ഷയർ വിഹിതവും വായ്പയും നൽകി സംഘത്തിന് പ്രവർത്തന മൂലധനം അനുവദിക്കുക.
3. ഡോർ ഡലിവറി സിസ്റ്റം ആരംഭിക്കുക.

പട്ടികജാതി-വർഗ മേഖല

1. 150 -നുമേൽ ഹരിജൻ കുടുംബങ്ങൾക്ക് ആശ്വാസവും തൊഴിലും നൽകുന്നതിന് പുതിയ ഒരു സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും, പ്രവർത്തനത്തിൽ വീഴ്ച വരാതിരിക്കുന്നതിന് ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുകയും ചെയ്യുക.

നിർദേശങ്ങൾ

1. **കക്കാ വ്യവസായ സഹകരണ സംഘം**

പെരുമ്പളത്തിനു ചുറ്റുമുള്ള വേമ്പനാട്ടു കായലിൽ നിന്നും സുലഭമായി ലഭിക്കുന്ന കക്ക ഉപയോഗപ്പെടുത്തി കുമ്മായം- ചുണ്ണാമ്പ് മുതലായവ ഇവിടെതന്നെ നിർമ്മിക്കുവാനും അതുവഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും. കക്ക സംഭരിക്കുന്നതിനും കയറ്റി അയക്കുന്നതിനുമായി അതുമായി ബന്ധപ്പെട്ട തൊഴിലാളികളെ ചേർത്ത് ഒരു സഹകരണ സംഘം ഉണ്ടാക്കുക്കയും, അതുവഴി സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിന് വിധേയമാകാതിരിക്കുവാനും കഴിയും. തരി കക്ക വാരുന്നത് ഒഴിവാക്കുകയും വേണം. ഇതിലേക്ക് തൈക്കാട്ടുശേരി - കുത്തിയതോട് എന്നീ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ നിന്നും പെരുമ്പളത്തെ ഒഴിവാക്കണം.

2. **കോഴിവളർത്തൽ സഹകരണ സംഘം**

ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്തിൽ രൂപീകരിച്ച് കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. ഇറച്ചിക്കോഴി, മുട്ടക്കോഴി ഇവയുടെ വളർത്തലിലൂടെ ഗ്രാമീണ ജനതയ്ക്ക് നല്ല വരുമാനമുണ്ടാക്കാനാകും. അതുവഴി തൊഴിലവസരങ്ങൾ വർധിപ്പിക്കുവാൻ കഴിയും. വീടുകളിൽ ചെറിയ യൂണിറ്റുകളാക്കി കോഴി വളർത്തൽ നടത്തുവാൻ കഴിയും. ഇതിന് മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കണം.

3. **മൽസ്യ വ്യവസായ സഹകരണ സംഘം**

മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ആശ്വാസത്തിനുമായി ഒരു സഹകരണ സംഘം രൂപീകരിക്കുവാനുള്ള സാധ്യതയുണ്ട്. പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളും മൽസ്യമേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. 150 -ൽ പരം കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാൻ കഴിയും. ഗവൺമെൻറ് ഷെയറും മറ്റ് ഏജൻസികളുടെ ധനസഹായവും ലഭ്യമാക്കണം. ഉൾനാടൻ മൽസ്യവികസന സംഘങ്ങൾ രൂപീകരിച്ച് താഴെ പറയുന്ന സ്ഥലങ്ങളിൽ ചെമ്മീൻ - മൽസ്യകൃഷി നടത്താവുന്നതാണ്.

1.) ഉപ്പുതുരുത്തു മുതൽ വടക്കോട്ട് നോർത്ത് ജട്ടി വരെ ഒരു ബണ്ടു നിർമ്മിച്ച് മൽസ്യകൃഷി നടത്താവുന്നതാണ്. 50 ലക്ഷം രൂപ മുതൽമുടക്കിയാൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുപുറമെ പഞ്ചായത്തിന് സ്ഥിരമായ ഒരു വരുമാനമാർഗവും കൂടിയാകും.

2.) നോർത്ത് ജട്ടി മുതൽ പാലപ്പറമ്പുവരെയും ശവങ്കാട്ടിൽ നിന്നും C V C S 377 ന്റെ പെരുഞ്ചിറക്കരി ബണ്ടുവരെയും ഓരോ ബണ്ടു തീർത്ത് ചെമ്മീൻ വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. 35 ലക്ഷം രൂപ ചെലവു വരുന്ന ഈ പദ്ധതിയും പഞ്ചായത്തിന് ഒരു വരുമാനമാർഗമാണ്.

4. **ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ**

പായ് നെയ്ത്ത്, ഓലമെടച്ചിൽ, തീപ്പെട്ടി, തേനീച്ച വളർത്തൽ, മെഴുകുതിരി നിർമാണം എന്നിവയ്ക്ക് പ്രാധാന്യം കൊടുത്ത് ഖാദി ഗ്രാമഭവന്റെ നേതൃത്വത്തിലും ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘത്തിന്റെ കീഴിലും ധാരാളം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

5. **കയർ മാറ്റ്സ് & മാറ്റിംഗ്സ് / കമ്പി കാർപ്പെറ്റ് / മുപ്പിരി യൂണിറ്റ്**

സുഗമമായി കയർ ലഭിക്കുവാൻ സാധ്യതയുള്ളതിനാൽ ഒരു മാറ്റ്സ് ആൻറ് മാർക്കറ്റിങ്സ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്നതാണ്. വേണ്ടത്ര പരിശീലനം കൊടുത്താൽ പ്രസ്സതുത മൂന്നു മേഖലയിലും ധാരാളം തൊഴിൽ നൽകുവാനാകും.

6. **ഔട്ട്വർക്ക് സിസ്റ്റം**

തയ്യൽ ജോലിയിൽ പരിചയമുള്ളവരെ കൂട്ടിയോജിപ്പിച്ച് ഒരു സഹകരണ സംഘം രൂപീകരിക്കുകയും, അതിന്റെ കീഴിൽ വീടുകളിൽ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ പാർട്സുകൾ

നിർമ്മിക്കുകയും, അവ സംഘം നേരിട്ട് ശേഖരിച്ച് വിൽപന നടത്താവുന്നതുമാണ്. കുട നിർമാണവും ഇത്തരത്തിൽ ആസൂത്രണം ചെയ്യാവുന്നതാണ്. തന്മൂലം ധാരാളം വനിതകൾക്ക് തൊഴിൽ നൽകുവാനാകും.

7. **ലേബർ കോൺട്രാക്റ്റ് സഹകരണസംഘം**

അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഇന്ന് പെരുമ്പളം പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ കൊടുക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കേണ്ടതും, പഞ്ചായത്ത് മുഖാന്തിരം നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ മറ്റു നിർമാണ പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതും, തദ്വാര കുറച്ചുപേർക്ക് തൊഴിൽ നൽകാവുന്നതുമാണ്.

പൊതു നിർദേശങ്ങൾ

1. പെരുമ്പളം പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ വളർച്ചക്ക് ഒരു പൊതുവേദി ഉണ്ടാവേണ്ടത് അനിവാര്യമാണ്. സഹകരണ സംഘങ്ങളുടെ ഉയർച്ചക്കാവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ വേദി മുഖേന നൽകാവുന്നതും, സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.
2. പ്രസ്തുത വേദിയുടെ നേതൃത്വത്തിൽ സഹകരണ വിദ്യാഭ്യാസം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ സർക്കിൾ സഹകരണ യൂണിയനുമായി ബന്ധപ്പെട്ട് സഹകരണ വാരാഘോഷ കാലയളവായ നവംബർ 14 മുതൽ 20 വരെ ഓരോ വർഷവും നടത്തുക.
3. സഹകരണ സംഘങ്ങളിലെ മുഴുവൻ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പ്രത്യേകം പ്രത്യേകം പരിശീലനപരിപാടിയും ഇൻ സർവീസ് കോഴ്സുകളും നടപ്പിലാക്കുക.
4. 46 -ാം നമ്പർ സർവീസ് സഹകരണ ബാങ്ക് 106, 377 എന്നീ കയർ സഹകരണ സംഘങ്ങൾ എന്നിവയിൽ അർഹരായ മുഴുവൻ പേർക്കും മെമ്പർഷിപ്പ് വിതരണം ചെയ്യുക.

പട്ടികജാതി പട്ടികവർഗ ക്ഷേമം

പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 8 ശതമാനം പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളാണ്. 131 പട്ടികജാതി കുടുംബങ്ങളും 7 പട്ടികവർഗ കുടുംബങ്ങളും ഇവിടെ താമസിച്ചുവരുന്നു. രണ്ട് അംഗീകൃത കോളനികളിലും അംഗീകാരത്തിനായി സമർപ്പിച്ച ഒരു കോളനിയിലുമായി 39 കുടുംബങ്ങളും താമസിച്ചുവരുന്നു. 97 കുടുംബങ്ങൾ മറ്റു സമുദായങ്ങളുമായി ഇടകലർന്നുമാണു ജീവിച്ചുവരുന്നത്. ആകെ 816 പട്ടികജാതി അംഗങ്ങളും 45 പട്ടികവർഗ അംഗങ്ങളും ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെങ്കിലും സാമ്പത്തിക മേഖലയിൽ കാര്യമായ അഭിവൃദ്ധി ഉണ്ടാക്കുവാൻ ഈ വിഭാഗത്തിനായിട്ടില്ല. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ കാലാകാലങ്ങളായി ചൂഷണം അനുഭവിച്ചു വന്നിരുന്ന മണ്ണിന്റെ മക്കൾക്ക് കുടികിടപ്പവകാശവും സംവരണാനുകൂല്യങ്ങളും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകമാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. വിവിധ ജാതിമതസ്ഥരുടേയും ഒട്ടുമിക്ക ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും മിക്കവാറും പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നുണ്ട്.

ഈ വിഭാഗത്തിന്റെ പുരോഗതിയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിയമങ്ങളും നിബന്ധനകളും കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകിവരുന്ന ധനസഹായങ്ങൾ മുഖേന യഥാർത്ഥത്തിൽ വിദ്യാഭ്യാസ മേഖലയിൽ മാത്രമാണ് കുറച്ചെങ്കിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. അംഗീകൃത പട്ടികജാതി കോളനി രണ്ടാംവാർഡിൽ മാത്രമാണുള്ളത്. 8 -ാം വാർഡിൽ ഒരു പട്ടികവർഗ കോളനിയും ഉണ്ട്. 36 കുടുംബങ്ങൾ താമസിക്കുന്ന അഞ്ചാം വാർഡിൽ ഒരു 1 H D P കേന്ദ്രം അനുവദിക്കണമെന്ന ആവശ്യം യാഥാർത്ഥ്യമായിട്ടില്ല. അംഗീകൃത കോളനികൾ ഇല്ലാത്ത ഒറ്റ കാരണത്താൽ തന്നെ ഈ വിഭാഗത്തിന് അർഹതപ്പെട്ട നിരവധി ക്ഷേമ പദ്ധതികളും വികസന പ്രവർത്തനങ്ങളും ലഭ്യമാകാതെ പോകുകയാണ്. പട്ടികജാതി ജനസമൂഹം വിവിധ വാർഡുകളിലായി ചിന്നിച്ചിതറികിടക്കുകയാണ്.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണ്. എങ്കിൽത്തന്നെ വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല. S S L C യ്ക്കു ശേഷം കൂടുതൽ കുട്ടികളും പ്രീഡിഗ്രി വിദ്യാഭ്യാസത്തിന് പോകുന്നുണ്ട്. വളരെ ചെറിയ ശതമാനം കുട്ടികൾ മാത്രമെ സാങ്കേതിക മേഖലയിൽ പഠനത്തിനായ് പോകുന്നുള്ളു. പി.ഡി.സി. വിദ്യാഭ്യാസത്തിന് പോകുന്ന 75 ശതമാനം വിദ്യാർഥികളും പാസാകാതെ പഠനം അവിടെവെച്ച് നിർത്തുന്ന പ്രവണതയുണ്ട്. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താറില്ല. പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് സൗജന്യ ട്യൂഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. 96-97 ൽ 124 പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾ വിവിധ സ്കൂളുകളിലായി പഠനം നടത്തുന്നുണ്ട്. S S L C യ്ക്ക് തോൽക്കുന്ന കുട്ടികൾ തുടർന്ന് പഠിക്കാറുണ്ട്. 90 ശതമാനം യുവതീയുവാക്കളും S S L C വരെ പഠിച്ചവരാണ്. 70 ശതമാനം യുവതിയുവാക്കളും P D C വരെ പഠനം നടത്തിയിട്ടുണ്ട്. എഞ്ചിനീയറിങ്, M B B S ബിരുദമുള്ള ഒന്നിലധികം ആളുകൾ ഈ വിഭാഗത്തിലുണ്ട്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ പകുതിയിലേറെപ്പേരും കാർഷിക മേഖലയിൽ തൊഴിലെടുത്തു ജീവിച്ചുവന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനായ് മറ്റു തൊഴിൽ മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതരാവുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും നിർമാണ തൊഴിൽ മേഖലയിലാണ് എത്തിപ്പെട്ടിട്ടുള്ളത്. ഈ മേഖലയിൽ പുരുഷന്മാർക്ക് 125 രൂപയും സ്ത്രീകൾക്ക് 85 രൂപയും ലഭിക്കുന്നുണ്ട്. മറ്റു തൊഴിൽ മേഖലകളിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ കൂലിയാണ് കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്നത്. അതുകൊണ്ടുതന്നെ പുതിയ തലമുറയാകെത്തന്നെ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുവാൻ താൽപര്യം കാണിക്കുന്നില്ല. കാർഷികമേഖലയിൽ പുരുഷൻമാർക്ക് 65 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 20 രൂപയുമാണ് നിലനിൽക്കുന്നത്. കൂടാതെ ചെമ്മീൻ സംസ്ക്കരണവുമായി ബന്ധപ്പെട്ടും ജോലിയ്ക്ക് പോകുന്നുണ്ട്. കർഷകത്തൊഴിൽ ഒരു തൊഴിലെന്നതിനുപരിയായി രാജ്യത്തിന്റെ നിലനില്പിനെത്തന്നെ ബാധിക്കുന്ന ഒരു മേഖല യെന്ന നിലയിൽ കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കാനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കാർഷിക മേഖലയിൽ വർഷത്തിൽ ശരാശരി 90 ദിവസം മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. നെൽകൃഷി ഉപേക്ഷിച്ചുവരുന്നതുമൂലം സ്ത്രീ തൊഴിലാളികൾക്കാണ് കൂടുതലും തൊഴിലവസര ങ്ങൾ നഷ്ടപ്പെടുന്നത്. മറ്റ് അനുബന്ധ കൈത്തൊഴിലുകളിലൊന്നായ തഴപ്പായ നെയ്ത്ത് കൈ തോല സംരക്ഷിക്കപ്പെടാൻ കഴിയാതെ വന്നതിനാൽ പൂർണമായും തടസപ്പെട്ടിരിക്കുകയാണ്. മൽസ്യ ബന്ധനമേഖലയിലും കുറച്ചു കുടുംബങ്ങൾ തൊഴിലെടുത്തു ജീവിച്ചുവരുന്നു. ആകെ പട്ടികജാതി കുടുംബങ്ങളിൽ പത്തു കുടുംബങ്ങൾക്കു മാത്രമാണ് കൃഷിഭൂമിയുള്ളത്. 25 കുടുംബ ങ്ങൾ കക്ക വാരി ഉപജീവനം കഴിക്കുന്നു. ഈ മേഖലയിലും ഇടത്തട്ടുകാരുടെ ചൂഷണം നിലനിൽ ക്കുന്നു. കൂലിവേല ചെയ്തുമാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഈ വിഭാഗത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായ് 1971 ൽ പ്രവർത്തനം ആരംഭിച്ച പട്ടികജാതി സർവീസ് സഹകരണ സംഘം ഇന്ന് പ്രവർത്തനരഹിതമാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലായെങ്കിലും J R Y ഉപാധിരഹിത ഫണ്ട്, മറ്റ് സർക്കാർ സഹായങ്ങൾ എന്നിവ ഉപയോഗിച്ച് ഒരു പരിധിവരെ ഈ വിഭാഗത്തിന് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. അംഗീകൃത കോളനികളില്ലാത്തതിനാൽ പാർപ്പിടം ഉൾപ്പെടെ യുള്ള പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. കൂടാതെ ഭൂരഹിതരായ വളരെയധികം പട്ടികജാതി കുടുംബങ്ങൾ ഇവിടെയുണ്ട്. ഭൂമി സ്വന്തമായി വാങ്ങിച്ച് വീടുവെയ്ക്കാൻ കഴിയാത്ത ഇവരെ പുനര ധിവസിപ്പിക്കേണ്ടതുണ്ട്. കെട്ടിട നിർമാണ സാമഗ്രികളുടെ വില വർദ്ധനവും, കൂടിയ ലേബർ ചാർ ജും മൂലം നിലവിലുള്ള ഭവന നിർമാണ ഗ്രാൻറും ഉപയോഗിച്ചുള്ള വീടു നിർമാണം അസാധ്യമാക്കി യിട്ടുണ്ട്. വീടു നിർമാണത്തിന് അനുവദിക്കപ്പെടുന്ന തുകയുടെ അപര്യാപ്തത മൂലം നാൽപതോ ളം വീടുകൾ പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. കോളനികളിലാകെത്തന്നെ കക്കൂസ് സൗകര്യം ലഭ്യമല്ല.

സാധ്യതകൾ

വൈദ്യുതി :–പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 90 ഓളം വീടുകളാണ് വൈദ്യുതീകരിച്ചി ട്ടുള്ളത്. 2–ാം വാർഡിലെ പട്ടികജാതി കോളനി വൈദ്യുതീകരിച്ചിട്ടില്ല. 5 –ാം വാർഡിലെ ഇറപ്പുഴ മേഖലയിൽ 16 വീടുകൾ ഇനിയും വൈദ്യുതീകരിക്കേണ്ടതുണ്ട്. പല വാർഡുകളി

ലുമായി ഒറ്റപ്പെട്ടു കിടക്കുന്ന പല വീടുകളും വൈദ്യുതീകരിക്കേണ്ടതുണ്ട്. വിവിധ കോളനികളിലും പട്ടികജാതി അധിവാസ മേഖലകളിലും സർക്കാർ ഏജൻസികളുടെ നേതൃത്വത്തിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം.

കുടിവെള്ളം :–കോളനികളിലും തീരപ്രദേശങ്ങളിലും ഒറ്റപ്പെട്ടു താമസിക്കുന്നവർക്ക് പൈപ്പു ലൈൻ നീട്ടിക്കൊടുത്ത് കുടിവെള്ളം ലഭ്യമാക്കണം. ഉപയോഗശൂന്യമായ കിണറുകൾ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കണം. കിണർ ഇല്ലാത്ത വീടുകൾക്കു കിണർ നിർമ്മിച്ചു നൽകണം.

പൊതുജനാരോഗ്യം:– പെരുമ്പളം P H C ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറാക്കുകയും, ആയൂർവേദ ഡിസ്പെൻസറിക്ക് വാർഡു കെട്ടിടം നിർമ്മിച്ച് കിടത്തി ചികിൽസ ആരംഭിക്കുകയും ചെയ്യണം. ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കണം. ആംബുലൻസ് വാൻ ലഭ്യമാക്കണം. നോർത്ത് ശ്മശാനം പ്രവർത്തനക്ഷമമാക്കുകയും തെക്കൻ മേഖലയിൽ പുതിയൊരു ശ്മശാനം നിർമ്മിക്കുകയും ചെയ്യണം.

ക്ഷേമപദ്ധതികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തണം. ക്ഷേമപദ്ധതികൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കണം.

പട്ടികജാതി ക്ഷേമവകുപ്പും SC/ST വികസന കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിൻെറ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ലളിതമായ വ്യവസ്ഥയിലൂടെ ഈ വിഭാഗത്തിന് വായ്പകളും ധനസഹായ ആനുകൂല്യങ്ങളും ലഭ്യമാക്കിയാലേ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിയുകയുള്ളു. ഇത്തരം പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപരമായി വേണ്ടത്ര മുന്നേറിയിട്ടില്ല. P D C വരെ പഠിച്ച് പഠനം നിലയ്ക്കുന്നു. ശാസ്ത്ര സാങ്കേതിക മേഖലകളിലും, തൊഴിലധിഷ്ഠിത കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നില്ല.
2. കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. ജീവിത നിലവാരത്തിനനുസൃതമായ കൂലിയില്ലായ്മ മൂലം മറ്റു മേഖലകളിൽ തൊഴിലെടുക്കാൻ പോകുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെയ്ക്കുവാൻ ഭൂമിയില്ലാത്തവർ അനേകമുണ്ട്. വീടു വെക്കാനുള്ള ധനസഹായം കൊണ്ട് വീടു നിർമ്മാണം പൂർത്തീയാക്കാനാവുന്നില്ല. കിട്ടുന്ന സഹായം ഭവനനിർമാണം പൂർത്തിയാക്കാതെ ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.
4. പൊതുശ്മശാനം ഉപയോഗപ്രദമല്ല.
5. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
6. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
7. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിൽസക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
8. I R D P പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
9. പട്ടികജാതി/ പട്ടികവർഗ വികസന കോർപ്പറേഷനും പട്ടികജാതി ക്ഷേമവകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
10. പട്ടികവർഗത്തിൻെറ ക്ഷേമത്തിനായ് നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.
11. കടക്കെണിയിൽ പെട്ടുപോകുന്നു.
12. പട്ടികജാതി കുടുംബങ്ങളുടെ വീടുകൾ 40 ശതമാനവും വൈദ്യുതീകരിച്ചിട്ടില്ല.

13. പട്ടികജാതി സർവീസ് സഹകരണ സംഘം പ്രവർത്തനരഹിതമാണ്.

14. കൃഷി ചെയ്യാൻ കൃഷിഭൂമിയില്ല.

15. 46 -ാം നമ്പർ സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണെന്ന കാരണത്താൽ കാർഷിക വായ്പകൾ പട്ടികജാതി സർവീസ് സഹകരണ സംഘത്തിന് അനുവദിക്കുന്നില്ല. കിട്ടുന്ന ഗ്രാന്റ് കൃഷിയ്ക്കോ മറ്റുള്ളവയ്ക്കോ പര്യാപ്തമല്ല.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ സത്വരശ്രദ്ധയ്ക്കായി ചുവടെ വിവരിക്കുന്നു.

☆ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

☆ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് 50 സെൻറ് സ്ഥലം കൃഷിഭൂമിയെന്ന നിലയ്ക്ക് വാങ്ങാൻ ധനസഹായം അനുവദിക്കുക.

☆ ഈ വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി 5-ാം വാർഡിലെ ഇറപ്പുഴ മേഖലയിൽ നിന്നും മൂപ്പൻപറമ്പുവരെയും, 1-ാം വാർഡിലെ ഉപ്പുതുരുത്ത് മേഖലയ്ക്ക് വടക്കോട്ട് മാർക്കറ്റ് ജെട്ടി വരെയുള്ള ആഴം കുറഞ്ഞ പ്രദേശവും കല്ലുകെട്ടി സംരക്ഷിച്ച് പതിച്ചു നൽകണം.

☆ 100 കുടുംബങ്ങൾക്ക് പച്ചക്കറി കൃഷി നടത്തുന്നതിന് വിത്ത്, വളം, തൊഴിലുപകരണങ്ങൾ, പശു, ആട്, കോഴി, താറാവ് എന്നിവ ഗ്രാൻറായി അനുവദിക്കണം.

☆ പട്ടികജാതി വിഭാഗങ്ങളുടെ പരമ്പരാഗത കൈത്തൊഴിലായ പായനെയ്ത്ത് പ്രോത്സാഹിപ്പിക്കാൻ പദ്ധതി ഉണ്ടാവണം.

☆ ഞണ്ട്, ചെമ്മീൻ, മറ്റു മത്സ്യം എന്നിവ വളർത്തുന്നതിന് ഒരാൾക്ക് ഒരേക്കർ എന്ന കണക്കിന് 50 പേർക്ക് കായൽ പുറമ്പോക്ക് പതിച്ചുനൽകി പുറംബണ്ടു കെട്ടി സംരക്ഷിച്ചു നൽകണം.

☆ പട്ടികജാതി പട്ടികവർഗ യുവാക്കൾക്ക് മരപ്പണി, ഡ്രൈവിംഗ്, മെഷ്യൻ റിപ്പയർ, റക്സിൻ, തുകൽ എന്നിവ കൊണ്ടുള്ള ബാഗ് നിർമാണം തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം തൊഴിൽ ചെയ്യുന്നതിന് ഗ്രാൻറ് അനുവദിക്കുക.

☆ പെൺകുട്ടികൾക്ക് കൈത്തൊഴിലിൽ പരിശീലനം നൽകുകയും അവരുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കി ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, ബുക്ക് നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കണം.

☆ പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. അതിന് കെട്ടിടം നിർമ്മിക്കണം.

☆ പെരുമ്പളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും അംഗത്വം നൽകണം.

☆ അഭ്യസ്തവിദ്യർക്ക് ഇന്ന് വിവിധ സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും ധനസഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക. പദ്ധതികളാവിഷ്ക്കരിക്കുകയും, വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും ചെയ്യുക. അതിന്റെ മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

☆ വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാനാവശ്യമായ ധനം പൂർണ്ണമായും അനുവദിക്കുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് പ്രയോജനപ്പെടുത്തുന്നുണ്ടോയെന്നും ദുരുപയോഗപ്പെടുത്തുന്നുണ്ടോയെന്നും പരിശോധിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

☆ ഭരണഘടനാനുസൃതമായി ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും തൊഴിൽ സംവരണവും ഉറപ്പുവരുത്തുക.

☆ പഞ്ചായത്തിൽ പട്ടികജാതി വനിതകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്തു വാങ്ങി പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

☆ ഭവനനിർമ്മാണ ധനസഹായം 40000/- രൂപയാക്കി ഉയർത്തുക. ഇതോടൊപ്പം കക്കൂസും, വൈദ്യുതിയും അനുവദിക്കണം.

- ☆ വീട് പുതുക്കിപ്പണിയുന്നതിനും വൈദ്യുതീകരിക്കുന്നതിനും ധനസഹായം അനുവദിക്കണം.
- ☆ പട്ടികജാതി വികസന വകുപ്പു മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത 30 കുടുംബങ്ങളെ പുനരധിവസിപ്പിക്കുക.
- ☆ 5-ാം വാർഡിലെ ഇറപ്പുഴ മേഖലയിൽ ഒരു ഐ.എച്ച്.ഡി.പി. കേന്ദ്രം അനുവദിക്കുക.
- ☆ പഞ്ചായത്തിന്റെ തെക്കൻ മേഖലയിൽ ഒരു ശ്മശാനം നിർമ്മിക്കുക.
- ☆ ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് സംവിധാനം ഉണ്ടാക്കുക.
- ☆ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെയും, വിധവകളുടെ മക്കളുടെയും വിവാഹത്തിന് 25000/- രൂപ വീതം അനുവദിക്കണം.
- ☆ പട്ടികജാതി അധിവാസകേന്ദ്രങ്ങളിലും കോളനികളിലും വായനശാലകളും, വിനോദകേന്ദ്രങ്ങളും പബ്ലിക്ക് ടിവിയും സ്ഥാപിക്കുക.
- ☆ എസ്.എസ്.എൽ.സി. വരെയും അതിനുശേഷവും തുടർവിദ്യാഭ്യാസവും മറ്റും ചെയ്യുന്നതിന് പ്രോത്സാഹനവും സ്കോളർഷിപ്പും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുക.
- ☆ പട്ടികജാതി /പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
- ☆ 5-ാം വാർഡിലെ പട്ടികജാതി അധിവാസ മേഖലയിലൂടെ കടന്നുപോകുന്ന ഇറപ്പുഴ - ആശുപത്രി റോഡ്, അത്തിക്കാപ്പള്ളി കോളനി റോഡ് എന്നിവ ടാർ ചെയ്യുക.
- ☆ 2-ാം വാർഡിലെ പട്ടികജാതി കോളനി റോഡ്, പനയ്ക്കവെളിയിൽ ചാലിൽ റോഡ് എന്നിവ നിർമ്മിക്കുക.
- ☆ മുഴുവൻ വീടുകളിലും പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകൾ അനുവദിക്കുക.
- ☆ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ കണ്ടെത്താനായ് സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻറ് പ്രകാരം ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കണം.
- ☆ സിവിൽ സപ്ലൈസ് മുഖേന ബിൽഡിങ് മെറ്റീരിയൽസ് സബ്സിഡി നിരക്കിൽ നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

വിഭവ സമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് കാർഷിക രംഗത്ത് വളരെയധികം പിന്നോക്കം പോയിരിക്കുന്നു. കൃഷിനിലങ്ങൾ പുരയിടങ്ങളാവുകയും ഉൽപാദനക്ഷമത കുറയുകയും ചെയ്യുന്നു. പാരമ്പര്യമായി കൃഷി നടത്തിക്കൊണ്ടിരുന്നവരും കൃഷിയോടുള്ള ആഭിമുഖ്യം ഉപേക്ഷിക്കുകയാണ്. കാർഷിക രംഗത്തുള്ള നിസംഗതമൂലം നേരിടേണ്ടിവരുന്ന വിപത്തിനേക്കുറിച്ച് ജനങ്ങളിൽ ബോധം ഉണ്ടായിട്ടില്ല. കർഷക തൊഴിലാളികളുടെ അഭാവം മൂലവും രൈവവളങ്ങളുടേയും അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടേയും ദൗർലഭ്യവും ഈ സ്ഥിതി സങ്കീർണമാക്കുന്നു. കൃഷി ചെയ്യാനുള്ള മനോഭാവം വളർത്തിയെടുത്തെങ്കിൽ മാത്രമേ ഈ രംഗത്തുള്ള വിഭവസമാഹരണം വർധിപ്പിക്കുവാൻ സാധിക്കുകയുള്ളു.

വ്യാവസായിക രംഗത്ത് യാതൊന്നും അവകാശപ്പെടാനില്ലാത്ത പെരുമ്പളത്ത് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ബോധവൽക്കരണ- പരിശീലന - വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള കൂട്ടായ പരിശ്രമം അത്യാവശ്യമാണ്. ദ്വീപിൽ സുലഭമായിട്ടുള്ള നാളികേരത്തിന്റെ വിഭിന്നങ്ങളായ ഉൽപന്നങ്ങളും, കായൽ സമ്പത്തതായ കക്കയും മൽസ്യവും ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകളും സ്ഥാപിക്കാൻ അടിയന്തിര ശ്രദ്ധ ആവശ്യമായി വന്നിരിക്കുന്നു.

സർക്കാർ ഗ്രാൻറുകൾ ലഭ്യമാക്കാൻ ഇന്നും അധികാരികളെ സ്വാധീനിക്കേണ്ട നിലക്ക് മാറ്റം വന്നിട്ടില്ല. വിവേചനരഹിതമായി, ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കാൻ നിയമനിർമാണം നടത്തണം.

ഉദാഹരണത്തിന് വസ്തു കൈമാറ്റ നികുതിയും അടിസ്ഥാന നികുതിയിൽ നിന്നുമുള്ള ഗ്രാൻറുകളും വർഷങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നത്. ജനസംഖ്യാനുപാതികമായി മാത്രം ഗ്രാൻറുകൾ വിതരണം ചെയ്യുന്ന ഇന്നത്തെ രീതി മാറ്റി പഞ്ചായത്തുകളുടെ പിന്നോക്കാവസ്ഥ കൂടി കണക്കിലെടുത്തുവേണം ഗ്രാൻറുകൾ വിഭജിക്കുന്നത്.

അതുപോലെതന്നെ കേന്ദ്ര ഗവൺമെൻറ് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കൈമാറുന്ന വിവിധ ഫണ്ടുകൾ നേരിട്ട് പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. ഇതിന് സംസ്ഥാന ഗവൺമെൻറിന്റേയും ജില്ലാ ഭരണകൂടങ്ങളുടേയും ഇടനില ബന്ധം ഒഴിവാക്കണം. കേന്ദ്ര ഗവൺമെൻറ് നൽകുന്ന ഫണ്ടുകൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിച്ച് പഞ്ചായത്തുകൾക്ക് ലഭിക്കുവാൻ കാലതാമസം വരുത്തുന്ന ഇന്നത്തെ രീതി ഉപേക്ഷിക്കണം.

കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി പഞ്ചായത്തിന് 5520 രൂപ വരുമാനമുണ്ട്. പക്ഷെ ഇത് മുഴുവൻ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല. മുഴുവൻ കച്ചവട സ്ഥാപനങ്ങളേയും ഇതിൻ പരിധിയിൾ ഉൾപ്പെടുത്തണം. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി തങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങൾ മനസിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുവാൻ സാധിക്കും.

പുതിയ കെട്ടിടം നിർമ്മിക്കുന്ന ചിലർ അടുത്തുതന്നെ ഒരു ചെറിയ ഷെഡ് നിർമ്മിച്ച് അതിന് നമ്പരിടുവിച്ച് സർട്ടിഫിക്കറ്റ് വാങ്ങി വൈദ്യുതി കണക്ഷനും റേഷൻ കാർഡും സമ്പാദിക്കും. ഇതു മൂലം പുതിയ കെട്ടിടത്തിന്റെ നികുതി പഞ്ചായത്തിന് യഥാസമയം ലഭിക്കാതെ വരുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. പഞ്ചായത്തിനുണ്ടാകുന്ന ഈ നികുതി നഷ്ടം ഒഴിവാക്കുവാൻ ബോധവൽക്കരണം ആവശ്യമാണ്.

വാർഡ് മെമ്പർമാരും ബഹു ജനസംഘടനാ നേതാക്കളും ഇതിനുവേണ്ടി പരിശ്രമിച്ചാൽ സാമ്പത്തിക നഷ്ടം ഒഴിവാക്കുവാനും വികസന പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുവാനും സാധിക്കും.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. കെട്ടിടങ്ങളുടെ തറ വിസ്തീർണംമാത്രം കണക്കിലെടുക്കുന്ന ഇന്നത്തെ രീതി കൂടാതെ, ആഡംബരവും വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുവരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഈടാക്കണം. വീട് നിർമാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തണം. വീടിന് നികുതി നിർണയിച്ചത് എങ്ങിനെയെന്ന് ഓരോ വീടുടമസ്ഥനേയും ബോധ്യപ്പെടുത്തണം. ചില ചെറിയ കെട്ടിടങ്ങളുടേതിനേക്കാൾ കുറഞ്ഞനികുതി ഈടാക്കുന്ന വലിയ കെട്ടിടങ്ങളുടെ നികുതി കുറ്റമറ്റ രീതിയിൽ പരിഷ്ക്കരിയ്ക്കണം. വീടുകളല്ലാത്ത കെട്ടിടങ്ങളുടെ നികുതി വാടകയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കണം. ഒരു വർഷം കെട്ടിടനികുതിയായി 54982 രൂപ 75 പൈസ പഞ്ചായത്തിന് ലഭിക്കുന്നുണ്ട്.

തൊഴിൽ നികുതി

പഞ്ചായത്ത് അതിർത്തിയിലുള്ള സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയും മറ്റു സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ഒരേക്കറിലധികം കൃഷിയുള്ള ആളുകളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിയമമനുസരിച്ചാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്. 1995-96 വർഷത്തെ തൊഴിൽ നികുതി വരുമാനം 43,965/- രൂപയാണ്. കെട്ടിട നിർമാണരംഗത്ത് പണിയെടുക്കുന്ന വിദഗ്ദ്ധ തൊഴിലാളികളേയും മറ്റു തൊഴിൽ മേഖലകളിലുള്ള നിശ്ചിത വരുമാനക്കാരേയും ടി നികുതിയുടെ പരിധിയിൽ പെടുത്താവുന്നതാണ്. ടി നികുതികൾ കൃത്യമായി ഈടാക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് ധനാഗമ മാർഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ തോട് പുറമ്പോക്കായും വഴിപുറമ്പോക്കായും ധാരാളം ഭൂമിയുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. കുത്തകപ്പാട്ടമായി പുറമ്പോക്കു ഭൂമിയിൽ നിന്നും പ്രതിവർഷം 2435 രൂപയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. ഈ പുറമ്പോക്കു ഭൂമികളിൽ തെങ്ങ്, കശുമാവ് മുതലായവ വച്ചുപിടിച്ചാൽ വരുമാനം വർധിപ്പിക്കാവുന്നതാണ്.

വസ്തുനികുതി

ഒരു ഏക്കറിനു മുകളിൽ ഭൂമിയുള്ളവർക്ക് ഏക്കറിന് 20 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇത് കർശനമായി നടപ്പിലാക്കണം. നിലങ്ങൾക്ക് ഈ നിരക്കിൽ ഇളവ് അനുവദിക്കാവുന്നതാണ്.

കൃഷിഭവനിൽ നിന്നും വില്ലേജ് ഓഫീസിൽ നിന്നും ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കേണ്ടതാണ്. ഈ നികുതിയിനത്തിൽ ഇപ്പോൾ ലഭിക്കുന്നത്. 920 രൂപാ മാത്രമാണ്.

കൃഷിനിലം നികുത്തുന്നത് നിരുൽസാഹപ്പെടുത്തണം

യാതൊരു തത്വദീക്ഷയുമില്ലാതെ നെൽവയലുകൾ നികുത്തുന്നത് വർധിച്ചുവരുന്നു. ഇത് പൂർണമായും തടയുകയും നെൽകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്യണം. നിലം നികുത്തുന്നവരുടെ പക്കൽ നിന്നും പിഴ ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ സംവിധാനമുണ്ടാക്കണം.

ബങ്കുകൾ

പഞ്ചായത്തിന്റെ വക പുറംപോക്കു ഭൂമിയിൽ പ്രധാന കേന്ദ്രങ്ങളിൽ ബങ്കുകൾ പണിയിച്ച് വാടകയ്ക്ക് കൊടുക്കാവുന്നതാണ്. ഇതുവഴി പഞ്ചായത്തിന് ഒരു സ്ഥിരവരുമാനവും ബങ്കുകൾ ലഭിക്കുന്നവർക്ക് തൊഴിലവസരവും സൃഷ്ടിക്കുവാൻ കഴിയും.

കച്ചവട ലൈസൻസ്

കച്ചവടം നടത്തുന്നതിനുള്ള ലൈസൻസ് ഫീസ് കാലോചിതമായി പരിഷ്ക്കരിക്കുകയും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യണം.

വളർത്തുനായ്ക്കൾക്ക് ലൈസൻസ്

പഞ്ചായത്തിൽ വളർത്തുന്ന എല്ലാ നായ്ക്കൾക്കും ലൈസൻസ് നിർബന്ധമാക്കുകയും ലൈസൻസില്ലാത്ത വളർത്തുനായ്ക്കളുടെ ഉടമസ്ഥരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യണം. നിലവിലുള്ള ഫീസ് വർധിപ്പിക്കണം.

ടൂറിസം

നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിന് വൻ സാധ്യതയുണ്ട്. ഗ്രാമീണ ഭംഗി ആസ്വദിക്കുന്നതിന് ടൂറിസ്റ്റുകളെ ആകർഷിക്കാൻ നമുക്ക് കഴിയണം. കായൽതീരങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കണം. പക്ഷികളെ ആകർഷിക്കാനും നിലവിൽ വ്യക്തികളുടെ വകയായിട്ടുള്ള പുരാതനമായ കാവുകൾ സംരക്ഷിക്കുവാനും പദ്ധതികൾക്ക് രൂപം കൊടുക്കണം. കായലിൽ ബോട്ടു സഞ്ചാരത്തിനുള്ള സൗകരമൊരുക്കിയാൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയും.

ഇന്ദിരാ വികാസ്പത്ര

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ്പത്രയുടെ 25 ശതമാനം വരെ പഞ്ചായത്തിന് നൽകുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പെരുമ്പളം ദ്വീപിൽ നിന്നും കഴിയാവുന്നത്ര തുക ഇന്ദിരാവികാസ് പത്രയിലേക്ക് പിരിച്ചെടുക്കുന്നതിന് വാർഡ് മെമ്പർമാരും സാമൂഹ്യ പ്രവർത്തകരും കൂട്ടായി പരിശ്രമിക്കണം. ഇതിലൂടെ പഞ്ചായത്തിന് വരുമാനം വർധിപ്പിക്കുവാൻ കഴിയും.

മൽസ്യം വളർത്തൽ

പെരുമ്പളം ദ്വീപിന്റെ ചുറ്റുമുള്ള ആഴംകുറഞ്ഞ കീയൽ ഭൂമികളിൽ കരിങ്കൽ ചിറ കെട്ടി മൽസ്യവും, ചെമ്മീനും വളർത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണം. പഞ്ചായത്ത് നേരിട്ടോ വ്യക്തികൾക്ക് പാട്ടത്തിന് കൊടുത്തോ മൽസ്യം വളർത്താനും അതുവഴി പഞ്ചായത്തിന് വരുമാനവും ഉൽപാദന വർദ്ധനവും ഉണ്ടാക്കുവാൻ സാധിക്കും.

കടത്തുകളിൽനിന്നും വരുമാനം

പെരുമ്പളത്തുനിന്നും ദിനംപ്രതി ആയിരക്കണക്കിനാളുകൾ മറ്റു കരകളിലലേക്ക് പോകുന്നുണ്ട്. ഇവർ പ്രധാനമായും ഇറപ്പുഴ- തെക്കൻ പറവൂർ, കാളത്തോട് - വാത്തികാട്- പൂത്തോട്ട വഴിയും മാർക്കറ്റ് ജട്ടി പാണാവള്ളി വഴിയും ആണ് യാത്ര ചെയ്യുന്നത്. ഈ കടത്തുകളിൽ പ്രൈവറ്റ് ബോട്ടുകൾക്ക് കടത്തു നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തുകൊടുക്കണം. നിലവിൽ സർവീസ് നടത്തുന്ന S W T D വക ബോട്ടുകൾ പിൻവലിച്ച് കടത്തു സർവ്വീസ് പഞ്ചായത്തിന് നേരിട്ടു നടത്തുന്നതിന് സംവിധാനമുണ്ടാക്കണം.

ചെമ്മീൻ വാറ്റുകെട്ടുകളിൽ നിന്നും നികുതി ഈടാക്കണം

ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ കായൽഭൂമി കൃഷി ചെയ്യുന്നതിനായി കുത്തക പാട്ടത്തിന് സർക്കാർ നൽകിയിട്ടുണ്ട്. നെൽകൃഷിക്ക് പകരം ഈ സ്ഥലങ്ങളിൽ ഇപ്പോൾ ചെമ്മീൻ വാറ്റു നടത്തുകയാണ്. ഇതിൽ നിന്നും ലക്ഷക്കണക്കിന് രൂപ വ്യക്തികൾക്ക് വരുമാനമുണ്ട്. ഇവരിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്.

ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കണം

പഞ്ചായത്തിലെ വിവിധ റോഡുകളുടെ വശങ്ങളിൽ വൈദ്യുതി, ഫോൺ ലൈനുകൾക്ക് ദോഷം വരാതെ പ്ലാവ്, മാവ്, മുതലായ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചാൽ പഞ്ചായത്തിന് ആദായവും വഴിയാത്രക്കാർക്ക് ആശ്വാസവും വിശിഷ്യ പരിസ്ഥിതി സംരക്ഷണത്തിനുള്ള ഒരു ചെറിയ സംഭാവനയുമാകും.

ജൈവവള നിർമാണം

പൊതു മാർക്കറ്റിലും പൊതു നിരത്തുകളിലും നിന്നു ശേഖരിക്കുന്ന ചപ്പുചവറുകൾ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കണം. ഈ വളം കർഷകർക്ക് ന്യായവിലക്ക് ലഭ്യമാക്കണം. ഗ്രാമനിരത്തുകൾക്ക് ഭംഗിയും ഗ്രാമ ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രചോദനവുമാകും.

റോഡുകളും പൊതു ടാപ്പുകളും സംരക്ഷിക്കുക

വർഷകാലമാകുമ്പോൾ നമ്മുടെ റോഡുകൾ മിക്കതും പൊട്ടിപ്പൊളിഞ്ഞു പോകുന്നു. റോഡുകൾക്ക് ഇരുഭാഗവും യാതൊരു തത്വദീക്ഷയുമില്ലാതെ കിളച്ച് മണ്ണ് മാറ്റുന്നതുമൂലം മഴക്കാലങ്ങളിൽ വെള്ളം കുത്തിയൊലിച്ച് റോഡുകൾ തകർന്നുപോകുന്നു. വീണ്ടും ഇത് നന്നാക്കുന്നതിന് പഞ്ചായത്തിന് വളരെയധികം പണം ചെലവാക്കേണ്ടിവരുന്നു. റോഡുകൾക്കിരുവശവും ഒരു മീറ്റർ അകലെമാത്രം കിളക്കുവാനും ചെറിയ രീതിയിൽ തകർന്നുപോയിട്ടുള്ള റോഡുകൾ പൊതുജന പങ്കാളിത്തത്തോടെ ശരിയാക്കുന്നതിനും ജനങ്ങൾ മുൻകയ്യെടുക്കണം. പൊതുസ്വത്ത് നമ്മൾ ഓരോരുത്തരുടേയും മുതലാണെന്നുള്ള ബോധം വളർത്തണം. റോഡരികുകൾ കയ്യേറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

അതുപോലെതന്നെയാണ് ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ നശിപ്പിക്കലും വർഷംതോറും ആയിരക്കണക്കിന് രൂപയാണ് ടാപ്പുകൾ മാറി ഇടുന്നതിന് പഞ്ചായത്തിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നത്. കുട്ടികൾ ആവശ്യമില്ലാതെ ജലം തുറന്നുവിടുകയും ടാപ്പുകൾ തല്ലി തകർക്കുകയും ചെയ്യുന്നതു കണ്ടാൽ ഒരു പ്രതികരണവുമില്ലാതെ പോകുന്ന സ്ഥിതിക്ക് ജനങ്ങളിൽ മാറ്റമുണ്ടാകണം. സ്കൂളുകളിൽ പൊതുമുതലുകൾ നശിപ്പിക്കാതിരിക്കുന്നതിനു വേണ്ടിയുള്ള ബോധവത്ക്കരണ ക്ലാസുകൾ തന്നെ വേണം.

സേവന നികുതി

പഞ്ചായത്ത് വിവിധ സേവനങ്ങൾ ജനങ്ങൾക്കായി നൽകുന്നുണ്ട്. ഈ സേവനങ്ങൾ കണക്കിലെടുത്ത് കൂടുതൽ സേവന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തേണ്ടതുണ്ട്. അതിനാൽ ഈ പഞ്ചായത്തിലെ കെട്ടിട നികുതിദായകരിൽ നിന്നും 5 ശതമാനം നിരക്കിൽ സേവന നികുതിവാങ്ങി വരുമാന വർധനവുണ്ടാക്കണം.

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാമെന്നുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി-മത-കക്ഷി-ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് ഓരോരുത്തരുടേയും അധ്വാനം സംഭാവനയായി നൽകുക എന്നത് വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. മഴക്കാലത്ത് പൊട്ടിപ്പൊളിയുന്ന റോഡുകൾ മണ്ണിട്ട് സംരക്ഷിക്കുന്നതിന് റോഡുകൾക്ക് ഇരുവശവും താമസിക്കുന്ന ജനങ്ങൾ മുൻകൈയെടുക്കണം. റോഡിന്റെ വശങ്ങളിൽ കാടുപിടിച്ചു നിൽക്കുന്ന ചപ്പുചവറുകൾ നീക്കം ചെയ്യണം.

രാഷ്ട്രീയ നിലപാടു നോക്കാതെ മുഴുവൻ വാർഡുകളിലും മനുഷ്യവിഭവം സംഭാവന നൽകുന്ന സാഹചര്യമുണ്ടാക്കണം. നമ്മുടെ നാടിന്റെ പുരോഗതി നമ്മളോരോരുത്തരുടേയും പുരോഗതിയാണ് എന്നുള്ള കാഴ്ച്ചപ്പാട് മുഴുവൻ ജനങ്ങൾക്കുമുണ്ടാകണം.

നമ്മുടെ നാടിന്റെ പുരോഗതിക്കും നല്ലൊരു ഭാവിക്കും വേണ്ടി നമുക്ക് ഒന്നായ് അണിചേർന്ന് മുന്നേറാം.

ഇനം	1991 - 92	1995 - 96	വ്യത്യാസം	ശതമാനം
തനതു വരുമാനം	88,287.00	1,28,808.00	+ 40,251.00	45.89
കെട്ടിട നികുതി	36,182.00	54,982.00	+ 18,800.00	51.95
വിനോദ നികുതി	416.00	-	-416.00	-
തൊഴിൽനികുതി	19,370.00	43,965.00	+24,595.00	126.97
ഉപാധിരഹിത ധനം	1,60,000.00	2,36,000.00	+ 76,000	47.50
" എസ്.സി.പി.	30,000.00	70,000.00	+40,000.00	133.33
ജെ.ആർ.വൈ	1,33,300.00	1,05,200.00	-28,100.00	21-08
ഗ്രാൻറുകളും സംഭാവനകളും	2,44,968.00	1,98,489.00	- 46,479.00	18.97
ആകെ വരവ്	6,56,555.00	7,53,434.00	+ 96,879.00	14.74
എസ്റ്റാബ്ലിഷ്മെൻറ് ചെലവ്	1,46,352.00	2,21,273.00	+ 74,921.00	51.19

ടൂറിസം

കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളുടെ സംഗമസ്ഥാനത്ത് അനേകം ചെറുദ്വീപുകളോടൊപ്പം സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണ് പെരുമ്പളം. കോട്ടപ്പുറം- കൊല്ലം ദേശീയ ജലപാതയുടെ കിഴക്കേ ഓരം ചേർന്നുകിടക്കുന്ന ഈ ദ്വീപ് പ്രകൃതിസുന്ദരവും മനോഹരവുമാണ്. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടു കിടക്കുന്ന ഈ ഉൾനാടൻ ഗ്രാമത്തിൽ ടൂറിസത്തിന്റെ അനന്തസാധ്യതകൾ വികസിപ്പിച്ചെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രത്യേക പരിഗണന നൽകിയാൽ മാത്രമേ ഇതു സാധ്യമാകു.

പെരുമ്പളം ദ്വീപ് ക്ഷേത്രങ്ങളുടെ നാടുകൂടിയാണ്. പട്ടണങ്ങളിലേയും മറ്റു പഞ്ചായത്തുകളിലേയും പോലെ വാഹനങ്ങളുടെ ശബ്ദകോലാഹലങ്ങളോ, മറ്റു മലിനീകരണങ്ങളോ ഈ ദ്വീപിനെ ബാധിച്ചിട്ടില്ല. എറണാകുളം ജില്ലയിലെ പനങ്ങാടും പെരുമ്പളവുമായി ജംഗാൾ സർവീസ് ആരംഭിക്കുകയോ, പൂത്തോട്ട - പെരുമ്പളം പാലം നിർമ്മിക്കുകയോ ചെയ്താൽ വൻകരകളുമായി ബന്ധം സ്ഥാപിക്കുവാനും ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുവാനും സാധിക്കും.

പ്രകൃതിക്ഷോഭവും മറ്റുംമൂലം നശിച്ചുകൊണ്ടിരിക്കുന്ന പെരുമ്പളത്തെ തീരപ്രദേശങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുകയും, കണ്ടൽ മരങ്ങൾ വെച്ചുപിടിപ്പിക്കുകയും വേണം. പെരുമ്പളം ദ്വീപിന്റെ ചുറ്റുവശവും തീരദേശ റോഡുകൾ നിർമിക്കുകയും, പടിഞ്ഞാറുഭാഗത്തുള്ള ആഴം കുറഞ്ഞ കായൽഭൂമി ബണ്ട് കെട്ടി നികത്തി സംരക്ഷിച്ച് ഒരു മിനി പാർക്ക് നിർമ്മിക്കുവാനും കഴിയും. ഇതോടൊപ്പം മച്ചുവാ, സ്പീഡ് ബോട്ടുകൾ, കളിയോടം എന്നിവയെല്ലാം ലഭ്യമാക്കിയാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. റോഡിന്റെ വശങ്ങളിലും, തീരപ്രദേശങ്ങളിലും പുഷ്പവൃക്ഷങ്ങളും ചെടികളും വെച്ചുപിടിപ്പിച്ച് മനോഹരമാക്കാനും കഴിയണം. നമ്മുടെ നാട്ടിൽ സുലഭമായി കിട്ടുന്ന ഇളനീർ ഉപയോഗിച്ചുകൊണ്ടുള്ള ഇളനീർ പാർലറുകൾ, ബിയർ പാർലറുകൾ, മിനി കോട്ടേജുകൾ, ലഘുപാനീയ സ്റ്റാളുകൾ എന്നിവ ഇവിടെ സ്ഥാപിക്കാൻ കഴിയും. കൂടാതെ ദ്വീപിനോട് ചേർന്നുകിടക്കുന്ന ഉപ്പുതുരുത്തിൽ ഒരു സ്റ്റാർ ഹോട്ടൽ K T D C യുടേയും I T D C യുടേയും സഹായത്താൽ നിർമ്മിക്കാൻ കഴിഞ്ഞാൽ ഇപ്പോൾ തീരദേശ ജലപാതയിലൂടെ വിനോദ സഞ്ചാരത്തിലേർപ്പെടുന്ന ടൂറിസ്റ്റുകളെയാകമാനം ആകർഷിക്കാൻ കഴിയുന്നതാണ്.

പെരുമ്പളം ദ്വീപിലെ ടൂറിസം വികസനത്തിന് ചുവടെ പറയുന്ന നിർദേശങ്ങൾ സഹായകമാകും.

1. പെരുമ്പളം- പനങ്ങാട് ജംഗാർ സർവീസ് ആരംഭിക്കുക.
2. പെരുമ്പളം - വട്ടവയൽ- പൂത്തോട്ട പാലം നിർമ്മിക്കുക.
3. ദ്വീപിന്റെ ചുറ്റുവശവും തീരദേശ റോഡു നിർമ്മിക്കുക.
4. തീരദേശ റോഡുകൾക്കും, പ്രധാന റോഡുകൾക്കും ഇരുവശവും പുഷ്പവൃക്ഷങ്ങളും ചെടികളും വ്യാപകമായി വച്ചുപിടിപ്പിക്കുക.
5. ദേശീയ ജലപാതയോടു ചേർന്നുകിടക്കുന്ന ദ്വീപിന്റെ പടിഞ്ഞാറു വശത്തെ ആഴംകുറഞ്ഞ ഭാഗം ബണ്ടുകെട്ടി നികർത്തി പാർക്കും സിമ്മിങ് പൂളും നിർമ്മിക്കുക. സ്പീഡ് ബോട്ട്, കളിയോടം, മച്ചുപാ, ഹൗസ്ബോട്ട് എന്നിവ ഇതോടൊപ്പം ലഭ്യമാക്കുക.
6. ദ്വീപിനോട് ചേർന്നുകിടക്കുന്ന ഉപ്പുതുരുത്തിൽ ഓരോ ഹോട്ടൽ കോംപ്ലക്സ് K T D C യുടെ ഉടമസ്ഥതയിൽ നിർമ്മിക്കുക.
7. P W D ഉടമസ്ഥതയിൽ പെരുമ്പളം ദ്വീപിൽ ഒരു ഗസ്റ്റ്ഹൗസ് നിർമ്മിക്കുക.
8. പെരുമ്പളം ദ്വീപിന് ചുറ്റുമുള്ള കായൽ തീരങ്ങളിൽ കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിച്ച് പക്ഷികളുടെ ആവാസത്തിന് സൗകര്യമുണ്ടാക്കുക.
9. ദ്വീപിലുള്ള സ്വകാര്യ കാവുകളും കാടുകളും പൗരാണിക ക്ഷേത്രങ്ങളും സംരക്ഷിക്കുക.

ഉപസംഹാരം

നാടിന്റെ വികസനമെന്നാൽ റോഡും പാലവും കെട്ടിടങ്ങളുമാണ് എന്ന ധാരണയാണ് നമ്മുടെ ജനങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. ജനങ്ങളുടെ വികസന കാഴ്ചപ്പാടിൽ നാളിതുവരെയും ഉൽപാദനപ്രക്രിയ ഒരു ഘടകമായി കടന്നുവന്നിട്ടില്ല.

കാർഷിക മേഖലയുടെയും വ്യവസായ മേഖലയുടെയും ത്വരിതഗതിയിലുള്ള വളർച്ചയിലൂടെ മാത്രമേ നാടിനും ജനങ്ങൾക്കും മെച്ചപ്പെട്ട സാമ്പത്തികാഭിവൃദ്ധിയും ഉയർന്ന ജീവിത നിലവാരവും കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.

ഇതുവരെയുള്ള വികസന കാഴ്ചപ്പാടിൽ സർക്കാർ വിനിയോഗിക്കുന്ന തുകയുടെ വെറും 15 ശതമാനം മാത്രമാണ് ഗ്രാമപ്രദേശങ്ങളിൽ വികസന കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നത്. ഈ നിലക്ക് മാറ്റം വരണം. പല കൈവഴികളിലൂടെ തിരിഞ്ഞുപോകുന്ന 85 ശതമാനം തുകയുംകൂടി ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം. സമൂഹത്തിലെ മുഴുവൻ മേഖലകളിലും രൂക്ഷമായി ബാധിച്ചിരിക്കുന്ന അഴിമതി പൂർണമായും തുടച്ചു നീക്കപ്പെടണം. ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തവും സേവന വ്യഗ്രതയും ഊട്ടിവളർത്തി വികസന പ്രക്രിയ ഊർജ്വസ്വലമാക്കുകയാണ് ഇതിനുള്ള മാർഗം.

പണമില്ലാതെ വികസനം സാധ്യമല്ല. സമാഹരിക്കുവാൻ കഴിയുന്ന എല്ലാ സ്രോതസുകളും കണ്ടെത്തി പണം സ്വരൂപിക്കുവാൻ പഞ്ചായത്തുകൾക്ക് കഴിയണം. പദ്ധതികൾ നടപ്പാക്കുമ്പോൾ മുൻഗണനാടിസ്ഥാനത്തിൽ വസ്തുനിഷ്ഠ സമീപനം സ്വീകരിക്കണം.

നമ്മളുടെ സമൂഹത്തിലെ എല്ലാ രംഗങ്ങളിലുമുള്ള തർക്കങ്ങൾക്ക് കാരണം പ്രശ്നങ്ങളെ മനോനിഷ്ഠമായ വിലയിരുത്തുന്നരാണ്. വസ്തുനിഷ്ഠമായി തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്ക വിതർക്കങ്ങൾ ഇല്ലാതാവുകയും, ഐക്യം വളർന്നുവരുകയും ചെയ്യും.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാകണം.

പ്രകൃതി വിഭവങ്ങൾ, ജന വിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി നമ്മുടെ ഗ്രാമത്തിന്റെ ആവശ്യങ്ങൾക്കനുസരണമായി പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. വികസന രേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും വിപുലമായ ചർച്ച നടത്തുകയും, നിർദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുകയും വേണം. ഇതിന് വിദഗ്ധ സമിതികൾക്ക് കഴിയും. സർക്കാറിതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കുന്നതിന് പരിശ്രമിക്കണം.

സർക്കാർ നൽകുമെന്ന് പ്രതീക്ഷിക്കുന്ന 40 ശതമാനം പദ്ധതി വിഹിതം തന്നെ കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലയേക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാണ്.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേൽപ്പോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല. മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ 'സമഗ്ര വികസനരേഖ' സമ്പുഷ്ടമാക്കി കാര്യം സമ്പൂർണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസന രാഷ്ട്രീയത്തിൽ മുഴുകിയാൽ ജനകീയ ശക്തിയിൽ ഗ്രാമ വികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഈ 'സമഗ്ര വികസനരേഖ' പെരുമ്പളം ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനു മുൻപാകെ വിശദമായ വിശകലനത്തിനും ചർച്ചക്കുംവേണ്ടി സമർപ്പിക്കുന്നു.

ആശംസകൾ

പ്രിയങ്ക ഗിഫ്റ്റ് സെൻറർ

ചേർത്തല

എല്ലാവിധ പ്രസന്റേഷൻ സെറ്റുകൾക്കും
സ്റ്റേഷനറി സാധനങ്ങൾക്കും
പ്രിയങ്ക ഗിഫ്റ്റ് സെൻറർ
ദേവി ക്ഷേത്രത്തിന് തെക്കുവശം
ചേർത്തല

ആശംസകളോടെ

സ്റ്റാർ ഇലക്ട്രോണിക്സ്
ആൻറ്

ഓഡിയോ, വീഡിയോ

പെരുമ്പളം കവല

ഓഡിയോ, വീഡിയോ റിപ്പയറിംഗ്
ഓഡിയോ വീഡിയോ കാസറ്റുകൾ
ഫോട്ടോ ഫിലിമുകൾ
V.C.P. വാടകക്ക് ലഭിക്കുന്നതാണ്.

ആശംസകൾ

THOTTUMKARA STORES
&
GIFT CENTRE

SOUTH PARUR

With Best Compliments From

Ph : (Resi) : 775238
P.P. : 873376

MADHU ARTS

ARTISTS & PHOTO GRAPHERS
PERUMPALAM - THRIPUNITHURA

PHOTOGRAPHY - VIDEOGRAPHY - PHOTO LAMINATION,
AND ALBUM DISIGNING

OUR SISTER CONCERNS,

M/S. LAKSHMI ENTERPRISES

OIL, RICE & FLOUR MILLS
MARKET ROAD, PERUMBALAM

അരി, ഗോതമ്പ്, മുളക്, മല്ലി, മഞ്ഞൾ, മുതലായ ധാന്യങ്ങൾ പൊടിച്ചും
കൊപ്ര ആട്ടിയും കൊടുക്കുന്നു.

പ്രൊപ്രൈറ്റർ : മധു നൊടുമ്പുറം (സന്തോഷ്)

ആശംസകൾ

സിനി ടെക്സ്റ്റയിൽസ്

സൗത്ത് പറവൂർ

ആശംസകളോടെ

പുന്നാത്തറ മൂസാ ആൻഡ് കമ്പനി

കൺസ്ട്രക്ഷൻ മെറ്റീരിയൽസ് ആൻഡ് സാനിട്ടറീസ്

പൂച്ചാക്കൽ

സിമിൻറ്, കമ്പി, കല്ല്, ഇഷ്ടിക, ചരൽ, മെറ്റിൽ, പുഴി തുടങ്ങിയ
എല്ലാവിധ ബിൽഡിംഗ് മെറ്റീരിയൽസും അംഗീകൃത വിലക്ക് വിറ്റുവരുന്നു.

ആശംസകളോടെ.

പുന്നാത്തറ ട്രേഡേഴ്സ്

തേയില, പുകയില, സ്റ്റേഷനറി വ്യാപാരം
പുന്നാത്തറ കമ്പയിൻസ്
വെസ്റ്റുൽസ് ആൻഡ് ഹോം അസസ്സറീസ്
പൂച്ചാക്കൽ

ആശംസകളോടെ

18 ാം വയസ്സിലേക്ക്

മെജസ്റ്റിക് ട്രേഡേഴ്സ്

പൂച്ചാക്കൽ

ഗുണമേന്മയുള്ള എല്ലൻ, ലക്ഷ്മി, വൈക്കിംഗ് മോട്ടോറുകൾ,

പമ്പ് സെറ്റുകൾ, സാനിറ്ററിവെയേഴ്സ്, പി. വി. സി., ജി. ഐ.

പോളിത്തീൻ പൈപ്പുകൾ, ഫിറ്റിംഗ്സുകൾ, വാട്ടർടാങ്ക്, ബാത്ത് ഫിറ്റിംഗ്സുകളുടെ

അംഗീകൃത വിതരണക്കാർ.

ആശംസകൾ

മേത്ത ടെക്സ്റ്റൈൽസ്

പൂച്ചാക്കൽ

പ്രാചീനതയുടെ കുലീനത്വം
ആധുനികതയുടെ ആകർഷണീയത
ഇവ ഒത്തു ചേർന്ന വസ്ത്രങ്ങളുടെ വർണ്ണ പ്രപഞ്ചം
300 രൂപമുതൽ 4000 രൂപവരെ ഏതു നിറത്തിലും തരത്തിലുമുള്ള
വിവാഹ പട്ടു സാരികൾ യഥേഷ്ടം തിരഞ്ഞെടുക്കുവാൻ ഞങ്ങളുടെ
ഷോറും സന്ദർശിക്കുക.

ബോംബെ ഡൈയിംഗ് വസ്ത്രങ്ങൾക്ക് 15% വിലക്കുറവ്.

ആശംസകളോടെ

G.M. മെഡിക്കൽസ്

പെരുമ്പളം കവല

തൃച്ചാറുകുളം P.O.

എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളുടേയും ശേഖരവുമായി പെരുമ്പളം
കവലയിൽ 1997 ജനുവരി 1 ന് പ്രവർത്തനം ആരംഭിച്ചവിവരം
സസന്തോഷം അറിയിച്ചുകൊള്ളുന്നു.

എന്ന്,

ആനന്ദകുമാർ

പ്രൊപ്രൈറ്റർ

ക്രിസ്തുമസ് പുതുവത്സര ആശംസകൾ

വിവാഹം, വിനോദം, തീർത്ഥാടനം
എന്നീ ആവശ്യങ്ങൾക്ക്



മുണ്ടൻകാട്ടിൽ ട്രാവൽസ്

തെക്കൻ പറവൂർ

ലക്ഷ്വറി വീഡിയോ കോച്ച് 49
മിനിബസ് 28,
ടെമ്പോട്രാവലർ, കാർ.

Office : 792264
Res : 792148

ആശംസകൾ

സർവീസ് കോ-ഓപറേറ്റീവ് ബാങ്ക്

No. 46

പെരുമ്പളം

നിങ്ങളുടെ നിക്ഷേപം നിങ്ങളുടെ ബാങ്കിൽത്തന്നെ ആയിരിക്കട്ടെ.

ആകർഷകമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

പുതിയ ചിട്ടികൾ ഉടൻ ആരംഭിക്കുന്നു.

മിതമായ പലിശനിരക്കിൽ സ്വർണ്ണപണയത്തിന്മേൽ പണം വായ്പയായി നൽകുന്നു.

T.V. അരവിന്ദാക്ഷപ്പണിക്കർ
പ്രസിഡൻറ്

St. Mary's Corporative Office Building
St. Mary's Castle, Mullassery Canal Road,
Ernakulam, Cochin - 682 011.



St. Mary's Properties Ltd.
Mullassery Canal Road, Cochin - 682 011.
Phone : 364649, 364816, 351574 Fax : 354845